1999-2000

# ANNUAL

## CHRIST COLLEGE

IRINJALAKUDA

2K

# 2000



# സ്മൃതി

OVER 71 YEARS OF TOTAL BANKING

After 7 Decades of Dedicated Banking

*We are more like your Extended Family*



For 7 decades We've been with you. Sharing your dreams and responding to the trust you have in us. Positively. Just like a member of your family. Let's keep it that way. Forever.

**A. Sethumadhavan**
Chairman

**The South Indian Bank Ltd**
Regd.Office:Thrissur,Kerala


*367 Branches Spread Over 12 States*

CHRIST COLLEGE LIBRARY
ACC. NO. 59127
CALL NO.

കണ്ണേ, മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ;
എണ്ണീടുകാർക്കുമിതുതാൻ ഗതി, സാദ്ധ്യമെന്തു
കണ്ണീരിനാൽ, അവനിവാഴ്‌വു കിനാവു കഷ്ടം !

(ആശാന്റെ വീണപൂവിൽ നിന്ന്)


# സ്മരണാജ്ഞലി



ജീവിതത്തിന്റെ നാനാർത്ഥങ്ങളിൽ
മരണത്തിന്റെ സുതാര്യത
ഞങ്ങൾക്കു മുമ്പേ
കണ്ടെത്തിയ മിത്രമേ
വിട......

മഹാകവി ഒളപ്പമണ്ണ
ടി.വി. കൊച്ചുബാവ
ഉസ്താദ് അല്ലാരഖ
ബഹദൂർ
കുതിരവട്ടം പപ്പു
കരമന ജനാർദ്ദനൻ നായർ
സൈനുദ്ദീൻ
പേൾ പദംസി
അലക് ഗിന്നസ്
ഫ്ളോജോ
....................
....................

പ്രിയപ്പെട്ടവരേ നിങ്ങളുടെ ആത്മാവുകളെ പ്രകൃതിക്ക് വിട്ടുകൊടുത്തുവെങ്കിലും ഹൃദയങ്ങൾ ഞങ്ങൾ ചൂഴ്ന്നെടുത്ത് സൂക്ഷിച്ചിട്ടുണ്ട്.
വിട......


JESUS
OUR WAY, OUR TRUTH AND OUR LIFE

"SMRITHI"
Christ 2000
Christ College Annual 1999- 2000

Publisher
K.M. John

Student Editor
Jojo Varghese

Staff Editors
Sri. C.V. Francis
Sri. V.A. Varghese

Art work
Abilash T.S, Abymon

Cover
Jojo, Jinoy

DTP
Insat Centre, Irinjalakuda

Graphics
Chithram, Nadavaramba

Layout
Jinoy Jose P.

Printed at
Elsons Offset, Avittathur

The opinions expressed in this publication are those of the wrtiers concerned and not necessarily those of the college.

the christ'2000 magazine of christ college
irinjalakuda, statement about ownershi
and other particulars abou
'smrithi' form IV (see rule - 8

place of publicatio
irinjalakud

periodicit
annua

printer's nam
sri. k.m. Joh

nationalit
india

addres
sri. k.m. joh
kizhakkeveetil hous
christ nagar, irinjalakuda north - 680 12

publisher's nam
sri. k.m. joh

editor's nam
jojo varghes

nationalit
india

addres
cherangadan house, kanakamal
email: jojov_@123india.co

name and address of the individual who own th
magazine christ college, irinjalakud

I, k.m. john, hereby declare the particulars give
above are true to the best of my knowledge an
belie

sd
K.M. Joh
Publishe

# സമർപ്പണം

ഒരു കുമ്പസാരത്തിന്റെ നെടുവീർപ്പ് :

ചിറകു മുളയ്ക്കാത്ത തുമ്പികളുടെ
വാലിൽ ഞങ്ങൾ കല്ലു കെട്ടി വച്ചു -
നിങ്ങൾ ബാലവേലക്കാരായി തുടർന്നു.

രതിയുടെ സാത്വികരഥ്യകൾക്കു മുന്നിൽ
പൊൻപണത്തിന്റെ തിളങ്ങുന്ന ഇരുട്ടുകൊണ്ട്
നിങ്ങളുടെ വിശപ്പിന്റേയും ഗർഭപാത്രത്തിന്റേയും
ഉറവുചാലുകൾ ഞങ്ങൾ അടക്കാൻ ശ്രമിച്ചു -
ലൈംഗിക തൊഴിലാളികളെ നിങ്ങളിപ്പോഴും വേശ്യകളാണ്.

പ്രതികാരത്തിനുവേണ്ടി
ആത്മഹത്യ ചെയ്യുന്നവന്റെ സംതൃപ്തിയോടെ
ഞങ്ങൾ പഴുപ്പിന്റെ ജീർണ്ണത മുറിച്ചുകളഞ്ഞു
ശപിക്കപ്പെട്ട രോഗികളെ, നിങ്ങൾക്ക് കുഷ്ഠമാണ്

ഇപ്പോൾ ഈ
സമർപ്പണത്തിന്റെ വൈകൃതം
സമ്മാനിക്കപ്പെടുന്നതും നിങ്ങൾക്കാണ്.

ജനാധിപത്യത്തിന്റെ ഈ യഥാർത്ഥ അവകാശികൾക്ക്
- ബാലവേലക്കാർക്ക്,
- ലൈംഗിക തൊഴിലാളികൾക്ക്,
- കുഷ്ഠരോഗികൾക്ക്
ഈ സ്മൃതി സമർപ്പിക്കുന്നു.

ശുഭസൂചന : -
മുൻപേ ഗമിക്കും ഗോവിൻവാൽ തന്നെ
പിൻപേ വരുന്നവനും കാലത്തിന്റെ പെൻഡുലം



# എഡിറ്റോറിയൽ

ചരിത്രം സ്മൃതികളുടേതാണ്.

അവർ പറഞ്ഞു

ചരിത്രം അവരുടെ സ്മൃതികൾ മാത്രമാണെന്ന്

ഇവർ പറഞ്ഞു

ചരിത്രം ഇവരെക്കുറിച്ചുള്ള സ്മൃതികൾ മാത്രമാണെന്ന്

ചരിത്രം ഭൂമിയുടെ സ്മൃതികളാണെന്നും,

ഭൂമിയെക്കുറിച്ചുള്ള സ്മൃതികളാണെന്നും

വിളിച്ചു പറയാൻ ഞങ്ങളാഗ്രഹിച്ചു.

പക്ഷേ,


ഞങ്ങൾക്കു

നാവുകൾ നഷ്ടപ്പെട്ടിരുന്നു.

എന്ന്,

**ജോജോ വർഗ്ഗീസ്**

എഡിറ്റർ



# MAIN ISSUES




Unveiling Indian Woman 12
പുരുഷാധിപത്യത്തിനുകീഴിൽ 17





വിജ്ഞാനം വില്പനചരക്കാകുമ്പോൾ 6
മിനിലോകങ്ങളും മെഗാദു:ഖങ്ങളും 6
D- Cinema 6





കാമ്പസിനെ സ്വാധീനിച്ച പുസ്തകങ്ങൾ 94
അഭിമുഖം – സി. വി. ശ്രീരാമൻ 98
God of small things - a review 101





നർമ്മദ ഡയറി 144
സമരഭൂമിയിൽ 148

## ലേഖനം


ജോൺ മരിക്കുന്നില്ല 21
കായികലോകം കായികകോലം 28
Cricket, Hanging by thread 30
One billion 31
India, a super power 39
ഇന്ത്യൻ കാർഷികമേഖല 42
മിയാ കുൾപാ 76
Success by imagination 77
Delusions 130
ആയുധവിമുക്തലോകം 155


## കഥ



വാസവദത്ത 24
ആരോരുമില്ലാത്ത കുട്ടി 35
യമുനാ തീരങ്ങളിൽ 47
ഒരു തകർന്ന കണ്ണാടിയും
അതിന്റെ കാണാപ്പുറങ്ങളും 51
My spring time memory 52
ഉത്തരം 54
മായാ കൃഷ്ണൻ 83
ഓർമ്മകൾ പടിയിറങ്ങുമ്പോൾ 128
താണ്ഡവം 134
നിശ്ശബ്ദവേദനയോടെ 136
വളപ്പൊട്ടിന്റെ മന്ദഹാസംപോലെ 150
തനിയാവർത്തനം 152


## കവിത



സ്വപ്നങ്ങളുടെ ആത്മഹത്യ
എന്റെയും, വയൽ 22
പ്രവചനം 23
നിങ്ങൾ റാഞ്ചേണ്ടത് 27
സ്വപ്നാടനം 41
ചിത്രകാരൻ, ഉടലു കത്തുന്നേ 45
കലിവ് 46
തിരച്ചിൽ, പടിയിറക്കം 48
നിരപരാധി കബന്ധത്തിന്റെ
കുമ്പസാരം 53
സിന്ധുതീരേ 75
അനപത്യദുഃഖം 78
നീ മാത്രം, വ്യർത്ഥസ്വപ്നങ്ങൾ 85
ഓർമ്മക്കുറിപ്പ് 86
പാതിരാക്കുതിച്ചുയർന്ന സൂര്യൻ 87
എനിക്കു തിരിച്ചു തരിക 95
Blossoms 129
Mission Accomplished,
Aberration 135
My heart belong to you,
സ്നേഹപർവ്വം 138
മലയാലം കുരച്ച് കുരച്ച് അരിയാം 148



**Fr. Thomas Chakramackal**
Principal



**Fr. Eustace Thottan**
Manager



**Fr. John Kollannoor**
Vice Principal



**Fr. Dr. T.V. Varghese**
Bursar



# സ്ത്രീ

ഫ്രഞ്ചു വിപ്ലവത്തലേന്ന് ചിന്തകനായ മാർകിസ് ഡി കൊണ്ടാർസെറ്റ് ( Marquis de Condorcet) ചരിത്രത്തിലാദ്യമായി സ്ത്രീകൾക്കുവേണ്ട വോട്ടവകാശത്തെപറ്റി പറഞ്ഞു. 1792 ൽ ബ്രിട്ടീഷ് എഴുത്തുകാരിയായ മേരി വൂൾസ്റ്റോൺക്രാഫ്ട് (Mary woll stone craft) തന്റെ A vindication of the Right of woman എന്ന പുസ്തകത്തിലൂടെ സ്ത്രീ സമത്വത്തിനുവേണ്ടി ആദ്യമായി ശബ്ദമുയർത്തി. തുടർന്നിങ്ങോട്ട് ചരിത്രം പെൺപുകൾ പാടുകയായിരുന്നു.

1956 ൽ ഇന്ത്യയിൽ സ്ത്രീക്ക് കുടുംബസ്വത്തിൽ തുല്യാവകാശം ലഭിച്ചു. വിവാഹമോചന നിയമങ്ങൾ പരിഷ്കരിച്ചു. സ്ത്രീ, ഒരേ സമയം സന്താപവും സഹനവും, സന്തോഷവുമറിഞ്ഞ് വളരുകയായിരുന്നു.

ഇന്ന്,

ഓരോ 54 മിനുട്ടിൽ ഓരോ ബലാത്സംഗങ്ങൾ
ഓരോ 26 മിനുട്ടിൽ ഓരോ പീഢനങ്ങൾ
ഓരോ 4 മിനുട്ടിൽ ഓരോ തട്ടിക്കൊണ്ടുപോകൽ
ഓരോ 10 മിനുട്ടിൽ ഓരോ സ്ത്രീധനമരണങ്ങൾ

ഇനിയുമുണ്ട് സ്ത്രീക്ക് പോകാൻ ദൂരമേറെ,

രൂപ് കൺവാറുമാരെയും ചരൺഷാമാരെയും സൃഷ്ടിക്കുന്ന ഈ ദുഷിച്ച സാമൂഹ്യ വ്യവസ്ഥിതിക്കുനേരെ മല്ലയുദ്ധം നടത്തി അവൾക്കുപോകേണ്ടതുണ്ട്.

പെണ്ണ് എഴുതുകയാണ്........
പെണ്ണ് പറയുകയാണ്...........
പെണ്ണ് പൊരുതുകയാണ്.......
പെണ്ണ് വളരുകയാണ്......
വിണ്ണിനോളം .



# UNVEILING INDIAN WOMEN

**"Women are the social conscience of a country. They hold societies together. In developing countries, wom have been active in all fields and they have risen to prominent places, especially in the political field. Unfortunat at the lower level, we have not been able to give them enough freedom of movement, enough help to rise above discrimination that has been built up over thousands of years in a male dominated society."**

**Rajiv Gandhi**

**INTRODUCTION**

According to the Rigveda, in ancient India, women held a high and honoured place in the society. It used to be sa that where women are respected, the Gods make their abode! Even during that period, there were women scholars a

women sages.

But as the time went on, the status of women was reduced to one of humiliation. According to the code of Manu, woman was ruled by her father before marriage, by her husband after marriage and by her eldest son after her husband's death. She had no freedom of her own. She suffered inhuman hardships like commiting "sati" after her husband's death. In some parts of India, women folk were made to shave their heads after their husband's death and they had to wear black/white clothes. Widow re - marriages were disallowed. She had no freedom of movement. She was confined within the four walls of the house and her proper sphere was the kitchen.

But times have changed and so has the status of women with them. In the west, there was a struggle for women's emancipation under the leadership of Mrs. Pankhurst. They were able to secure the right to vote and to establish their equality with men. During the freedom struggle in India, women came out in the open to join in the struggle. Sarojini Naidu became the symbol of free womanhood in this struggle.

During the second world war, owing to economic pressure, women began to seek and find employment in offices. They shared with men - folk the responsibility of being the bread winners of the family. They have now invaded every field of life from the posts of stenos to that of Managing Directors - Vijayalakshmi Pandit (as Ambassador) Indira Gandhi (as Prime Minister), Sushma Swaraj (as Minister) and Bachendri Pal (as Mountaineer). Thus women have now revolted against male chauvinism.



" Long left out in the cold, woman has taken her right place under the sun". We must work in a convincing manner so that the widest possible space be opened to women in the economy, in politics, and in the life of the church. Without the contribution of women, society is less lively, culture less lively, less rich and peace more uncertain'.

**Pope John Paul II**

## PROBLEMS THEY FACE:

The common belief is that man is 100% where as woman is only 90% in case of mental and physical growth. Astonished ! May be not. This belief has been imposed on our minds for centuries and we still continue to believe it to be true. Women, who account for nearly half of the population and without whose existence, man-kind has no future, is facing a society which is deaf, dumb and mute to her woes. Since times immemoral, Indian society has been a male dominated one and women have had to struggle to rise at each and every step. Though she was considered as a Goddess during the "Ram - Rajya", Sita had to suffer a life of hardships, cruelty and exile.

" In India a criminal offence against a woman takes place every seven minutes"

**Asian Age**

Our ancient scriptures say that "where women are respected, there dwells the God". In fact, there are families who don't care for such discrimination. They are always ready to back their daughters and help them achieve high goals. But this is true for only a small number of families.

" When a man is educated, an individual is educated; but when a woman is educated, the entire family is educated."

**Pandit Jawaharlal Nehru.**

"Dowry" is one more curse on the women - folk. Though many laws have been enacted against such practices, it continues to take place on large scale, even today. What is more horrifying is that the rate quoted for the boys increase with their level of education. A Doctor now-a-days does not settle for less than an Opel and Rs. 50 lakhs. It is wrong to ask dowry as well as to give the same. But how many of us have the guts to hold our heads high and say- " No dowry."

There are many more hurdles still lying in woman's paths. There is the age - old tradition of "sati" where the wife is supposed to jump into her husband's pyre (though this never happens the other way round). Then there is the "purdah" system. This should be rather left to an individual's choice rather than being imposed upon her. And then there is polygamy. Nobody in the world would ever approve of such practices. But still the ontinue. Why? Because men fear that doing away with them would end their domination. Why else should men be reluctant to come out and fight for the truth - for supporting a right cause, a right action ?

## A FACT :

A 13 year old Egyptian School girl named "Samar" died after enduring a month of savage punishment prescribed by the sect. leader "Mohammed Akl" to rid her of the demons that led her astray. And how has she strayed ? On a hot day, Samar had raised her "purdah" revealing her face in the public. For her "offence", she was beaten, pinched, forced to lie on her back until she developed a large bed - sore and was ultimately suffocated to death with a rag stuffed in her mouth by them."

Sarojini Naidu, P.T. Usha, Mother Theresa have all proved to us that there are no limits for women. We can achieve the same heights and the same success as any other, given the same conditions. If we believe in ourselves, nothing is impossible. As Kate field writes in his poem, " Women's Sphere".

"There's not a place in earth or heaven,
There's not a task to mankind given,
There's not a whispered "Yes " or "No"
There's not a life or death or birth,
That has a feather's weight or worth,
Without a woman in it............"

It is true that today women have achieved their just place in the society, long denied to them. She has been capturing one after another fields, thought to be unattainable by her. Still the law of the universe says that man and woman can only co-exist and not one without the other. So let's change our equations ! Now the truth is that man and woman have a share of 50% each, making together 100% - a perfect society.

## WOMEN IN KERALA

Being the state holding the highest rate of literacy, women in kerala enjoy a much better standing as compared to their counter parts in the other states. They have succeeded in shaking off the restricting influences of traditional upbringing and are now successful in becoming career women. Women writers have played an important role in uplifting their image. Writers like Anees Jung, Attia Husian, Anita Desai, Sara Joseph and Arundhati Roy are some of them. In Kerala, matriachal families do exist. As such, women, have had their influence on matters concerning them. Therefore, in our state, dowry deaths and female infanticide are few and 'sati' is unheard of. But the goal is still miles away. We have to work for the uplift of women of the weaker sections, as they are also instrumental in shap lives of our future generatio such instance is the decisio Imam of Palayam mos Thiruvananthapuram to allow to offer prayers inside the mos should come forward and supp positive moves.

## MOTHERHOOD

According to Sudhir "Motherhood is not only the fulfilment of an old wish and cal consummation of a life - lo ise, but an event in which the confirms her status as a renew race. Even the unborn child st womb, wins for its mother the spect and acceptance of the co Each child born and safely br flower becomes for her a cert and redemption."

Rituals surrounding fe compass a wide range of e Folk songs across the country mystique in quick flashes. Thus have received God's greatest biggest asset. And there is truly joy in the world that can be c to the joy of becoming a moth



## BEAUTY CONTESTS:

This seems to be the most favourite topic for everyone. " Beatuy Contests " are beyond doubt, a find of the west. And its impact has been great on India. In 1994, when Susmita Sen became Miss Universe and Aishawarya Rai was crowned Miss World, the Indians became ecstatic. There was euphoria and large scale celebrations. Women like them are not born every day - women of grace, beauty, intellect and confidence. The holding of such contests has always sparked off debates. We should not forget that these participants were adults, masters of their own free - will and had the freedom to do what they wished. Certainly it takes guts to take to the ramp and walk down with confidence. It has been alleged that participation in such events in undermining the traditions. It must be kept in our mind that our ethos and culufe are reflected in truth fulness, non - violence, high ideas of honesty, simple living and high thinking,co operation, communal harmony and striving towards peace and justice. This is the true ethical fibre of Indians and is more important than such debatable questions.

These competitions should be addressed as such. The gender bias is not important here. Then the questions is - do we really need such competitions? Do we have to ape the west in this field also? We should encourage competitions in our society that will highlight the beautiful dresses and fashions of Indian Textile Industry. Also the questions should be more sensible. The oft - repeated answers of being "Mother Theresa" do not create ripples because everyone cannot reach her heights, " Beauty contests" should be left more to the individual's choice. But we should realise that these are one of the techniques of global marketing of the multi - crore cosmetic industry. " Beauty " is what the beauty business promotes. The ideal of beauty as depicted in the pageants - is alien to the Indian culture which has always considered well endowed bodies as beautiful and racially speaking Indians rarely fulfil the requirements of the Western Society.

One has to remember that "beauty lies in the eyes of the beholder". Fake criticism is for no good. A recent event in our college highlights this fact. The women's cell of our college held a saree show and a unique dance programme on the occssion of Women's Day and the programme turned out to be a great success. Two weeks later, a senior boy colleague of our college wrote an article about it in one of the leading dailies. He happened to write this article under the disguised name of a girl student.

The article spoke of the inability of women to conduct good programmes. According to him, the women's cell has committed a crime by conducting such programmes. But we believe, that he would have criticised even a seminar on women's woes and rights, in the same tone. Why else would he stop from criticising a " Mr. Christ" and a "Mr. Skeleton" show being held regularly in the college campus. This incident goes to show that there are still some fundamentalists who do not want women to express themselves, But its's sad we cannot question him, because he was not even bold enough to give his name and made the shot on the shoulders of a girl.



## FROM MOTHER INDIA TO MISS INDIA.

Looking back, the 20th century will be seen as the century of woman. Like the many armed Goddesses of the past, the modern woman can choose to be anything that she likes. The worst fears of patriarchy have been unleashed. The female force is finally in the ascendant. The anger towards women has been another rallying point in the quest for self-hood. It has been mocked at and ridiculed, trivialised and satrised by the endless harping on the "Women's Lib Movement". Feminism has become both a political force and an industry to be accepted by those who feel they can benefit from it, or forsaken by those who regard it as a dangerous virus, particularly in the God - fearing societies where men have been living quite com-

fortably on the understanding that they are only following " His will " by keeping women under the veil ("ghunghat") or behind walls protected by the incontrovertible word of tradition. It has been denounced as another import from the decadent west that has absolutely no place in the serenly secure societies of the East, brimming with ancient cultural values, where women were, we are told, actually worshipped.

In Mehboob's famous film "Mother India" the most electrifying moment comes in the end, when a mother shoots down her own son for the greater good of the society, even a society that just ground her into the soil. Gandhiji, by involving the women of the country in the freedom movement, gave recognition to her love for the country. After independence, women gained professional status. They could aspire to the more elite professions like doctors, professors, lawyers, scientists, writers and also could join in the armed forces.



Unless there is economic freedom, there came be no real freedom. The true heroines are those unheard of career women who have taken part in the milk revolution that was started by Dr. V. Kurien at Anand, the women who have formed part of Cooperative societies that roll out Lijjat Pappads or make pickles or garments or who shell prawns in icy - cold factories for export at remote places like Veraval on the coast of Gujarat. This shows that it is not only the beauty queens who have put India on the global map.

It is a moment to savour in from Mother India to Miss India. No matter how strange and singular the image is that the Indian woman finds reflected in the cosmetic lens of the media atleast it is the one that she has chosen for herself. Or has she?

**RETHINKING FEMINISM:**

" I am on the side of the women fighting for their just rights but not for feminists who acutally want more than that they are entitled to "

**Gardon wilson**

Men and women are not homogeneous groups and when there is no equaling among them in their own groups, how can we argue about equality between the genders. Our arguments should therefore be directed towards gender harmony.

**CONCLUSION**

Women have taken ages to achieve their just place. But, still our aim is miles away, we have to uplift the women in the lower strata of society. They have to be educated. Women have always been forced to prove themselves at every step in their, life. Isn't it time we all realised that ultimately as humans, We need to respect each others wishes and emotions. And together we can create a better world for all of us in this new era! So let us treat women and men with equal respect, as they are the two sides of the same coin, i.e. humanity.

Written By : Suchitra R. Menon
Assisted By : Nisha Murali Menon
Class : II B.Com.

# പുരുഷാധിപത്യത്തിനുകീഴിൽ

**ഐ**ക്യരാഷ്ട്രസഭ വനിതാ വർഷമായി പ്രഖ്യാപിച്ച 1974 -ാം ആണ്ടിൽ തന്നെയാണ്, ഇന്ത്യയിൽ ഫെമിനിസ്റ്റ് പ്രസ്ഥാനം ഉടലെടുക്കുന്നത്. പടിഞ്ഞാറൻ രാഷ്ട്രങ്ങളിൽ 1960 മുതൽക്കേ ഈ പ്രസ്ഥാനം സജീവമായിരുന്നു. 1975 ൽ സമത്വത്തിലേക്ക് (Towards equality) എന്ന പേരിൽ ഇന്ത്യാ ഗവൺമെന്റ് ഐക്യരാഷ്ട്ര സഭയ്ക്കുവേണ്ടി കമ്മീഷൻ ചെയ്ത ഒരു റിപ്പോർട്ടാണ് തുടർന്നങ്ങോട്ട് സ്ത്രീക്ക് സമൂഹത്തിലുള്ള സ്ഥാനത്തെക്കുറിച്ച് ചിന്തിക്കുവാൻ ഈ പ്രസ്ഥാനങ്ങളെ ഉദ്ബോധിപ്പിച്ചത്.

സാഹിത്യത്തിലും മതസംഹിതകളിലും സ്ത്രീയെ പ്രകീർത്തിച്ചും, അമിതസ്ഥാനം നല്കിയുമാണ് നാം പോന്നിരുന്നതെങ്കിലും, യഥാർത്ഥത്തിൽ എല്ലാത്തരത്തിലുമുള്ള അടിച്ചമർത്തലിനും ഇന്ത്യൻ സ്ത്രീത്വം വിധേയമായിരുന്നു എന്നതാണ് വാസ്തവം.

ലോകവ്യാപകമായി സ്ത്രീയുടെ നില പുരുഷന്റേതിനേക്കാൾ താഴ്ന്നാണിരുന്നത്. എങ്കിലും ഇന്ത്യയിലും അയൽ രാജ്യങ്ങളായ ബംഗ്ലാദേശ്, ഭൂട്ടാൻ, നേപ്പാൾ, പാക്കിസ്ഥാൻ, മാലദ്വീപുകൾ എന്നിവിടങ്ങളിലും ഈ വിവേചനം അതിന്റെ അസഹ്യമായ ഉച്ചാവസ്ഥയിൽ നിലകൊണ്ടു. പോഷണം, ആയൂരാരോഗ്യസഹായങ്ങൾ എന്നീമേഖലകളിൽ പ്രത്യേകിച്ചും.

ഈ അവഗണനകളുടെ അനന്തരഫലമെന്നോണം ഈ രാജ്യങ്ങളിൽ സ്ത്രീജനാനുപാതം പുരുഷനേക്കാൾ കുറഞ്ഞാണിരുന്നത്. അതായത് സ്ത്രീയുടെ മരണനിരക്ക് ഏറിയിരുന്നുവെന്ന് സാരം. സ്ത്രീ ശാരീരികവിശേഷങ്ങളിൽ എന്തുകൊണ്ടും പുരുഷനേക്കാൾ തികവുറ്റതാണെന്ന പ്രകൃതി നിയമത്തിന് വിപരീതമായാണിതിവിടെ സംഭവിച്ചത്.

ഒരു സാമൂഹ്യ പരിഷ്ക്കരണം കൊണ്ടുവരാൻ നിയമാധികാരത്തിനുള്ള കഴിവിൽ ഇന്ത്യൻ ഫെമിനിസ്റ്റ് പ്രവർത്തകർക്ക് ആരംഭത്തിൽ ശുഭാപ്തി വിശ്വാസമുണ്ടായിരുന്നു.

ബ്രിട്ടീഷ് നിയമ പാരമ്പര്യത്തിന്റെ ഒരു സ്വാധീനം കുറഞ്ഞൊരളവിലെങ്കിലും ഇന്ത്യൻ നിയമവ്യവസ്ഥയിൽ പ്രകടമായിരുന്നുവെന്നു കൂടി ഈയവസരത്തിൽ ഓർക്കേണ്ടതുണ്ട്. ഈ നിയമങ്ങളെ ഭേദഗതിക്ക് വിധേയമാക്കിയാൽ, അത് ആവശ്യത്തിനുതകുംവിധം ഉപയോഗിക്കാമെന്ന് അവർ കണക്കുകൂട്ടി. അധിനിവേശ ഉദ്യമത്തിനിണങ്ങും വിധം നിയമത്തിന്റെ ശക്തി ബ്രിട്ടിഷ് ഭരണകൂടം ഉപയോഗിച്ചിരുന്നു.

സമൂഹത്തിൽ സ്ത്രീയുടെ അസമത്വം ശരിവയ്ക്കുന്ന ആധിപത്യരീതിയായിരുന്നു

പോലീസും ജുഡീഷ്യറിയും അക്കാലയളവിൽ സ്വീകരിച്ചുപോന്നിരുന്നത്. ഇന്ത്യൻ ഭരണ ഘടന സ്ത്രീക്ക് വോട്ടവകാശം നൽകിയിരുന്നുവെങ്കിലും ഇതേ സ്ഥാനത്ത് (അമേരിക്കക്ക് സ്വാതന്ത്ര്യം ലഭിച്ച് ഏറെ കഴിഞ്ഞ്) 1920 വരെ ഈ അവകാശം അമേരിക്കൻ സ്ത്രീക്ക് അന്യമായിരുന്നുവെന്നോർക്കണം. സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടനയിൽ സ്ത്രീക്ക് മതപരവും ജാതീയവും ലിഗപരവുമായ എല്ലാമേഖലകളിലും സമത്വം പ്രദാനം ചെയ്തിരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേ കം നിയമങ്ങൾ സൃഷ്ടിച്ചെടുക്കാനുള്ള അധികാരം ഭരണകൂടത്തിനുണ്ട്. എന്നാൽ ഈ നിയമങ്ങളുടെ നടത്തിപ്പിൽ, സമൂഹം, നീതി ന്യായവ്യവസ്ഥ, പോലീസ് എന്നിവയുടെ നില പാടുകൾക്ക് സുപ്രധാനമായൊരു പങ്കുമുണ്ട്.

എന്നാൽ പുരുഷമേൽക്കോയ്മയെ സ്ത്രീ പിന്താങ്ങണമെന്നാണ് സമൂഹം അനുശാസിച്ചുപോന്നിരുന്നത്. പുരുഷ മേൽക്കോയ്മ സ്ഥാപിച്ചെടുത്ത ഹൈരാർക്കി നിലനിർത്തുന്ന വിധത്തിൽ നിയമങ്ങളെ ദുർവ്യാഖ്യാനം ചെയ്യാനായിരുന്നു എന്നും പുരുഷവർഗ്ഗം ശ്രമിച്ചുപോന്നിരുന്നത്. ഇത് സ്ത്രീയുടെ അടിച്ചമർത്തലിലേക്കാണ് നയിച്ചത്. നിയമങ്ങൾ സ്ത്രീക്ക് അനുകൂലമായിരുന്നാലും അവ നടത്തിപ്പിൽ സ്ത്രീ വിരുദ്ധങ്ങളായിമാറുകയാണുണ്ടായത്. സ്ത്രീ ഉൾപ്പെട്ടതുകൊണ്ട് മാത്രം തള്ളിക്കളയപ്പെട്ട നിരവധി കേസുകൾ നമുക്ക് ഓർമിച്ചെടുക്കാനാവും.

ചില സമകാലിക ഉദാഹരണങ്ങൾ പരിശോധിച്ചാൽ പുരുഷ നിർമ്മിത നിയമങ്ങൾ എപ്രകാരം സ്ത്രീജീവിതത്തിൽ ക്രൂരമായി ഇടപെടുന്നുവെന്ന് മനസ്സിലാക്കാം. ഇന്ത്യൻ ഫോറിൻ സർവ്വീസിന്റെ നിയമാവലി പ്രകാരം ഒരു ഉദ്യോഗസ്ഥ വിവാഹം കഴിക്കുന്നതിനുമുൻപ് ഗവൺമെന്റിന്റെ നിർദ്ദേശം കൂടി അക്കാര്യത്തിൽ പരിഗണിക്കേണ്ടിവരും. കാരണം, വിവാഹശേഷം അവളുടെ ഗാർഹിക വൈവാഹിക ജീവിതം ജോലിയുടെ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നതാകാം എന്ന് ഡിപ്പാർട്ടുമെന്റിന് തോന്നുകയാണെങ്കിൽ തടസ്സങ്ങൾ നേരിട്ടേക്കാം. എങ്കിൽ, അവൾ, ജോലിയിൽനിന്നും രാജിവെക്കേണ്ടതായി വരും.

ഏതാണ്ട് സമാന സാഹചര്യമാണ് ഇന്ത്യൻ എയർഹോസ്റ്റസുമാർക്കും ഉള്ളത്. നാലുവർഷം സർവ്വീസ് പൂർത്തിയാക്കാതെ അവർക്ക് വിവാഹിതരാകാനാവില്ല. അഥവാ മംഗല്യവതിയായാൽ ഗർഭിണിയാകുന്നതിനുമുൻപേ ജോലി രാജി വയ്ക്കേണ്ടിവരും. ഓർമിക്കേണ്ട ഒരു വസ്തുത, ഇവിടെ സ്ത്രീകളുടെ റിട്ടയർമെന്റ് പ്രായം മുപ്പത്തഞ്ച് വയസ്സാണെന്നതാണ്. ഇത്തരം നിയന്ത്രണങ്ങളുടെ നിയമസാധുതയെ ചോദ്യം ചെയ്തപ്പോൾ ലഭിച്ച മറുപടി വിചിത്രമായിരുന്നു. ഇതെല്ലാം ജനസംഖ്യാനിയന്ത്രണത്തിന്റെ ഭാഗമാണ് എന്നതായിരുന്നു അധികാരി വർഗ്ഗത്തിന്റെ ന്യായം. കോടതിയും, നിയമങ്ങളും ജനസംഖ്യാനിയന്ത്രണത്തിനുള്ള മാർഗ്ഗമായി കണ്ടെത് സ്ത്രീലൈംഗീകതയെ നിയന്ത്രിക്കുകയെന്ന് ഏകമാർഗ്ഗമായിരുന്നു. ഈ അവസ്ഥക്കെല്ലാം പിന്നീട് ഒരളവുവരെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക നിയമങ്ങൾ സൃഷ്ടിക്കാനുള്ള പ്രത്യേകാവകാശം സ്റ്റേറ്റിൽ നിക്ഷിപ്തമാക്കാൻ ഇന്ത്യൻ ഭരണഘടനാ ശില്പികൾ തീരുമാനിച്ചത് തീർത്തും സദുദ്ദേശ്യപരമായിട്ടായിരുന്നു. സ്ത്രീയേയും കുട്ടികളെയും ഒരൊറ്റ വിഭാഗമാക്കിയത് ക്ഷേമ ലക്ഷ്യത്തോടെയായിരുന്നുവെങ്കിലും സ്ത്രീക്ക് തുല്യത ഒരവകാശമായി നൽകാൻ അന്നും കഴിഞ്ഞിരുന്നില്ല.

അമ്പതു വർഷത്തോളമുള്ള നമ്മുടെ അനുഭവങ്ങൾ കാണിക്കുന്നത് സ്ത്രീകൾക്ക് നിയമസഭയും, പാർലമെന്റും അടക്കമുള്ള മേഖലകളിൽ സ്ത്രീയായതുകൊണ്ടുമാത്രം സ്ഥാനം നിഷേധിക്കപ്പെടുന്നുവെന്നാണ്. തൽസ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ മാത്രം കാര്യപ്രാപ്തി ഇവർക്കില്ലെന്നതാണ് ഇതിനുകാരണമായിപ്പറയുന്നത്. പഞ്ചായത്തും മുനിസിപ്പാലിറ്റികളുമടക്കമുള്ള ഭരണമേഖലകളിൽ സ്ത്രീകൾക്ക് മൂന്നിലൊന്ന് പ്രാതിനിധ്യം ഉറപ്പാക്കുന്ന ഭരണഘടനാ ഭേദഗതി ബിൽ (എഴുപത്തി നാലാമത്) 1992ൽ കൊണ്ടുവരികയുണ്ടായി.

സ്ത്രീകൾക്ക് അഭിഭാഷകരായി പ്രാക്ടീസുചെയ്യാൻ അവസരമൊരുക്കിയത് 1923ലെ ലീഗൽ പ്രാക്ടീഷണേഴ്സ് (വിമൻ) ആക്ടിന്റെ പൂർത്തീകരണത്തോടെയാണ്. എന്നാൽ ഇക്കഴിഞ്ഞ ദശകങ്ങളിലെല്ലാം തന്നെ, നിർണ്ണയാവകാശമുള്ള മേഖലകളിൽ നിന്നെല്ലാം സ്ത്രീകളെ ഒഴിച്ചു നിർത്താൻ ശ്രമങ്ങൾ നടന്നിരുന്നതായി മനസ്സിലാക്കാം.

നിയമങ്ങൾ എക്കാലത്തും പുരുഷന് അനുകൂലവും സ്ത്രീക്ക് പ്രതികൂലവുമായിരുന്നു. സ്ത്രീക്കുമേൽ പുരുഷന്റെ കൈവശാവകാശവും നിയന്ത്രണവും അത് വളർത്തിയെടുത്തു. ഇന്നും അത് തുടരുന്നു. കുടുംബത്തിൽ പിതാക്കൻമാർ തങ്ങൾക്കിഷ്ടപ്പെട്ട പുരുഷനോടൊത്ത് മക്കളെ വിവാഹം കഴിച്ചയക്കുന്നത് ഈ മേൽക്കോയ്മയുടെ ഊട്ടിയുറപ്പിക്കലാണ്.

സ്ത്രീകൾക്കെതിരെ ലൈംഗീകാതിക്രമങ്ങൾ ഇന്നും പരക്കെ നടമാടുന്നുണ്ട്. ഒരു സ്ത്രീയുടെ മേലുള്ള കയ്യേറ്റം അവളെ മാത്രമല്ല പങ്കിലയാക്കുന്നത്. അത് അവളുമായി ബന്ധപ്പെടുന്ന (ചുമതലയുള്ള) പുരുഷനു കൂടിയാണ് ( പിതാവ്, ഭർത്താവ്, സഹോദരൻ).

സ്ത്രീ ഇന്നും പുരുഷമേൽക്കോയ്മയുടെ ധാർഷ്ട്യത്തിനു കീഴിലാണ്. സ്ത്രീക്ക് സ്വയം നിർണ്ണയാവകാശമുള്ള ഒരു ലോകം ഇന്നും ഒരു വിദൂര സാധ്യതയായി അവശേഷിക്കുന്നു.

സ്ത്രീ
ഇന്നും പുരുഷമേൽക്കോയ്മയുടെ
ധാർഷ്ട്യത്തിനു കീഴിലാണ്.
സ്ത്രീക്ക് സ്വയം
നിർണ്ണയാവകാശമുള്ള
ഒരു ലോകം ഇന്നും
ഒരു വിദൂര സാധ്യതയായി
അവശേഷിക്കുന്നു.

***Still Ruled by Phallocracy*** - Malini Karkal
A Translation



# Craze of Cochin youth now at Thrissur

**Jean Shack**

*Trend setters in Men's Fashion*

Bright Towers, St. Thomas College Road,
Thrissur - 680 001. Tel : 443937

*We deal in :*

JEANS, T-SHIRTS, FORMAL SHIRTS, TROUSERS, COTTON SHIRTS, BAGGIES, BURMUDAS, SPORTS WEAR, JACKETS, WESTERN OUTFITS, BOYS WEAR, BABA SUITS AND MANY MORE.

**MEN'S WEAR** **BOYS WEAR** **BABA SUITS**

ALL MAJOR BRANDS UNDER ONE ROOF

RUF TUF · Live-in · Sunnex · Crocodile · NEWPORT · BUFFALO · Best WAIST · JOCKEY · TRIGGER

Silkma · WALKER · CURRENCY · STURDY · HOFFMEN · FLAMINGO · ACTION

duke · ZODIAC · polka · EXCALIBUR · PAN AMERICA · furore · dunhill · Premier · Artex

Parker · Live Italia · VIP · Archies · ACEMAN · SportKing · PETER ENGLAND · Independence · do-rex

## SAKTHAN THAMPURAN COLLEGE OF MATHEMATICS AND ARTS

*COLLEGE ROAD, THRISSUR - 5. PH : 333305*

**COURSES OFFERED (FOR GIRLS)**
PLUS TWO 1) SCIENCE GROUP
2) COMMERCE GROUP

B.Sc. (MATHEMATICS)
M.Sc. (MATHEMATICS)
B.Com (CO-OPERATION)
M.Com

**COURSES OFFERED (FOR BOYS)**
PLUS TWO 1) SCIENCE GROUP
2) COMMERCE GROUP

TUITION FOR ALL SUBJECTS

PRINCIPAL

വിദേശ യാത്രക്ക്,

# അമ്പൂച്ചിയ ട്രാവൽസ്


## ഇരിങ്ങാലക്കുട

*Ph : 825395, 821035*

# ലിയോസ്

## ബേക്കറി & സ്റ്റോഴ്സ്

ഡോൺ ബോസ്കോ റോഡ്, ഇരിങ്ങാലക്കുട
ഫോൺ : 0488 – 823259



N.B : രുചികരമായി തയ്യാറാക്കിയ എല്ലാവിധ ബേക്കറി സാധനങ്ങളും ഓർഡർ അനുസരിച്ച് പൂർണ്ണ ഉത്തരവാദിത്വത്തോടെ എത്തിച്ചു കൊടുക്കുന്നതാണ്.

സ്ക്കൂൾ.... ഓഫീസ്..... വീട്ടാവശ്യങ്ങൾക്കുള്ള എല്ലാവിധ ബേക്കറി - സ്റ്റേഷനറി സാധനങ്ങളും ഇവിടെനിന്നും ലഭിക്കുന്നതാണ്.

*Bashi's*

# Paint & Paints

Bashi Tower
Bus Stand View
Irinjalakuda
Ph : 822380, 820556

I.K.M. Complex
Opp. Kodungallur Bus Stop
Tana, Irinjalakuda

**NEROLAC PAINTS**
with colour scapes

**ASIAN PAINTS**
with colour world

# ജോൺ മരിക്കുന്നില്ല !



"പരിക്ഷുഭിത ജീവൽഗതാഗത ധാര" യിൽ ജോണിന്റെ ശിഥിലജീവിതം "ഭ്രാന്തൻ രൂപക"ങ്ങളെ തിരയുകയായിരുന്നു. മനുഷ്യ ജീവിതത്തിലെ സങ്കീർണ്ണതകളെ ലാളിത്യത്തിന്റെ സരസമായ ഫ്രെയിമുകളിലേക്ക് ചേർത്തു വച്ച ജോണിന്റെ ജീവിതം അക്ഷരാർത്ഥത്തിൽ വൈകാരി കമായ ഒരു വില പിടിച്ച ധൂർത്തായിരുന്നു. ജോണി ന്റെ കലാപരമായ ധൂർത്ത് മലയാള സിനിമയ്ക്കു സമ്മാനിച്ചത് തനിമയുടെ പരിശുദ്ധ വീഥികളുമാ യിരുന്നു. 1987 മെയ് 30–ാം തീയതി ബലി പെരുന്നാൾ ദിവസം ഒരു പണി തീരാത്ത കെട്ടിടത്തിന്റെ മുകളിൽ നിന്നും കാൽ തെറ്റി വീണ് ജോൺ ജീവിതത്തിന്റെ ഫ്രെയിമിൽ നിന്നും മറഞ്ഞു പോയപ്പോൾ നമുക്കു നഷ്ടപ്പെട്ടത് നിഷ്കളങ്കനായ ഒരു ചലച്ചിത്രകാര നായിരുന്നു. ജോണിന്റെ പതിമൂന്നാം ചരമവാർഷിക മാഘോഷിക്കുന്ന ഈ വേളയിൽ പത്രത്താളുകളിൽ ഏറെയും നടന്ന ചർച്ചകൾ കാമ്പസുകളിൽ നിന്നും ജോണിന്റെ പ്രേതങ്ങളെ മാറ്റിക്കളേയണ്ടതിനെ പറ്റിയായിരുന്നു.

മലയാള യുവത്വത്തിന്റെ സ്വപ്നങ്ങളിലും ചിന്തയിലും ഒരു പുതിയ ഭാവുകത്വം നങ്കൂരമുറപ്പിച്ച അറുപതുകളായിരുന്നു ജോണിന്റെ ചലച്ചിത്ര ഭാവന കളെ പാകപ്പെടുത്തിയത്. 1969ൽ പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സ്വർണ്ണമെഡലോടെ ഡയറക്ഷനിൽ ഡിപ്ലോമ നേടിയ ജോണിന്റെ ആദ്യ ചിത്രമായ 'വിദ്യാർത്ഥികളെ ഇതിലേ ഇതിലേ' (1969) ഒരു പുതിയ മാറ്റം മലയാള ചലച്ചിത്ര മേഖലയിൽ കൊണ്ടുവരികയാണുണ്ടായത്.

അഗ്രഹാരത്തിൽ കഴുതൈ (1978) ചെറിയാ ച്ചാന്റെ ക്രൂരകൃത്യങ്ങൾ (1980) അമ്മ അറിയാൻ (1986) എന്നിവയിലൂടെ ജോൺ മലയാളിയുടെ ദൃശ്യശീലങ്ങളെ തിരുത്തിയെഴുതുകയുണ്ടായി. കാമ്പസുകളിൽ ജോണിന്റെ ചിത്രങ്ങൾക്ക് ഏറെ പ്രേക്ഷകരുണ്ടായി. വൈകാരികവും, ബുദ്ധിപര വുമായി ഏറെ മുന്നിട്ടുനിന്നിരുന്ന അക്കാലത്തെ കാമ്പസ്സുകൾ നിറഞ്ഞ ഹൃദയത്തോടെ ജോണിനെ സ്വീകരിച്ചിരുന്നു. എന്നാലിന്നോ?

സിനിമയോടുള്ള എന്റെ സമീപനം ബുദ്ധിപരമെന്നതിനേക്കാൾ വൈകാരികമാണ് എന്ന് ജോൺ പറഞ്ഞു. താനൊരു ചിത്രമുണ്ടാക്കുമ്പോൾ അത് ജനങ്ങൾ കണ്ടില്ലെങ്കിൽ സംവിധായകനെന്ന നിലയിൽ ഒരു വൻ പരാജയമാണെന്നുള്ള ജോണി ന്റെ വെളിപ്പെടുത്തലുകൾ മലയാള ചലച്ചിത്ര ലോകത്തിലെ സമാന്തരബുദ്ധിജീവിസിനിമക്കാർക്ക് രസിക്കാത്തതായിരുന്നു.

അടിമുടി റിബലായിരുന്നു ജോൺ. നീട്ടി വളർത്തിയ മുടിയും, അഴുക്കുപുരണ്ട വസ്ത്രങ്ങളും നീണ്ടു നിന്ന മദ്യപാനവും അയാൾക്കുണ്ടായിരുന്നു. എല്ലാറ്റിനുമുപരിയായി ചീത്തയെ ചീത്തയായി വിളിച്ചു പറയാനുള്ള തന്റേടവും. ഒരു ചലച്ചിത്രകാര നെന്ന നിലയിൽ ജോൺ എക്കാലത്തെയും. സ്മര്യവ്യക്തിത്വമായി മാറിയതും അതുകൊണ്ടു തന്നെയാണ്.

'അയാം ദി ഹിറ്റ്ലർ ഓഫ് മൈ സിനിമ' എന്നാണ് ജോൺ പറഞ്ഞത്. ഒരു സിനിമ സംവിധായകന്റെ മാത്രം കലയാണെന്ന് ജോൺ തറപ്പിച്ചുപറഞ്ഞു. അപ്രിയസത്യം വിളിച്ചുപറയാ നുള്ള ഈ ചങ്കുറപ്പു മാത്രമാണ് എക്കാലവും ജോണിനു കൂട്ടുണ്ടായിരുന്നത്. സിനിമാക്കാരും, സുഹൃത്തുക്കളും അയാളെ തള്ളിപ്പറഞ്ഞു. അശരണനായി പട്ടിണിയും വേദനയും നിറഞ്ഞ ദൈന്യ ജീവിതത്തിനിടയിലും സരസൻ നേരമ്പോ ക്കുകളുമായി ജോൺ കാമ്പസ്സുകളിലേക്ക് കടന്നു വന്നിരുന്നു. നമ്മുടെ മാന്യതയെയും സ്റ്റാറ്റസ് സിംബലുകളെയും വൃത്തി ശുദ്ധിശീലങ്ങളെയും ജോൺ തന്റെ മുഷിഞ്ഞു നാറുന്ന കുർത്തയിലൂടെ കോക്രി കാട്ടി. ഒരു പ്രവാചകന്റെ ഉൾക്കരുത്തോടെ അപ്രിയ സത്യങ്ങൾ തുറന്നു പറഞ്ഞ ഒരു കറുത്ത മാലാഖയായിരുന്നു ജോൺ.

അമ്മ എന്ന സങ്കീർണ്ണതയെ ഏറ്റവു മധികം ഇഷ്ടപ്പെട്ടിരുന്ന ഒരാളായിരുന്നു ജോൺ എബ്രഹാം. അഞ്ചു വയസ്സുള്ളപ്പോൾ അമ്മ നഷ്ട പ്പെട്ട ജോണിന്റെ ഉള്ളിൽ എന്നും ഒരു ശിശുവു ണ്ടായിരുന്നു. സങ്കല്പ ഗിഥാറും മീട്ടി മൂളിപ്പാട്ടു പാടി ഈ അവധൂതൻ നടന്നു കയറിയത് മലയാളത്തിലെ ശുദ്ധ സിനിമാപ്രേക്ഷകരുടെ ഹൃദയങ്ങളിലേക്കാ യിരുന്നു. അമ്മ അറിയാനെന്ന ക്ലാസിക് സൃഷ്ടിയി ലൂടെ ജോൺ കൊണ്ടുവന്ന സർഗ്ഗാത്മകത ഒരു സ്ഫോടനമായിരുന്നു. ജോണിന്റെ ചിത്രത്തിലെ അമ്മ തികച്ചും വ്യത്യസ്തമായ ഒരാളായിരുന്നു. മലയാള സിനിമയ്ക്ക് പരിചയമുണ്ടായിരുന്ന ഫ്യൂഡൽ അമ്മമാരിൽ നിന്നും വ്യത്യസ്തമായ ഒന്നായിരുന്നു അത്.

'ഒരു ബൊഹീമിയൻ ഗാനം. പകുതിയിൽ പതറി നിർത്തി' ജോൺ ഇറങ്ങിപ്പോയപ്പോൾ നമുക്ക് നഷ്ടമായത് ഒരു ചലച്ചിത്രകാരനെ മാത്രമായി രുന്നില്ല. നമുക്ക് നഷ്ടമായത് കാലങ്ങളിലെങ്ങു നിന്നോ ഇടക്കിടെ വന്നുപോകുന്ന നമ്മുടെ ജോണിനെയായിരുന്നു. ജോണിനു തുല്യം ജോൺമാത്രം.

ജോൺ മരിക്കുന്നില്ല. കാമ്പസ്സുകളിൽ ഇന്നും ജോണുണ്ട്. മരവിച്ച മസ്തിഷ്ക്കങ്ങളുമായി നിങ്ങുന്ന നൂതന എം.ടി.വി. തലമുറക്കൊപ്പമല്ല മറിച്ച് മരുഭൂമിയിലെ ഉഷ്ണക്കാറ്റിലും കാലവർഷം കിനാവുകാണുന്ന ഒരു ന്യൂനപക്ഷത്തിന്റെ സിരാപടലങ്ങളിൽ ഉർവ്വര സാന്നിദ്ധ്യമായി ജോൺ ഉണ്ട്. "ആഗ്നേയ സൗഹൃദത്തിൻ ധൂമവസ നമൂരിയെറിഞ്ഞ ദിഗംബര ജ്വലനമായ്" ജോൺ ജീവിക്കുന്നു:



അഗ്രഹാരത്തിൽ കഴുതൈയിൽ നിന്ന്

ജോൺ ജീവിക്കട്ടെ

ജെ. ജെ

ഉദ്ധരിണികൾ, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ എവിടെ ജോൺ എന്ന കവിതയിൽ നിന്ന്.

## സ്വപ്നങ്ങളുടെ ആത്മഹത്യ; എന്റെയും.......



കാലമൊരിടവഴിയായി
കാത്തു നിൽക്കുന്നു
കാഴ്ചകളിലൊക്കെയും
ഓർമ്മകൾ പൂത്തു നിൽക്കുന്നു

പുഴയോർമ്മിക്കുമോ
പുഴയൊഴുക്കിയ കടലാസ് വഞ്ചിയെ ?
പൂമരമറിയുമോ
കാണാതെ പോയ സ്നേഹപുഷ്പങ്ങളെ ?

കാറ്റ് മറിച്ചിട്ട
സുഗന്ധസ്വപ്നമേ
വഴിയിലൊരിക്കലും
വന്നു നിൽക്കരുതേ....
കവിത പാടി കരയിയ്ക്കരുതേ

നീയോർമ്മയും ജീവിതവു-
മൊന്നാകുമ്പോൾ
ശരീരമാകെ നീറിപുകയുന്നു
സ്വപ്നങ്ങളിൽ
വേദനയുടെ നെഞ്ചെരിയുന്നു

എങ്കിലുമോമലേ
ഉള്ളിലെ കടൽ
പുറത്തൊരു തിരപോലുമായില്ല.

## വയൽ

കണ്ണറിയാത്ത
കൃഷിക്കാരൻ
വയലേലകൾക്കപ്പുറത്തെ
തരിശിലേയ്ക്കും
വിത്തുകളെറിയുന്നു
പൊടിമഴയിൽ
വിത്തുകളൊരു കളപോലുമായില്ല
വയൽ
ആകാശത്തെ ധ്യാനിച്ച്
പിന്നെയും
വിത്തുകളേറ്റ് വാങ്ങി





സുനിൽ കുമാർ പി.കെ.
മൂന്നാം വർഷ ബി.കോം.

# പ്രവചനം

(കെൻ സാരോവീവയുടെ ഓർമ്മയിൽ)

(1)

ആ സായന്തനത്തിൽ,
നിങ്ങൾ കെട്ടി നിറുത്തിയിരിക്കുന്ന
ആ കറുത്ത കുതിരയുടെ
കുളമ്പടിക്കീഴിലെ രേണുക്കൾ
കഴുകന്മാരായി പറന്നുയരും.
നിങ്ങൾ നിർമ്മിച്ചെടുത്ത
ആ
കറുത്ത ആകാശത്തെ
അവർ കൊത്തിക്കീറും !
നിങ്ങളുടെ കോട്ടകൊത്തളങ്ങൾ
അവരുടെ
ചിറകടിയിലിടിഞ്ഞമരും !
നിങ്ങൾ
ഞങ്ങൾക്കായ് പണിതുയർത്തിയ
കാരാഗൃഹങ്ങൾ
അവരുടെ നിശ്വാസമേറ്റ് നിലം പതിക്കും.

(2)

നിങ്ങൾ
ബന്ധിച്ചുനിർത്തിയിരിക്കുന്ന
ആ കറുത്ത കുതിരയുടെ
മർദ്ദനമേറ്റ വടുക്കളിൽനിന്നും,
അമിതാധ്വാനത്തിലുളവാകുന്ന
സ്വേദകണങ്ങളിൽനിന്നും;
സൂക്ഷിക്കുക.
ഒരായിരം ഫീനിക്സുകൾ
ചിറകടിച്ചുയരും.
അവർ
പ്രൊമിത്തിയൂസിന്റെ
ചങ്ങലകൾ കൊത്തിമാറ്റും
നിങ്ങളുടെ;
ഭവപഞ്ചാക്ഷരികളെ
അവരുടെ ചുണ്ടുകൾ
തിരുത്തിയെഴുതും;
നിങ്ങളുടെ,
ദീക്ഷ നീട്ടിവളർത്തിയ
പ്രവാചകർ പണിത
പലനിലകളുള്ള, ആ
ബഹുവർണ്ണ മാളികയെ
അവർ തച്ചുതകർക്കും
അതെ,
കല്ലോടു കല്ലു ശേഷിക്കാതെ....

(3)


നിങ്ങൾ
ചങ്ങലക്കിട്ടിരിക്കുന്ന
ആ കറുത്ത കുതിരയുടെ
ഗദ്ഗദങ്ങളിൽ നിന്നും
പുതിയ ആത്മാക്കൾ
കൈയിൽ കഠാരകളുമായി
ഉയിർത്തെഴുന്നേൽക്കും.
ഊഷരതയുടെ താഴ്‌വാരങ്ങളിൽ
അവർ
ഉർവ്വരതയുടെ വിത്തുപാകും.
നിങ്ങൾ വരഞ്ഞിട്ട
നുണകളുടെ ശിലാലിപികൾ
അവർ മായിച്ചു കളയും.
അവരുടെ പെരുങ്കളിയാട്ടം
കണ്ട്, നിങ്ങളുടെ
ദുഷ്ടാത്മാക്കൾ വിഹ്വലരാകും
അവയുടെ ആക്രന്ദനങ്ങൾ കേട്ട്
അവർ തൃപ്തിയടയും
നേരിന്റെ ആർപ്പുവിളികൾ
മാനം മുട്ടെ മുഴങ്ങും.

(4)

നിങ്ങൾ
കരുതിയിരുന്നുകൊള്ളുക,
ആ കറുത്ത കുതിരയുടെ
കടിഞ്ഞാൺ, നിങ്ങളിൽ നിന്നും
എടുക്കപ്പെടും.
അവന്റെ ശ്വാസത്തിന്റെ
വീറിൽ
ലോകത്തിന്റെ ഹൃദ്സ്പന്ദനങ്ങൾ
കോർക്കപ്പെടും !!!
നിങ്ങൾ നിർമ്മിച്ച
പാപത്തിന്റെ തത്വശാസ്ത്രങ്ങളെ,
അവന്റെ എരിയുന്ന നേത്രങ്ങൾ
ഭസ്മമാക്കി കളയും !
സൂക്ഷിച്ചുകൊള്ളുക !
നിങ്ങളുടെ ആ മുഷിഞ്ഞ വെളുപ്പിന്റെ
പരാജയം അടുത്തുകഴിഞ്ഞു.

(5)

ഇതെല്ലാം
സംഭവിക്കുക
ആ സായന്തനത്തിലായിരിക്കും !!!
ചെങ്കിരണങ്ങളോട് കുശലം പറയുന്ന ആ
സായാഹ്നത്തിലായിരിക്കും !!
കിഴക്ക് വെള്ള കീറുമ്പോഴേക്കും !
ഹാ !
നിങ്ങളുടെ മുഖങ്ങൾ
മാറിപ്പോയിരിക്കും !!



**ജിനോയ് ജോസ്**
രണ്ടാം വർഷ ബി.എ.
ഫങ്ഷണൽ ഇംഗ്ലീഷ്

# വാസവദത്ത

മുത്തശ്ശി പറഞ്ഞ കഥ എനിക്കു വല്ലാതെ ഇഷ്ടപ്പെട്ടു. വാസവദത്ത അത്രയ്ക്കു സുന്ദരിയാണോ മുത്തശ്ശി?

പിന്നെ വാസവദത്തയുടെ സൗന്ദര്യത്തെ കുറിച്ചു വർണ്ണിക്കുവാൻ കവിയുടെ വാക്കിനുപോലും ദാരിദ്ര്യമുണ്ടായത്രെ! മുത്തശ്ശി തന്റെ മോണകാട്ടി ചിരിച്ചു.

വാസവദത്ത എത്ര സുന്ദരിയായിരിക്കും; അതുപോലെ ജീവിക്കാൻ അംബിക കൊതിച്ചു.

മുത്തശ്ശി എനിക്കും വാസവദത്തയാകുവാൻ കൊതിയാവുന്നു

മുത്തശ്ശി ഒന്നും പറഞ്ഞില്ല

അംബിക ഉടൻ തന്നെ കണ്ണാടിയിൽ താൻ സുന്ദരിയാണോയെന്നു നോക്കി.

അതെ സുന്ദരി തന്നെ..... അവൾ ദൃഢനിശ്ചയം ചെയ്തു

എനിക്കും വാസവദത്തയാവണം

അവൾ എന്നും തന്റെ പിന്നാലെ ബൈക്കുമായി ചുറ്റുന്ന ഒരാളെ ഓർത്തു. ചിലപ്പോൾ അയാളോടു പറഞ്ഞാൽ കാര്യം നടക്കാതിരിക്കില്ല. എന്തായാലും നാളെ പറഞ്ഞു നോക്കാം. നാളെയുടെ ചിന്തയുമായി അവൾ ഉറങ്ങി.

നാളെ ഇന്നായി

ഇന്ന്

അവൾ സ്റ്റാൻഡിലേക്ക് നടന്നു. അന്നും ബൈക്കുമായി അയാൾ പുറകെ വന്നു ..... അവൾ നിന്നു........ അയാളും നിന്നു.

അവൾ ചിരിച്ചു........ അയാളും ചിരിച്ചു.

എന്താ ഇന്നു നേരത്തെ ? ഒരു ഭംഗി വാക്കിനുവേണ്ടി അയാൾ ചോദിച്ചു. അവൾ അതിനു ഉത്തരം നൽകിയില്ല. പകരം ഒരുപകാരമാണ് ആവശ്യപ്പെട്ടത്.

എന്നെ വാസവദത്തയാക്കാമോ?

വാസവദത്തയോ? ...... അതാരാ.......? അയാൾ ജിജ്ഞാസയോടെ ചോദിച്ചു.,

എന്ത് വാസവദത്തയെപറ്റി അറിയില്ലന്നോ? അവൾ അത്ഭുതപ്പെട്ടു.

അതെ എനിക്കറിയില്ല

കുമാരനാശന്റെ കവിത വായിച്ചിട്ടുണ്ടോ? അവൾ വലിയ ഭാവത്തിൽ ചോദിച്ചു

ഇല്ല........ ക്ഷമിക്കണം ...... ഞാൻ കവിത വായിക്കാറില്ല..... മാത്രമല്ല കവിത വായിച്ചാൽ എനിക്കു മനസ്സിലാവില്ല.

അവൾ അയാളുടെ മുഖത്തുനോക്കി എന്നിട്ട് പതുക്കെ പറഞ്ഞു.

അപ്പോൾ വാസവദത്തയെ അറിയില്ല....... വാസവദത്ത ഒരു വേശ്യയായിരുന്നു

അയാൾ ഞെട്ടി. പെട്ടന്നയാളുടെ മുഖത്ത് ചുളിവുകൾ വീണു ....... അവളുടെ മുഖത്തു സൂക്ഷിച്ചു നോക്കി. എന്നിട്ടു ചോദിച്ചു.

കുട്ടിക്ക് വാസവദത്തയാകണോ?

വേണം അവൾ കൂസലില്ലാതെ പറഞ്ഞു

ശരി എന്നാൽ എന്റെ ബൈക്കിന്റെ പുറകിൽ ഇരുന്നോളു

അവൾ അയാളെ അനുസരിച്ചു. അവളുടെ കണ്ണുകൾ അയാളുടെ മുഖത്ത് എന്തിനോ വേണ്ടി ചീറിപ്പാഞ്ഞു.

അംബിക വാസവദത്തയായി

അയാൾ ബൈക്കുമാറ്റി, കാറുവാങ്ങി

വാസവദത്ത കൊട്ടാരം പണിതു. അവൾ ജോലിക്കാരെ നിയമിച്ചു. എങ്കിലും അവൾ അനുസരണയുള്ള വാസവദത്തയായിരുന്നു.

അയാൾ കാറുമായി വരുമ്പോഴെല്ലാം വാസവദത്ത കൂടെ പോകുമായിരുന്നു

തിരിച്ചു വരുമ്പോൾ കഴുത്തു നിറയെ സ്വർണ്ണം കൊണ്ടു പൊതിഞ്ഞിരിക്കും

എത്രയൊക്കെയായാലും അവൾ സുന്ദരിയായിരുന്നു

ആ സ്പർശനത്തിനുവേണ്ടി എത്രയോ പേർ സ്വന്തം വീടു പോലും വിറ്റിരിക്കുന്നു.

ഒരു ദിവസം അവൾ ഞെട്ടിക്കുന്ന വാർത്ത കേട്ടു

മുത്തശ്ശി മരിച്ചു

അവളുടെ മാരുതി സെൻ കാർ വീട് ലക്ഷ്യമാക്കി നീങ്ങി. വീടിന്റെ പിടക്കലെത്തിയപ്പോൾ അവൾ കാറിൽ നിന്നിറങ്ങി.

വീട്ടിൽ ഒരുപാടാളുകൾ കൂടിയിരിക്കുന്നു

അവൾ വീട് ലക്ഷ്യമാക്കി നടന്നു

നിൽക്ക്

ശബ്ദം കേട്ടു അവൾ നിന്നു

എന്താണ്

ആരോ മുന്നിൽ നിന്നു പറഞ്ഞു.

നീ തിരിച്ചുപോ....... നിന്നെ പോലുള്ളവരെ കയറ്റുവാനുള്ള സ്ഥലമല്ലിത്

അവൾ യാചിച്ചു

ഞാൻ എന്റെ മുത്തശ്ശിയെ അവസാനമായി ഒന്നു കണ്ടോട്ടെ

പാടില്ല...... പാടില്ല അനേകം ശബ്ദങ്ങൾ ചെവിയിൽ മുഴങ്ങുന്നതായ് തോന്നി. തോന്നിയതല്ല ശരിയായിരുന്നു.

പറ്റില്ല എനിക്കു മുത്തശ്ശിയെ കാണണം. അവൾ ദൃഢനിശ്ചയത്തോടെ മുന്നോട്ടു നടന്നു. പക്ഷെ എവിടെന്നൊക്കെയോ കല്ലുകൾ ചീറിപ്പാഞ്ഞു വന്നു.. അവൾ ആവുന്നതും തടഞ്ഞു നോക്കി. ഒരു രക്ഷയുമില്ല.

തൊലി പൊട്ടി രക്തം ഒഴുകാൻ തുടങ്ങി. അവൾ തിരിഞ്ഞോടി. അപ്പോഴേക്കും തന്റെ കാറിനു ആരോ തീ വച്ചിരിക്കുന്നു.

എന്തു ചെയ്യണമെന്നറിയാതെ അവൾ നിന്നു കല്ലുകൾ വന്നുകൊണ്ടിരിക്കുകയാണ്. പെട്ടന്നയാളുടെ കാർ അവിടെ നിന്നു അവൾ കൈകാട്ടി.

കാർ നിർത്തി അയാൾ ഇറങ്ങി

അവളെ സൂക്ഷിച്ചു നോക്കി...... കാലുകൾ ഒടിഞ്ഞിരിക്കുന്നു

പല്ലുകൾ പോയിരിക്കുന്നു. മുഖത്തെ സൗന്ദര്യം വാർന്നു പോയിരിക്കുന്നു

എന്നെ രക്ഷിക്കു അവൾ അപേക്ഷിച്ചു

അയാൾ നിർവികാരമായ് പറഞ്ഞു

എന്നോടു ക്ഷമിക്കണം. ഞാൻ പറഞ്ഞ വാക്കു പാലിച്ചിരിക്കുന്നു. ഇതായിരുന്നു വാസവദത്തയുടെയും അനുഭവം. ഗുഡ്ബൈ.

അയാളുടെ കാർ അവിടെ നിന്നും എങ്ങോട്ടോ നീങ്ങി.

**ഉണ്ണികൃഷ്ണൻ സി.കെ.**
ഒന്നാം വർഷ എം.എസ്.സി.

# GENERAL METALS

Market Link Road,
Irinjalakuda - 680 121
☎ Off. 820314, 827218,
Resi. 827217, 823524, 824765, 825052

***Dealers in : M. S. Angles, Flats, Squires, Torsteel Rounds Etc.***

*With Best Compliments from*

# ALTHARA KURIES (P) LTD

**Main Road, Irinjalakuda**

With best compliments from :

## *ST. THOMAS CATHEDRAL KURIES*

**H.O. Irinjalakuda - 680 121. Ph : 827376**
**Branches : Bangalore & Faridabad**

RELIABILITY
CHARITY
SERVICE
**OVER A CENTURY**

With best compliments from :

# SOCIAL FORUM

**A Charitable Institution, Diocese of Irinjalakuda**
H.O. Cathedral Junction West, Irinjalakuda, Branch : Faridabad
Ph : 821875, Fax : 821986, e-mail :safi@md4.vsnl.net.in

## *Kandamkulathi*

**SILK HOUSE**

**TANA - IRINJALAKUDA**

**Phone : 822399**

---

## WILSON BROS

**STUDIO & VIDEO**

Tana, Irinjalakuda

☎ Off. : 822887, Res. : 828997

---

*ശാസ്ത്രീയമായി നൃത്തം അഭ്യസിക്കുന്നതിന്*

## കൈരളി നാട്യകലാക്ഷേത്രം നൃത്ത വിദ്യാലയം

**ഓഫീസ് - ഇരിങ്ങാലക്കുട**

(ഗവ. ആശുപത്രിക്ക് മുൻവശം, ഠാണാ)

ഡയറക്ടർ

**മുരിയാട് മുരളീധരൻ**

B.A, B.N.S.S.C.P. (മദ്രാസ്)

**A.I.R, T.V. ഫെയിം**

---

*With Best Compliments from*

**LORD KRISHNA BANK LIMITED**

**IRINJALAKUDA BRANCH**

*The Bank You Would Prefer*



# നിങ്ങൾ റാഞ്ചേണ്ടത്

(1)
ഇതാ പുറപ്പെടുന്നു നാം അഗാധമാഴിയും കട-
ന്നനന്തവാന നീലിമയ്ക്കുമപ്പുറത്തെ വീഥിയിൽ
ഇതാ പുറപ്പെടുന്നു ഞാനൊരമ്മ, നീ മകൻ, നമുക്കു
താണ്ടുവാനൊരായിരം കിനാവു പൂത്ത വീഥികൾ

പ്രകാശ ഗോപുരം കടന്നനന്തസാഗരം കട-
ന്നറിഞ്ഞിടാത്ത വീഥികൾ കടന്നു പോകയാണു നാം
മനം നിറഞ്ഞമോദമോടുലഞ്ഞു പോകയാണു നീ
പിറന്ന ഭൂമിതൻ തണൽ കൊതിച്ചു പോകയാണു ഞാൻ

ചരിച്ചിടുന്നു നാം വിമാന ഗർഭപാത്ര ശാന്തിയിൽ
അലിഞ്ഞിടൊല്ല നീ മനം മയക്കിടും സുഷുപ്തിയിൽ
അറിഞ്ഞിടുന്നുവോ മഹാശയർ പിറന്ന ഭൂവിലാ-
ണൊരർദ്ധനഗ്ന വൃദ്ധനാൽ പടുത്ത ഭൂവിലാണു നാം

മതങ്ങളാം സുമങ്ങളെ കൊരുത്ത മാല്യമാണിത്
അഖണ്ഡതയ്ക്കു കേളികൊട്ടുയർന്ന വേദിയാണിത്
മനം നിറഞ്ഞമോദമോടെ രാമനും മുഹമ്മദും
കരങ്ങൾ കോർത്തു നിന്നിടുന്ന പുണ്യഭൂമിയാണിത്

(2)
ഇതെന്ത് ? നിങ്ങളെന്തുചെയ്വു എന്തിനെന്റെ തോഴരേ
കരങ്ങളിൽ കഠോരമീ കൊടും വിനാശമേന്തുവാൻ?
എന്തിനായ്ക്കരാള ശബ്ദ ചാപമെയ്തു ഞങ്ങളിൽ
ഭയം നിറച്ചിടുന്നു, ഞങ്ങൾ ചെയ്തതെന്തു പാതകം?

എന്തിനാ മിഴിക്കടാക്ഷമഗ്നിപാശമാക്കുവാൻ?
ഇതെന്തിനായ്ക്കഴുത്തിൽ നിങ്ങൾ വേരുകൾ പടർത്തുവാൻ?
മുരൾച്ച, ലക്ഷ്യമേറെ ദൂരെ,യേക മാർഗ്ഗമാണു, ഞ-
ങ്ങളാം വിമാന റാഞ്ചികൾ, ഇനിക്കരങ്ങൾ പൊക്കുക.

(3)
ദുരന്തനാടകം കഴിഞ്ഞിതാ സ്വതന്ത്രരായി നാം
പിരിഞ്ഞുപോയി റാഞ്ചികൾ, ഇതിൽ ജയിച്ചതാരുവാൻ ?
തുടങ്ങിടട്ടെ പുത്തനാമൊരങ്കമിന്നു നമ്മളീ
പവിത്ര ഭൂമിയിൽ പദം പതിച്ചിടുന്ന നേരമായ്

(4)
ഭയങ്കരം ! നിണം പുരണ്ട വാളുമായി നിങ്ങൾ തൻ
സഹോദരന്റെ നെഞ്ചിൽ നിന്നു രക്തമൂറ്റി വിൽക്കയോ?
പതാകകൾ കടും ചുവപ്പു വർണ്ണമാക്കി മാറ്റവേ
കണ്ണുനീർ കുടിച്ചിടുന്ന പെങ്ങളെ മറന്നുവോ?

സമത്വ സുന്ദരം നവീന ഭൂമിയെ പടുക്കുവാൻ
വിലങ്ങുകൾ തകർക്കുക ! തകർത്തിടൊല്ല പ്രാണനെ !
മകൻ പിരിഞ്ഞൊരമ്മയും അനാഥരാം കിടാങ്ങളും
നവീന ഭൂമി നൽകിടുന്ന സാന്ത്വനം കുടിക്കുമോ !

അകത്തെ ലാവയും പുറത്തെ മന്ദഹാസ ലഹരിയും
കറുത്ത കണ്ണടയ്ക്കകത്തൊളിച്ചു വച്ച സത്യവും
അതാണ് ഗാന്ധിയർ, കടം കിടച്ച പേരു പേറുവോർ
അളന്നു തൂക്കി ഗാന്ധിയെ മുറിച്ചു വിറ്റിടുന്നവർ

വയൽപ്പരപ്പിലെ കുഴഞ്ഞ മണ്ണിനെന്തു ഗന്ധമെ-
ന്നറിഞ്ഞിടാതെ ചെങ്കൊടി കരത്തിലേന്തിടുന്നവർ
മദം മദിച്ച കോമരങ്ങളായുറഞ്ഞിടുന്നവർ
വിഷം വമിച്ച തേറ്റകൾ, അതാണു രാജ്യപാലകർ

(5)
മതങ്ങളാം സുമങ്ങളെ കൊരുത്ത മാല്യമല്ലിത് !
അഖണ്ഡതക്കു കേളികൊട്ടുയർന്ന വേദിയല്ലിത് !
മനം നിറഞ്ഞ മോദമോടെ രാമനും മുഹമ്മദും
കരങ്ങൾ കോർത്തു നിന്നിരുന്ന പുണ്യ ഭൂമിയല്ലിത് !!

അഹോ, മഹാമതേ, ധരേ, ഉയിർത്തെണീറ്റുകൊള്ളുക
നിൻ സ്വരത്തെയിന്നു നീയൊരട്ടഹാസമാക്കുക
കരങ്ങളിൽ കൊടും കഠാരയേന്തിടുന്ന റാഞ്ചിയായ്
തിരിച്ചു വന്നു റാഞ്ചുക ദുഷിച്ച മാനസങ്ങളെ.





**അരുൺ. പി.**
മൂന്നാംവർഷ കെമിസ്ട്രി

# കായികലോകം, കായികകോലം



Cartoon by Vinayan. C.V.


**കോഴ വാങ്ങിച്ചാൽ ക്രിക്കറ്റ് എങ്ങിനെ കളിക്കാം?**

കോഴ വാങ്ങിച്ച് ക്രിക്കറ്റ് കളിക്കുമ്പോൾ എങ്ങിനെ കളിക്കുന്നു എന്നതിൽ കൂടുതൽ എങ്ങിനെ ഔട്ടാകുന്നു എന്നതിനാണു പ്രാധാന്യം. കോഴ വാങ്ങിച്ച് ക്രിക്കറ്റ് കളിക്കുമ്പോൾ ഒരു കളിക്കാരൻ അറിഞ്ഞിരിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം ഈ വിവരം കാണികൾ മനസ്സിലാക്കരുതെന്നാണ്. താൻ കോഴ വാങ്ങിച്ചിട്ടാണ് കളിക്കുന്നത് എന്ന ചിന്ത ഒരുകാരണവശാലും കാണികളുടെ മനസ്സിൽ കടന്നു കൂടരുത്. ഇവിടെയാണ് ഒരു കളിക്കാരന്റെ ഏറ്റവും വലിയ മിടുക്ക്. ഇതിനായി കളിക്കളത്തിലിറങ്ങുന്നതിനു മുമ്പ് പത്രക്കാരോടോ, അല്ലെങ്കിൽ വാരികകളുടെ ലേഖകൻമാരോടോ തനിക്ക് പരിക്കാണ് അല്ലെങ്കിൽ ഫോമിലല്ല എന്നൊക്കെ വേണമെങ്കിൽ പറയാം. ഇത്, കാണികളുടെ ഇടയിൽ തന്റെ ഇന്നത്തെ കളി എങ്ങിനെയൊക്കെ ആകും എന്നുള്ള ഒരു ധാരണ ഉയർത്തിയെടുക്കാൻ സഹായിച്ചേക്കും. അവസാനം കളിയിൽ തന്റെ ടീം തോറ്റു കഴിയുമ്പോൾ പിച്ച് മോശമായത് കൊണ്ടാണ് എന്നോ, കാലാവസ്ഥ മോശമായതുകൊണ്ടാണ് എന്നോ മാത്രമേ പറയാവൂ. തന്റെ ഭാഗത്ത് കുറ്റം ഒന്നും തന്നെയില്ല എന്ന് സ്ഥാപിക്കാൻ ശ്രമിക്കണം. അടുത്ത നിർണായക മൽസരത്തിൽ പൂർവ്വാധിക ശക്തിയോടെ തിരിച്ചടിക്കും എന്നൊരു വാഗ്ദാനം കൂടി നൽകിയാൽ കലക്കി.

ഇനി കളിക്കിടയിൽ എങ്ങിനെ പെട്ടെന്ന് ഔട്ടാകാം എന്ന് പഠിപ്പിക്കാം.

ആദ്യമായി നമ്മളെ ബൗൾഡ് ആക്കാൻ എങ്ങിനെ ഒരു എതിർടീമിലെ ബൗളറെ സഹായിക്കാം എന്നു പഠിക്കാം. ക്രീസിൽ എത്തികഴിഞ്ഞാൽ ഉടൻതന്നെ ചുമ്മ ഒന്നു ചാടുകയും ഇരുന്ന് എഴുന്നേൽക്കുകയും ചെയ്യാം. അതിനുശേഷം ഗ്രൗണ്ടിൽ എവിടെയൊക്കെയാണ് ഗ്യാപ്പ് എന്ന് തല വട്ടം കറക്കി നോക്കുന്നതിലും വിരോധമില്ല. ഇനി കളി തുടങ്ങാം. ബൗളർ പന്തുമായി വരുമ്പോൾ ആദ്യം അയാളെ നോക്കി ഒന്നു പുഞ്ചിരിക്കാം. (ഞാൻ കോഴ വാങ്ങിച്ചിട്ടുണ്ട് കേട്ടോ ? എന്നുള്ള ധാരണയിൽ) പ്രത്യേകം ശ്രദ്ധിക്കണം ഇത് മറ്റാരും കാണരുത്. പന്ത് ബൗളറുടെ കൈയ്യിൽ നിന്നും വിട്ടു കഴിഞ്ഞാൽ നമ്മൾ ഉടൻ തന്നെ അത് യോർക്കറാണോ, അതോ ലെഗ് കട്ടറാണോ, അതോ ബൗൺസറാണോ എന്നു സൂക്ഷിച്ചു നോക്കണം. യോർക്കറാണെങ്കിൽ സ്ട്രൈറ്റ് ഡ്രൈവ് ചെയ്യാനാണെന്നുള്ള രീതിയിൽ Front Foot എടുത്ത് മുന്നിൽ വെക്കുക. പ്രത്യേകം ശ്രദ്ധിക്കണം, സ്റ്റമ്പിന് മുന്നിൽ കാൽ വരരുത്. അങ്ങിനെ വന്നാൽ നമ്മൾ ഒരിക്കലും ബൗൾഡ് ആകുകയില്ല. കാണികൾ നമ്മൾ സ്ട്രൈറ്റ് ഡ്രൈവ് ചെയ്യുവാൻ പോകുകയാണ് എന്ന് വിചാരിക്കും. പക്ഷെ ഇപ്പോഴാണ് എതിർ ടീമിനെ സഹായിക്കാനുള്ള ഐഡിയാ പ്രയോഗിക്കേണ്ടത്. ഇതിനായി ബാറ്റ് പിച്ചിൽ നിന്നും ഉയർത്തി വെറുതെ വായുവിൽ ഒരു സ്ക്വയർ കട്ട് നടത്തുക. യോർക്കറാണെങ്കിൽ കുറ്റി നമ്മളറിയാതെ പോയിക്കൊള്ളും. അഥവാ ബൗളർക്ക് ബോൾ കുറ്റിയിൽ കൊള്ളിക്കാൻ കഴിഞ്ഞില്ലെങ്കിൽ അല്പം ദേഷ്യത്തിൽ ബൗളറെ നോക്കി ഒന്നു കണ്ണിറുക്കി കാണിക്കാം. പക്ഷെ പ്രത്യേകം ശ്രദ്ധിക്കണം. ഇത് മറ്റാരും കാണരുത്. ഇങ്ങിനെ നമ്മളെ ബൗൾഡ് ആക്കാൻ കഴിഞ്ഞില്ലെങ്കിൽ ക്യാച്ച് കൊടുത്ത് നമുക്ക് എതിർടീമിനെ സഹായിക്കാം. ക്യാച്ച് കൊടുക്കുമ്പോഴാണ് ഏറ്റവും അധികം ശ്രദ്ധിക്കേണ്ടത്. ഇവിടെയാണ് ഒരു കളിക്കാരന്റെ കായിക ബലം ഏറ്റവും കൂടുതൽ പരീക്ഷിക്കപ്പെടുന്നത്. ക്യാച്ച് കൊടുക്കാനായി പന്ത് ഉയർത്തി അടിക്കുമ്പോൾ നമ്മൾ ഒരിക്കലും ശക്തി അധികം പ്രയോഗിക്കരുത്. ചിലപ്പോൾ ബൗണ്ടറി കടന്ന് അത് സിക്സറായാലോ ? അങ്ങിനെ ഒരിക്കലും സംഭവിച്ചുകൂടാ. കോഴ വാങ്ങിച്ചതിന് അർത്ഥമില്ലാതായി പോകും. അതുകൊണ്ട് പതുക്കെ പന്ത് പൊക്കി അടിച്ചു പഠിക്കുക. ഇതും സാധിച്ചില്ലെങ്കിൽ സ്വയം റണ്ണൗട്ടായി എതിർ ടീമിനെ സഹായിക്കാം. ഇതിനായി പതുക്കെ ഓടി പഠിക്കണം. എത്രയും പതുക്കെ ഓടാൻ കഴിയുമോ അത്രയും നല്ലത്. കളിക്കിടയിൽ പന്ത് ക്രീസിനരികിൽ അടിച്ചിടുക. എന്നിട്ട് അപ്പുറത്തെ ക്രീസ്സിൽ നിൽക്കുന്ന കൂട്ടാളിയെ കരഞ്ഞ് വിളിച്ച് മുന്നോട്ട് കുതിക്കുക. അപ്പുറത്ത് തന്റെ കൂട്ടാളി നല്ല കളിക്കാരനാണെങ്കിൽ അവൻ ചീറിപ്പാഞ്ഞ് ഇങ്ങോട്ട് ഓടിയടുക്കും. നമ്മൾ പതുക്കെ ഓടുവാനേ പാടുള്ളു. നമ്മൾ റണ്ണൗട്ടായി എന്നു കണ്ടുകഴിഞ്ഞാൽ വേണമെങ്കിൽ ആ ക്രീസിലേക്ക് ഒന്ന് ഡൈവ് ചെയ്യാം. വെറുതെ ഒരു ഷോയ്ക്ക്. ശരീരത്തിന് കോട്ടം തട്ടാതെ പ്രത്യേകം ശ്രദ്ധിക്കണം. HOWZZAT എന്നൊരു കൊലവിളി കേൾക്കാം. അംപയർ തേർഡ് അംപയറെ നോക്കി വായുവിൽ ഒരു ചതുരം വരക്കുന്നത് കാണാം. പേടിക്കണ്ടാ ചുവപ്പ് ലൈറ്റ് കത്തുന്നതിനു മുൻപ് ക്രീസ് വിട്ട് പോരരുത്. ഞാൻ അങ്ങിനെ ഒന്നും ഔട്ടാകുകയില്ല എന്ന ഭാവേന നിൽക്കണം. ഇതു കാണികളുടെ മനസ്സിൽ ഒരു പ്രത്യേക വികാരം ഉടലെടുപ്പിക്കാൻ സഹായിക്കും.

കോഴ വാങ്ങിച്ചാൽ എങ്ങിനെ ബൗൾ ചെയ്യാം എന്ന് അടുത്ത ലക്കത്തിൽ.



**അരുൺ പ്രഭാകർ എം.**
രണ്ടാം വർഷ ജിയോളജി

# Cricket : Hanging by a thread

The Indian cricket team is at present afflicted, fagged out and drained of its vitality. This was sure as eggs is eggs in the Asia cup Cricket held in Dhaka last month. This leads us to an inevitable question. Where does Indian Cricket stand now? It has an almost uprooted base and has to be fortified before it crumbles to dust. The ill- fated team is to be revived and rejuvenated. And do we expect a resurgence?

The match fixing episode came as a bolt from the blue with Hansie Cronje's admission of his involvement in the rigging business. The way the former captain of the South African team, Hansie Cronje admitted his impropriety came in for praise from all quarters. Can the Indians display such candour in their disclosures, if they actually have something to conceal?

All the pomp and splendour of the game comes to a termination here. Since the inception of the cricket scan, interest of the inhabitants of God's Own Country who are die - hard fans of cricket has been waning. The image of Indian Cricket will be vandalized if the icons and the exponents accused of corruption are proved guilty.

Can it be for the sole purpose of settling personal scores that the former skipper of the Indian team, Manoj Prabhakar is accusing the Indian coach and the former all rounder of the Indian team, Kapil Dev of his association with something so heinous a crime as match - fixing or is there any stark truth in his disclosures? The answers to these queries and many others are yet to be sought.



Stung, the traumatized cricket fans cannot stand by their favourite sport. The country had set aside, its heart and soul for the game, and accepted it as their religion and the players as their Gods. They are now shaken to the core.

Were the Indian's trying to turn the tables by accusing the South African team of betting stakes? Were they trying to camouflage their follies? Were the accused so narrow minded as to fix the matches to satiate their cupidity? We have a whole lot of questions and some dissatisfying answers. Many of the accused who vociferously disclaimed the accusations in the beginning are now sprouting hither and thither to share their knowledge on the subject. All these make the controversy too ecrie.

With turbulence even within the BCCI, its secretary and its former president making distasteful remarks about those within the corporate body, doesn't the question arise that it seriously requires a restructuring? It means not a shallow restructuring on the surface a complete overheauling is indispensible

Stern action should be taken against the proven culprits. It is high tme that we got down to brass tacks. Once the truth is revealed, the persons guilty of crime are to be fined and a judicial enquiry should be ordered. The cricketers are to be banned from playing for the country.

Are the CBI officials involved in a wild goose chase? Can they unravel the enigma? Are there manipulations exising so intricate that things which are unknown will remain unknown forever?


Hither'to we believed with certainty that this was a world where saints and sages dwell Now our attitude towards the game has changed.

M a n o j Prabhakar sparked it off when he declared in the year 1997 about a colleague trying to bribe him by offering Rs. 25 Lakh to play below his potential in 1994 during a match against Pakistan, in the singer cup in Sri Lanka. This fell on deaf ears but when he finally announced the identity of that colleague, it created a f...er and ripened into a full - fledged scandal. All of us know the rest: Kapil Dev's response at the press briefing and the things which followed. With some of the players confirming Manoj Prabhakar's statement and some others denying it, there was no command over the situation Later, the same Manoj Prabhakar is reportedly charged with swindling public money through a U.P based chit fund company called Apace and as we get into the nitty - gritty of this sordid affair, it gets more dubious.




**Jisha Janardhanan**
IInd B.A. Functional English

Meanwhile, the CBI is viewing the casettes of matches played earlier




and is trying to find out how easy it is to throw a match, if some of the key players are involved in corrupting. The agency is conducting a study on the bookies and is probing into the under world's involvement in match - fixing.




Some of the cricketers are known to possess wealth disproportionate to thier income. The CBI and the income tax department have teamed up to throw light on the matter. The bank accounts, investments and bank dealings of some of the cricketers and their family members are under tax scrutiny. This, they believe will open up the probability of the cricketer's involvement in the matc[h] fixing allegations.

With the matc[h] fixing scandal and th[e] betting controversi[es] making headlines, th[e] reputation of Indi[an] Cricket is robbed off [its] lustre. And as we dig o[ut] the topsoil, darker se-crets are exposed. Th[e] ongoing cricket scand[al] has created serious re-percussions on th[e] game. As a conclusi[ve] note, it is not yet the rig[ht] time to pass a final ver-dict on the whole affair. As the episod[e] gets disentangled, the obsessed crick[et] fans are keeping their fingers crosse[d] and are hoping sincerely that th[e] charges levelled aginst their favour[ite] cricketers are proved false. Who is rig[ht] and who is wrong? The question awai[ts] an answer.

Cricket , the great game wit[h] such sporting values. Can it not be bille[d] as a lucrative business? At present, w[e] are really viewing from a different per-spective. The game of cricket as a bus[i]ness.

"OVER TAKING.......

# ONE BILIION ..........

### TIME FOR CELEBRATION OR CONCERN....?

The one billionth child in India, 'Astha', arrived almost eight hours before the announced official time, 12.56 p.m.. She was born to Anjana and Ashok kumar, at 5.05 a.m. at the Safderjing Hospital, in New Delhi; on May 11, 2000. She was chosen as the symbolic billionth baby, by the government and the UNFPA. Soon thereafter, there was a stampede as curious on lookers, officials and ministers milled for a closer look at Astha. However, she was introduced only in the afternoon. Amidst much admiration for the baby Ms. Sumithra Mahajan, Minister of State for women and child development announced that the UNFPA had given an educational grant of Rs. 2 Lakh to the billionth baby, for her education.

As Ms. Mahajan said on the occasion "The time for introspection and responsibility has began"



now that India has joined the billionaire club in terms of population with China. As the country's population broke the one billion barrier, the government reacted to the daunting task of striving to stabilise it by constituting the National Commission on Population. (NCP) to help monitor the implementation of the National Population Policy - 2000. To be headed by Prime Minister Atal Behari Vajpayee the commission will have CMs of all states, and Ministers in charge of family welfare and other central ministers as well as reputed demographers and NGOs. The assorted personalities on the panel would help involve all sections of the people in this effort and initiate a national movement, to achieve the basic objectives of the National Population policy, ie., of achieving total fertility replacement level (Two children per couple) by 2010 and population stabilisation by 2045.

**Time for introspection : -**

Union secretary for family welfare also joined the chorus, calling for reflection, as the one bil-

lionth child was ushered in, he called for introspection and a more responsible and responsive behaviour by the government as well as the civil society. Rightly so, as food requirements, public health measures, and inequalities in nutrition, drinking water availability are among the major challenges before the country. The scenario is already bleak, as would be evident from the following statistics.

i) The under five mortality in India is 115 compared to 10 in United States.
ii) The percentage of underweight children in India is 53 compared to less than 1 percent in the United States.
iii) There are as many illiterate and poor persons as the entire population of India in 1947.
iv) Only two third of children aged 6-14 attended school in 1992 - 93 and just over half the population completes more than 4 years of education.

What makes the task more daunting is the fact that 16 million people will continue to be added in every year, to this application, till the current rate of growth of slows down. Population is expected to stabilise only around 2045 and several states are projected to show a declining trend only by 2051. By 2051. By 2051, however, the size of population will itself be staggering. Demographers say the population size in 2051 will be about 1.646 almost double that of the 1991 population of 846 million.


In this connection, special programes are being drafted for the poor performing states like U.P, Bihar, Madhya Pradesh, Rajastan, Assam, Orissa and Haryana where special efforts are to be called for towards population stabilisation. States like Madhya Pradesh, Bihar and Rajasthan are expected to have a population growth even beyond 2051.

UNFPA has already made grim predictions for India if the population does not stabilise. For instance, its population report estimates that the eventual lack of water. For irrigation could cut India's grain production by 25%. The billionth mark reminds the populace of increasing mouths to be fed and the bodies to be clothed, as well as the fast contracting educational and work opportunities, say experts. This will also entail crunches and housing and food. (Crossing the one billionth mark is, therefore a non - event. It is a matter of demographic momentum. Development experts suggest a region specific strategy for population stabilisation that takes into account social backwardness and illiteracy which coupled with administraive lethargy, make it almost impossible to implement any social development programmes, including those relating to populaiton, with any degree of consistency., Another major problem is the lack of women's power to make decisions concerning family size). According to Michael Vlassoff, India representative of UNFPA, part of the answer to curbing and stabilising population lies in enpowering women.

The arrival of the billionth Indian is more a cause of embarassment than joy. It should make politicians and policy makers ponder over the veasons for the evident failure of the family planning, programme. Though some gains were made, the results are nowhere near being commensurate with the investments and the considerable effort, that was put in India was the first country in the world to adopt population stabilisation as an explicit national goal. But India also has the dubious reputaton of having pushed through forced sterilisation during the emergency an act that rivals China's one - child policy in its assault on peoples rights It also setback the National Family Planning Programme from which the country is yet to recover.

The world has moved a long way from considering large populations as a major cause of all socio- economic problems to one that sees population stabilisation as an importnat objective within a larger set of goals encompassing an improved quality of life, and an expansion for opportunities for all citizens. The government has now formulated the more rounded national population policy 2000, which has as its immediate target the attainment of replacement fertility rate by 2010. The approach is inter sectorla covering health education and social programmes and requires the involvement of Government and Non govermental Organisations (NGOS) from the local community upwards. The success of this policy depends on the activities of the Central Government agencies, state and local levles as also the numerous NGOs, which are now active in the field. We shall pledge, to protect our country, in the new millennium from strife, famine,etc. by controlling our own population... Let us link our hands to make this family planning programmes, a big success.

Jai Hind.



**C.R. Rakhesh Sharma**
2nd Year Pre- Degree

അവനവനാത്മ സുഖ-
ത്തിനാചരിക്കുന്നവ-
യപരന്റെ സുഖത്തി-
നായ് വരേണം.

(ശ്രീ നാരായണ ഗുരു)

ELITE FABRICS
M. O. Road, Thrissur - 1,
Ph : 423399, 421021

HOTEL
PARK VIEW
Boarding, Lodging & Conference Hall
Family Restaurant & Ice-Cream Parlour
OPP. MUNICIPAL OFFICE, IRINJALAKUDA. Ph : 823819, 823877, 822516

അത്യാധുനിക സജ്ജീകരണങ്ങളും സൗകര്യപ്രദമായ താമസാവശ്യങ്ങൾക്കുള്ള മുറികളും - സസ്യ - സസ്യേതര ഭോജനശാലകളും, ഐസ്ക്രീം പാർലറും, കോൺഫ്രൻസ് ഹാളും ഉൾക്കൊള്ളുന്ന ഇവിടെ - നിങ്ങളുടെ ആഹ്ലാദകരമായ മുഹൂർത്തങ്ങൾ ഉല്ലാസകരമായി പങ്കിടാൻ രുചികരവും എന്നാൽ തനിമ നിലനിറുത്തുന്നതുമായ വിശിഷ്ട ഭോജ്യങ്ങളൊരുക്കി ഊഷ്മളമായി സ്വാഗതം ചെയ്യുന്നു.

REGULAR CLASSES
+1 Science, Commerce & Humanities,
**B.A.** Economics & English, **B.Com.** Co-operation, Taxation
COACHING CLASSES FOR **CA / ICWAI / M.Com**
Spoken English / Diploma in English / Personality Development
English Tuition Classes for S.S.L.C., +1 & +2, Degree
Special Tuition Classes for **B.Sc, B.Com & BA**

**NAIRS COLLEGE OF ENGLISH & MASS COMMUNICATION**
**Machingal Lane, Thrissur - 1. Ph : 320157**

ENTER THE TOURISM INDUSTRY
THROUGH

**UNIVERSAL**
**INSTITUTE OF MANAGEMENT**
IIIRD FLOOR, NIBIN COMPLEX
NEAR NATIONAL TOURIST HOME
M. G. ROAD, THRISSUR. PH : 420296

**TITTS**
**INSTITUTE FOR TRAVEL & TOURISM STUDIES,**
ABOVE PRIMA JEWELLERY
TRIPRAYAR JUNCTION. PH : 395295

**IATA / UFTAA, IATA / FIATA, HOTEL MANAGEMENT & TRAVEL & TOURISM COURSES**

സൗന്ദര്യപരിചരണം ആധുനികരീതിയിൽ.......

## റോസ് ചാംസ്

ബ്യൂട്ടി പാർലർ & ടൈയ്‌ലറിങ്ങ്

*Court Side Road, Nada, Ijk.*

**N.B : Different types of facial & new style**
**Mehandi design & Bridal make up etc.**

*With Best Compliments from*

## DHARMAPOSHANA COMPANY

**ആശംസകളോടെ,**
ട്രസ്റ്റിമാർ



*Karishma*

**READYMADES AND TAILORS**

LADIES & GENTS

K. J. Complex, Christ College Road, Irinjalakuda
✆ 829676

**Mobile : 98460 51958**
**Phone : 828586**
**Resi : 827650**

## മാക്സിംസ് ഷൂസ്
## & ലേഡീസ് ചോയ്സ്

മുനിസിപ്പൽ ബസ്സ്റ്റാന്റ് ബിൽഡിങ്ങ്
നട, ഇരിങ്ങാലക്കുട.

# ആരോരുമില്ലാത്ത കുട്ടി



അവൾ കസേരയിലിരുന്ന് ടേബിൾ ലാമ്പിന്റെ സ്വിച്ചമർത്തി. പേനയും പേപ്പറും മുന്നിലേക്ക് നീക്കിവെച്ചു.

കഥ വേണം. ഓണം വിശേഷാൽപതിപ്പിലേക്കാണ്. ഒന്നല്ല, അഞ്ചെട്ട് കത്തുകളുണ്ട്. പക്ഷെ ഈ കത്ത് തിരസ്ക്കരിക്കാനാവുമോ? പ്രശസ്തരായ എല്ലാ എഴുത്തുകാർക്കും സബ്ബ് എഡിറ്റർ എഴുതി ഒപ്പിട്ടയച്ച കത്തല്ല. സാക്ഷാൽ പത്രാധിപരാണ് എഴുതിയിരിക്കുന്നത്. മാത്രമോ പ്രതിഫലമായി ഒരു വലിയ സംഖ്യയ്ക്കുള്ള ചെക്കും.

എഴുതാൻ പറയുമ്പോൾ എഴുതാനൊക്കുന്നതാണോ കഥയും കവിതയും നോവലുമൊക്കെ. ഓണം, വിഷു, പൂരം, ഇതൊക്കെ മുന്നിൽ കണ്ടുകൊണ്ട് കഥകൾ എഴുതി വക്കാനാവുമോ?

ഒരു വാക്ക്, ഒരു നോക്ക്, ഒരു ദീപനാളം, ഒരു താരകം അതൊക്കെയാവാം ഒരു കഥക്ക് നിമിത്തമാകുന്നത്.

മുപ്പതാമത്തെ വയസ്സിൽ മാസ്റ്റർ പീസ് രചിച്ചവൾ.

അക്കാദമികളുടെ അംഗീകാരം
പുരസ്ക്കാരങ്ങൾ
സ്വീകരണങ്ങൾ
വിമർശകരുടെ കുന്തമുനകൾ
ഫെമിനിസ്റ്റുകളുടെ കൂരമ്പുകൾ

കേവലം ഒരു പ്രേമ ബന്ധത്തിന്റെ പേരിൽ വിവാഹം വേണ്ടെന്ന് വച്ചവൾ

ഒരുമ്പെട്ടിറങ്ങിയിരിക്കുന്ന ഈ പെൺപട വിവാഹം കഴിച്ചത് സ്ത്രീകളെയാണോ – അതോ പുരുഷന്മാരെയോ?

മനസ്സ് വീണ്ടും കഥയിലേയ്ക്ക് തിരിച്ചുവന്നു. എഴുതാൻ പലതുമുണ്ട്, പക്ഷെ കഴിയുന്നില്ല. താൻ തന്നെ ഒരു നിമിത്തമല്ലേ? അല്ലെങ്കിൽ ഈ കാട്ടിൽ.......

നിയോഗമല്ല.

താൻ തന്നെ തെരഞ്ഞെടുത്തതാണ്.

ഇവിടത്തെ ആദിവാസികളെ പുനരധിവസിപ്പിക്കണം. അവരെ അക്ഷരം പഠിപ്പിക്കണം. വിദ്യ അഭ്യസിപ്പിക്കണം. എന്നിട്ട് വേണം സർക്കാരിന് ഈ കാട് വെട്ടിവെളുപ്പിച്ച്.......

ഈ കാടിന്റെ മക്കൾ നിഷ്കളങ്കരാണ്
അജ്ഞതയാണവരുടെ വിശുദ്ധി.
മലവാഴും ദേവി അവരുടെ പ്രാണനാണ്.
മൂപ്പന്റെ ആജ്ഞകൾ അവർക്കലംഘനീയങ്ങളാണ്.
ജനി മൃതികൾ അവർക്കാഹ്ളാദമാണ്.

എന്തിന് അവരുടെ ജീവിതത്തിന്റെ ശുദ്ധമായ താളം തെറ്റിക്കണം ? അവർക്ക് എന്തിന് അറിവിന്റെ വിഷം പകർന്നുകൊടുക്കണം?

ക്ലോക്ക് ശബ്ദിച്ചു.

അവൾ മിഴികളുയർത്തി ചുമരിലേയ്ക്ക് നോക്കി.

ഒരു മണിയായിരിക്കുന്നു.
ഉറങ്ങണം., ഉറക്കം വരുന്നില്ല.

അവൾ മേശവലിപ്പ് തുറന്ന് മരുന്നിന്റെ സ്ട്രിപ്പെടുത്ത് ഒരു ഗുളിക പുറത്തെടുത്തു. ഡോക്ടർ ഒന്നേ നിർദ്ദേശിച്ചിട്ടുള്ളു. അവൾ ഒന്നു കൂടിയെടുത്തു – മേശപ്പുറത്തെ സ്ഫടിക പാത്രത്തിൽ നിന്ന് വെള്ളവും.

പെട്ടെന്ന് ഭൂമിയെ വിറപ്പിച്ചുകൊണ്ട് ഒരിടിവെട്ടി. അവളുടെ കൈയ്യിൽ നിന്ന് ഗ്ലാസ്സ് നിലത്തുവീണു. മിന്നലിന്റെ അഗ്നിചിറകിൽ അവളുടെ കണ്ണുകൾ മഞ്ഞളിച്ചു.

കാറ്റിന്റെ മുഴക്കം.

ആഞ്ഞടിച്ച കാറ്റിൽ ജാലകത്തിന്റെ ചില്ലുകൾ തകർന്നു. ഒരാരവത്തോടെ മഴ പെയ്യാൻ തുടങ്ങി. ജാലകത്തിലൂടെ ഇടിയും കാറ്റും മഴയും അവളുടെ മുറിയിലേക്കാഞ്ഞടിച്ചു.

ഇടിമിന്നലിൽ മിന്നിമറയുന്ന കാടും മേടും മഴയും. അവൾ മഴയിലേക്ക് കണ്ണുംനട്ടിരുന്നു.

മഴ പെയ്യുകയാണ്, പുതുമഴ. എത്രനാളായി ഈ മുഹൂർത്തത്തിന് കാത്തിരിക്കുന്നു. കാറ്റ് ശമിക്കാൻ തുടങ്ങി. മഴ ശക്തി പ്രാപിക്കുകയാണ്. പ്രതാപിയായ ഒരിടികൂടി വെട്ടി. അതിന്റെ വെളിച്ചത്തിൽ അവൾ വീണ്ടും മഴ കണ്ടു. കാടും മേടും കണ്ടു. അഗ്നിയുടെ സിരാപടലങ്ങൾ വീണ്ടും ആകാശത്തിന്റെ മാറിൽ പടന്നുകയറി. ജീവിതത്തിലവൾ ഇന്നോളം കണ്ടിട്ടില്ലാത്ത മനോഹരരംഗം. പ്രകൃതിയുടെ ഭാവഭേദങ്ങൾ – പ്രകൃതിയുടെ വരദാനം. ഋതുസന്ധികളുടെ ലയനം.......

അവളുടെ സിരകൾ പിടഞ്ഞു. അതിലൂടെ വിദ്യുല്ലതകൾ പടർന്നു. അടിമുടി കോരിത്തരിച്ചു. അവളറിയാതെ കസേരയിൽ നിന്നും ചാടിയെണീറ്റു. കട്ടിലിലേക്ക് വീണു. തലയിണ മാറോട് ചേർത്തണച്ചുകൊണ്ട് കമിഴ്ന്നു കിടന്നു.

വാതിലിൽ എന്തോ മുട്ടുന്ന ശബ്ദം കേട്ടവൾ ഞെട്ടിഭയന്നു: വല്ല കാട്ടുമൃഗങ്ങളോ മറ്റോ?

ഓ...... അങ്ങനെയാകാൻ വഴിയില്ല. അവൾ വീണ്ടും കാതോർത്തു. വാതിലിൽ ആരോ തട്ടുന്നതുപോലെ തോന്നി. ശരിയാണ്. വീണ്ടും മുട്ടുന്നു. നേർത്ത ശബ്ദമേയുള്ളൂ.

എന്തുവേണമെന്നവൾ ഒരു നിമിഷം ചിന്തിച്ചു

തന്നെ അപായപ്പെടുത്താൻ ആരെങ്കിലും?

മഴയുടെയും വാറ്റുചാരായത്തിന്റെയും മാസ്മരലഹരിയിൽ മതിമറന്ന് താഴ്വരയിൽ താമസിക്കുന്ന ഏതെങ്കിലുമൊരു മനുഷ്യമൃഗം?

ഈശ്വരാ........

അവൾ നടുങ്ങി.

അങ്ങിനെയാവില്ല അങ്ങനെയാണെങ്കിൽ ഇത്ര നേർത്ത ശബ്ദത്തിൽ വേണമെങ്കിൽ അയാൾക്ക് വാതിൽ ചവിട്ടിപ്പൊളിച്ച് അകത്ത് കടന്ന് തന്നെ............

അവൾ ഒരു നിമിഷം ചിന്തിച്ചു. എന്തും വരട്ടെയെന്ന് കരുതി കതകിനടുത്തേക്ക് നടന്നു.

പെട്ടെന്നാണ് കറന്റ് പോയത്

ആകെ കൂരിരുൾ

ഇടിമിന്നലിന്റെ വെളിച്ചത്തിൽ അവൾ എമർജൻസി ലാമ്പിന്റെ ബട്ടനമർത്തി മുറിയിൽ വെളിച്ചം പരന്നു.

അവൾ ഭയന്നു വിറച്ചു. മനസ്സ് മന്ത്രിച്ചു. ആവശ്യമായിരുന്നു ഒരിണ. എങ്കിൽ ആ കരങ്ങളിൽ താൻ സുരക്ഷിതയായേനെ.

അവൾ നെഞ്ചിടിപ്പോടെ വാതിലിന്റെ ബോൾട്ട് താഴേക്ക് വലിച്ചു. വാതിലിന്റെ ഒരു പാളി തുറന്നു.

എമർജൻസി ലാമ്പിന്റെ വെളിച്ചത്തിൽ

മഴനനഞ്ഞ് തണുത്ത് വിറച്ച് നിൽക്കുന്ന ഒരു കുട്ടി അവൻ അനുവാദം തേടാതെ തുറന്ന വാതിലിലൂടെ അകത്തേക്കോടി ഒരു മൂലയിലിരുന്ന് വിറക്കാൻ തുടങ്ങി.

ഒരു മാത്ര അവൾ അമ്പരന്നു നിന്നു.

പിന്നെ വാതിലിന്റെ ബോൾട്ടിട്ടു

അവൾ അവന്റെ അരികിലേക്ക് നടന്നു.

ദയയ്ക്കും കാരുണ്യത്തിനും വേണ്ടി ദാഹിക്കുന്ന അവന്റെ ആർദ്രമായ കണ്ണുകളിലേയ്ക്ക് നോക്കി അവൾ ചോദിച്ചു.

കുട്ടിയേതാ?

അവൻ എന്തോ പറയുന്നുണ്ട്. വിറകൊള്ളുന്ന ചുണ്ടുകളിൽ നിന്ന് ഒന്നും വ്യക്തമാകുന്നില്ല. നാലഞ്ച് വയസ്സുള്ള കുട്ടി. ഒരു നിക്കർ മാത്രമാണവന്റെ വേഷം.

അവൾ അവനെ പൊക്കി നിർത്തി അവന്റെ നിക്കറൂരി. തോർത്തെടുത്ത് അവനെ തോർത്തി.

വളർന്നു കിടക്കുന്ന അവന്റെ തലമുടിയിൽ അവൾ തലോടി. വെള്ളം തുവർന്നിരിക്കുന്നു.

അവളവനെ കട്ടിലിൽ ഇരുത്തി . ഒരു കമ്പിളി കൊണ്ടവനെ പൊതിഞ്ഞു.

അപ്പോഴും അവളുടെ ചോദ്യത്തിന് അവന് മറുപടി പറയാൻ കഴിഞ്ഞിരുന്നില്ല.

അവൾ ഫ്ളാസ്ക്കിൽ നിന്ന് ഒരു കപ്പ് കട്ടൻ ചായയെടുത്ത് അവന് നേരെ നീട്ടി. വിറക്കുന്ന കൈകൾകൊണ്ട് അവനാ കപ്പ് വാങ്ങാനാവില്ലെന്നവളറിഞ്ഞു.

അവൾ ചേർത്തു പിടിച്ചുകൊണ്ട് അവനെ ചായ കുടിപ്പിച്ചു. അവന്റെ തണുപ്പ് വിട്ടുപോയിരുന്നു.

കാറ്റും മഴയും ശമിച്ചിരിക്കുന്നു.
ഇടിയും മിന്നലുമില്ല

കരിമ്പടത്തിനുള്ളിലൂടെ അമ്പിളിക്കല പോലൊരു മുഖം

അവൻ തന്റെ തളർന്ന കൺപോളകളുയർത്തി അവളെ സ്നേഹത്തോടെ നോക്കി.

എന്താ കുട്ടി, നീയെവിടന്ന് വന്നു.....

അവൻ മിണ്ടിയില്ല.

കുട്ടീടെ പേരെന്താ..... എങ്ങിനെ ഈ കാട്ടിൽ ഒറ്റക്ക് വന്നെത്തി?

പറയൂ കുട്ടി

നേർത്ത ശബ്ദത്തിൽ അവൻ ഒരമ്മയോടെന്ന പോലെ ചോദിച്ചു

എന്നെ മോനേന്ന് വിളിച്ചൂടെ

അവന്റെ കണ്ണുകളിലേക്ക്, ആ ആർദ്രതയിലേക്ക്, പരമസങ്കടത്തിലേക്ക് നോക്കി. നിറഞ്ഞ മനസ്സോടെ അവൾ വിളിച്ചു.

മോനേ,

അവന്റെ കണ്ണുകൾ വിടർന്നു

മോന് ആരുംല്ല്യേ

ഇല്ലമ്മേ ആരുംല്ല്യ

അമ്മേ എന്ന വിളി അവളുടെ ഉൾത്തടങ്ങളിൽ ഒരു നിലവിളിയായി ഉയർന്നു.


അമ്മേ ...... അവൻ അറിയാതെ വിളിച്ചു

കുട്ടിയുടെ നിറഞ്ഞ കണ്ണുകളൊപ്പി അവനെ ചേർത്തണച്ചുകൊണ്ട് ഉറങ്ങാൻ കിടന്നു. ഒരിക്കലും ചുരത്താത്ത അവളുടെ മാറിടങ്ങൾ ചുട്ടുപൊള്ളി. അതിന്റെ ചൂടിൽ അവൻ അവളുടെ ആലില വയറിലേക്ക് ചുരുണ്ടുകൂടി.






ശോഭ രവീന്ദ്രനാഥ്
ഒന്നാം വർഷ ഇക്കണോമിക്സ്



അന്ന്
വീട് കുലുങ്ങുന്നതായും
ആകാശത്ത്
ഭീമൻ ധൂമപടലങ്ങൾ
കൂണുകളുടെ ആകൃതി
കൈവരിക്കുന്നതായും കണ്ട്
ഈ യുവാവ്
ചകിതനായി.
ശാസ്ത്രം ഉയരങ്ങളിലേക്ക്
ചുവടു വയ്ക്കുന്നതിൽ
അഭിമാനിക്കുവാനും
ഈ ചരിത്ര നേട്ടത്തിന്
സ്വന്തം പരിസരം
വേദിയായതിൽ
പുളകമണിയാനും
അധികാരികൾ
അവരോടാവശ്യപ്പെട്ടു.
അതൊരു
ആ-ണ-വ പ-രീ-ക്ഷ-ണ-മാ-യി-രു-ന്നു.



പക്ഷെ

പുളകിതരാവാനും

അഭിമാനം പൂണ്ടിരിക്കാനും

അവർക്കായില്ല.

ഇന്ന്

ആണവ മേൽക്കോയ്മക്കായുള്ള

വെറിപിടിച്ച പന്തയത്തിന്റെ

നിഷ്കളങ്കരായ ഇരകളായി

ഇവർ

മരിച്ചു ജീവിക്കയാണ്

ജീവിക്കാനായി

മരിക്കുകയാണ്.

# 21ST CENTURY INDIA : A SUPER POWER

**We have missed the Industrial Revolution due to colonial domination , but this time we shouldn't miss the information revolution. After all in this modern age, technology is the engine of growth ; without which no nation is going to progress.**

## INDIA AT PRESENT

India today stands at the threshold of 21st Century. Glancing back we realise that our country has come a long way from the levels of an under developed economy to that of a developing economy. It was an uphill task for a young nation and an ancient civilization to tread the terrains of economic development. Centuries of colonial domination and exploitation had completely shattered our fragmented economy. After independence our condition was so miserable that we were not in a position to provide even a single needle with our technology. At that time we had to import tons of food grains and every sort of machinery to keep the economy going. Wide spread poverty, ever increasing population and an intolerable level of illiteracy dominated the economic scene when the first strides towards development were undertaken.

Since then there has been no looking back, politically, economically. India has progressed immensely. However this progress is much less compared to the wide opportunities with which our independence has provided us. After five decades what we have achieved is only an arc, considering the circle of development. It was a great achievement for us to develop a new economic pattern of our own namely, a mixed economy, where equal emphasis was given to the public sector as well as the private sector. For rapid economic development we initiated five year plans, core sector industries were set up with foreign collaboration, financial sector grew with the nationalization of banks on 1969 and 1980. One of our remarkable achievements was self sufficiency in food grain production. Green revolution helped us to feed the vast population. Our food grain production has increased from 50.8 million tons in 1950 - 51 to about 191.2 million tons in 1996 - 97.

The new economic policy of 1991 brought a freshness into our economy, in the form of globalisation, liberalisation and privatisation. By globalisation we are in a continuous process of integrating our economy with the world economy. Liberalisation policy is bringing drastic changes. India has now become an investor's paradise with its vast market potentials. The recent South-East Asian meet clown has improved our stance as a relatively stable economy. Disinvestment in public sector is surely a healthy sign. These white elephants are making losses to the tune of several crores. So, in any way it is not sensible to keep them under state control. India is a signatory to WTO and that puts us on a greater platform. WTO is now a powerful multinational institution acting as a watchdog in the field of international trade. In future it might enhance our foreign trade, but recent trends show the very opposite of it.

## AREAS OF DARKNESS

Today some of the grave problems India is facing are an ever increasing population, an intolerable level of illiteracy; and a high level of poverty coupled with unemployment and poor health care. We are now a "billion plus" in terms of population. Our annual population growth rate is 18 million, equal to that of Australia's total population - isn't this alarming ? Definitely we have to do something because this is the major factor retarding our economic growth.

The next important area of concern is our educational front. This too is in the most deplorable state. Around 38% of our total population is still illiterate and those literate are no better because of poor quality education at the primary level. In this front the Nehruvian model has only worked partially. While we created centres of excellence in the form of IITs and IIMS. We have completely ignored primary education which is the very bed rock of any developmental economy. We have realised this now. So without wasting any more time we should give high priority to primary education.

Poverty is a curse for our economy. We still have a good percentage of people below the poverty line. After five decades of planning we are still not able to eradicate poverty completely despite consistent economic growth. Yet it is true that through poverty remains it has been lessened. In 1970-71 nearly 59% of our population lived below the poverty line but now just 300 million lives below the poverty line. To banish poverty the only way is to achieve a growth rate of say 7 to 8 percent so that we can mobilize larger and larger resources for social sector.

Unemployment is the other major problem faced by India. Disguised unemployment is seen here mostly in the agricultural sector. The only solution is to enhance economic growth, and in turn create more job opportunities. Liberalisation might help us by providing more employment opportunities.

## PROSPECTS OF DEVELOPMENT

India was predominantly an agrarian economy with self sufficient village communities. Though things have changed, a major proportion of our work force is still engaged in the primary sector and to some extent in the secondary sector. What a developing

economy needs is a quick change in this trend by switching the majority towards tertiary sector via secondary sector. It should be approximately 70% in the service sector, some 20% in the secondary sector and rest 10% in the primary sector. Only then can we reach the top slot.

Infrastructure is the one area where we could have to invest heavily. Infrastructure is considered as the backbone of any economy and unless we are able to build a strong infrastructure, we can't even dream of a developed India.

India has a vast population, that means we are also having a vast human resource; but the sad thing is that much of it is still unutilised. According to the Human Development Index compiled by UNDP this year, India stands at 128 th position among 174 countries. This shows our present condition. Definitely we have a long way to go in this field. In this era every developed nation has given high priority to the development of its human resource we have to do the same. Information Technology revolution will only take place in its true sense when we are able to develop our human resources. Now it is the perfect time to give emphasis to this field.

In the 21st century the by word for development is technology. Here technology is taken in the wider sense, which means, the capacity to apply advanced sophisticated scientific methods in the whole process of development. Indegnisation should be given priority in case of strategic technologies. What India needs is the application of high technology in every possible field. Then only we can develop quickly. In this age we need to enhanse technology to develop our industries and to meet the coming challenges. Today information technology has the potential to bring same rapid developments to our country. We have missed the industrial revolution due to colonial domination but this time we shouldn't miss the information revolution. After all in this modern age, technology is the engine of growth; without which no nation is going to progress.

In conclusion, one can say that though we have achieved something, it is nothing when taking into view the real sphere of development. Still we are hopeful because we have always shown a positive attitude towards development. So definitely there is a chance for us to develop. At the time of independence we had one of the worst birth and death rates. Now in the second stage of demographic trabsition we have brought down death rates to about 8.9 per thousand. Infant mortality rate, one of the most sensitive indicators of health in a society has fallen sharply from 227 in 1941 to just 71 in 1997. In short to raise our standard of living in the future we will have to provide education for all, control population growth, provide infrastructural facilities, for IT and manufacturing industries, invest heavily on industrilization, with access to the latest technology, improve agricultural productivity, etc. For all this we would need to target a growth rate of 7 to 8% in the near future. In our country we should create a healthy relationship between policy makers, academicians and industrialists. This might open up a completely new vista of knowledge and development. The other aspect on which we should stress is a sort of individual effort from the citizenry in the process of development. No nation has ever developed just because they had a tough government with strict laws. To be exact, it is the individual effort that will make the difference. Japan is a perfect example in this case.

It is predicted that in the 21st century India will develop into a human resource development oriented stable federal democracy. After independence our most significant achievement has been the firm of political democracy and civil liberties while our so called brother country happens to be periodically under same military junta.

So it won't be wrong to expect and to predict that India will make immense progress in every field in the years to come. She will establish herself as a highly developed nation. The reason for this optimism is the fact that as a vibrant democracy, she will find some solution for her problem and would be a super power in the 21st century.



**Siju K.S.**
2nd B.A. Economics

സേവനത്തിൽ

വിനയവും വിശ്വസ്തതയും......

**മേയർ ലെതർ വർക്സ്**

റൗണ്ട് സൗത്ത്, തൃശൂർ - 1. ഫോൺ : 425317

*Authorised Dealers :-*

*V.I.P, SAFARI, ARISTOCRAT, SAMSONITE*

# സ്വപ്നാടനം

വർണ്ണപുഷ്പങ്ങൾ വിടർത്തിയെൻ ജീവനിൽ
പുതുവസന്തം പോൽ വന്നു വിരുന്നുകാരി
വർണ്ണിപ്പാൻ വാക്കുകളേതുമില്ല നിന്റെ
വർണ്ണാദമാം ഈ അഴകുമേനി

സൂര്യനും ചന്ദ്രനും താരാഗണങ്ങളും
നിൻമിഴികോണിൽ ഒളിഞ്ഞിരിപ്പു..
പുലരൊളിചിന്തും പനിനീർ സൗഭഗം
നിൻ മുഖശ്രീയിൽ തെളിഞ്ഞു  നിൽപൂ.

നീളെ ചിരിക്കുമീ താരിളം തെന്നലും
നിൻ തളിർമേനി മോഹിച്ചിരിപ്പു.
നീരദ ശ്യാമള കോമള താരുണ്യം
എൻ നിനവിലെന്നും നിറഞ്ഞു നിൽപൂ.

നിൻഗള മധ്യത്തിൽ തിളങ്ങുന്ന
നിർമാല്യമായി ഞാൻ മാറിയെങ്കിൽ
നിന്നരക്കെട്ടിനെ നിത്യവും പുല്കുമൊ
രരഞ്ഞാണമായി മാറിയെങ്കിൽ

ഏഴുലോകങ്ങൾക്കുമക്കരെ ഏദനിൽ
നിത്യവും മലർ മഞ്ചലിൽ
ആയിരമായിരം മധുവിധു നാളുകൾ
ആരോമലേ നമ്മൾ സ്വന്തമാക്കും

അക്ഷൗണിപ്പട ഒന്നിച്ചു വന്നാലും
അഷ്ടദിക് പാലകർ കോപിച്ചുറഞ്ഞാലും
ദേവാസുരൻമാർ ഒരുമിച്ചെതിർത്താലും
ഓമനേ നിന്നെ ഞാൻ സ്വന്തമാക്കും



പ്രീജൂഷ് പി. സോമൻ
രണ്ടാം വർഷ പ്രീഡിഗ്രി

# ഇന്ത്യൻ കാർഷികമേഖല :

## പ്രശ്നവും, പരിഹാരവും.



ഇന്ത്യ ഗ്രാമങ്ങളുടെ നാടാണ്. ഇന്ത്യയിലെ ബഹുഭൂരിപക്ഷവും നിവസിക്കുന്നത് ഗ്രാമങ്ങളിലാണ്. ഇന്ത്യയിൽ ഏകദേശം 2700 നഗരങ്ങളുള്ള സ്ഥാനത്ത് ഗ്രാമങ്ങൾ അഞ്ചരലക്ഷത്തോളം വരും. 20% ജനങ്ങൾ മാത്രമേ നഗരങ്ങളിൽ നിവസിക്കുന്നുള്ളു. ബാക്കി 80%വും ഗ്രാമങ്ങളിലാണ് നിവസിക്കുന്നത്. അപ്പോൾ ഗ്രാമങ്ങളാണ് നമ്മുടെ നാടിന്റെ ആത്മാവ്. ഗാന്ധിജിയുടെ വീക്ഷണം പോലെ ഭാരതം ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്. ഗ്രാമങ്ങളുടെ ക്ഷേമം രാജ്യത്തിന്റെ ക്ഷേമമാണെന്ന് മനസ്സിലാക്കിയാണ് അദ്ദേഹം ഗ്രാമോദ്ധാരണ പ്രസ്ഥാനം ആരംഭിച്ചത്. ഗ്രാമങ്ങളെ നശിപ്പിക്കുകയാണെങ്കിൽ ഇന്ത്യയ്ക്ക് ജീവിക്കുവാൻ കഴിയുകയില്ല എന്നദ്ദേഹം പലപ്പോഴും ഊന്നിപ്പറഞ്ഞിരുന്നു.

ഗ്രാമങ്ങളിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്. രാജ്യത്തെ 72% പേരും കൃഷിയെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ ദേശീയ വരുമാനത്തിന്റെ പകുതിയോളം വരുന്നതു കൃഷിയിൽ നിന്നാണ്. നഗരങ്ങൾ നിലനിൽക്കുന്നത് ഗ്രാമീണമേഖലയെ ആശ്രയിച്ചാണ്. നഗരങ്ങൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉൽപാദിപ്പിക്കുന്നത് ഗ്രാമങ്ങളാണ്. വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നത് ഗ്രാമങ്ങളിൽ നിന്നാണ്. നമ്മുടെ കാർഷികോൽപാദനത്തിന്റെ പ്രധാനമായ ന്യൂനത അത് ക്രമരഹിതവും അനിശ്ചിതവുമായ കാലവർഷത്തെ അതിരുകവിഞ്ഞ് ആശ്രയിക്കുന്നുവെന്നതാണ്. അന്നവൃഷ്ടിയിലുള്ള വിളനഷ്ടം കഴിഞ്ഞ കുറച്ചു കാലമായി ഇന്ത്യയുടെ പലഭാഗങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. വർഷപാതക്രമക്കേടുകൊണ്ടുള്ള ദോഷം ദൂരീകരിക്കാനാണ് ജലസേചനസൗകര്യമുണ്ടായിരിക്കേണ്ടത്. എന്നാൽ ഇന്ത്യയിൽ വളരെ കുറച്ചു പ്രദേശങ്ങളിലേ ജലസേചനസൗകര്യം ഉള്ളൂ. ജലദൗർലഭ്യം ഒരുവശത്തനുഭവപ്പെടുമ്പോൾ മറുവശത്ത് അതിവർഷം കൊണ്ടുള്ള ആപത്തിനെയാണ് അഭിമുഖീകരിക്കേണ്ടി വരുന്നത്. പ്രകൃതിയുടെ ഔദാര്യം അവലംബിച്ചുകൊണ്ടിരിക്കുന്ന കർഷകൻ അടിക്കടി പ്രകൃതിയുടെ കോപത്തിനും വിധേയനായിക്കൊണ്ടിരിക്കുന്നു.

നമ്മുടെ കൃഷിയിടങ്ങൾ തുണ്ടു തുണ്ടുകളായി കിടക്കുന്നു. ഒരു കൃഷിയിടം ചെതം വരാതെ കൃഷി ചെയ്യണമെങ്കിൽ, ഫലപുഷ്ടിയുള്ള പ്രദേശമാണെങ്കിൽ അതിന് ചുരുങ്ങിയത് 5 ഏക്രയെങ്കിലും വിസ്തീർണ്ണമുണ്ടായിരിക്കണം. ഇങ്ങനെ തുണ്ടു നിലങ്ങളിൽ കൃഷി ചെയ്യുന്നത് വളരേ ചിലവേറിയ പ്രക്രിയയാണ്. കൃഷി പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ അസാധ്യവുമാണ്. നിലങ്ങളുടെ വിസ്തീർണ്ണകുറവിനേക്കാൾ കർഷകനെ അലട്ടുന്ന പ്രശ്നം ഉള്ള നിലങ്ങൾ തന്നെ പല ദിക്കുകളിലായി ചിന്നിചിതറി കിടക്കുന്നതാണ്.

മണ്ണിന്റെ വീര്യനാശമാണ് കൃഷിശോഷണത്തിനുള്ള മറ്റൊരു കാരണം. പര്യായകൃഷിയിലുള്ള ഉപേക്ഷ കൊണ്ടും വളം ചേർക്കുന്നതിലുള്ള ഉദാസീനതകൊണ്ടും കൃഷിഭൂമിയുടെ ഫലദായകത്വത്തിന് വർഷാവർഷം ഇടിവു തട്ടികൊണ്ടിരിക്കുന്നു. അതിവർഷം കൊണ്ടുള്ള മേൽമണ്ണിന്റെ നഷ്ടം ഫലപുഷ്ടി കുറയാൻ കാരണമായിട്ടുണ്ട്. അനിയന്ത്രിതമായ രാസവളപ്രയോഗം ചിലയിടങ്ങളിൽ മാത്രം കീടങ്ങളുടെ നാശത്തിനു വഴിതെളിച്ചിട്ടുണ്ട്. ഒരേവിളകൾ തന്നെ തുടർച്ചയായി കൃഷി ചെയ്യുന്നതും ദോഷകരമായിട്ടുണ്ട്.

വിത്തുഗുണം പത്തുഗുണം എന്ന പഴഞ്ചൊല്ലു വെറുതെയല്ല. എന്നാൽ നല്ല വിത്തു തെരഞ്ഞെടുക്കാൻ പലപ്പോഴും കൃഷിക്കാർ ശ്രദ്ധിക്കാറില്ല. വളത്തിന്റെ ഉപയോഗത്തിലും കർഷകന്റെ അജ്ഞത പ്രകടമായിട്ടുണ്ട്. ചാണകം ഉണക്കി വളമാക്കി ഉപയോഗിക്കാതെ, കത്തിച്ച ചാമ്പലാണ് വയലിൽ കൊണ്ടിടുന്നത്. ഇത് ഗുണം 1/4 ആയി കുറയ്ക്കുന്നു. ജൈവവളങ്ങളും ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല.

പുരാതനമായ കൃഷി സമ്പ്രദായങ്ങളാണ് ഇന്നും ഇന്ത്യയിൽ പ്രചാരത്തിലിരിക്കുന്നത്. കാളയെ കെട്ടിയ കലപ്പയാണ് നിലം ഉഴുവാൻ ഇന്നും ഉപയോഗിക്കുന്നത്. യന്ത്രകലപ്പകൾ ഇന്ത്യൻ കൃഷിഭൂമിയെ സ്പർശിക്കാൻ തുടങ്ങിയത് അടുത്ത കാലത്താണ്. ഒരു സാധാരണ കലപ്പ കൊണ്ട് ഉഴുവാൻ സാധിക്കുന്നതിന്റെ അഞ്ചിരട്ടി സ്ഥലം അതേസമയം കൊണ്ട് യന്ത്രകലപ്പ ഉഴുതിടും. മാത്രമല്ല അത് ആഴത്തിൽ ഉഴുത് അടിത്തട്ടിലെ വളങ്ങളെ ഉപരിതലത്തിൽ വരുത്തി ചെടികൾക്ക് ഉപയോഗിക്കുവാൻ എത്തിച്ചുകൊടുക്കുകയും ചെയ്യും. കൃഷിക്കാർക്ക് ഉപയോഗിക്കുന്ന മറ്റനേകം യന്ത്രങ്ങളും ഉണ്ട്. കൊയ്ത്ത്, മെതി, പതിരു നീക്കൽ ഇവയെല്ലാം നമ്മുടെ കർഷകർ കൈകൊണ്ട് നിർവ്വഹിക്കുന്നു. എന്നാൽ വിദേശരാജ്യങ്ങളിൽ 80% കർഷകരും ഈ പണികൾ യന്ത്രസാമഗ്രികൾ കൊണ്ടാണ് ചെയ്യുന്നത്.

കീടനിയന്ത്രണം വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ജൈവനിയന്ത്രണമാണ് കീടനിയന്ത്രണത്തിന് ഏറ്റവും അനുയോജ്യമായ മാർഗ്ഗം. ശത്രുകീടത്തിനെതിരെ മിത്രകീടത്തെ വികസിപ്പിച്ചെടുക്കുകയാണ് വേണ്ടത്. രാസവളങ്ങൾ ഉപയോഗിച്ച് ഫലപ്രദമായി ഇവയെ നിയന്ത്രിക്കാൻ സാധിക്കും.

അപ്രധാനമല്ലാത്ത മറ്റൊരു വിഷയമാണ് കർഷകന്റെ അജ്ഞത. കാർഷികവൃദ്ധിക്കായുള്ള നൂതന മാർഗ്ഗങ്ങൾ മനസ്സിലാക്കാൻ അവന് സാധിക്കുന്നില്ല. അവ ശ്രദ്ധയിൽപ്പെടുത്തിയാൽ തന്നെ ചിരപരിചിതമായ മാർഗ്ഗങ്ങൾ കൈവിട്ട് നൂതനമാർഗ്ഗങ്ങൾ സ്വീകരിക്കാൻ അവൻ മടി കാണിക്കുന്നു. സാമ്പത്തിക ശേഷിക്കുറവ് പരിഷ്ക്കാരങ്ങൾ വരുത്തുന്നതിന് വിഘ്നമായി നിൽക്കുന്നു. കാർഷികസഹകരണ സംഘങ്ങൾ കൂടുതലായി പ്രചരിപ്പിക്കുകയാണ് ഇതിനുള്ള ഒരു പരിഹാരമാർഗ്ഗം. ദീർഘവീക്ഷണത്തോടെ പരിപാടികൾ കാലോചിതമായി നടപ്പാക്കുകയെന്നതും ശ്രദ്ധിക്കേണ്ടതാണ്.

**പ്രശാന്ത് എം.എസ്.**
രണ്ടാം വർഷ പ്രീഡിഗ്രി

# സംഗീതത്തിന്റെ കലവറ

നൃത്തസംഗീതം, കഥാപ്രസംഗം, ചലച്ചിത്ര ശബ്ദരേഖ, നഴ്സറി റൈംസ്,
പാശ്ചാത്യ സംഗീതം, മാപ്പിളപ്പാട്ടുകൾ, ഭക്തിഗാനങ്ങൾ, ലളിതഗാനങ്ങൾ,
ഉത്സവഗാനങ്ങൾ, കവിതകൾ, കഥകളിപദങ്ങൾ, വാദ്യസംഗീതം,
ശാസ്ത്രീയ സംഗീതം, ഗസലുകൾ, ചലച്ചിത്രഗാനങ്ങൾ
എന്നിവയുടെ ഓഡിയോ കാസറ്റുകൾ
യഥേഷ്ടം തിരഞ്ഞെടുക്കുവാൻ ഒരു വിശ്വസ്ത സ്ഥാപനം





**MELODY CORNER**

— *THE* —

*Music Shop*

Simis Complex, Kuruppam Road,
Thrissur - 680 001. Ph : 424455

**M U S I C  A T  I T S  B E S T .**

# X-RAY WELDING

അമേരിക്കൻ വെൽഡിങ്ങ് സൊസൈറ്റിയുടെ അംഗീകാരം.
ഏറ്റവും കൂടുതൽ പ്രാക്ടിക്കൽ ട്രെയിനിങ്ങിനോടൊപ്പം
ഫീസിളവും സൗജന്യ MIG വെൽഡിങ്ങ്
TIG വെൽഡിങ്ങ് പരിശീലനം

## WELDING TECHNOLOGY CENTRE

THRISSUR : PALAKKAL ANGADI,
NEAR MEDICAL COLLEGE HOSPITAL,
ROUND EAST. PH : 0487 - 442857, 429707

PALAKKAD : PANAKKAL COMPLEX
NEAR BATA, MARKET ROAD
PH : 0491 - 501568

മലയാളത്തിലുള്ള വെൽഡിംഗ് ഹാന്റ്ബുക്ക് ലഭിക്കുന്നു.

# QUALITY COMPUTER EDUCATION AT AFFORDABLE FEES

**OF COURSE !**
**ONLY AT ET & T**

NEW BATCHES STARTS SHORTLY

*On the Superhigh way of Technology have the professional tool !!!*

*Long Term courses*

**CCA, DCST, ADCST, PGDCST**

*Short Term Courses*

**Visual Basic 6.0, Internet with Web page Designing, C++, Visual C++, Oracle 8.0 with Developer 2000, DTP, Tally, Auto CAD 2000, Windows NT.**

# ET&T

**Computer Education & Training Centre**
**(A Govt. of India Enterprise)**
**Aloor Complex, Near Christ College Jn.**
**Irinjalakuda. Ph : 820873.**

*"Because Education Goes Beyond Business"*

## ചിത്രകാരൻ

**അനൂപ് കെ.ജി.**
രണ്ടാം വർഷ പ്രീഡിഗ്രി

നിങ്ങൾ എന്നോട് സംസാരിക്കുന്നു
നീയെന്നെ കാണുന്നുവോ
തൂലികയെന്നോട് അന്വേഷിച്ചു
ഛീ ! എടുത്ത് നീയെന്നെ വരയ്ക്ക്
ബ്രഷ് എന്നോട് കേണു.
നിന്റെ നിറക്കൂട്ടുകളെന്നെ കാണിക്ക്യോ
കടലാസും ക്യാൻവാസും കരഞ്ഞു തുടങ്ങി
ഞങ്ങൾക്ക് വിശക്കുന്നു
പാലറ്റ് എന്നോടു പരിഭ്രമിച്ചു
ദാഹം തീർന്നിട്ടെത്ര കാലമായി
പെൻസിൽ അത്ഭുതപ്പെട്ടു
ഇപ്പോഴും ഞാനിങ്ങനയോ !!
നിലാവെന്നോട് സംസാരിക്കുന്നു
വരയ്ക്ക് ചിത്രകാരാ..... വരയ്ക്ക്
വിറയാർന്ന കൈകളാൽ വര തുടങ്ങി
വീണ്ടും ഞാനൊരു ചിത്രകാരനായി,
നെടുവീർപ്പോടെ ചിത്രകാരൻ.

## ഉടലുകത്തുന്നേ

എന്റ്യോ, ....
എന്റുടലു കത്തുന്നേ, ....
കരിംചോര ചീറ്റുന്നേ, ....
കരളു വേവുന്നേ,
കുടലു കരിയുന്നേ,
യെന്റെ, യുടലു കത്തുന്നേ.....

അഴലൂതിയുരുക്കി ഞാൻ
പണിത കൂടു കത്തുന്നേ, ...
അവമതികളെയൊരുക്കി
ചിതറിച്ചിടം കത്തുന്നേ, ...
കഴുമരത്തെ കവച്ചുവെച്ച്,
കറുത്ത കാശു പൂത്തിപണിത
പുര കത്തുന്നേ, ....
കിഴക്കു കത്തുന്നേ...
വടക്കു കത്തുന്നേ....
വെടക്കു കത്തുന്നേ...
പടിഞ്ഞാറു, കിഴക്കേപ്പുറ–
മെല്ലാമുരുകുന്നേ,....
കരളു കീറികരഞ്ഞുപാടുന്നേ,
കടുംവിഷപുക വമിക്കുന്നേ,
അയ്യോ, കാലമങ്ങു കത്തുന്നേ,...
കണ്ണുകത്തുന്നേ, കാലനും കരിയുന്നേ,..

ഒടുവിലയ്യോയെന്റെയുടലു കത്തുന്നേ,...
യിപ്പോ, നിന്റെയുടലു കത്തുന്നേ
നാം കത്തുന്നേ നമുക്കു കത്തുന്നേ......
കരളു വേവുന്നേ.... കതിനപോൽ
പൊട്ടുന്നേ............

**ഡാനി ജോൺ വി.**
രണ്ടാം വർഷ ഫങ്ഷണൽ
ഇംഗ്ലീഷ്

# കലിവ്

ഇരുളിൻ യുഗത്തിനെ-
തച്ചുടച്ചീടുവാൻ,
ഇരുളിൽ വസിക്കുന്ന-
എന്റെ മനസിനെ-
തൊട്ടുണർത്തീടുവാൻ,

ഒരു നവ്യദീപമുദി-
ച്ചതു കണ്ടു ഞാൻ;
ആ നവ്യദീപത്തെ-
എത്തിപ്പിടിക്കുവാൻ,
ചടുലവേഗത്തിലെൻ-
ചരണം ചലിക്കുന്നു ;
കർമ്മങ്ങളെല്ലാം ചെയ്തു-
തീർത്തിട്ടനന്തമാം ശയന-
ത്തിലൊന്നമർന്നീടുവാൻ,
ഞാനിന്നുമെന്നും-
പായുന്നുവെങ്കിലും,
അതിരുകാണാതെ-
ഞാനലയുന്നു മൂകം;
മനസിലെയളുക്കിൽ-
അൽപ്പമമൃതുണ്ട്;
എങ്കിലും കത്തുന്നു-
ഹൃത്തടമുണർത്തുവാൻ,
അമൃത് നുചിക്കുവാ..
ആത്മാവിലങ്കുരിച്ചാ-
യിരമാശകൾ, മൃദുലമാം-
തെന്നലിൽ വീണുവാടുന്നു.

വിരഹിണി സന്ധ്യയെ-
ആശ്വസിപ്പിച്ചിടാൻ,
മേഘങ്ങളെക്കാളു-
മുച്ചത്തിലാർത്തിടാൻ,
ഓരോ ദുരാഗ്രഹ മുളകൾ-
കിളിർക്കുന്നു ; നിത്യവും-
പിടയുന്ന ഹൃത്തിന്റെ,
ചപലമാം വാഞ്ചകൾ.
ആത്മാവിൻ വാടിയിൽ,
ആയിരമാശകൾ, മൊട്ടു-
കളായി കിളിർക്കുന്നു ;




വിപിൻ കെ.വി.
രണ്ടാം വർഷ പ്രീഡിഗ്രി


മൊട്ടുകൾ, മലരാവതും
കാത്ത് ഞാനിരിക്കുന്നു.

എന്നിനീയെന്നുടെ-
ഹൃദയ വൃക്ഷത്തിന്റെ,
ശിഖരത്തിലായിരം-
ഹർഷപുഷ്പങ്ങൾ,
വിരിയുന്ന ദിനമെന്നു-
വരുമെന്നതും കാത്തു-
കാത്ത് ഞാനിരിക്കുന്നു.
ഒടുവിലേതോ, കാറ്റിലാടി-
യുലഞ്ഞൊരാ കലിക-
മലരാവാതടർന്നു വീഴുന്നു;
തൂലികത്തുമ്പിലൂടൂർന്നൊ-
ലിക്കുന്നെന്റെ ചെഞ്ചോര-
ത്തുള്ളികൾ കവിതയാകുന്നു.

ഹൃദയത്തിലെച്ചിമിഴിൽ-
സൂക്ഷിച്ചൊരായിരം,
മയിൽപ്പീലിക്കനവുകൾ-
ആയിരം വാക്കായി;
എന്നിട്ടു,മെവിടെയൊ-
നാദം പിഴക്കുന്നെൻ-
നാവ് പിഴക്കുന്നു, നാവു-
പാടുന്നൊരു മന്ത്രം പിഴക്കുന്നു.

പുലർകാലസന്ധ്യയിൽ,
പെയ്യുന്ന മഴയിലെന്നാത്മ,
രാഗങ്ങളലിഞ്ഞു ചേർ-
ന്നാടിത്തിമിർക്കുവാൻ വെമ്പുന്നു.
മഴയോടു ചേരുവാനായി-
കുതിക്കുന്നു; മഴയിലൂടെത്തുന്ന-
മണ്ണിന്റെ മണമെന്റെ-
മനസിന്റെ മണമാക്കി-
മണ്ണോടു ചേർന്നങ്ങൊ-
ന്നായലിഞ്ഞിടാനാത്മം-
തുടിക്കുന്നുവെങ്കിലും,
എന്റെ നാവും പിഴക്കുന്നു,
മന്ത്രം പിഴക്കുന്നു,
പായുന്ന പാദത്തിൻ
പാത പിഴക്കുന്നു.

നിലാവസ്തമിക്കാത്ത-
നിശയുടെ മാറിൽ ഞാൻ,
ഇറ്റുചൂടും പിന്നെ-
മണ്ണിന്റെ ചൂരും, തേടി-
യമർന്നൊന്നുറങ്ങുവാൻ,
തുനിയവെ - ചിത്തം,
പുരാവൃത്ത വേരുകൾ തേടുന്നു......
അമ്മതൻ സ്നേഹവും,
അച്ഛന്റെ മധുരവാത്സല്യവും
നുകർന്നു ഞാൻ പണ്ടു-
കഴിഞ്ഞൊരാ നാളുകളോർത്ത്.....

എവിടെപിഴച്ചെനി-
ക്കെന്നു പിഴച്ചു ഞാൻ,
അജ്ഞാതമാണക്കാര്യമിന്നു-
മെനിക്കജ്ഞമാണത്,
മെല്ലെ മറക്കാൻ ശ്രമിപ്പൂ ഞാൻ.....
പിഴച്ചൊരെൻ മന്ത്രങ്ങളും,
ഉടഞ്ഞൊരീ രാഗങ്ങളും,
വീണ്ടുമെന്നന്തരാളത്തിലെ-
ച്ചിമിഴിൽ നിറയ്ക്കുവാൻ,
അവയിൽ നേര് പകർത്തുവാൻ,
വെമ്പുന്നൂ ഹൃത്തടം.
കരളിൽ കനക്കുന്നു-
കനല് കെടുത്തീടു-
മാത്മാഹർഷത്തെയെ-
നിക്കായി, നൽകീടു-
മാമഴ, എന്നിനീ പെയ്യു-
മെന്നാത്മരാഗങ്ങളെ,
അലിയിച്ചെടുത്തെൻ,
പിഴച്ച മന്ത്രങ്ങളെ-
വീണ്ടുമുണർത്തുവാൻ, കാത്തിരി
ക്കുന്നു ഞാൻ,
കാലത്തിൻ കാലൊച്ച-
കാതോർത്തിരിപ്പു ഞാൻ.
സ്വർഗംഗയിൽ ഒന്നു-
സ്വയമലിഞ്ഞീടുവാൻ,
പാപങ്ങളെ പുണ്യ-
നീരിലൊഴുക്കുവാനെന്റെ-
ചിത്തം തുടിക്കുന്നു;
കാലഭേദങ്ങളിലോരോരോ-
കനവുകൾ, കൊണ്ടുതന്നോ-
രെന്റെ ചിത്തമിന്നെന്നെ,
നേരിന്റെ പാത പിന്തുടരാൻ
ക്ഷണിക്കുന്നു.

ഒരു നവ്യദീപത്തിൻ,
ഉദ്ദീപ്ത പ്രകാശത്തിൽ,
നേരിന്റെ നാരായ വേരുതേടി,
ഉദയത്തിനുറവുതേടി, യനശ്വര-
മുയിരിന്റെയുറവുതേടി,
ഞാനിന്നും നടക്കയാണ്..........
ഒരു നാളിലെത്തും, ഞാൻ-
അറിവിന്റെ,
എന്നാത്മശാന്തിയുടെ തീരത്ത്........
എല്ലാം,
കലിയുടെ കളിയിൽ,
അമർന്നിരിക്കുന്നൊരീ,
ചപലമാം കലിവിന്റെ
കനവ്..........

# യമുനാ തീരങ്ങളിൽ

അനന്തു യമുനാ തീരങ്ങളിലൂടെ നടന്നു. വെയിലേറ്റ് ചുട്ടുപഴുത്ത മണൽ, കാലുകൾ പൊള്ളുന്നു. കാലിൽ ചെരുപ്പില്ല. ചെരുപ്പുകൾ അവൻ പണ്ടെ ഉപേക്ഷിച്ചിരുന്നു. യമുനാ തീരത്ത് വരണ്ട മണ്ണും ഉണങ്ങിയ വൃക്ഷങ്ങളും മാത്രം. നദിയിൽ വിഷജലം പോലെ കറുത്ത ജലം ചാലായി ഒഴുകുന്നു. സൂര്യന്റെ ചൂടിൽ ശരീരം മുഴുവൻ കരിയുന്നതായി തോന്നി. വരണ്ട കാറ്റ് വിയർപ്പുതുള്ളികൾ വർദ്ധിപ്പിച്ചതേയുള്ളൂ. അകലെ ഉണങ്ങിയ മരക്കൊമ്പിലിരുന്ന് ഒരു കാക്ക കരഞ്ഞുകൊണ്ടിരുന്നു.

എവിടെ ? യമുനയുടെ പ്രണയ തീരങ്ങളെവിടെ? ഗോവർദ്ധനമെവിടെ? കാളിയനെവിടെ?

യമുനയുടെ തീരത്ത് തണുത്തകാറ്റ് വീശി. മഴമേഘങ്ങൾ ആകാശം മൂടി. നേർത്ത മഴ പെയ്ത് തുടങ്ങി. മഴ പെരുമഴയായി. യമുനയിലെ വിഷജലം ഒഴുകിപോയി. നദി കരവിഞ്ഞൊഴുകി. നനഞ്ഞു കുതിർന്ന മണ്ണിൽ ചെടികൾ മുളച്ചു. അവ വളർന്ന് മരമായി. മരങ്ങളിൽ പുഷ്പങ്ങൾ നിറഞ്ഞു. ഫലങ്ങൾ നിറഞ്ഞു. മരങ്ങളിൽ പക്ഷികൾ കൂടുവച്ചു. അവ കലപില കൂട്ടി. പൂക്കളിൽ തേൻ കുടിയ്ക്കാൻ പൂമ്പാറ്റകളും വണ്ടുകളും വന്നു. മഴ പെയ്ത് തോർന്ന മാനത്ത് മഴവില്ലു തെളിഞ്ഞു. യമുനാതീരം വീണ്ടും ഹരിതാഭമായി.

യമുനയുടെ തീരത്തെ നീലക്കടലിന്റെ ചുവട്ടിൽ നിന്നും ഒരു മുരളീഗാനം ഉയർന്നു. കാറ്റിലൂടെ ഓളങ്ങളിലൂടെ ആ വേണുഗാനം യമുനാതടങ്ങളിൽ നിറഞ്ഞു.

അനന്തുവിന്റെയുള്ളിൽ മഴ പെയ്ത് തോർന്നിരുന്നില്ല. കണ്ണിൽ മഴമേഘങ്ങൾ ഘനീഭവിച്ച് കിടന്നു. അനന്തുവിന്റെ മനസ്സു നിറയെ ആതിരയായിരുന്നു. ആതിരയുടെ മുഖമായിരുന്നു. ശബ്ദമായിരുന്നു. ചിലങ്കയിട്ട പാദങ്ങളായിരുന്നു.

വേണുഗാനത്തിന്റെ അനുപല്ലവിയ്ക്കൊപ്പം ആതിരയുടെ സാമീപ്യവും അനന്തു അറിഞ്ഞു.

ആതിരേ

ഉം

വേണുഗാനം കേൾക്കുന്നുവോ?

ഇല്ല

മേഘങ്ങൾ മാറിയപ്പോൾ അകലെ ഗോവർദ്ധനം തെളിഞ്ഞുകണ്ടു.

ഗോവർദ്ധനം കാണുന്നുവോ?

ഇല്ല

യമുനാതീരത്ത് കാലികൾ നിറഞ്ഞു? പശുക്കൾ പുല്ലു തിന്ന് പുഴയോരത്ത് മേഞ്ഞു നടന്നു.

നീലക്കടമ്പിനടുത്തുനിന്ന് ഒരു ചിലമ്പൊച്ചയുയർന്നു. വേണുഗാനത്തിനൊപ്പം ആ ചിലമ്പുകൾ നീലക്കടമ്പിനെ വലം വച്ചു.

ചിലമ്പൊച്ചകൾ കേൾക്കുന്നുവോ?

ഇല്ല

ആതിരേ, രാധയെ വിട്ട്, ഗോപികമാരെ വിട്ട്, പശുക്കളെയും തോഴരേയും വിട്ട് കണ്ണൻ



മഥുരയിലേക്ക് പോയതെന്തിനാണ്?

കംസവധം ഒടാരപുരനിർമ്മാണം എന്നൊക്കെ ഓരോ കാരണങ്ങൾ പറഞ്ഞിട്ട്?

മൗനം

അനന്തു, രാധയുടെ കണ്ണുനീരിനെക്കുറിച്ച് ഓർത്തിട്ടുണ്ടോ? എന്റെ കർമ്മവീഥിയിൽ തടസ്സമാകുമെന്ന് പറഞ്ഞ് കണ്ണൻ തടഞ്ഞു നിറുത്തിയ കണ്ണുനീർ.

കണ്ണൻ കരയാൻ പോലും രാധയെ അനുവദിച്ചില്ല. പക്ഷെ പരാജിതനായ മാധവനെ രാധ സ്വീകരിക്കുമോ?

രാധയുടെ കണ്ണുനീർ കണ്ണനെ പരാജിതനാക്കുമോ?

തീർച്ചയായും

എനിക്കത്രയൊന്നും ചിന്തിക്കാൻ വയ്യ ഇനി ഞാനില്ല ആതിര പറഞ്ഞു.

മുരളീഗാനവും ചിലമ്പൊച്ചയും അപ്പോഴും യമുന തീരത്ത് നിറഞ്ഞു നിന്നു.

അനന്തു, അനന്തു.....

അനന്തു ചെവിയോർത്തു

ദൂരെ നിന്നാണ്, ഒരുപാടൊരുപാട് ദൂരെ നിന്ന്. യമുനാ നദിക്കും ഗോവർദ്ധനത്തിനും അപ്പുറത്തുനിന്ന്.

അനന്തു കണ്ണുതുറന്നു

ക്ലാസ് മുറിയാണ്, മുന്നിൽ ഗോപുവും മനുവും.

എടാ നീ കംപ്യൂട്ടർ ക്ലാസിൽ പോകുന്നില്ലേ?

ഉവ്വ് പോകുന്നുണ്ട്, അനന്തു പറഞ്ഞു.

എല്ലാവരും പോയോ?

പിന്നെ എല്ലാവരും പോയി മനു പറഞ്ഞു

ഗോപുവും മനുവും ക്ലാസ് വിട്ടിറങ്ങി. അനന്തു വീണ്ടും തനിച്ചായി


എവിടെ എന്റെ പുസ്തകം, പേന.........

അനന്തു പുസ്തകം തിരഞ്ഞു.

എനിക്ക് എഴുന്നേല്ക്കാൻ പറ്റുന്നില്ലല്ലോ? ആരാണ് എന്റെ കാലിൽ ചങ്ങലകളിട്ടത് ? കയ്യിൽ വിലങ്ങുവച്ചത്?

അനന്തു ബഞ്ചിൽ നിന്ന് എഴുന്നേറ്റില്ല. അവൻ ഡസ്കിൽ കമിഴ്ന്നു കിടന്നു.

യമുനയുടെ തീരങ്ങളിൽ വീണ്ടും തണുത്ത കാറ്റ് വീശി. നീലക്കടമ്പിന്റെ ചുവട്ടിൽ നിന്ന് മുരളീഗാനവും ചിലമ്പൊച്ചകളും ഉയർന്നു.



**നിഷാർ ടി.എം.**
രണ്ടാം വർഷ ഗണിതശാസ്ത്രം

# തിരച്ചിൽ

തിരിഞ്ഞിടും ലോകമതിൽ
തിരഞ്ഞിടുന്നു മർത്യർ
തീരാതെ വാഴും സർവ്വേശ്വരന്റെ
തിരുമുമ്പിലർപ്പിക്കാനൊരു
തിരുമുൽക്കാഴ്ച്ചക്കാ–യെന്നാൽ
തിരുമുറ്റത്തു നിൽക്കും
തിരുരൂപത്തിൻ സ്വരം
തിരിയുന്നതില്ലയാർക്കുമേ.

**ജിനോ ജോർജ്ജ് മംഗലൻ**
ഒന്നാം വർഷ പ്രീഡിഗ്രി

# പടിയിറക്കം

ഇനി ഞാനന്യൻ, നിന്നിൽനിന്നിഴപിരി–
ച്ചെന്നെയിന്നാരോ അടർത്തുന്നു.
വേരാഴ്ത്തി നിന്ന മണ്ണിൻ മാറിൽ നിന്നെ–
ന്നിലേക്കൊഴുകുന്ന ധമനികൾ പൊട്ടുന്നു.
പാതിമയങ്ങും പാതയിലിടറിവീഴാതെന്നെ
പിച്ച നടത്തിയ വിരലയഞ്ഞീടുന്നു.
പിൻവിളി കാതോർത്തു പടിയിറങ്ങീടവേ
പുറകിൽ നിന്നാരോ വാതിലുകൾ ചാരുന്നു.
ഇന്നോളമെന്റെയെന്നോർത്തതെല്ലാ–
മെനിക്കിന്നോടെയന്യമാണെന്നറിഞ്ഞീടണം.

ഓർക്കുന്നുവോ നീ, അന്നു ഞാനാദ്യമായ്
ഈ കല്ലൊതുക്കൾ കയറി വന്നീടവേ
ഇടവും വലവും വിരിഞ്ഞു നിരന്നല്ലോ
പുത്തനാമറിവിന്റെ വാടാമലരുകൾ
അപരിചിതത്ത്വത്തിൻ അമ്പരപ്പെന്നിൽ നിന്ന–
റിയാതെയെന്നോ എടുത്തു കളഞ്ഞു നീ.
നിൻ കൈകളാൽ വാരി മടിയിലിരുത്തി–
ക്കൊണ്ടൊരുപാടു കഥകളീ കാതിൽ പറഞ്ഞില്ലേ
കയ്യെത്താ ദൂരത്തു ഞാൻ കണ്ടു മോഹിച്ച
വർണ്ണപുഷ്പങ്ങളിറുത്തു നീ തന്നില്ലേ
പ്രണയമായ് മൊട്ടിട്ട് വിരഹമായ് കൊഴിയുന്ന
പൂവിന്റെ നൊമ്പരം നിന്നിലറിഞ്ഞു ഞാൻ.
ആരോടും പറയാത്തൊരെൻ കൊച്ചു മോഹങ്ങൾ
നിന്നോടു മാത്രമായ് പങ്കുവച്ചില്ലേ ഞാൻ.
ഏഴാണ്ടുകൾ കൊണ്ട് നീ തന്നതെന്നുടെ
ഏഴു ജന്മങ്ങളൊടുക്കിയാൽ തീരുമോ?
ഇനിയന്യമാം, നിന്റെ ദിവ്യസാമീപ്യവും
കണ്ണീർ തുടക്കുന്ന തൂവിരൽ സ്പർശവും
എന്നെ ഞാനാക്കിയിട്ടെന്തേയുപേക്ഷിച്ചു;
കൊത്തിയാട്ടീടുവാൻ ഞാൻ വളർന്നീലല്ലോ ?
എവിടെയാണെങ്കിലും എന്റെ സ്വപ്നങ്ങളിൽ
നിന്നോളമില്ലാരും പൂത്തു നിന്നീടുവാൻ
ഓർമ്മകൾ, ഓർമ്മകൾ മാത്രം മതിയെനിക്കാ–
യിരം കാതങ്ങൾ താണ്ടി മറയുവാൻ.

**രാജീവ് എസ്.മേനോൻ**
രണ്ടാം വർഷ എം.എസ്.സി.
കെമിസ്ട്രി

# ST. THOMAS COMPUTER COLLEGE

Pottekkatt Bldg., Round East, Thrissur - 680 001
Tel : 331429. E- Mail :stthomas@md3vsnl.net.in.

GOVT. OF INDIA APPROVED COMPUTER COURSES

**MCA, BCA, O-LEVEL, CCC**

**SHORT TERM COURSES**

❑ Web Site Designing ❑ E-Commerce ❑ Internet ❑ Auto Cad
❑ Visual Basic❑ Visual 8++ ❑ Visual C++ ❑ Visual Foxpro ❑ Windows 2000
❑ Windows NT ❑ Oracle 2000 ❑ Office 2000 ❑ Multimedia, etc.,


Accredited by Govt. of India - Ref : OPROV - 457, OPROV-E-990279

# എല്ലാ രഹസ്യങ്ങളും പരസ്യമാക്കുന്നു.

## നിറക്കൂട്ട് ആർട്സ്

ഗവ : ഗേൾസ് ഹൈസ്ക്കൂളിനു സമീപം,
ചെട്ടിപ്പറമ്പ്, ഇരിങ്ങാലക്കുട. ഫോൺ : 827307

◆ ബോർഡ് ◆ ബാനർ
◆ സിനിമ സ്ലൈഡ് ◆ പോർട്രെയ്റ്റ് മുതലായവ.



# JIJU BAKERY

STANDARD SWEETS
Gandhigram, Irinjalakuda - 680 121
Ph : 823377, 826377 (Res.) : 827477

We use quality fats from Hindustan Lever Ltd.

**Prop : Babu Tharyil**


Intimate

**CARDS GALLERY**
Near Town Hall, Irinjalakuda - 680 121
Ph : Shop - 827432, Res. - 822993

Dealers in :

Greeting Cards, Wedding Cards, for all visiting Cards,
Fancy Gift Items, Disposable Party Items,
Artificial flowers, Toys

# ഒരു തകർന്ന കണ്ണാടിയും അതിന്റെ കാണാപ്പുറങ്ങളും



പഴയകാല സൗഹൃദത്തിന്റെ നനുത്ത ഓർമ്മകളുമായി അനൂപ് എന്റെ കൈയ്യിൽ വന്നു പിടിച്ചു.

നഗരത്തിലെ തിരക്കേറിയ ഒരു റെയിൽവേ സ്റ്റേഷനിൽ വണ്ടി കാത്തു നിൽക്കുകയായിരുന്നു ഞാൻ.

ഞാൻ – ക്യാമ്പസിൽ നിന്നും ജീവിതത്തിലേക്ക് പറന്നുപോയവൻ.

അനൂപോ............... ?

അറിയില്ല ! !

നീണ്ട പതിനെട്ടുവർഷങ്ങൾക്കു ശേഷമാണ് ഞാൻ അനൂപിനെ വീണ്ടും കാണുന്നത്. ശാരീരികവളർച്ചയിലൂടെ സംഭവിക്കുന്ന ചെറിയ മാറ്റങ്ങൾ മാത്രമല്ലാതെ അവന് ഒരു മാറ്റവുമില്ല. അവന്റെ സംസാരത്തിൽ പോലും ആ പഴയ നിഷ്കളങ്ക ഭാവം.

അനൂപ് എന്ത് ചെയ്യുന്നു ? ഞാൻ ചോദിച്ചു.

ഡിഗ്രി മൂന്നുവട്ടം എഴുതി. എന്നിട്ടും കിട്ടാതെ വന്നപ്പോൾ ആ ശ്രമം ഉപേക്ഷിച്ചു. പിന്നെ ജോലി തേടി അലഞ്ഞു. പക്ഷെ ഒന്നും കിട്ടിയില്ല. ഇപ്പോൾ ഇവിടെ ചായേടെ ബിസിനസ്സാ, കൊണ്ടുനടന്നുള്ള വിൽപനയാണ്.

പ്രിയപ്പെട്ട കൂട്ടുകാരാ, നിന്റെ വേദന ഞാനറിയുന്നു. എന്തൊക്കെയോ അകുവാനാഗ്രഹിച്ചു അവസാനം ഒന്നുമാകാതെ മറ്റൊരു വഴിയിലേക്ക് തിരിയേണ്ടി വരുന്ന നിന്റെ വേദന ഞാനറിയുന്നു.

കൂട്ടുകാരാ, നിന്റെ നിഷ്കളങ്കത ഇപ്പോൾ ഞാൻ അനുഭവിച്ചറിയുന്നു. സൗഹൃദബന്ധങ്ങൾക്കുപോലും trading account കളും ബാലൻഷീറ്റുകളും ഉണ്ടാക്കിയവനാണ് ഞാൻ. ലാഭനഷ്ടങ്ങൾ കണ്ടെറിഞ്ഞ് പരിചയപ്പെടുന്ന ഓരോ ബന്ധത്തിനും ഉണ്ടാവേണ്ട ആയുസ്സ് മുൻകൂട്ടി കാണുന്ന എനിക്ക് ഇപ്പോൾ എന്നോടു തന്നെ പുച്ഛം തോന്നുന്നു. ഹൃദയത്തിന്റെ ഒരു ഒഴിഞ്ഞ കോണിൽ, കാണുമ്പോൾ മാത്രം ഓർമ്മ വരേണ്ടവരുടെ ലിസ്റ്റിൽ ഞാൻ നിന്നേയും പൂഴ്ത്തിവച്ചിരിക്കുകയായിരുന്നു എന്ന സത്യം എന്നെ ഏറെ വേദനിപ്പിച്ചു.

ഒന്നിടവിട്ട് വരുന്ന ക്ലാസ് ടെസ്റ്റുകളും റെക്കോഡ് വർക്കുകളുടേയും വിരസതയിൽ നിന്ന് രക്ഷപ്പെടുമ്പോഴേക്കും യൂണിവേഴ്സിറ്റി എക്സാമുകൾ എത്തിയിരുന്നു. ഇതൊക്കെ കഴിഞ്ഞ് എനിക്ക് ഒന്നിനും സമയമുണ്ടായിരുന്നില്ല. ഇല്ല, എനിക്ക് ഇപ്പോഴും ഒന്നിനും സമയമില്ല.

എനിക്ക് അത്ഭുതമാകുന്നു. എത്ര അടുപ്പത്തിലാണ് നീ സംസാരിക്കുന്നത്. ഇന്നലെ മുറിഞ്ഞുപോയ സംസാരം നിർത്തിയിടത്തു നിന്നും നീ തുടരുന്നതു പോലെ എനിക്കു തോന്നുന്നു. ക്യാമ്പസ് വിശേഷങ്ങൾ പലതും നീ ചികഞ്ഞെടുക്കുമ്പോൾ പലതും എനിക്ക് മനസ്സിലാവുന്നില്ലല്ലോ ....... ?

ക്യാമ്പസ് വിട്ട് പുറംലോകത്തേക്ക് പറന്നപ്പോൾ, ആ വിശാലലോകത്തിന്റെ ശബളിമയിൽ ക്യാമ്പസ് വെറും ഒരു പഴംകഥയായി മാറിയതു കൊണ്ടാവാം എനിക്ക് ഒന്നും മനസ്സിലാവാഞ്ഞത്.

ഒടുവിൽ ഒരു ജീവിത യാഥാർത്ഥ്യം പോലെ എനിക്ക് പോകാനുള്ള വണ്ടി വന്നു നിന്നു.

പെട്ടെന്ന് എന്തോ ഓർമ്മ വന്നപോലെ അനൂപ് പറഞ്ഞു.

അതേ .......... നമ്മുടെ മീര

പണ്ടെങ്ങോ കണ്ട് മറന്ന ഒരവ്യക്തമായ മുഖം മനസ്സിൽ തെളിഞ്ഞു വന്നു.

മീരക്കെന്തുപറ്റി ? ഞാൻ ചോദിച്ചു

മീര ........ മീര മരിച്ചു. രണ്ട് ആഴ്ച മുൻപ്. ഒരാക്സിഡണ്ടായിരുന്നു.

എനിക്ക് വിശ്വസിക്കാനാവുന്നില്ല.

ഭൂതകാലത്തിന്റെ ഇരുളടഞ്ഞുപോയ ഇടനാഴികളിൽ ഇന്നും മീരയുണ്ട്. അവളുടെ സ്വരം കാതിൽ മുഴങ്ങുന്നതായി തോന്നുന്നു.

ക്യാമ്പസിലെ ഒഴിഞ്ഞ മൂലകളിൽ നിന്നുകൊണ്ട് ഞാനവളോട് എത്രയോ വട്ടം സംസാരിച്ചിരിക്കുന്നു. ആ ക്യാമ്പസിനെപറ്റി, അവിടത്തെ ബന്ധങ്ങളെപറ്റി, പിന്നെ എന്തിനെയൊക്കെയോ പറ്റി............

സത്യത്തിൽ ഞാനവളെ സ്നേഹിച്ചിരുന്നുവോ ? അറിയില്ല, പക്ഷെ എനിക്ക് എന്നും അന്യമായ ആ മനസ്സിലേക്ക് കടന്നുകയറാൻ ഞാൻ ഒരു പാഴ്ശ്രമം നടത്തി എന്നത് സത്യമാണ്.

മീരാ, എനിക്ക് വിശ്വസിക്കാനാവുന്നില്ല, നിന്റെ വെള്ളപ്പട്ടിൽ പൊതിഞ്ഞ ശരീരം ഓർക്കാൻ കൂടി എനിക്ക് വയ്യ. നിന്റെ ചിരിക്കുന്ന മുഖത്തെ, അനന്തമായ സ്വപ്നങ്ങളെ, എന്റെ ചുംബനങ്ങളാൽ ചുവപ്പാർന്നിരുന്ന നിന്റെ ചുണ്ടുകളെ, എല്ലാം ഞാനിന്ന് ഓർത്തെടുക്കുന്നു.

ഹൃദയത്തിൽ ആരോ മുള്ളുകൊണ്ടു കോറുന്നു.

..................................................

..................................................


..................................................

വണ്ടി പുറപ്പെടുകയായി. പുറത്ത് അനൂപ് വീണ്ടും ഒരു ഓർമ്മയാകുന്നു.

ഇപ്പോൾ എന്റെ കണ്ണുകൾ നിറയുന്നു. എന്റെ ഹൃദയത്തിന്റെ കോണിൽ മീരയും ഉറങ്ങുകയായിരുന്നു എന്ന സത്യം എന്നെ വേദനിപ്പിക്കുന്നു.

ക്യാമ്പസുകൾ കീഴടക്കി ജീവിതത്തിൽ എത്തുമ്പോൾ നമ്മുടെ ലോകത്തിന് വലുപ്പം കൂടുന്നു. ആ കാലത്ത് മനസ്സിൽ പെറുക്കി കൂട്ടിയ മാണിക്യകല്ലുകൾക്കു മേലെ ചപ്പും ചവറും വന്നടിയുന്നു.

വസന്തവും പൂക്കളും കൊഴിഞ്ഞ് പോവുന്നു, ഒപ്പം നല്ലൊരു മനസ്സും.



സെയ്തു കെ.
മൂന്നാം വർഷ ബി.കോം.

# my spring time memory

"... my daughter of tears, the starlit queen of my kingdom of love who gave a lot to fondle and ponder ....," I mumbled. A few moments more for the last leaf of this spring to fall. With an emptied heart, humming the tone that reminds me of you, I am stepping on my own solitary path.... for a journey that would never look back.

The damp silence of
falling tears.
The ever clear starlit
eyes !

"....good bye - to memories and dreams ... thanks, thanks a lot.....", the wetted paper which created a horizon of sorrows by her sobbing words looked at me once more. Walking in the darkness, rejoicing when the little lamp of love appeared and now it is going to be blown out awakening fear and giving sorrows. The evershining dreams and the endless memories are stifled. Its tenderness comes again in this late evening as a silent breeze.

The beginning of college education. Beyond the beauty of konnas a starlit girl used to stand in the courtyard of college chapel ! It was a holy love that we shared in the presence of the altar lamp. At the time of holy masses, doing solitary meditations, with boring classes the starlit eyes came to me as a solace. It was a drop of nectar in the boundless ocean of fancies. Our deep stamped friendship that was formed by the echos of meetings became a sweetest memory of heavenly happiness.

"To my queen of starlit eyes and solitary dreams....", I wrote in my diary, "... when we tow to the dream mansion where the memories of our experience asleep, travelling in a skift of love the realities that we gave up follows us



as a nightmare. Yet, till the end of our journey let us sit together. Then the black clouds rain, the storm that flings dry leaves appears and darkness spreads after sunset, there, let us become one ... born again. Let us stay together in the branches of flowering trees as love birds who share the endless love of immortal souls."

The memories still haunt me ; the pieces of papers that were handed over filled with art of love, the gifts that were presented to be a presence in absence, the sweet moments of looking in to the eyes each other, the dolls which were bought for the fleeting fulfillment of the babes in the dreams, above all, the private moments that we found out to share everything.

Rains ended. Migrant birds flew away to new places. Flowers began to wither away. The last drop of setting sun also disappeared. In the dullness of meeting, tiffs were born and silence brooded on them. It was the beginning of our extensive distance. Tides of doubts and mix-ups increased the width of distance. Smiles disappeared from the lips. The evershining holy love, thus, began to be covered by the stain of laxity. Sincerity lost its simplicity. The word, love, became cliche. A lost feeling.... tearful solitary life... weary body and weak mind... My mind became a furnace. Thoughts arose as questions, for whom is this love ? What for ? They still remain as answerless questions. The temptation of the newnesses, thus, led our life to a tragedy.

Tears were raining down from my eyes with the sweetest spring time memories. I heard the sound of twelve bells at midnight. But I was unsure whether it was an end of one day or a new beginning of another day. Then, I saw a pair of starlit eyes smiling at me through the open windows. It was you, my darling.



**Jaison Jacob. V.**
IIndB.A Functional
English

# നിരപരാധി കബന്ധത്തിന്റെ കുമ്പസാരം



ശക്തി ക്ഷയിച്ചു കൊണ്ടിരിക്കുകയായിരുന്നു-
ബലവാനേ സമൂഹമിഷ്ടപ്പെട്ടിരുന്നുള്ളൂ....
ആവേശ വേഗങ്ങൾക്ക് പരിശുദ്ധതയുടെ-
ആഴമളക്കാൻ ഏറെ സമയം വേണ്ടി വരുന്നു.

മഞ്ഞുകാലത്തിനെ ഏതോ അദൃശ്യ മരവിപ്പ്-
കീഴ്പ്പെടുത്തിയിരിക്കുന്നു....
പുലർച്ചെ കൂവുന്ന കോഴിയെപോലും,
ആ മരവിപ്പിന്റെ മടുപ്പ് അടിമയാക്കിയോ ?....
പ്രകൃതിയുടെ വിനയവും അകന്നു പോയിരിക്കുന്നു.....

പറഞ്ഞുറങ്ങാൻ വൈകിയവർ........,
തനിയെ പറക്കാൻ തുടങ്ങിയവർ.......,
പ്രണയത്തിന്റെ മധുരം നുണഞ്ഞവർ........,
പ്രായത്തിന്റെ മതിയാക്കലിൽ ലോകം ഇഷ്ടപ്പെടുന്നവർ.....
എല്ലാവരും ആ തണുപ്പിന്റെ,
മരവിപ്പിനെ വെറുത്തിരുന്നു.....
വെറുക്കപ്പെടലിന്റെ ശപിയ്ക്കപ്പെട്ട നിമിഷങ്ങളിൽ,
ചില ദാഹജീവികൾ അതിനെ ഇഷ്ടപ്പെട്ടിരുന്നു......

സർഗ്ഗവാസനകൾക്ക് ദുർഗന്ധം...
സത്യന്വേക്ഷണങ്ങൾക്ക് മൃഗ്ഗീയത...
ക്രൂരതയുടെ മുഖം മൂടിയണിഞ്ഞവർ,
ചിരിയ്ക്കുന്നു, ചിന്തിയ്ക്കുന്നു, അലറുന്നു.....
ഭയാനകതയുടെ ഭാവിയിൽ തലയില്ലാത്ത രൂപങ്ങൾ
കണ്ണീരിന്റെ നനുത്ത തുള്ളികളിൽ ചുവപ്പിന്റെ ശോഭ
പടരുന്നുണ്ടായിരുന്നു......

പ്രപഞ്ചം എന്നേയും എല്ലാത്തിനേയും-
വിഴുങ്ങുകയായിരുന്നോ....
തകർത്തെറിയുന്ന ചിന്തകളിലും, സ്വപ്നങ്ങളിലും,
ഒരു മോക്ഷ കാണ്ഡത്തിന്റെ പുറം പേജുകൾ-,
ചിതലുകൾ തീറ്റമതിയാക്കി ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു....
അതിൽ ചിലപ്പോൾ എന്റെയും നിങ്ങളുടെയും
നാമങ്ങൾ കുറിയ്ക്കപ്പെട്ടിരിയ്ക്കാം.....

രഞ്ജിത്ത് കെ.എ.
രണ്ടാം വർഷ പ്രീഡിഗ്രി

# ഉത്തരം

മേഘാവൃതമായ അന്തരീക്ഷം ..............

മഴ വരുന്നെന്നു തോന്നുന്നു. നമുക്കു വീട്ടിൽ പോകാം. അയാൾ പറഞ്ഞു.

ഇവിടെ ഇരിക്കുമ്പോൾ മനസ്സിലെ വിഷമങ്ങൾ എല്ലാം കൊഴിഞ്ഞു പോകുന്നതുപോലെ. നമുക്കു കുറച്ചുകൂടി ഇരിക്കാം. അവൾ പറഞ്ഞു. നോക്കൂ ആ തിരകൾ എത്ര സ്നേഹത്തോടെയാണ് നമുക്കടുത്തേക്കു വരുന്നത്... കാണുമ്പോൾ അടുത്തു പോയി പുണരാൻ തോന്നുന്നു.

അയാൾ ചിരിച്ചു ആ സ്നേഹം യാഥാർത്ഥ്യമല്ല മിഥ്യയാണ്............ ആരോ പണ്ടു വഞ്ചിച്ചിരിക്കാം അതിന്റെ ദേഷ്യം കരയിൽ തല്ലി തീർക്കുകയാണ്.........

ആ അട്ടഹാസത്തിന്റെ ശബ്ദം കേൾക്കുന്നില്ലേ ?

അവൾ ഒന്നും മിണ്ടിയില്ല. ഒടുവിൽ ചോദിച്ചു

നമ്മുടെ സ്നേഹം യഥാർത്ഥമാണോ ?

എനിക്കറിയില്ല......... അല്ലെന്നാണ് എനിക്കു തോന്നുന്നത്.

എങ്കിൽ യഥാർത്ഥമായ സ്നേഹം എന്താണ് ?

അതു കണ്ടെത്തണം......... എവിടെയോ ഒളിഞ്ഞിരിക്കുകയാണ്.

അവൾ എഴുന്നേറ്റു എന്തോ ഒരു ദൃഢ നിശ്ചയത്തോടെ അവൾ പറഞ്ഞു

എനിക്കറിയണം.............. യഥാർത്ഥ സ്നേഹമെന്തെന്നു ഞാൻ കണ്ടെത്തും

അവൾ യാത്രയായി

മഴ പെയ്ത് തുടങ്ങി

കടൽ ഗർജ്ജിച്ചു ആരെയോ വെല്ലുവിളിക്കുകയാണ്.

അയാൾ ചിന്തിച്ചു

അമേരിക്ക ജപ്പാനിൽ ആറ്റം ബോംബിട്ടു. ലക്ഷകണക്കിനു ജപ്പാനികൾ മരിക്കുന്നു. അമേരിക്കക്കാർ ചിരിക്കുന്നു....... ജപ്പാൻകാർ കരയുന്നു...... താൻ നിർമ്മിച്ച സമവാക്യം ഈ കുരുതിക്കുവേണ്ടി ഉപയോഗിച്ചുവല്ലോ എന്നോർത്ത് ഐൻസ്റ്റീൻ കരയുന്നു. ഇവിടെ സ്നേഹമെവിടെ ? ജപ്പാനിലെ നിർദോഷികളായ ജനങ്ങൾ എന്തു ചെയ്തു ?

ഒടുവിൽ അയാൾ തന്നെ ഉത്തരം കണ്ടെത്തി

സംഭവാമി യുഗേ യുഗേ

അവൾ നടക്കുകയാണ്. യഥാർത്ഥമായ സ്നേഹം തേടി.

ഒരിക്കൽ ഒരിടത്ത് ഒരു കുറുക്കനുണ്ടായിരുന്നു !

അമ്മ കുട്ടിക്ക് കഥ പറഞ്ഞു കൊടുക്കുകയാണ്.

അവൾ ആ അമ്മയോടു ചോദിച്ചു

ഈ കഥ എന്തിനാണ് പറഞ്ഞു കൊടുക്കുന്നത്

അവന് വിവേകമുണ്ടാകാൻ അമ്മ പറഞ്ഞു

ഇത് മൃഗങ്ങളുടെ കഥയല്ലെ.......... ഒരു വഞ്ചനയുടെ കഥ.... നിങ്ങൾക്ക് സ്നേഹത്തിന്റെ കഥ പറഞ്ഞുകൂടെ

അമ്മ ചിരിച്ചു

സ്നേഹം.......... എന്താണ് സ്നേഹം; അമ്മ മകനെ സ്നേഹിക്കുന്നു മകൻ അമ്മയെ സ്നേഹിക്കുന്നു ഒരു പരിധി വരെ; അതു കഴിഞ്ഞാൽ അവൻ അവന്റെ കാമുകിയെ – ഭാര്യയെ സ്നേഹിക്കുന്നു മാനസികമായി അവർ പൊരുത്തപ്പെട്ടില്ലെങ്കിൽ അവർ വേർപിരിയുന്നു. ഇവിടെ എവിടെയാണ് സ്നേഹം ?

അവൾക്കുത്തരം മുട്ടി...... പതുക്കെ ചോദിച്ചു

നിങ്ങളുടെ ഭർത്താവെവിടെ ?

രണ്ടു വർഷം മുമ്പ് വേറെ ഒരു സ്ത്രീയുടെ സ്നേഹം തേടി പോയി.....

ഇതും വഞ്ചനയല്ലെ കുട്ടീ ?

ശരിയാണ്. എനിക്കാണ് തെറ്റുപറ്റിയത്

അവൾ തിരിഞ്ഞു നടന്നു.... സ്നേഹം അതു വെറും വാക്കാണ്.... യഥാർത്ഥമായ സ്നേഹം എന്നൊന്നില്ല അത് എവിടെയോ ഒളിഞ്ഞു കിടക്കുകയാണ്. അവൾ തന്നത്താൻ പറഞ്ഞു. വിവേക് നീ പറഞ്ഞതു ശരിയാണ്. തെറ്റുപറ്റിയത് എനിക്കാണ്.

കടലോരത്ത് വിവേക് മരിച്ചുകിടക്കുന്നു. ആത്മഹത്യയാണ്. അവൾ ഏകാന്തമായ ഒരു സ്ഥലത്തിരുന്ന് ഒരുപാട് കരഞ്ഞു

അപർണാ

അവൾ തിരിഞ്ഞു നോക്കി. പ്രകാശ് !

എന്നെ ഓർമ്മയുണ്ടോ അയാൾ ചോദിച്ചു

അവൾ തലയാട്ടി

കൂടുതലൊന്നും ചോദിക്കാതെ അയാൾ പറഞ്ഞു തുടങ്ങി

ഇന്നലെ എന്റെ ഭാര്യ മരിച്ചു. ആത്മഹത്യയാണ്........ കണക്കു പഠിപ്പിക്കുന്ന എന്റെ കണക്കുകൂട്ടലുകൾ ജീവിതത്തിൽ തെറ്റി.... അവൾ നല്ലൊരു അഭിഭാഷകയായിരുന്നു. എന്നിട്ടും...... എന്തിന് ?

ഞാനും ഉത്തരങ്ങൾ കണ്ടെത്തുവാൻ വിഷമിക്കുകയാണ്. അവൾ പറഞ്ഞു.

അയാൾ വീണ്ടും പറഞ്ഞു

ഇപ്പോൾ ജീവിതത്തിൽ ഞാനൊറ്റപ്പെട്ടതുപോലെ.... ആരുമില്ല എന്നൊരു തോന്നൽ......... ഈ ഏകാന്തതയകറ്റാൻ അപർണ എന്റെ കൂടെ വരുമോ ?

ഞാൻ

ഒന്നും പറയണ്ട അയാൾ അവളുടെ കയ്യിൽ പിടിച്ചു. വരൂ.....

അവൾ തിരിഞ്ഞു നോക്കി

വിവേകിന്റെ മൃതശരീരം പൊതിഞ്ഞു കെട്ടി ആരൊക്കെയോ എടുത്തു കൊണ്ടു പോവുന്നു

അതു കണ്ടിട്ടെന്നവണ്ണം അയാൾ പറഞ്ഞു

ഇത്രയൊക്കെയുളളൂ ജീവിതം.........

**ഉണ്ണിക്കൃഷ്ണൻ**
ഒന്നാം വർഷ എം.എസ്.സി.
ഫിസിക്സ്

SB

SB

STAMPS & COINS

Bellmouth Building,
Room No. 27, Ist Floor, Round South, Trichur - 680 001.
Mobile : 98460 86699, Ph : (R) 425191.

സ്റ്റാമ്പ് നാണയ ശേഖരണക്കാർക്കായി
ഇതാ തൃശൂരിൽ ഒരു സ്ഥാപനം......

വാങ്ങാനും, വിൽക്കാനും, കൈമാറ്റം
ചെയ്യുവാനും ഇവിടെ സൗകര്യം ഉണ്ട്.



CHEMIND CHEMICALS

XXV/809, CHEMIND HOUSE, M.G.ROAD,
MACHINGAL LANE, TRICHUR - 680 001.
Ph : 0487 - 335173, Fax : 336641.
E.Mail - chemind@md5.vsnl.net.in (Approved Govt. Contractors)

*Authorised Stockists for :-*

1. Wide Range of Lab Products from E.MERCK
2. BOROSIL Glasswares & filter Papers
3. Qualigence Fine Chemical & Diagnostics
4. SRL Fine Chemicals
5. NICE Fine Chemicals
6. AGAPPE Diagnostics
7. ELICO Instruments
8. REMI Instruments
9. KEMI Laboratory
10. JOHNSON & JOHNSON USA Biotechnology Division
11. Nicholas Piramal India Limited - Diabetes Care Division
    # Diabetes Care Instruments from BOEHRINGER MANNHEIM & ROCHE DIAGNOSTICS.

QSS

Ph: 820506

Dreams
COLOR LAB

THRISSUR ROAD, TANA,.
IRINJALAKUDA. PH : 820506.

*We provide :*

- *1 hr. passport size photo*
- *1 hr. Film developing*
- *Photo enlargements*
- *Lamination*
- *Digital Paints*

*and also varieties of*

- *Films* ❖ *Cameras* ❖ *Albums*

**Visit our Konica Golden Dragon Color Lab**
**at Triprayar. Ph : 345921**

*(Paints exclusively taken in Golden Dragon paper).*

**WILLYS**

GENTS & BOYS

**MENS WEAR**

MAIN ROAD
TANA - IRINJALAKUDA
PH : 821855

ആശംസകളോടെ,

**സംഗീത**

**സാരീസ് & റെഡിമെയ്ഡ്സ്**

സൂട്ടിംഗ്, ഷർട്ടിംഗ് & റെഡിമെയ്ഡ്സ്

അൽ - അമീൻ ഷോപ്പിങ്ങ് കോംപ്ലക്സ്,
ഠാണാ - ഇരിങ്ങാലക്കുട, ഫോൺ : 821591

ആശംസകളോടെ.......

മേൽത്തരം കമ്പനികളുടെ മേൽത്തരം ടൈൽസിനും സാനിറ്ററി ഫിറ്റിംഗ്സിനും ഇരിങ്ങാലക്കുടയിൽ ഇതാ ഒരു പുതിയ സ്ഥാപനം

**കണ്ടംകുളത്തി ടൈൽസ് & സാനിറ്ററി വെയർ**

കെ. ജെ. കോംപ്ലക്സ്, ക്രൈസ്റ്റ് കോളേജ് ജംഗ്ഷൻ, ഇരിങ്ങാലക്കുട. ഫോൺ : 820921 (S) 820912 (R)

*With best compliments from :*

**TOP LINK**

Edappully Shopping Complex (Ist Floor), Near Baroda Bank, Main Road, Irinjalakuda. Ph : Shop : 829814 (Res) 826564

**KEY DUPLICATION, LOCK SERVICE, PHOTOSTAT & LAMINATION WORKS**

*With best compliments from ......*

**JOE AGENCIES**

*TANA - IRINJALAKUDA*

With best compliments from,

**A/c. & Non A/c. Rooms**

**UDUPI**

**WOODLANDS VEGETARIAN HOTEL & TOURIST HOME**

Nada - Irinjalakuda. Ph : 820147, Resi. : 823149

ആശംസകളോടെ.......

**ഇല്ലം**

ഹോട്ടൽ & കൂൾ ബാർ, ഇരിങ്ങാലക്കുട

രുചികരമായ വെജിറ്റേറിയൻ ഭക്ഷണങ്ങൾക്ക് സമീപിക്കുക

PH : 828991

**PRIME CABLE NET WORK**

18/363 Al-Ameen Shopping Complex,
Tana - Irinjalakuda

വിവാഹസാരികൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ തുടങ്ങി എല്ലാതരം തുണിത്തരങ്ങളുടെയും വമ്പിച്ച ശേഖരം

**മുരുകൻസ്**

**അഞ്ജലി സിൽക്സ്**

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന് സമീപം, നട – ഇരിങ്ങാലക്കുട. ഫോൺ : 823426

For College Guides, Records

*T. I. JOSEPH & SONS*

**PRAKASAM PRESS**

Nada, Irinjalakuda. ✆ : 822337



# മാധ്യമം

Marshal Mcluhan wrote

"Medium is the message"

That meant

*"Medium determines the message"*

Scholars interpreted it as

"Media determine the message"

Subsequently we knew that

"Media controll the message"

Now,

Media

Make the message.

***" The Media is the Message "***




# വില്പനച്ചരക്കാകുമ്പോൾ

നാം എത്തിച്ചേർന്നിരിക്കുന്ന ഈ പുതിയ നൂറ്റാണ്ടിന് പാശ്ചാത്യചിന്തകർ നല്കിയ ഒരു ഓമനപ്പേരുണ്ട്. വൈജ്ഞാനിക യുഗം അഥവാ അറിവിന്റെ നൂറ്റാണ്ട്. ഏതൊരു രാഷ്ട്രത്തിന്റെയും ഏറ്റവും മൂല്യം കൂടിയ വിഭവം എന്ന പദവി വിജ്ഞാനം നേടിയെടുത്തിരിക്കുന്നു. വിജ്ഞാനത്തിന്റെ ഏറ്റക്കുറച്ചിലുകളനുസരിച്ച് രാഷ്ട്രങ്ങളുടെ നിലവാരങ്ങൾക്കും പുതിയമാനങ്ങൾ പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. വികസിത രാജ്യങ്ങൾ വികസ്വര രാജ്യങ്ങൾ, ഒന്നാം ലോകം രണ്ടാം ലോകം, മൂന്നാം ലോകം തുടങ്ങിയ വിശേഷണങ്ങളിലേക്കുള്ള ഏറ്റവും നൂതനമായ കൂട്ടിച്ചേർക്കലാണ് വിജ്ഞാനം കൈവശമുള്ളവരും ഇല്ലാത്തവരും എന്ന തരംതിരിവ്.

ലോകം ഒരു ആഗോള ഗ്രാമമായി മാറുകയാണെന്ന പഴഞ്ചൻ വാദം അംഗീകരിക്കുകയാണെങ്കിൽ പഞ്ചായത്തിനെ നിയന്ത്രിക്കുന്നത് അമേരിക്കയാണെന്നും പഞ്ചായത്തിന്റെ ഭാഷയും ആശയങ്ങളും പാശ്ചാത്യവൽക്കരിക്കപ്പെട്ടതാണെന്നും പറയാതിരിക്കാൻ വയ്യ. ഇന്ന് അന്താരാഷ്ട്ര മാധ്യമരംഗത്ത് ഒന്നാം നിരയിൽ നിൽക്കുന്ന പത്ത് സ്ഥാപനങ്ങൾ പരിശോധിച്ചാൽ അവയിൽ ഏഴും (ടൈം വാർണർ, ഡിസ്നി, യൂണിവേഴ്സൽ, എൻ.ബി.സി., ടി.സി.ഐ, വിയാകോം, ന്യൂസ് കോർപറേഷൻ എന്നിവ) അമേരിക്ക ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന താണെന്നു കാണാം. ആംഗലേയച്ചുവയുള്ള ഈ സാംസ്ക്കാരിക അധീശത്വം മൂന്നാം ലോക രാഷ്ട്രങ്ങളെന്നു മുദ്രകുത്തപ്പെട്ടവർ മാത്രം നേരിടുന്ന പ്രശ്നമല്ലെന്ന് പഠനങ്ങൾ തെളിയിക്കുന്നു. യൂറോപ്പിലെ വികസിത രാഷ്ട്രങ്ങളും സ്വയം അമേരിക്കപോലും ഡിസ്നിവൽക്കരണത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണെന്ന് പാശ്ചാത്യ മാധ്യമ ഗവേഷകർ തന്നെ സമ്മതിക്കുന്നു.

പടിഞ്ഞാറ് വ്യവസായിക യുഗത്തിന്റെ മരണ മണി മുഴക്കിയെത്തിയ വൈജ്ഞാനിക വിസ്ഫോടത്തിന്റെ മാറ്റൊലികൾ ഇന്ത്യയിൽ വ്യക്തമായി പ്രതിധ്വനിച്ചു തുടങ്ങിയിട്ട് നാളേറെയായി. വിജ്ഞാനം കൈവശമില്ലാത്ത മോശക്കാരനെന്ന പദവി മാറ്റി ഉള്ളവരുടെ കൂടെ അധികാരം പങ്കിടാനുള്ള പെടാപ്പാടിലാണ് നമ്മുടെ രാഷ്ട്രവും. ഒരു വശത്ത് മുഴുപ്പട്ടിണിയും അടിമവൃത്തിയും അരങ്ങു തകർത്താടുമ്പോൾ,

ഹൈദരാബാദിനെ സൈബറാബാദാക്കി മാറ്റാനുള്ള ആന്ധ്രാ ഗവൺമെന്റിന്റെ വ്യഗ്രത തന്നെ ഇതിന് പ്രത്യക്ഷ ഉദാഹരണം.

## മാധ്യമങ്ങളുടെ പങ്ക്

ഹിക്കിയുടെ ബംഗാൾ ഗസറ്റിൽ തുടങ്ങി ഓൺ ലൈൻ വെബ് ജേർണലുകളിൽ എത്തിനിൽക്കുന്ന ഇന്ത്യയിലെ മാധ്യമപ്പടയാണ് ഈ ലക്ഷ്യത്തിലേക്കുള്ള കുതിച്ചോട്ടത്തിൽ നമ്മെ നയിക്കുന്നത്.. ലാഭകണക്കുകൾ മാത്രം കൊട്ടിഘോഷിക്കപ്പെടുന്ന ഈ മത്സര ഓട്ടത്തിൽ ഇന്ത്യയെപ്പോലൊരു ജനാധിപത്യ രാഷ്ട്രത്തിന് നഷ്ടപ്പെടാനേറെയുണ്ടെന്നത് നാം ബുദ്ധിപൂർവ്വം വിസ്മരിക്കുന്നു. നഷ്ടങ്ങളുടെ പട്ടിക നിരത്തുന്നതിന് മുൻപ് ഇന്ത്യൻ മാധ്യമങ്ങളുടെ ഉത്ഭവത്തിലേക്കും ചരിത്രത്തിലേക്കും ഒന്നു കണ്ണോടിക്കുന്നത് നന്നായിരിക്കും.

## ഫില്ലർ വാർത്തകൾ

എക്കാലത്തും സ്വകാര്യ വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും ഉടമസ്ഥതയിലായിരുന്നു ഇന്ത്യൻ പത്രമാസികൾ. മിഷനറിമാരും മറ്റു വിദേശീയരും തുടങ്ങിവച്ച ഇന്ത്യൻ പത്രപ്രവർത്തനരംഗത്തിന് ഓരോ കാലഘട്ടത്തിലും നിറവേറ്റാൻ ഓരോ കടമകളുണ്ടായിരുന്നു. ഇംഗ്ലണ്ടിൽ നിന്നുമെത്തുന്ന മദ്യത്തിന്റെയും ചുരുട്ടിന്റെയും ആഗമനം വിളംബരം ചെയ്യലും മതപ്രഘോഷണവുമായി കടന്നുപോയ ഒന്നാമത്തെ കാലഘട്ടവും, ഹിന്ദുമതത്തിന്റെ ആശയങ്ങൾ പ്രചരിപ്പിച്ച് രാജാ റാം മോഹൻ റോയുടെ നേതൃത്വത്തിൽ പുറത്തുവന്ന ഭാഷാപത്രങ്ങൾ നിറഞ്ഞ രണ്ടാം കാലഘട്ടവും. സ്വാതന്ത്ര്യമെന്ന ആശയത്തെ ജനങ്ങളിലെത്തിക്കാൻ ഗാന്ധിജിയും മറ്റു ദേശീയ സമരനേതാക്കളും പ്രചരിപ്പിച്ച പത്രങ്ങൾ അവയുടെ കടമകൾ ഭംഗിയായി നിർവഹിച്ചിട്ടുണ്ട്.

എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യൻ പത്രങ്ങളുടെ പ്രവർത്തനശൈലിയിൽ ഗണ്യമായ മാറ്റം സംഭവിച്ചു. സേവനത്തിൽ നിന്നും കച്ചവടത്തിലേക്കുള്ള ഈ ചുവടുമാറ്റത്തിൽ പത്രങ്ങൾക്ക് നഷ്ടമായത് ഇന്ത്യൻ മാധ്യമങ്ങളുടെ സൈദ്ധാന്തിക അടിത്തറ എന്ന് പാശ്ചാത്യർ പോലും വിശേഷിപ്പിക്കാറുള്ള സാമൂഹ്യ പ്രതിബദ്ധതയായിരുന്നു. ചണപ്പത്രങ്ങളും റബ്ബർ പത്രങ്ങളും അരങ്ങുകീഴടക്കുകയും, സർക്കുലേഷൻ വർദ്ധനവിനുവേണ്ടി സെൻസേഷനലിസത്തെ പ്രഫഷണലിസമെന്ന് വെള്ള പൂശുകയും വഴിവിട്ട സ്കീമുകളും സൗജന്യങ്ങളും കണക്കിലെ കളികളുമായി പുലിറ്റ്സറെപ്പോലും ലജ്ജിപ്പിക്കും വിധം മത്സരത്തിനിറങ്ങുകയും ചെയ്തപ്പോൾ ഇന്ത്യൻ പത്രപ്രവർത്തനത്തിന്റെ നിലവാരം വീണ്ടും താഴേക്കിറങ്ങുകയായി.

നിർമാണ ചെലവിനേക്കാൾ വിലകുറച്ചു വിൽക്കപ്പെടുന്ന ഏക ഉല്പന്നമെന്ന് വിശേഷിക്കപ്പെടാറുള്ള പത്രങ്ങളെ എക്കാലത്തും താങ്ങി നിറുത്തിയിട്ടുള്ളത് പരസ്യങ്ങളാണ്. എന്നാൽ പരസ്യങ്ങൾക്കിടയിലെ ഒഴിവുകൾ നികത്താനുള്ള ഫില്ലറുകളായി ഇന്ന് വാർത്തകൾ അധഃപതിച്ചിരിക്കുന്നു. പരസ്യവിഭാഗക്കാർ പതിച്ചെടുത്ത കോളങ്ങളുടെ ശിഷ്ടത്തിൽ നാലോ അഞ്ചോ വാർത്താക്കുറിപ്പുകൾ ഭംഗിയായി നിരത്തിവച്ച് പത്രപ്രവർത്തകൻ തന്റെ ജോലി അവസാനിപ്പിക്കുമ്പോൾ വഞ്ചിക്കപ്പെടുന്നത് വായനക്കാരനാണെന്ന സത്യം മറക്കാതിരുന്നാൽ നന്ന്.

പരസ്യവിഭാഗക്കാർ
പതിച്ചെടുത്ത കോളങ്ങളുടെ
ശിഷ്ടത്തിൽ നാലോ അഞ്ചോ
വാർത്താക്കുറിപ്പുകൾ ഭംഗിയായി
നിരത്തിവച്ച് പത്രപ്രവർത്തകൻ
തന്റെ ജോലി അവസാനിപ്പിക്കുമ്പോൾ
വഞ്ചിക്കപ്പെടുന്നത് വായനക്കാരനാണ്

## ഇലക്ട്രോണിക് മാധ്യമങ്ങൾ ഇന്ത്യയിൽ

സ്വാതന്ത്ര്യത്തിനു മുൻപുതന്നെ ഇന്ത്യയിൽ ആരംഭിച്ച റേഡിയോ പ്രക്ഷേപണത്തിനുശേഷം ഏറെ വൈകിയെത്തിയ ഒരതിഥിയായിട്ടാണ് 1959 ൽ ടെലിവിഷൻ രംഗപ്രവേശം നടത്തുന്നത്. സ്വാതന്ത്ര്യത്തിനുശേഷം റേഡിയോ പ്രക്ഷേപണത്തെ ഭരണകൂടം ഉപയോഗിച്ചത് രാഷ്ട്ര പുനർനിർമാണത്തിന് ആക്കം കൂട്ടുവാനുള്ള ഒരു പ്രചരണോപാധിയായിട്ടായിരുന്നു. വികസനോന്മുഖ മാധ്യമ പ്രവർത്തനത്തിന്റെ ചുവടുപിടിച്ച് തുടങ്ങിയ റേഡിയോ റൂറൽ ഫോറങ്ങളും, കമ്യൂണിറ്റി ബ്രോഡ്കാസ്റ്റിംഗും നിരക്ഷരരായ ഗ്രാമീണർക്ക് ദൈനംദിന ജീവിതത്തിനാവശ്യമായ വിജ്ഞാനവും നിർദ്ദേശവും നൽകുന്നതിൽ ഒരളവുവരെ വിജയിച്ചിട്ടുണ്ട്.

ടെലിവിഷന്റെ ആഗമനത്തെ ഒട്ടേറെ സംശയങ്ങളോടെയാണ് ഇന്ത്യ വീക്ഷിച്ചത്. അന്നത്തെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ടെലിവിഷനെ വിശേഷിപ്പിച്ചത് ധനാഢ്യന്റെ ആഡംബരമായിട്ടായിരുന്നു. സാധാരണക്കാരന്റെ മാധ്യമമായ റേഡിയോയുടെ അനന്തസാധ്യതകൾ മുഴുവനും ഉപയോഗപ്പെടുത്തിയിട്ട് മതി ടെലിവിഷനെ ഇന്ത്യയിൽ സ്വീകരിക്കാൻ എന്നതായിരുന്നു പണ്ഡിറ്റ്ജിയുടെ നിലപാട്. എന്നാൽ ദൃശ്യ ശ്രാവ്യ മാധ്യമമായ ടെലിവിഷനാണ് വിദ്യാഭ്യാസ മാധ്യമമെന്ന നിലയിൽ റേഡിയോയേക്കാൾ മെച്ചമെന്ന ഒരു വിഭാഗം മാധ്യമ ഗവേഷകരുടെയും നയ നിർമ്മാതാക്കളുടെയും വാദം ടെലിവിഷന് രാജ്യത്തിന്റെ വാതായനങ്ങൾ തുറന്നു കൊടുത്തു. ഗ്രാമീണ ജനതയെ വിജ്ഞാനം നൽകി പ്രബുദ്ധരാക്കുന്ന മാധ്യമം എന്ന ലേബലിൽ ഫിലിപ്സ് ഇന്ത്യയും ഫോർഡ് ഫൗണ്ടേഷനും നൽകിയ സഹായങ്ങളുമായി ആരംഭിച്ച ടെലിവിഷൻ സ്ക്കൂളുകളും, ക്ലാസ്റൂം സംപ്രേക്ഷണവും ഇന്ത്യൻ ടെലിവിഷന്റെ ചരിത്രത്തിലെ ശ്രദ്ധേയമായ കാൽവയ്പുകളാണ്.

## സൈറ്റും തുടർപരിപാടികളും

ഇന്ത്യൻ ടെലിവിഷൻ സംപ്രേഷണത്തിന്റെ ആരംഭദശയിൽ വിദ്യാഭ്യാസ പാഠങ്ങളും നിത്യ ജീവിതത്തിലുപകരിക്കുന്ന പ്രായോഗിക നിർദ്ദേശങ്ങളുമായിരുന്നു പരിപാടികളുടെ പ്രധാന ഉള്ളടക്കം. അമേരിക്കൻ സഹായത്തോടെ ഐ.എസ്. ആർ.ഒ. നടത്തിയ സൈറ്റ് ഉപഗ്രഹ സംപ്രേഷണം ഈ രംഗത്ത് ഇന്ത്യയുടെ ആദ്യചുവടുവയ്പ്പായി. പരീക്ഷണ ശാലകളിലും സർവ്വകലാശാല



കളിലും വികസിപ്പിച്ചെടുത്ത വിജ്ഞാനത്തെ ടെലിവിഷനിലൂടെ സാധാരണക്കാരിലെത്തിക്കുകയും അവരെ പ്രായോഗിക ജ്ഞാനവും സാമൂഹ്യ പ്രതിബദ്ധതയുമുള്ള പൗരന്മാരാക്കി വാർത്തെടുക്കുകയും ചെയ്യുക എന്നതായിരുന്നു യശഃശരീരനായ വിക്രം സാരാഭായിയുടെ സ്വപ്നപദ്ധതിയായിരുന്ന സൈറ്റിന്റെ ലക്ഷ്യം. എന്നാൽ ഏറെ കൊട്ടിഘോഷിക്കപ്പെട്ട ഈ സംരംഭം ഇന്ത്യയുടെ സമഗ്ര വികസനത്തിന് സഹായകമായ ഒരു മാധ്യമസംസ്ക്കാരം സൃഷ്ടിച്ചെടുക്കുന്നതിൽ ദയനീയമായി പരാജയപ്പെടുവെന്ന് തുടർന്നുള്ള പഠനങ്ങൾ തെളിയിക്കുന്നു.


സൈറ്റിന്റെ തുടർപരിപാടികളുടെയും പരാജയത്തിനു പിന്നിൽ പ്രധാനമായും രണ്ടു കാരണങ്ങളാണുള്ളത് . ഉന്നതങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന അമൂല്യമായ വിജ്ഞാനം അധികാര ഹസ്തങ്ങൾ വഴി താഴോട്ടൊഴുകുന്നത് ഉൾക്കൊള്ളാൻ കഴിവില്ലാത്ത നിഷ്ക്രിയരായ സ്വീകർത്താക്കളായിട്ടാണ് ദരിദ്രരും നിരക്ഷരുമായ ഗ്രാമീണരെ ഉദ്യോഗസ്ഥർ വീക്ഷിച്ചിരുന്നത്. അത്യന്തം പുച്ഛം നിറഞ്ഞ കാഴ്ചപ്പാടുകളും അബദ്ധധാരണകളും വച്ചുപുലർത്തിയിരുന്ന ഈ ഉദ്യോഗസ്ഥരാണ് സൈറ്റ് പരിപാടികളെക്കുറിച്ച് ഗ്രാമീണ പ്രേക്ഷകരുടെ പ്രതികരണമറിയാനും അത് നിർമ്മാതാക്കളെ അറിയിക്കാനും നിയോഗിക്കപ്പെട്ടിരുന്നത്. എന്നാൽ ഇക്കൂട്ടർ സൈറ്റ് ഗ്രാമങ്ങൾ സന്ദർശിക്കുക പോലും വിരളമായിരുന്നത്രെ.

## വിജ്ഞാനത്തിൽ നിന്ന് വിനോദത്തിലേക്ക്

സൈറ്റിന്റെ പരാജയകാരണങ്ങളിൽ രണ്ടാമത്തേത് ഒരു വർഷത്തെ പരീക്ഷണ കാലാവധിക്കുശേഷം നടപ്പാക്കേണ്ടിയിരുന്ന തുടർപരിപാടികളിൽ വന്ന പാളിച്ചകളാണ്.

എഴുപതുകളുടെ അവസാനത്തോടെ നഗരവാസികളായ ഉദ്യോഗസ്ഥരും കച്ചവടക്കാരുമടങ്ങുന്ന മധ്യവർഗം ശ്രദ്ധിക്കപ്പെടേണ്ട ഒരു ശക്തിയായി ഇന്ത്യയിൽ വളർന്നുവന്നു. നിയമനിർമ്മാതാക്കൾക്കിടയിലും ഉന്നതോദ്യോഗസ്ഥർക്കിടയിലും ഏറെ സ്വാധീനമുണ്ടായിരുന്ന ഈ പുതിയ വോട്ട് ബാങ്കിനൊപ്പം നീങ്ങാതെ നിലനിൽപ്പില്ലെന്നായി രാഷ്ട്രീയക്കാർക്ക്. വിക്രം സാരാഭായിയുടെ ആശയങ്ങളെ പാടെ മറന്ന് സൈറ്റ് തുടർ പരിപാടികളുടെ ഭാഗമായി ഗ്രാമങ്ങളിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന ഭൂതല സംപ്രേഷിണികൾ നഗരങ്ങളിലേക്കു പറിച്ചു മാറ്റപ്പെട്ടു. സുഖലോലുപനായ നഗരവാസിക്ക് വിജ്ഞാന പരിപാടികൾ വിരസങ്ങളായി. അധ്വാനശീലനായ ഗ്രാമീണൻ കാണാനാഗ്രഹിച്ചിരുന്ന കാർഷിക പരിപാടികൾ സിനിമക്കും സിനിമാ സംഗീതത്തിനും വഴിമാറികൊടുത്തു. വിദ്യാഭ്യാസമാധ്യമമെന്ന ലേബലിൽ തങ്ങളുടെ പാർട്ടി ആശയങ്ങളെ വികസന വാർത്താ പരിപാടികളുടെ മറവിൽ ജനങ്ങളിലെത്തിക്കുക എന്നതായിരുന്നു ഭരണകർത്താക്കളുടെ ലക്ഷ്യമെങ്കിൽ, ഇന്ത്യൻ ടെലിവിഷന്റെ വിനോദമേഖലയിലേക്കുള്ള ചുവടുമാറ്റത്തിന് ആക്കം കൂട്ടിയത് ദരിദ്രഗ്രാമീണനേക്കാൾ സ്ഥിരവരുമാനക്കാരനായ ഇടത്തരക്കാരനാണ് കൂടുതൽ ക്രയശേഷിയെന്നു മനസിലാക്കിയ കമ്പോളശക്തികളായിരുന്നു.

ടെലിവിഷൻ പരിപാടികളുടെ ഉള്ളടക്കത്തിൽ വന്ന മാറ്റം സമൂഹത്തിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ ചെറുതല്ല. പലതും പ്രേക്ഷകരറിയാതെ അവരുടെ ചിന്താധാരകളിലേക്കാഴ്ന്നിറങ്ങി പല മിഥ്യാധാരണകളും വിതച്ചതിനു ശേഷമാണ് വെളിപ്പെടുന്നതെന്ന് മാത്രം. കാര്യങ്ങൾ നേരിട്ടവതരിപ്പിക്കുന്നരീതി മാറി ചോദ്യോത്തര മത്സരങ്ങളും ചർച്ചകളും, ടോക് ഷോകളും കടന്നുവന്നു. വിനോദത്തിനു മുൻതൂക്കം വർദ്ധിച്ചുവന്നതോടെ ഇത്തരം പരിപാടികളുടെ സ്ഥാപനവും പ്രൈം ടൈമിനു പുറത്തായി.



## അനന്തപരമ്പരകളും പരസ്യമേളയും

മുന്നൂറും നാന്നൂറും എപ്പിസോഡുകൾ പൂർത്തിയായിട്ടും എങ്ങുമെത്താത്ത നിത്യവും (ഉദ്വേഗജനകങ്ങളായ) വഴിത്തിരിവുകളുമായി തുടർന്നു പോകുന്ന മെഗാസീരിയലുകളുടെ കാലമാണിന്ന്. ഇവ കേരളത്തിലെ ശരാശരി ടെലിവിഷൻ പ്രേഷകനെ കൊണ്ടുപോകുന്നത് ആഴ്ചയിൽ അഞ്ചും ആറും തുടരൻ പൈങ്കിളി നോവലുകൾ വായിച്ച് അടുത്ത ലക്കത്തിനുവേണ്ടി ആകാംഷയോടെ കാത്തിരുന്ന 'മ' പ്രസിദ്ധീകരണങ്ങളുടെ സുവർണ കാലഘട്ടത്തിലേക്കല്ലേ? പ്രൈം ടൈം പരമ്പരകളിൽ സ്ത്രീകളെ തല്ലുകയും, പീഡിപ്പിക്കുകയും, കൊല്ലുകയും, പുനരുജ്ജീവിപ്പിക്കുകയും, ഗതികിട്ടാത്ത പ്രേതാത്മാക്കളാക്കി പ്രേക്ഷകരുടെ ചോരയൂറ്റിക്കുടിക്കാൻ തുറന്നുവിടുകയും ചെയ്യുന്ന ചാനലുകൾ തന്നെ നട്ടുച്ചക്കും അർദ്ധരാത്രിക്കുമെല്ലാം സ്ത്രീ സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി വായ്ക്കസർത്തു നടത്തുന്നത് കാണുമ്പോൾ ആർക്കാണ് ചിരിക്കാതിരിക്കാനാകുക.

മാധ്യമപ്രവർത്തനം നിസ്വാർത്ഥ സേവനമെന്നതിൽ നിന്ന് വൻമുതൽ മുടക്കും വൻലാഭവുമുള്ള ഒരു കച്ചവടമായി (അതിലുപരി അധികാര കേന്ദ്രങ്ങളിൽ സ്വതന്ത്രമായി വിഹരിക്കാനുള്ള ഒരുപാധിയായി) മാറിക്കഴിഞ്ഞ സാഹചര്യത്തിൽ പരസ്യങ്ങളെ അപ്പാടെ ഒഴിച്ചു നിർത്തുന്നത് പ്രയോഗികമല്ല. എന്നാൽ മാധ്യമങ്ങൾക്ക് അവർ സ്വീകരിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന പരസ്യങ്ങളിലെ സന്ദേശങ്ങളെക്കുറിച്ച് ശരിയായ തിരിച്ചറിവുണ്ടാകേണ്ടതും, അതിലൂന്നികൊണ്ട് ഒരു തെരഞ്ഞെടുപ്പ് നടത്തേണ്ടതും അനിവാര്യമായിരിക്കുന്നു. ഏറെ മുതൽ മുടക്കുള്ള ഈ കച്ചവടത്തിൽ നഷ്ടം സംഭവിക്കാതിരിക്കാൻ കിട്ടുന്ന പരസ്യങ്ങളെല്ലാം കണ്ണുമടച്ച് സ്വീകരിക്കുന്ന മാധ്യമങ്ങൾ സത്യത്തിൽ സ്വന്തം വിശ്വാസ്യതക്കുവരെ അറിഞ്ഞോ അറിയാതെയോ മങ്ങലേല്പിക്കുകയാണ് ചെയ്യുന്നത്. പുരോഗമന ചിന്താഗതിക്കാരെന്ന് വീമ്പിളക്കുന്ന മാധ്യമങ്ങൾ പോലും മന്ത്രമോതിരത്തിന്റെയും കുട്ടിച്ചാത്തൻ മാഹാത്മ്യത്തിന്റെയും പരസ്യ

**പ്രൈം ടൈം പരമ്പരകളിൽ സ്ത്രീകളെ തല്ലുകയും, പീഡിപ്പിക്കുകയും, കൊല്ലുകയും, പുനരുജ്ജീവിപ്പിക്കുകയും, ഗതികിട്ടാത്ത പ്രേതാത്മാക്കളാക്കി പ്രേക്ഷകരുടെ ചോരയൂറ്റിക്കുടിക്കാൻ തുറന്നുവിടുകയും ചെയ്യുന്ന ചാനലുകൾ നട്ടുച്ചക്കും അർദ്ധരാത്രിക്കുമെല്ലാം സ്ത്രീ സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി വായ്ക്കസർത്തു നടത്തുന്നത് കാണുമ്പോൾ ആർക്കാണ് ചിരിക്കാതിരിക്കാനാകുക.**

ങ്ങൾ പേറിയെത്തുമ്പോൾ അവർ ജനങ്ങളെ വഞ്ചിക്കുക മാത്രമല്ല, ഇന്ത്യയിൽ നിലവിലുള്ള പല നിയമങ്ങളേയും ലംഘിക്കുകയും കൂടിയാണ്.


## പരസ്യങ്ങളുടെ മനശാസ്ത്രം.

ഏതൊരു പരിപാടിക്കുമിടയിലുള്ള (വാർത്തകൾക്കിടയിൽപോലും) സ്വാഭാവിക ഇടവേളകളായി പ്രേക്ഷകൻ അംഗീകരിച്ച പരസ്യങ്ങൾ സൃഷ്ടിക്കുന്ന സാമൂഹ്യ വിപത്തുകൾ ഏറെ ചർച്ച ചെയ്യപ്പെട്ടു കഴിഞ്ഞവയാണ്. ദാരിദ്ര്യം, നിരക്ഷരത, പട്ടിണി, പോഷകാഹാരകുറവ്, അജ്ഞത, അന്ധവിശ്വാസങ്ങൾ തുടങ്ങിയ കാതലായ പ്രശ്നങ്ങളിൽ നിന്ന് ജനങ്ങളെ അകറ്റി നിർത്തി അനാവശ്യമായ ആഡംബരങ്ങളാണ് ജീവിത നിലവാരത്തിന്റെ യഥാർത്ഥ അളവുകോലെന്ന മിഥ്യാധാരണ അവരിൽ ജനിപ്പിക്കുകയും അവ നേടിയെടുക്കാനുള്ള നിർബന്ധപൂർവ്വകമായ അഭിലാഷങ്ങൾ സൃഷ്ടിക്കുകയുമാണ് പരസ്യങ്ങൾ ചെയ്യുന്നത്.

പ്രേക്ഷകർ നിത്യവും കണ്ടാനന്ദിക്കുന്ന പരസ്യങ്ങളിലെ ഉല്പന്നങ്ങളൊന്നും തന്നെ ഇന്ത്യയിലെ 70 ശതമാനം ജനങ്ങൾക്കും കൈയെത്തിപ്പിടിക്കാവുന്നതല്ല എന്ന സത്യം കൂടി ഇവിടെ ഓർക്കേണ്ടതുണ്ട്. കൈക്കൂലി മുതൽ ആത്മഹത്യവരെ നീളുന്ന അനന്തര ഫലങ്ങൾ സമ്മാനിച്ചുകൊണ്ട് പരസ്യങ്ങൾ നമ്മുടെ വഴികാട്ടികളാവുകയാണ്. മദ്യത്തിന്റെയും പുകയിലയുടെയും പരസ്യങ്ങൾ നിരോധിച്ച ദൂരദർശനിൽപോലും ക്രിക്കറ്റ് ടീമിന്റെ സ്പോൺസർമാരായും, ചീട്ട് - ഗ്ലാസ് - സോഡ - മിനറൽ വാട്ടർ വില്പനക്കാരായി വേഷം മാറിയും ഇത്തരം പരസ്യങ്ങൾ പ്രത്യക്ഷപ്പെടുന്നു. ചുണ്ടിലെരിയുന്ന സിഗരറ്റാണ് പുരുഷലക്ഷണമെന്നും, ഞാനും നിങ്ങളും പിന്നെ മദ്യവുമൊത്തുചേർന്നാൽ ജീവിതം പൂർണ്ണമായെന്നും ഇഷ്ട താരങ്ങൾ ആണയിട്ടു പറയുമ്പോൾ ക്രിക്കറ്റ് കളിക്കാരെയും സിനിമാ നടന്മാരെയും ആരാധനാ വിഗ്രഹങ്ങളാക്കി നെഞ്ചിലേറ്റി നടക്കുന്ന യുവതലമുറ അത് തലകുലുക്കി സമ്മതിക്കുന്നു. കൂടിലിൽ കുട്ടികൾ വിശന്നു കരയുമ്പോൾ വീട്ടിലുണ്ടാകുന്ന കോഴിമുട്ടയും കോഴിയും ചന്തയിൽ വിറ്റ് കൊക്കകോള കുടിച്ച് രസിക്കുന്ന അപ്പൻമാർ മെക്സിക്കോയിൽ ധാരാളമുണ്ടെന്ന വാർത്ത പരസ്യങ്ങളുടെ നീരാളിപ്പിടുത്തത്തിന്റെ ശക്തി വ്യക്തമാക്കുന്നു.

## ദേശസ്നേഹം കോളകളിലൂടെ

ഇന്ത്യാക്കാരന്റെ സ്വാതന്ത്ര്യം പോലും, പെപ്സി ഫ്രീഡവും, ജോ ചാഹേ ഹോ ജായേ- കൊക്കകോള - എൻജോയുമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഈ പുതിയ ദേശീയ പാനീയങ്ങൾ നമുക്കു സമ്മാനിക്കാനിരിക്കുന്നത് പോഷകാഹാരക്കുറവിന്റെ നാളെകളാണ്. സ്വാതന്ത്ര്യദിനാഘോഷത്തിന്റെ പോലും പ്രായോജകരായി വേഷമിട്ടെത്തുന്ന ബഹുരാഷ്ട്രകുത്തകൾക്ക് ഇന്ത്യയുടെ സാംസ്കാരികത്തനിമയിൽ ഒരു പോറൽപോലുമേൽപിക്കാൻ കഴിയുകയില്ലെന്ന് വിശ്വസിച്ചിരുന്നവരും വിരളമല്ല. എന്നാൽ ഭാഷയിലും സംസ്കാരത്തിലും ഒട്ടേറെ വൈവിധ്യങ്ങൾ വച്ചു പുലർത്തുന്ന ഇന്ത്യാക്കാരെ ഇപ്പോൾ ഒന്നിപ്പിക്കുന്നത്. നാനാത്വത്തിൽ ഏകത്വമോ, ദേശസ്നേഹമോ അല്ല, മറിച്ച് മഹാനഗരങ്ങളിലും കുഗ്രാമങ്ങളിലും ഒരുപോലെ സുലഭമായ അന്താരാഷ്ട്ര ശീതള പാനിയങ്ങളും,



ടിന്നിലടച്ച ഫാസ്റ്റ് ഫുഡും പിന്നെ ഇൻഡി പോപ്പും, ഹിംഗ്ലീഷുമൊക്കെയാണ്.

പരസ്യക്കമ്പനിക്കാർ സ്പോൺസർ ചെയ്യുന്ന പരമ്പരകളുടെയും കൗണ്ട് ഡൗൺ ഷോകളുടെയും സംഭാവനകളും വിഭിന്നമല്ല. പരമ്പരകളിൽ കാണുന്ന കൊട്ടാര സദൃശ ങ്ങളായ രമ്യഹർമ്യങ്ങളും, ചീറിപ്പായുന്ന വിദേശ കാറുകളും, കുത്തഴിഞ്ഞ ദാമ്പത്യ ദാമ്പത്യേതരബന്ധങ്ങളും അനുകരിക്കപ്പെ ടേണ്ടവയാണെന്ന വിശ്വാസം പ്രേക്ഷകരുടെ മസ്തിഷ്കത്തിലേക്ക് പതുക്കെ കുത്തിവയ്ക്ക പ്പെട്ടുകൊണ്ടിരിക്കുന്നു. വിവാഹേതര ബന്ധങ്ങളെ പവിത്രീകരിക്കുകയും അവയ്ക്ക് തൊടുന്യായങ്ങൾ നിരത്തുകയും ചെയ്യുന്നതു വഴി ഇക്കൂട്ടർ കത്തിവയ്ക്കുന്നത് കുടുംബ ബന്ധങ്ങളുടെ കടയ്ക്കൽ തന്നെയാണ്.

പരസ്യക്കമ്പനിക്കാരുടെ ഏറ്റവും പ്രധാന ഇര സീരിയൽ പ്രേമികളായ വീട്ടമ്മ മാരാണ്. അവരിലേക്കു കടന്നെത്തുന്നതിനുള്ള എളുപ്പമാർഗം അവരുടെ കുട്ടികളും. ശീതളപ്പാനീയപ്പൊടിക്കൊപ്പം സൗജന്യമായി ലഭിക്കുന്ന ക്ഷുദ്ര ജീവിപ്പാവകളെക്കൊണ്ട് അദ്ധ്യാപകരെപ്പോലും ഉപദ്രവിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്ന പരസ്യങ്ങൾ ചെയ്യുന്ന തെറ്റിന്റെ വലുപ്പം മനസിലാക്കാൻ നമുക്കധികം കാത്തിരിക്കേണ്ടിവരില്ല. കുട്ടികളുടെ പരിപാടികളെന്ന ലേബലിലെ ത്തുന്നവ പ്രചരിപ്പിക്കുന്ന അന്ധവിശ്വാസ ങ്ങൾക്കും, അവ കുട്ടികൾക്ക് വരുത്തി വയ്ക്കു ന്ന അപകടങ്ങൾക്കും കണക്കില്ല. നിരുപദ്രവ കർ എന്ന് മുദ്രകുത്തപ്പെട്ടിട്ടുള്ള കാർട്ടൂണുക ളിൽ പോലും അക്രമത്തിന്റെയും ലൈംഗീകത യുടെയും ചീളുകൾ കാണാനാകുന്നുവെന്ന താണ് മറ്റൊരു ദുഃഖസത്യം.

പരസ്യങ്ങൾ നമുക്കു മുന്നിൽ നിരത്തു ന്നത് കുറെ എളുപ്പവഴികളാണ്. വിയർപ്പൊഴു ക്കിയുള്ള അധ്വാനത്തിന് ഈ പരസ്യയുഗ ത്തിൽ ചവറ്റു കുട്ടയിൽ പോലും സ്ഥാനമില്ല. സമയലാഭം, ധനലാഭം, ഊർജ്ജലാഭം ഇങ്ങനെ നീളുന്ന ലാഭകണക്കുകൾക്കു പുറകിൽ സൗജന്യമായി ഇവർ നൽകുന്ന മാനസീക – ശാരീരിക വ്യഥകളുടെ നീണ്ട നിര തന്നെ ഒളിഞ്ഞിരിക്കുന്നു. സൗജന്യങ്ങളുടെ ഈ ലോകത്ത് നമ്മുടെ ജീവിതം പോലും ആരുടെ യോ സൗജന്യമാണെന്ന തോന്നലിലേക്ക് ഇത് നമ്മെ കൊണ്ടെത്തിച്ചാലും അത്ഭുതപ്പെടാനില്ല.

## ഇന്റർനെറ്റും ദേശി ബേബുകളും

ഇന്നിന്റെ മാധ്യമമെന്ന പദവി ടെലിവിഷനിൽ നിന്നും പതുക്കെ ഇന്റർനെറ്റ് കൈക്കലാക്കുകയാണ്. ഇന്ത്യയിലെ ചെറി യൊരു ശതമാനം (ഏതാണ്ട് 2%) ജനങ്ങൾ മാത്രമാണ് ഇന്റർനെറ്റുമായി നേരിട്ട് ബന്ധപ്പെടു ന്നുള്ളുവെങ്കിലും ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങി ഇ – കോമേഴ്സ്, സൈബർ സെക്സ് വരെയുള്ള പ്രയോഗങ്ങൾ നമുക്ക് (നഗരവാസി കൾക്കെങ്കിലും) ചിരപരിചിതമായിക്കഴിഞ്ഞു. ഉടമസ്ഥനില്ലാത്ത മാധ്യമം, സോഷ്യലിസ ത്തിന്റെ മറ്റൊരു മുഖം എന്നെല്ലാം കൊട്ടിഘോ ഷിക്കപ്പെട്ട ഈ മാധ്യമവും തന്റെ ശരിയായ മുഖം വെളിപ്പെടുത്തി തുടങ്ങിയിരിക്കുന്നു. ഇന്റർനെറ്റ് വെബ് സൈറ്റുകളുടെ ഉള്ളടക്കം പരിശോധിച്ചാൽ അവയിൽ 90 ശതമാന ത്തിലധികം അമേരിക്കൻ ചുവയുള്ള സാമ്രാ ജ്യത്വ സന്ദേശങ്ങളാണെന്നു കാണാം. നാഥനി ല്ലായ്മ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ അതീവ ഗുരുതരമാണ്. തീവ്രവാദികൾ ബോംബു നിർമാണത്തിന്റെ രഹസ്യങ്ങൾ കൈമാറാൻ പോലും ഇന്റർനെറ്റ് ഉപയോഗിച്ച സന്ദർഭ ങ്ങളുണ്ട്. സ്വീകരണമുറിയുടെ സ്വകാര്യ തയിലേക്ക് പേഴ്സണൽ കമ്പ്യൂട്ടറിലൂടെ ഒഴുകിയെത്തുന്ന ലൈവ്സെക്സ് ചാറ്റുകളും, നഗ്ന ചിത്രങ്ങളും മറുവശത്ത്. ഇന്ത്യൻ യുവാക്കൾക്കുവേണ്ടി ഭാരതീയ നാരികളുടെ വർണ ചിത്രങ്ങളും അശ്ലീലക്കഥകളുമായി ദേശീബാബ – ദേശീ ബേബ് ഡോട്ട് കോം പോലുള്ള സൈറ്റുകളും രംഗത്തെത്തി ക്കഴിഞ്ഞു. ചൈനയും മറ്റു പല രാജ്യങ്ങളും കർശന നിയന്ത്രണങ്ങളേർപ്പെടുത്തിയിട്ടു വരെ പൊടുന്നനെ രൂപം മാറുന്ന എയ്ഡ്സ് രോഗാണുവിനെപ്പോലെ പുതിയ രൂപത്തിലും ഭാവത്തിലും അശ്ലീല വെബ് സൈറ്റുകൾ തങ്ങളുടെ ജൈത്രയാത്ര തുടരുന്നു.

## വിദൂരമല്ലാത്ത പരിഹാരങ്ങൾ

എല്ലാറ്റിനേയും കണ്ണടച്ചു വിമർശിക്കുക എളുപ്പം. പരിഹാരങ്ങൾ നിർദ്ദേശിക്കുക അതിലുമെളുപ്പം. പ്രാവർത്തികമാക്കാൻ തുനിഞ്ഞിറങ്ങുന്നവർ വിരളം. ഒരു മാറ്റം കൂടിയേ തീരു. പ്രതിബന്ധങ്ങൾ ഏറെയു ണ്ടെങ്കിലും മാറ്റത്തെക്കുറിച്ചു പറയുമ്പോൾ എതിരെ നിരത്താൻ ഒട്ടേറെ ന്യായീകര ണങ്ങളുണ്ട് മാധ്യമലോകത്തിന്റെ പക്കൽ. ന്യൂസ് പ്രിന്റ് ക്വോട്ട മുതൽ ഡിജിറ്റൽ സംപ്രേഷണത്തിന്റെ ഭാരിച്ച ചെലവു വരെ. എന്നാൽ പരിമിതികളോട് പോരാടി വിജയം വരിച്ച മാധ്യമങ്ങൾ എല്ലാക്കാലത്തും ഇവിടെയുണ്ടായിരുന്നു. ഉള്ളടക്കത്തിന്റെ സത്യസന്ധതകൊണ്ടും വാക്കുകൾ പ്രവൃത്തി യായി മാറുമെന്ന പൂർണവിശ്വാസം കൊണ്ടും ഏറെ പ്രചാരം നേടിയ ഹരിജനും യംഗ് ഇന്ത്യയും പിറന്ന നാടാണിത്. പരസ്യങ്ങളെ ഒഴിച്ചു നിർത്തിയ ലങ്കേഷ് പത്രികയും വിജ്ഞാനോദം എന്ന പുതിയ ആശയത്തിന് വിത്തുപാകിയ ഡിസ്ക്കവറിചാനലും, ആനിമൽ പ്ലാനറ്റും തലയുയർത്തി നിൽക്കു ന്നിടത്ത്, എന്തുകൊണ്ട് ഇനിയും ദൃഢത യേറിയ കാൽവയ്പുകളുണ്ടായിക്കൂടാ? മാറ്റത്തിന് വിദൂര സാധ്യതപോലുമില്ലെന്ന മട്ടിൽ പ്രവർത്തിക്കുമ്പോൾ, മാറ്റം ഒരിക്കലും സംഭവിക്കില്ലെന്ന ചോംസ്കിയുടെ പ്രസ്താ വന ഒരു വലിയ പാഠമായി നമ്മുടെ മാധ്യമങ്ങളുടെ കടിഞ്ഞാൺ പിടിക്കുന്നവർ ഉൾക്കൊള്ളേണ്ടതുണ്ട്.

ഫേവർ ഫ്രാൻസീസ്
ജേർണലിസം വിഭാഗം

**മാറ്റത്തിന് വിദൂര സാധ്യത പോലുമില്ലെന്ന മട്ടിൽ പ്രവർത്തിക്കുമ്പോൾ, മാറ്റം ഒരിക്കലും സംഭവിക്കില്ലെന്ന ചോംസ്കിയുടെ പ്രസ്താവന ഒരു വലിയ പാഠമായി നമ്മുടെ മാധ്യമങ്ങളുടെ കടിഞ്ഞാൺ പിടിക്കുന്നവർ ഉൾക്കൊള്ളേണ്ടതുണ്ട്.**


CHRIST COLLEGE UNION
1999-2000
Inauguration


ക്രൈസ്റ്റ് കോളേജ് യൂണിയൻ
99-2000
'നിറ' ത്തിന്റെ 100-ാം ദിനത്തിൽ
വിജയശില്പികൾക്ക് സ്വീകരണം
FINE ARTS DAY
ARTS DAY
2000
FINE ARTS DAY
FINE ARTS DAY

# മിനിലോകങ്ങളും മെഗാ ദുഃഖങ്ങളും

ഇനി തമ്മിൽ കാണരുതെന്ന് തന്റെ എല്ലാ മെല്ലാമായ ഉണ്ണിയേട്ടൻ പറഞ്ഞത് കേട്ട് മായ തരിച്ചു നിന്നുപോയി. ഇത്ര പെട്ടെന്ന് ഉണ്ണിയേട്ടന് എന്ത് മാറ്റമാണ് സംഭവിച്ചതെന്ന് അവൾക്കറിയില്ല. എന്നാൽ മായയെ കൂടുതൽ വേദനിപ്പിച്ചത് ഉണ്ണിയുടെ ആ അപരിചിതന്മാരുടെ പോലുള്ള പെരുമാറ്റമാണ്. എന്താണ് ഈ മാറ്റത്തിനു കാരണം മായ ചിന്തിച്ചു.

ഇതൊരു 'മ' വാരികയിലെ തുടരൻ സാഹിത്യവാചകമല്ല, മറിച്ച് ഈ നൂറ്റാണ്ടിന്റെ, മാധ്യമമായ ടെലിവിഷനിലെ ഇലക്ട്രോണിക് പൈങ്കിളികളൊന്നിലെ രംഗാവിഷ്ക്കാരമാണ്. തന്റെ മായാവലയത്തിൽ കുടുക്കിയിട്ടുള്ള കേബിൾ തരംഗത്തിലെ ഒരു പരമ്പരയിൽ നിന്നാണീ വാചകങ്ങൾ. കേബിൾ ചാനലുകളിലെ പരമ്പരകൾക്ക് ഒരു സവിശേഷതയുണ്ട്. പ്രേക്ഷകരെ അല്പം പോലും ബുദ്ധിമുട്ടിക്കാൻ അവർ തയ്യാറല്ല. അതിനാൽ അവർ പ്രേക്ഷകരെ സഹായിക്കുന്നു എന്ന മട്ടിൽ എല്ലാ ദിവസവും പ്രദർശനം നടത്തുന്നു. പണ്ടൊക്കെ സീരിയലുകൾ ആഴ്ചയിൽ ഓരോദിവസവും ഓരോന്നായിരുന്നു. അതു കാരണം വില്ലൻ ഇന്ന് കുത്താൻ കത്തിയെടുക്കുമ്പോൾ ഒരുഭാഗം അവസാനിപ്പിച്ച് സീരിയൽ സംവിധായകൻ പ്രേക്ഷകരെ ഒരാഴ്ചവരെ ആ കത്തിത്തുമ്പിൽ നിർത്തുന്നു. ആ കത്തി ഉപയോഗിച്ച് വില്ലൻ നായകനെ കുത്തുമോ അതോ ഇല്ലയോ എന്നറിയണമെങ്കിൽ ഒരാഴ്ച കാത്തിരിക്കണം. പ്രേക്ഷകമനസ്സുകളിൽ, പാവം വില്ലൻ ആ ഒരാഴ്ച കത്തിയും പിടിച്ച് ആ നിൽപ്പ് നിൽക്കുന്നു.

ഇന്ന് കഥയിതല്ല. വില്ലന് കത്തി പിടിച്ച് ഒരാഴ്ച നിൽക്കേണ്ട ആവശ്യവുമില്ല. പകരം ഒരു ദിവസത്തെ വിടവു മാത്രം. നാളെ കാണാം ഇതിന്റെ ബാക്കി. നാളെയാകട്ടെ മറ്റൊരു വികാര തീവ്രമായ നിമിഷത്തിൽ കൊണ്ടു നിർത്തുകയും ചെയ്യും.

ഒരിക്കൽ നമ്മുടെ വിനോദസമയം വിജ്ഞാനപ്രദമാക്കാനായി വന്ന ഈ ഉപകരണവും അതിലെ പരമ്പരകളും ഇന്ന് നമ്മുടെ സമൂഹത്തിലെ ഒരു ഒഴിയാബാധയായിരിക്കുന്നു. ഈ പരമ്പരകൾ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന സ്ത്രീജനങ്ങളെയാണ്.


ഈ ലക്ഷ്യബോധം കൊണ്ടാണെന്നു തോന്നുന്നു എല്ലാ പരമ്പരകളും സ്ത്രീകളുടെ കഥ പറയുന്നവയായിരിക്കുന്നത്. സ്ത്രീ ജന്മങ്ങളുടെ കദനകഥകൾ കേട്ട് കേരളത്തിലെ നാരീവൃന്ദം കഥയിലെ നായികയോടൊപ്പം കണ്ണീരൊഴുക്കുന്നു. പരമ്പരകളുടെ ശല്യം മാത്രമായിരുന്നുവെങ്കിൽ സഹിക്കാമായിരുന്നു. എല്ലാ പരമ്പരകളുടെയും അവസാനത്തിൽ ഒരു ചോദ്യോത്തര മത്സരവും ഉണ്ടായിരിക്കും. സമ്മാനമായി ആകർഷകമായ വസ്തുക്കളും നൽകും (കിട്ടുന്നതിന്റെ ഗുണവതിയാരങ്ങൾ ഇനിയൊരു ചർച്ചക്കുള്ളത്). ഈ മത്സരത്തിന്റെ ഉദ്ദേശം പ്രേക്ഷകർ പരമ്പരകൾ വെറുതെ കണ്ടാൽ പോരാ മനസ്സിരുത്തിക്കാണണം എന്നാണ്.

ചോദ്യോത്തര പരമ്പരയിലെ ചോദ്യം ചിലപ്പോൾ നായികയുടെ സാരിയുടെ നിറമായിരിക്കും. അല്ലെങ്കിൽ നായികയുടെ മുഖഭാവം ശരിയാണോ എന്നായിരിക്കും. എന്തായാലും നമ്മുടെ പ്രിയപ്പെട്ട പ്രേക്ഷകർ എല്ലാം ശരിക്കും മനസ്സിലാക്കി ഈ ചോദ്യങ്ങൾക്ക് ഉത്തരം അയക്കുകയും ചെയ്യും.

ഇന്ന് നമ്മുടെ സമൂഹത്തിൽ ഇത്തരം പരമ്പരകളുടെ സ്വാധീനത ചെറുതൊന്നുമല്ല. ഇന്ന് സ്ത്രീ സ്വാതന്ത്ര്യവാദത്തിന്റെ കാലമാണ്. എവിടെ നോക്കിയാലും സ്ത്രീ സ്വാതന്ത്ര്യവാദികൾ മാത്രമാണ് ഉള്ളത്. പറയുന്നത് എന്താണെന്നുപോലുമറിയാത്ത കുറെ സാമൂഹ്യസേവകർ – സ്ത്രീ സ്വതന്ത്രയാണോ അല്ലയോ എന്ന് ചോദിക്കുന്നു. കുറേപ്പേർ അതിന്റെ പുറകെ പോകുന്നു. അങ്ങനെ സ്ത്രീകളെ നോക്കുന്നതുപോലും കുറ്റകരമായ ഇന്നത്തെ കാലത്ത് ഈ വിഷയങ്ങൾക്ക് മുൻതൂക്കം നൽകി പരമ്പരകൾ നിർമ്മിച്ചാൽ നമ്മുടെ സ്വാതന്ത്ര്യകാംക്ഷികളായ സാമൂഹ്യസേവകർ അത് കണ്ടു പോകുന്നത് അവരുടെ തെറ്റല്ല. തീർച്ചയായും അത് നിർമ്മിക്കുന്നവരുടെ തെറ്റാണ്.

ഏറ്റവും രസകരമായ കാര്യം സ്ത്രീ സ്വാതന്ത്ര്യം അർഹിക്കുന്നു എന്ന് പാടി തുടങ്ങുന്ന ഇത്തരം പരമ്പരകളിലെ സ്ത്രീയുടെ സ്വാതന്ത്ര്യമാണ്. അതിലെ വേഷവിധാനങ്ങളാണ് അതിലേറെ രസകരം. യഥാർത്ഥത്തിൽ ആ പരമ്പരകളിലെ സ്ത്രീ കഥാപാത്രങ്ങൾ ഒന്നല്ലെങ്കിൽ മറ്റൊരുവിധത്തിൽ കെട്ടുപാടുകളിൽ ചുറ്റപ്പെട്ടു കിടക്കുന്നവരാണ്. പാട്ടും സീരിയലും തമ്മിൽ യാതൊരു ബന്ധവുമില്ല എന്നൊരു അവസ്ഥയാണ് അവിടെ ഉണ്ടാകുന്നത്.

എന്തൊക്കെ പറഞ്ഞാലും ഇത്തരത്തിലുള്ള പരമ്പരകൾക്ക് കുറവൊന്നുമില്ല. കഥയുടെ പോക്കാണ് ഈ പരമ്പരകളിലെ ഏറ്റവും



വിചിത്രമായ കാര്യം. പെരുച്ചാഴിയുടെ മാളം പോലെ ഒരു നീണ്ട പോക്കാണ്. ആ സമയത്തിനുള്ളിൽ പരമ്പരയുടെ ആദ്യഭാഗങ്ങളിൽ അഭിനയിച്ചവർ പരിപാടി നിർത്തുന്നു, മറ്റു പരമ്പരകളിൽ ജോലി നോക്കാൻ പോകുന്നു, എന്നിങ്ങനെ പല സംഭവങ്ങളും നടക്കുന്നുണ്ട്. അവസാനം പൊറുതി മുട്ടുന്ന പ്രേക്ഷകർ തന്നെ നിർമ്മാതാവിനോട് ചോദിച്ചു തുടങ്ങും. ഈ പരമ്പര എങ്ങനെ, എന്ന് അവസാനിക്കും എന്ന്. പ്രേക്ഷകർ ഇഹലോകവാസം വെടിഞ്ഞാൽപോലും പരമ്പരയുടെ വാസം തീരുമോ എന്നത് സംശയമാണ്.

അപ്പോൾ പ്രേക്ഷകരെ മനസ്സിലാക്കുന്ന നിർമ്മാതാവ് നമ്മുടെ ആദ്യത്തെ നായകനെയും നായികയെയും കൊണ്ടു വരും. കുറച്ച് വെളുത്ത പൊടി തലയിൽ തേച്ച് പിടിപ്പിച്ച് അവരുടെ ഒത്തുചേരലോടെ ഒരുവിധത്തിൽ 'സീര്യലാക്ഷി'യെ കൊന്നുകളയുന്നു. ചില നിർമ്മാതാക്കൾ ഇതു കൊണ്ടൊന്നും തൃപ്തിയടയാതെ പ്രേക്ഷകരോട് തന്നെ ചോദിച്ചു തുടങ്ങും. ചോദ്യം ഇങ്ങനെയാണ് ഇനി ഈ പരമ്പര എങ്ങനെയാണ് പോകേണ്ടതെന്ന് നിങ്ങൾ ഞങ്ങളെ എഴുതിയറിയിക്കുക. ഏറ്റവും നല്ല കഥക്ക് സമ്മാനവും വാഗ്ദാനം ചെയ്യുന്നു. അങ്ങനെ പ്രക്ഷകർ തന്നെ പരമ്പരകൾ തിരക്കഥയെഴുതി സംവിധാനം ചെയ്യാൻ തുടങ്ങുന്നു. ഉത്തരാധുനീക രീതിയിൽ ഇതിനെ നമുക്ക് അപനിർമ്മാണമെന്ന് വേണമെങ്കിൽ വിളിക്കാം. എങ്ങനെയുണ്ട് നിർമ്മാതാവിന്റെ ബുദ്ധി. എന്നിട്ടും പ്രേക്ഷകരുടെ എണ്ണത്തിൽ ഒരിക്കലും കുറവു വരുന്നില്ല. എന്നും പരമ്പര തുടങ്ങുന്നതിന് അഞ്ച് മിനിറ്റു മുമ്പ് തന്നെ അവർ ഇരിപ്പുറപ്പിക്കും. പരമ്പരയുടെ അവസാനം വരെ അവിടെ നിന്ന് എഴുന്നേൽക്കുന്നതിനെപറ്റി ചിന്തിക്കാനേ അവർക്കു തോന്നുന്നില്ല.

സീരിയൽ സമയങ്ങളിൽ കുടുംബനാഥയോട് ഒരാവശ്യമുന്നയിക്കുന്ന ഗൃഹനാഥനുള്ള മറുപടി അതെല്ലാം മറന്നേക്കൂ എന്നായിരിക്കും. ഏതെങ്കിലും കാരണവശാൽ പരമ്പരയുടെ ഒരു ഭാഗം കാണാൻ പറ്റിയില്ലെങ്കിൽ ഉടനെ ഫോൺ കോളുകളുടെ ഒരു നീണ്ട ശൃംഖലയാണ്. എന്താണ് ഞങ്ങളുടെ പ്രിയ നായികക്ക് പിണഞ്ഞത് എന്നറിയാൻ.

മാത്രമല്ല വീട്ടിൽ വരുന്ന ഏതൊരു അതിഥിയോടും താൻ കാണാത്ത ഭാഗത്തെ പറ്റി തിരക്കാൻ അവർ മറക്കാറില്ല. കേബിൾ കണക്ഷൻ ഇല്ലാത്ത വീടുകളിൽ സർക്കാർ സമയം കൊല്ലികൾ സുലഭമാണ്. ഇത്തരം സീര്യലാക്ഷികൾ കേരളീയരുടെ ജീവിതത്തിൽ വരുത്തുന്ന പ്രത്യാഘാതങ്ങൾ ഭീകരമായിരിക്കും.

ഇനി മറ്റൊന്ന്, ഏതെങ്കിലും വിധത്തിൽ ഒരു പരമ്പര അവസാനിപ്പിച്ചാൽ അടുത്ത ആഴ്ച മുതൽ തുടങ്ങും ഒരു പുതിയ പരമ്പര. അതേ സംവിധായകന്റെ അതേ അഭിനേതാക്കൾ അഭിനയിച്ച മറ്റൊരു പരമ്പര. ആദ്യത്തെ കഥയുടെ അവിടെയും ഇവിടെയും ഓരോ പുതിയ വ്യക്തികളെ ചേർത്ത് ഉള്ളവരുടെ സ്വഭാവങ്ങൾ ആദ്യത്തേതിന്റെ നേരെ വിപരീതമാക്കി വീണ്ടും ഒരു കഥ സൃഷ്ടിക്കുന്നു. കഴിഞ്ഞുപോയ പരമ്പരയിലെ വസ്ത്രങ്ങൾ, വീടുകൾ, എന്തിന് ഊണിലൊഴിക്കുന്ന കറിവരെ, പഴയതുതന്നെ. എങ്കിലും ഈ പുതിയ സൃഷ്ടിയെയും, മിഴി ചിമ്മാതെ നോക്കിയിരിക്കും നമ്മുടെ പാവങ്ങളായ പ്രേക്ഷകർ. എന്തായാലും ഞങ്ങൾ കാണും എന്നതാണ് അവരുടെ നയം.

അങ്ങനെ ഈ പരമ്പരകളുടെ ശൃംഖല സുഖകരമായി തുടർന്നു കൊണ്ടിരിക്കും. കാണുന്നവരെ മുഴുവൻ വിഢികളാകുന്ന മട്ടിലാണ് ഈ പരമ്പരകളുടെ സംപ്രേക്ഷണ രീതിയും. അര മണിക്കൂർ നീളമുള്ള പരമ്പരയുടെ ഇരുപതു മിനുറ്റും പരസ്യങ്ങളായിരിക്കും. അതുകാരണമായിരിക്കണം ഈ പരമ്പരകൾക്ക് ഇത്ര ആയുസ്സ്.

ചില പരമ്പരകളെ ഇടയ്ക്കു വെച്ച് കാണാതാവുന്ന സംഭവങ്ങളുമുണ്ടായിട്ടുണ്ട്. പക്ഷേ മറ്റൊന്നുണ്ട് ; ഇങ്ങനെ ദുരൂഹ സാഹചര്യത്തിൽ അപ്രത്യക്ഷമാവുന്ന പരമ്പരകളിൽ ചിലത് മറ്റു ചാനലുകളിൽ പ്രത്യക്ഷപ്പെടുകയും ചെയ്യാറുണ്ട് എന്നതാണ് വസ്തുത. ഒരിക്കൽ അപ്രത്യക്ഷമായി, പിന്നെ ഒരിക്കലും തിരിച്ചു വരാത്തവരും ഉണ്ട് കൂട്ടത്തിൽ. കോടതിക്ക് പരാതി നൽകി പരമ്പരകൾ പ്രദർശിപ്പിക്കുന്ന നിർമ്മാതാക്കളോട് പ്രേക്ഷകനു ചോദിക്കാനുള്ളത് ഇതാണ് ; ഇവരെല്ലാവരും ചേർന്ന് ദ്രോഹിക്കുന്ന ഈ പാവം പ്രേക്ഷകർ എവിടെയാണ് ചെന്ന് പരാതി പറയേണ്ടത് ?

അങ്ങനെ നമ്മുടെ ഇന്നത്തെ യുഗം ഒരു തുടരൻ പൈങ്കിളി യുഗമായി കൊണ്ടിരിക്കുന്നു. ഒരിക്കൽ വെറും വിനോദത്തിനായി നാം ഉപയോഗിച്ചിരുന്ന ടിവിയിലെ പരമ്പരകൾ ഇന്ന് നമ്മുടെ ജീവിതത്തിന്റെ ഗതിയെ തന്നെ അതിശക്തമായ രീതിയിൽ സ്വാധീനിച്ചു തുടങ്ങിയിരിക്കുന്നു. ഈ സ്വാധീനം അതിന്റെ അതിർ വരമ്പുകൾ ലംഘിച്ച് നമുക്ക് നിയന്ത്രിക്കാനാവാത്ത തലത്തിലേക്കാണ് പോവുന്നത്. എന്താണ് ചെയ്യേണ്ടത് എന്നറിയാതെ, നിഷ്ക്രിയരാകാതെ ഈ വിനാശകരമായ അവസ്ഥകളെയെല്ലാം, തുടങ്ങിവച്ച നമുക്കു തന്നെ, നിയന്ത്രിക്കാൻ കഴിയണം. അല്ലെങ്കിൽ നാളെ നമ്മുടെ ജീവിതത്തിലെ ദിനചര്യകൾ പോലും ഇവയ്ക്ക് വേണ്ടി, മാറ്റേണ്ട ഗതി വരും. ടി. വി. കാമകൾ ദൈനംദിന സംസ്കാരത്തെ നിയന്ത്രിക്കുന്ന ഒരു ഭീകരൻ 'ഡിസ്റ്റോപ്പിയ' യായിരിക്കും ഇതിന്റെ പര്യവസാനത്തിലുണ്ടാകുക. മിഴി ചിമ്മി പ്രതിഷേധിക്കുവാൻ പോലും മടി കാണിക്കുന്ന ഇപ്പോഴത്തെ ഭീകരൻ നിസ്സംഗതക്ക് നാം നമ്മുടെ തലയറുത്തുകൊടുത്തായിരിക്കും വില നൽകേണ്ടി വരിക.

**ആശ**

ഒന്നാം വർഷ സുവോളജി

# D- CINEMA, CINEMA FOR THE MILLENIUM

Hey man ! there is a new kid on the block. And, believe me ! He is causing some great turbulences. He is called digital cinema or 'D-Cinema'. He is alien to photo development laboratory and places like that. He has been digitally recorded and stored on disk drives that have been brought to the theatre, where it will be digitally projected as well. This developments in Cinema Programme delivery and projection are derived from the broadcast industries indended analogue - to - Digitial conversion, as it were from television based on the National Television System Commity (NTSC) standard to the digital format High - Definition TV (HDTV). D- Cinema is of great potential. With its help,studios can slash their production and distribution costs, while theatre operators would have greater leeway in what they show there audiences. And it is resistance to common wear and tear defects. Many are trying to invent a system which can aptly and economically use all the benefits of D-Cinema, but many drow blank. Even then only Texas Instruments Inc. (TI) and Huges-JVC Technology have struck gold. Apparentely TI as stolen a march on the rest. They have installed their D-Cinema projectors in five theatres.

**A LOOK BEHIND THE SCREEN.**

Basically the techniques for distributing and projecting movies have changed little since motion pictures when commercial allmost a century ago. Tools for the application of Digitial Technology date back only to the 1980's and early' 90s. The Japanese had developed an analogue high definition TV Technology using 1125 horizontal scanning lines and few movies were shot and stored on tape in that format.

Once the filimed or video taped 'rushes' are edited into a finished movie there transfered into a final master print that is duplicated for distribution and projection. In addition, the content of major motion pictures contains special effects that could only be released by using digital techniques.

Digital electronic projection has been around for a number of years, But not in Cinematic applications. It made its debut in teleconferencing and trade shows, for instance. But that isn't enough proof for using it in Cinema. For one thing, Cinema's are much larger, and for another, projected image must be brighter to appeal to a paying public. It is only as recently as in March 1999 a movie had been shown by a theatre size digital projection system, when a test film was transferred to HDTV and shown at a trade show for theatre owners in Las Vegas, Neveda, by June , the new Star Wars was being projected by to different prototyped systems being tested in four theatres.

The traditional motion picture projection involves an electro mechanical transport mechanism , which moves the film across the light field of a projector lens at a fixed speed of 24 frames per

second. With the help of the new technology we can have higher FPS (Frames Per Second). The two competing digital projection schemes are the digital micro mirror device of .Texas Instrumentants and the image light amplifier approach of Hugens-JVC Technology (HJT) Corp. of Carlsbad , California. Both prototypes reportedly produce resolutions approaching 2000 horizontal lines and contract ratios of 1000:1 for 35mm colour prints. Higher - quality 70mm prints have much higher resolution - about 3000 lines and contrast as great as 1200:1. But they are expensive. They cost above 11100000 Rupees each, with a near term target - say , in five years - of 44,40,000 Rs. . The contrast with the typical 222000 Rs. price tag of a high end commercial film projector points up one of the major obstacles to a digital projection roll out. The core of each DPS (digital projection system) is a proprietary device that transalate the digital signal into a visual image for projection on a screen. TI's DLP (Digital Light Processor) projector, is a digital micro mirror device (DMD), while Hughes - JVC Technology uses image light amplifier (ILP)

## TI'S DIGITAL MICRO MIRROR - THE PIONEER

The D- Cinema device is a micro mechanical optical system comprised of over 1.3 million movable microscopic aluminium mirrors which are built on a 23- by - 28mm silicon wafer. Three arrays constructs an image, with each one reflecting a primary colour : red, green or blue (RGB)

First, the RGB images are passed through separate beam splitting prisms, then converged in a lens system to produce an array of points, which creates the image on the screen. The beam - splitting prism separates two light paths one from the light source to the micro mirrors, the other from the micro mirrors through the lens systems to the screen.

The basic mechanism of constructing colour is the same as that used in conventional colour TV. All colours one produced by the linear summation of each of the R,G and B beams. But here it is the orientation of each of the micro mirror that commands the proportion of primary colours in the complete picture element, or pixel. The orientation is controlled by applying individual R,G and B digital signals to each array. The amout of light rejected from digital micro mirror device is controlled by changing the reflection angles of 10 $\mu^2$ aluminium mirrors. A 1280 -by-1024 array can provide movie - quality resolution. Each mirror 1$\mu$ m from its neighbours, has a mounting hole through which it is fastened by a post to its own controller - micromechanical hinge. The mirrors and hinges all rest on a 23-by - 28 mm silicon wafer.

## THE IMAGE LIGHT AMPLIFER

HJVC takes an all electronic approach. They derived it from the commonly used analog color - video projector. In it each frames image is broken down to primary colours which then displayed on three seperate cathod ray tubes (CRTS) The three images thus obtained are projected through a three lens sytem whcih converge on a screen producing the final picture.

Same as the analogue version, HJVC system also uses CRT in its first step but then inserts an iamge light amplifier (ILA) after each one. It is to boost the intensity of light coming out of the projector.

Actually the amplifier is a light modulator which creats a high intensity output from a low - level one. The intensity boost is done by a white light from a 7000 - W xenon arc lamp. The light is seperated by three dichroic miorrors into high intensity red, blue and green beams. On one side, the ILA accepts the CRT produced image through a one - way mirror and a l ight blocking layer, the image shows up on the front face.

One of the primary colours from the arc lamp also strike the fornt of each light amplifier and an intensified light modulated image in reflected back from the one way mirror through the beam splitter and out through the projection lens. On averge, about 95 percentage of light incident on the front of the amplifier is reflected back.

At the same time, the amplifier keeps the image in put well isolated from the light input of the arc lamp. If it is not so, then high intensity primary colour can destroy the image on the CRT. It is the projection lens which focuses and magnifies the amplifier's out put image onto the screen, where the three primary colurs are converged.

## REINS

More than the issue of price, their issue of image quality demands more attention. The image reach of the equipment is less than that of conventional projectors. That is, as distance between screen and projector increases, their ability to deliver a high light level image decreases.

But the most important process is that of image quality. The image produced by these equipment suffers from digital tiling. That is, the images have descrete boundaries becuase the pixel elements are rectangular. Due to this, the picture have a Fill factor of 85 percent - that is 15 percent of the image area consists of voids where the colours

do not quite converge. Fill factor for T1 system is 95 percent.

Present digital equipments can match the performance of 35mm movies, but they are not par with 70 mm movie. But most of the big budjet movies use 70 mm format. Another minute problem is that digital program transfered from the film master cannot be used to produce copies for home video use. But a solution for this problem is expected around 2002.


## UNIQUE BENEFITS

First and foremost, movie studios will no longer have to produce and pay for myriad physical prints of every movie, nor will they have the expense of delivering them to the theatres and replacement of copies due to wear and tear will be eliminated. Many prints are stolen each year in the course of seing delivered and then copied illegelly (such a case was reported by Raj Kamal films that a print of the film Hey Ram which they sent to Latha Theatre, Muvattupuzha has been stolened which led to the arrest of some members of a inter state video copying mafia.) In new technology, we can deliver movie to several theatres simultaneously through an optical case network or by orbiting satellites. It will slash costs and of course will eliminate the possibility of theft. In this way even camcoder copies made from studios can be traced because each electronic transfer could be uniquely branded.

## THE FUTURE

In the opinion of David Schnuelle of Avica Technology, the real questions before digital projection catches on have to do not with technology, but with business issues faced by theatre owners. Still, it would take a hefty sum to upgrade the projection equipments even if the projector makers hit their coast targets. Audio system updating will add to that sum. The existing equipments will also cause some problems. Several economizing suggestions have been put forward but none was greeted warmly by theater owners.

But there are many suggestions for them in store. Some of them are that when they are using digital equipments, they can display live HDTV events like Concert, sporting events, play etc. Another is that, with a digital projector in every screening room, multiplex man-




agement could almost instantly add to the number of screens to meet basic demand. Many are working on these facts and by the end of 2002, solution for this is expected. Being once cleared from economy problem, there is no one who can challenge the growth of so called digital cinema and most probebly, within five years, around eighty percent of multiplexes and fourty percent of theatres would house the new innovations. So, lets be prepared for the magic to be unfolded.

(H.I. Peter)



**Anoop Kumar A.S.**
IInd B.Sc. Chemistry

# ഇരിങ്ങാലക്കുട
# ടൗൺ സഹകരണ ബാങ്ക് ക്ലിപ്തം

**ഇരിങ്ങാലക്കുട. ഫോൺ : 825379, 827379, 827279**

## ഡിമാന്റ് ഡ്രാഫ്റ്റുകൾ ഇന്ത്യയിലെ ആയിരത്തിലധികം സെന്ററുകളിലേക്ക് ലഭിക്കുന്നതാണ്.

- സംസ്ഥാനത്തെ അർബ്ബൻ സഹകരണ ബാങ്കുകളുടെ മുൻനിരയിൽ
- സേവനത്തിന്റെ 82-ാം വർഷത്തിൽ
- പണ്ടം പണയ വായ്പ പലിശ 14%
- നിക്ഷേപങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷയും ഉയർന്ന പലിശയും
- 5 ലക്ഷം രൂപ വരെയുള്ള വിവിധതരം വായ്പകൾ
- വൈകിട്ട് 3.30 വരെ എല്ലാ ബാങ്കിംഗ് ഇടപാടുകളും (ശനിയാഴ്ചകളിൽ ഉച്ചക്ക് 12.30 വരെ)
- നട ബ്രാഞ്ചിൽ ഈവനിംഗ് കൗണ്ടർ ഉച്ചതിരിഞ്ഞ് 5.30 വരെ (ശനിയാഴ്ചകളിൽ വൈകീട്ട് 3.30 വരെ)

## ഇരിങ്ങാലക്കുട ടൗൺ ബാങ്ക് - മേഖലക്ക് അഭിമാനം

**എം. പി. ജാക്സൺ**
ചെയർമാൻ

**ടി. കെ. ദിലീപ്കുമാർ**
ജനറൽ മാനേജർ



MANMATE

MEN'S READY WEAR SHOP

**SOUTH CHALAKUDY**

*Best Compliments from :*

MANNAM MEMORIAL


**MICRO FOCUS**


COMPUTER EDUCATION

2nd Floor, NSS Bldgs., Nada, Irinjalakuda

*Job oriented software training*

- Regular Courses
- Short term Courses
- Gulf Oriented Courses
- DTP & Image Processing
- Internet training
- Software Development





Joy Lucks Cupboard World

**USHUS BUILDING, OPP. BARODA BANK**

TANA - IRINJALAKUDA - 680 121

PH : 823715, 823716

*With Best Compliments from :*



# ALUKKAS JEWELLERY

## GOLD SUPER MARKET

***Round East, Trichur - 1***

# വിക്ടറി ഐ.ടി.സി.

Head Office:
M.O. റോഡ്, തൃശ്ശൂർ, ഫോ. 440603 & 441581
Annex : ഒല്ലൂക്കര ( N.C.V.T. - Centre)

Permanently Affiliated to Govt. of India - NCVT & Govt. of India - AICTE -CEP & Recognised by Govt. of Kerala & ചെയിൻ സർവ്വേ സ്കൂൾ (ഗവ. അംഗീകൃതം)

99 ജൂലൈയിൽ പ്രസിദ്ധീകരിച്ച ഗവ. ദ്വിവത്സര എഞ്ചിനീയറിംഗ് ഫലങ്ങളിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിജയം നേടി (Ist, IInd, IIIrd Class വിജയികൾ 86) NCVT - All India Trade Test July 99 ലെ റിസൽട്ട് (Electronics- 85%, Mechanic Motor Vehicle (MMV) 96%, D/Civil 100%, Ref. & AC (MRAC) 96%

വിവിധ എഞ്ചിനീയറിംഗ് ഗ്രൂപ്പുകളിൽ പരിശീലനം തുടരുന്നു. (Boys & Girls)
NCVT (ITI - Draughts man Civil, Electronics Mechanic, Surveyor, Refrigeration & Air Conditioning Mechanic, Mechanic Motor Vehicle.

KGCE & DIP . IETS/AITES (Civl, Automobile, Electrical, Mechanical, Refrigeration & AC, , Electronics & Communication, Radio & TV)
ഗവ:അംഗീകൃത ചെയ്യിൻ സർവ്വേ (കാലാവധി 3 മാസം)

Short Period - DIP/Certificate - Auto Electrician; Auto cad Draftsman, Wireman, Plumber, Turner, Fitter, Welder (Gas, Arc,Tig) X-ray welder, Motor Driving, Automobile/Motor Mechanic etc.

Govt. of India recognised 3 year DIP.IETE (Electronics & Tele Communications) Mechanical (T-Engg - Automobile/Production) Computer (Long term & Short term) - PGDCA, DCA, Auto Cad, DTP, M.S Office, Multimedia, Windows -95,98, Office Automation etc.

അർഹരായവർക്ക് ആനുകൂല്യങ്ങൾ, ട്രെയിൻ, ബസ്സ് കൺസഷൻ, താമസ സൗകര്യങ്ങൾ, വിശദമായ പ്രോസ്പെക്ടസ്സിന് 50 ക. നേരിട്ടോ തപാലായോ അടയ്ക്കുക.

# സിന്ധുതീരേ........

സിന്ധു തീരേ
ഇങ്ങു ദൂരെ
സംസ്ക്കാരം പത്മാസനത്തിൽ
സമാധിയുറങ്ങും മണ്ണിൽ
ഞങ്ങളിപ്പോഴിണ ചേരുന്നു;
ഭിന്നിതങ്ങളുടെ ലയം തേടുന്നു.
സ്ത്രീയും ·പുരുഷനും.

കളിമണ്ണിന്റെ മോഹത്തിൽ
കാമം പ്രാണനൂതവേ, ഞാൻ
നിന്റെ ഗർഭാശയത്തിനർത്ഥനാഗീതിക്കു
രതിയുടെ തീവ്രമാത്രകളാൽ
താളം മീട്ടവേ
കൂമ്പും ആസക്തി നനയും
ഇണയുടെ മൃഗതയനങ്ങളിലവനെ
ആ ഉണ്ണിയെ കണ്ടു ഞാൻ




അവൻ
എറിത്രിയയിൽ ചിലപ്പോളെത്യോപ്യയിൽ
കരിയുമൊരു മനുഷ്യത്തളിര്
ഇത്തിരി പ്രാണനിൽ പടരും മൃത്യുകാളിമ
നിലാവൊടുങ്ങുമാ കൺകൾ കണ്ടെ
ന്നിന്ദ്രിയങ്ങളിൽ സ്നേഹം വരണ്ടു
നിൻ നെടുനിശ്വാസ ചൂടേറ്റ്, സൃഷ്ടി
മറന്നെന്റെ ബീജങ്ങൾ പുളഞ്ഞു
നിന്റെ മണ്ണേല്ക്കുമോരോ ശവത്തിനും
ദൂരെയായിരം കഴുകകൾ കണക്കിടുമ്പോൾ
ഇണയുടെ മേനിതൻ തരളിമയാകെ
ചിതപോലെന്നിലേക്കാളുന്നു
കറുത്ത ദുരിതങ്ങളിലേയ്ക്കുമോർ പിന്നെയും
പിന്നെയും നിന്നെ പെറ്റിടുന്നല്ലോ
സ്ത്രീയിൽ നിന്നടരുമ്പോൾ കാമം കെട്ട
യെന്റെ കരളിലിനിയൊരു തീക്കുണ്ഡമെരിയുന്നല്ലോ
കാലമൊരുണങ്ങിയ മുലക്കണ്ണായി
കരിഞ്ഞെന്നുണ്ണിക്കു മുന്നിൽ കരയവേ
ഇവിടെ തിമിർക്കുമീ മഴ, പ്രപഞ്ച –
മനസ്സാക്ഷിതൻ സൂചി മുനക്കുത്താവുന്നു
ഇനി വയ്യായൊട്ടുമേ, അയ്യോ ! വയ്യ

ഇനിയിതാ ഞാനെൻ രേതസ്സീ
മണ്ണിനഗാധതയിലേക്കൊഴുകുന്നു
ദൂരങ്ങളിപ്പുറെനിന്ന് നിനക്കായൊരു


പച്ച മനുഷ്യന്റെ വിരക്തബലി
നിന്റെ കനൽ മണ്ണിൽ കുളിരൂറുമൊരു
നനവെങ്കിലും പടരാൻ
കാരണമറിക, നീയോ ഉണ്ണി
എന്റെ നഗ്നതയുടെ മൃദുല സുഖങ്ങളിൽ
തറയും ഇരമ്പാണി പീഡപോലെ!

അനുബന്ധം

ജീർണ്ണിച്ച മനുഷ്യത്വം നാറു
മെന്റെ സംസ്ക്കാരത്തിന്നസ്ഥികൂടം
പൊട്ടിത്തെറിച്ചു!
അതിൽ വന്യമാം
പ്രചണ്ഡസ്ഥായികളിൽ, കാലം
ഞെട്ടിത്തെറിച്ചു
പക്ഷേയിങ്ങുദൂരെ.
സിന്ധു തീരേ,
പിറക്കാതെ പോയൊരായിര
മുണ്ണികൾക്കായി ഗർഭപാത്രം
കൈക്കൊട്ടിയാർത്തുചിരിക്കുമ്പോഴും
എന്റെയുണ്ണീ,
തുടകളിൽ ചിറകുകൾ
പിണയുന്നതെന്തിനെന്നറിയാതെ
കുരിശുമരണം, അവൾ സഹിക്കുന്നു
ബലിയും ജീവനുമൊന്നാകുന്നു
ഭിന്നിതങ്ങൾ ലയം ചേരുന്നു.




**ഫിജോ ജോസഫ്**
ഒന്നാം വർഷ ഫങ്ഷണൽ
ഇംഗ്ലീഷ്



# മിയാ കുൾപാ..
## (എന്റെ പിഴ)

റഷ്യയുടെ ചരിത്രത്തിൽനിന്നും ഒരു താള് കൂടി മറയ്ക്കപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ ഒമ്പതുവർഷത്തെ ഭരണമവസാനിപ്പിച്ച് ബോറിസ് യെത്സിൻ പടിയിറങ്ങുമ്പോൾ അധികാരത്തിന്റെ താക്കോൽ വ്ലാഡമീർ പുട്ടിൻ എന്ന ചെറുപ്പക്കാരനായ മുൻ കെ.ജി. ബി. ഉദ്യോഗസ്ഥനെ ഏൽപ്പിക്കാൻ മറന്നില്ല.

യെത്സിന്റെ കിരാത ഭരണത്തിനു ശേഷം ആക്ടിംഗ് പ്രസിഡണ്ടായി സ്ഥാനമേറ്റെടുത്ത പുട്ടിൻ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 52% വോട്ടു നേടി പ്രസിഡണ്ടു സ്ഥാനത്തുനിന്നും വിജയിച്ചിരിക്കുകയാണ്. പ്രവചനങ്ങളെ തകർത്തെറിഞ്ഞ ഈ വിജയത്തിൽ ചിലരെങ്കിലും ഉള്ളിൽ ഒരു സംശയത്തിന്റെ കണിക സൂക്ഷിക്കുന്നുണ്ടാകും, ഇതെങ്ങിനെ സംഭവിച്ചുവെന്ന് ? വയോവധികനും മദ്യപാനിയും അതിനേക്കാളേറെ ഭൂരിഭാഗം റഷ്യക്കാരാൽ വെറുക്കപ്പെട്ടവനുമായ യെൽസിന്റെ പിൻഗാമി വെറും മൂന്നുമാസം കൊണ്ട് ആ ജനതക്ക് ഇത്രയും പ്രിയപ്പെട്ടവനായിത്തീർന്നതെങ്ങിനെ?

ഉത്തരം ഒന്നേ പറയാനാകൂ. ചെചൻ റിബലുകൾക്കുനേരെ പുട്ടിൻ ഉയർത്തിപിടിച്ച ഉരുക്കുഹസ്തം. ചെച്നിയയിലെ ആയിരക്കണക്കിന് മനുഷ്യകോലങ്ങളെ തോക്കുകൊണ്ടും ബോംബുകൊണ്ടും മര്യാദ പഠിപ്പിക്കുന്ന പുട്ടിൻ സ്പെഷ്യലിൽ, സ്വതവേ റൊമാന്റിസിസ്റ്റുകളായ റഷ്യക്കാർ വീണുപോയെന്നേ പറയേണ്ടു.

പക്ഷേ, പുടിന്റെ ജനപ്രീതിക്കും സിംഹാസനാരോഹണത്തിനുമൊക്കെയപ്പുറത്ത് വിളറിപിടിച്ചിരിക്കുന്ന ഒരു യാഥാർത്ഥ്യമുണ്ട്. ആർക്കുവേണ്ടിയായിരുന്നു ഈ കുരുക്ഷേത്രം ?! ചെച്നിയയിലെ മുസ്ലീങ്ങളുടെ രക്തക്കറ പുരണ്ട കൈകൾ ആഗോള മാനവികതക്കു തന്നെയൊരു ഭീഷണിയായിതീരുമ്പോഴും, കൊസോവോയുടെ പേരിൽ കണ്ണീരൊഴുക്കിയ യാങ്കിപട ബോധപൂർവ്വം ചരിത്രം മറക്കുന്നു. ചോദ്യങ്ങൾ ഇവിടെ ഉയരുകയാണ്.

ഗ്രോസ്നിയയിലെ മരണം മണക്കുന്ന തെരുവീഥികളിൽ വിശപ്പിന്റെ വിലാപം, മരംകോച്ചുന്ന തണുപ്പിൽ കണ്ണുനീരിന്റെ അലച്ചിൽ..... മാറത്തടിക്കുന്ന അമ്മമാർ, ആകാശത്തിന്റെ അനന്തതയിൽനിന്നും തങ്ങളുടെ നാളെയെ ഉന്നം വയ്ക്കുന്ന തീഗോളത്തെ സ്വപ്നം കണ്ടുണരുന്ന പുരുഷന്മാർ...., ഗ്രോസ്നിയയിൽ മരണമണികൾ മുഴങ്ങുന്നു. ക്രെംലിനിൽ മധുരം പങ്കുവയ്ക്കപ്പെടുന്നു. പക്ഷേ, കണ്ണീരുറവ വറ്റാത്തവൻ സ്വന്തം മനസാക്ഷിയോടെങ്കിലും ചോദിക്കുന്നുണ്ട്, ചെച്നിയ എന്തു പിഴച്ചു ?

മറ്റു സോവിയറ്റ് രാജ്യങ്ങൾ ചെയ്തതുപോലെ സ്വാതന്ത്ര്യം ആവശ്യപ്പെട്ടതോ ? അഥവാ, അതിൽതന്നെ എന്താണ് തെറ്റ് ? സത്യം കാഠിന്യമേറിയതാകുന്നു. ചെച്നിയ തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്ന് റഷ്യ പറഞ്ഞപ്പോൾ അതംഗീകരിക്കുവാനും റഷ്യക്ക് സ്തുതി പാടാനും ഭാരതവുമുണ്ടായിരുന്നു.

കഴിഞ്ഞ വർഷം സെപ്തംബറിൽ മോസ്കോയിലും, വോൾഗോഡോൺസ്കിലും രണ്ടു സ്ഫോടനങ്ങൾ കൂടി നടന്നതിനുശേഷം റഷ്യക്ക് ഇരിക്കപ്പൊറുതിയില്ലാതായി. ഭ്രാന്തുപിടിച്ച മുസ്ലീം വർഗ്ഗീയതയേയും ഭീകരവാദത്തേയും മുച്ചൂടും നശിപ്പിക്കും എന്ന പ്രതിജ്ഞയെടുത്തിട്ടാണല്ലോ, പുടിന്റെ സൈന്യം ചെച്നിയൻ പാളയങ്ങളിലേക്കിരച്ചുകയറിയത്. ചെച്നിയയിലെ ഓരോ സാധാരണക്കാരനും മുസ്ലീം തീവ്രവാദത്തിന്റെ പ്രതീകമായി റഷ്യൻ പടക്കോപ്പുകൾക്കുമുന്നിൽ പിടഞ്ഞുവീഴുമ്പോൾ, അങ്ങകലെ ക്രെംലിനിൽ തന്റെ സിംഹാസനമുറക്കുന്നതുകണ്ട് പുടിൻ ചിരിക്കുകയായിരുന്നു. ചരിത്രത്തിന്റെ അനിവാര്യതയെന്ന് ബുദ്ധിജീവികൾ മുഖം തിരിക്കുമ്പോഴും റഷ്യയുടെ പടക്കോപ്പുകൾ കണ്ട് ലോകപോലീസുകാരെന്ന് വീമ്പിളക്കുന്നവർ തരിച്ചിരിക്കുമ്പോഴും, ചിരിക്കാൻ പുടിൻ മറന്നിട്ടുണ്ടാവില്ല.

പക്ഷേ, പുടിന്റെ ചിരിക്ക് അൽപ്പം മങ്ങലേൽപ്പിച്ചുകൊണ്ടാണ് ലോസ് ആഞ്ചലസ് ടൈംസിൽ മൗരാ റെയ്നോൾഡ്സ് എന്ന റഷ്യൻ കറസ്പോണ്ടന്റ് കഴിഞ്ഞ മാസം എഴുതിയത്, ഭീകരമായ സത്യം മൗറ വെളിച്ചത്തു കൊണ്ടു വന്നപ്പോൾ ഞെട്ടിയത് പുട്ടിൻ മാത്രമല്ല, ലോകമനസാക്ഷി തന്നെയായിരുന്നു.

അളവറ്റ എണ്ണ സമ്പത്തിനാൽ അനുഗ്രഹീതമായ ചെച്നിയയെ ഒരു സ്വതന്ത്രരാജ്യമായി കാണാൻ റഷ്യ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. 1991 ൽ ജൗഹർ ദുദായേവിന്റെ നേതൃത്വത്തിൽ ചെച്നിയ സ്വാതന്ത്ര്യം പ്രഖ്യാപിച്ചപ്പോൾ റഷ്യ അവർക്കെതിരെ യുദ്ധ പ്രഖ്യാപനം നടത്തി. ചെച്നിയക്കാരുടെ ധീരമായ ചെറുത്തുനിൽപ്പിന്റെ ഫലമായി യെത്സിന്റെ റഷ്യക്ക് പരാജയം സമ്മതിക്കേണ്ടിവന്നുയെന്നത് ചരിത്രം. അതൊരു മുറിവായി റഷ്യയുടെ മസ്തിഷ്കത്തിലുണ്ട്.


അതിനു പ്രതികാരം ചെയ്യാനായി സ്വന്തം നാട്ടിലെ രണ്ട് സ്ഥലത്ത് അവർ തന്നെ സ്ഫോടനം നടത്തി കുറ്റം ചെച്നിയൻ റിബലുകളുടെമേൽ കെട്ടിവയ്ക്കുകയായിരുന്നുവെന്ന് മൗറ തെളിവുകൾ സഹിതം പറയുമ്പോൾ മനസ്സാക്ഷി നടുങ്ങിപോകുന്നു. മൂന്നാമതൊരു സ്ഫോടനംകൂടി നടക്കേണ്ടിയിരുന്നതാണെന്നും സ്ഫോടകവസ്തുക്കൾ ജനങ്ങൾ നേരത്തെ കണ്ടെത്തിയതിനാലാണ് അതുണ്ടാകാതിരുന്നതെന്നും അവർ പറയുന്നുണ്ട്. നോക്കൂ, പുടിന്റെ പൈശാചിക ബുദ്ധി ! ഈ സ്ഫോടനങ്ങൾക്കുശേഷം ചെച്നിയക്കാർ ഭീകരവാദികളാണെന്ന് സ്ഥാപിച്ചെടുക്കാൻ പുടിനു കഴിഞ്ഞു. അതിനാൽ തന്നെ, ചെച്നിയയെ ആക്രമിച്ചു നിലം പരിശാക്കാനും.

പുട്ടിനും കൂട്ടരും മുതുകിൽ മുളച്ച ആൽമരത്തിന്റെ തണലിൽ ഊറ്റം കൊള്ളുമ്പോൾ, മഹാ വിപ്ലവം നടന്ന നാട് ചരിത്രത്തിന്റെ കണ്ണുനീരിൽ കുതിരുന്നു. പാവപ്പെട്ടവന്റെ ചോരവിയർപ്പിൽ കോട്ടകൊത്തളങ്ങൾ കെട്ടിയുണ്ടാക്കുന്ന മധ്യകാല സാറിസ്റ്റ് സംസ്കൃതിയിലേക്ക് തിരിച്ചുപോകുകയാണോ റഷ്യ ? ഗ്രോസ്നിയയുടെ രാത്രികളിൽ മരണത്തിന്റെ വിത്തുപാകിയ പുടിന്റെ സിംഹാസനം ചോരയുടെ കൊഴുപ്പിൽ ഒഴുകിപോകില്ലെന്നാരു കണ്ടു ?

ചെച്നിയക്കാരുടെ വേദനയിൽ റഷ്യ ആഹ്ലാദിക്കുന്നുണ്ട്. അതിന്റെ തെളിവാണല്ലോ പുടിന്റെ തിരഞ്ഞെടുപ്പ് വിജയം. ഒരിക്കൽ മുസ്സോളിനി പറഞ്ഞ കാര്യമാണ് ഇപ്പോഴോർമ്മയിൽ വരുന്നത്.

'ജനക്കൂട്ടം പെണ്ണിനെപോലെയാണ്. വീരന്മാരെ ആരാധിക്കും. പീഢകൾ സഹിക്കുമ്പോഴല്ല, അവ ഏൽപ്പിക്കുമ്പോഴാണ് ഒരാൾ വീരനാകുന്നത്. മരണമല്ല കൊലയാണതിന്റെ മാനദണ്ഡം.'

ശരിയാണ്, പുടിൻ വീരനാണ്. അനേകശതം ഗ്രോസ്നിയക്കാരേയും, സ്വന്തം ജനങ്ങളെ തന്നെയും കൊന്നു തള്ളിയ നേതാവ് ആ ജനതക്കു വീരൻ തന്നെ. പ്രസിഡണ്ട് പദമലങ്കരിക്കാൻ ഇതിലും യോഗ്യൻ വേറെയാരുണ്ട് ?




**അഖിൻ രാജ് ആന്റണി**
രണ്ടാം വർഷ ഫങ്ഷണൽ ഇംഗ്ലീഷ്

# Success by Imagination

Hi, Guys & Gals of Christ College! Howdy ? Fit as a fiddle ? Thought I'd discuss something with you that is somewhat new & yet not so new. Most of you, I'm sure, will flip past this and go for other interesting titles. Hey, don't think I'm underestimating myself by thinking that I won't have many readers. But I just know that almost everybody is more interested in reading stories and poems than dry articles based on facts. Very often, I too feel like that. But just try reading this and see if its of any help to you.

Most of us are now at a stage of life where we have to decide what to do with our future. We have to choose a career, set a definite goal and work towards achieving it. But the most important question to ask ourselves is - How many of we have this goal ? Only if we have a target can we shoot it. We should, first of all, have a goal in mind. One of the most important aspects of goal - setting is visualization. Of course, you have to work hard to achieve the goal, but visualizing how to search your goal always helps considerably. I would like to discuss this topic with you as I have found it very effective in many instances.

Just about a month back, I had to take a test in which, I desperately wanted to pass. This made me very nervous on the day of test though I was very well prepared and was bound to get through without any difficulty. There were two parts to the test. The first part was a flop for me since my nervousness caused me to do it badly. Fortunately, the authorities let me take the second art. There was a one hour gap between the two parts. during this



me, my father, who is always a great elp at such times, told me to relax and nade me visualize the second part of he test. He told me to think myself as spectator while I took the test. I was old to see myself taking the test very confidently and getting through successfully. It had a miraculous effect. By the time I finished, my nervousness was completely gone and I found myself bursting with self confidence. And sure enough. I passed the test without any further ado.

A lot depends on how we prepare our mind to the outcomes of our actions. (New discoveries in the Science of Cybernetics all point to the conclusion that the physical brain and the nervous system make up a servo - mechanism). The famous plastic surgeon, Dr. Maxwell Maltz says that many of his patients are completely cured after surgery, i.e there is a change in personality. But in many cases, the opposite happens. According to him, this is beca'  e many patients visualize themselves as not cured. That is, though they were physically cured, they behaved and acted as if they had ugly scars or fcial distortions because even after surgery their self-image is not changed.

In the concept of NLP (Neuro Linguistic Programming) devised by Richard Bandler and John Grinder, there are four steps to success.

1) Know what you want
2) Take Action
3) Learn to notice the result of your action
4) Be prepared to change your behaviour to get what you want.

So, the first step is to know exactly what you would like to have. Only after knowing what you want can you work for it. Here comes in the visualization. Constantly visualizing your goal will automatically lead to dreaming about the different ways by which you can reach your goal. And thus, you may be able to find ways to reach even the most unlikely and seemingly impossible goal.

A study of Yale University's graduating students of 1953 exemplifies this point. The students were asked to write down their specific goals and also how they thought they were going to achieve it. Only 3% of the students had clear ideas. In 1973, when the same people were interviewed, the 3% with clear ideas 20 years back were found to be more well placed in all aspects of life than the remaining 97% put together.

Of course, you have to work towards achieving your goal. You have to put your ideas into practice and see how they turn out. And then the defects in them are to be removed, to make them perfect.

Creative imagination is not a reserved area for poets and philosophers with fines for trespassing. Only, it is held prisoner, surrounded by barbed fences and high stone walls in our minds. If we just issue a releasing order, it can work miracles for us. For imagination sets the goal "picture" in our minds. Even from early childhood, we imagine various impossible things that may never turn out to be true. In the early times, man may have dreamed to fly like birds. This dream was passed on to subsequent generations until the wright brothers made it a reality. This is how things go about in the world. We act, or fail to act, not according to our will-power, but according to our perceptions, beliefs and imaginations. This is the basic, fundamental law of the mind.

Before the mind can work effectively, we must develop our perception of our expected outcomes. In our day to day life, we perceive or visualize the outcome's of our actions unconconsciously & automatically. For example, if given exactly the same amount of ingredients to two people and told to make the same dish, there is bound to the at least a slight difference in both their dishes. The season is the difference in their perception of the taste or apearance of it after they have made it. Even while writing this article, I find myself visualizing and the scores of students reading it from their copies. So, if we do visualize unconsciously, why don't we try doing it with full concentration ? It's easy to actually. You just have to let your imagination go wild. Day-dreaming is what everyone dows. Dream about your goals. Visualization is a relaxed way of intense meditation. It improves your power of concentration and boosts up your confidence. So try doing it and make a habit of it. Then my dear friends, mark my words, you are sure to find yourself speeding up the way to success. All the Best !



**Sreedevi. P.**
**Ist B.A. Functional English**

# അനപത്യദുഃഖം




ദീപക് ഡേവിസ്
ഒന്നാം വർഷ ബി.എസ്.സി.



അന്നും പതിവുപോൽ ഞങ്ങളാമുറ്റത്ത്
കിന്നാരം ചൊല്ലി രസിച്ചിരിക്കെ,
തെല്ലുമെലിഞ്ഞൊരു സുന്ദരിപ്പെൺകിടാ-
വങ്ങുവന്നെത്തി, യവൾക്കൊപ്പം
കുഞ്ഞുടുപ്പിട്ടൊരു കുഞ്ഞുണ്ട്, ചൊല്ലുന്നു
കുഞ്ഞവൾതൻ കൊച്ചു പെങ്ങളത്രേ !

ദൈന്യതയോടവൾ നീട്ടിയ പേപ്പറിൽ
കണ്ണുപായിച്ചതിൻ ശേഷമെൻ പ്രേയസി
മെല്ലെയെഴുന്നേറ്റകത്തു ചെന്നിട്ടൊരു
പിന്നിയതെങ്കിലും നിറം മങ്ങിയൊരാസ്സാരി
തെല്ലുകൊതിയോടെ നീട്ടിയൊരക്കയ്യിൽ
സമ്മാനിച്ചേനവൾ സ്നേഹപൂർവ്വം
കുഞ്ഞിക്കിടാവിന്റെ നീട്ടിയ കൈകളിൽ
വെള്ളിയുറുപ്പിക സമ്മാനിച്ചവൾ.

നന്ദിവാക്കോതി, പിരിയും മുമ്പാക്കൊച്ചു-
പെൺകൊടി മെല്ലെയരികിലെത്തി
അമ്മേ ! വിശക്കുന്നു വല്ലതും താ, യെന്നു
കൊഞ്ചും മൊഴിയാലെ ചൊല്ലി നിൽക്കെ,
ഉള്ളു പിടഞ്ഞു പോയിയെൻ പ്രേയസി
തൻ കണ്ണു നിറഞ്ഞു തുളുമ്പിപ്പോയി !

തോളത്തെ ഭാണ്ഡത്തിൽ നിന്നവൾ
നീട്ടിയ പൊട്ടിയ പിഞ്ഞാണത്തിൽ
കൊണ്ടു വിളമ്പിനാനുപ്പിട്ട കഞ്ഞിയും
തൂശനിലച്ചാർത്തിൽ ചമ്മന്തിയും
ആർത്തിയോടെ വാരി ഭക്ഷിച്ചതും
നോക്കി വാത്സല്യത്തോടെ നിന്നാളവൾ.

പിന്നെ പിറക്കാത്ത കുഞ്ഞിനു നൽകുവാൻ
പൊന്നുപോൽ സൂക്ഷിച്ച കുപ്പിവളകളും,
വർണ്ണാഞ്ചിതങ്ങളാം മുത്തുകളാൽ തീർത്ത
ചേതോഹരങ്ങളാം ഹാരങ്ങളും
മന്ദസ്മിതം തൂകി നിൽക്കുമാക്കുഞ്ഞിന്റെ
കുഞ്ഞിക്കരങ്ങളിൽ അർപ്പിച്ചവൾ.



തുള്ളിത്തുളുമ്പും മിഴിയാലവളെന്റെ
നെഞ്ചിൽ തലതാഴ്ത്തി തേങ്ങി നിൽക്കെ,
മെല്ലെത്തഴുകി സമാശ്വസിപ്പിക്കവേ
തിങ്ങി നിറഞ്ഞ വിഷാദമൊതുക്കുവാൻ
നന്നേ പണിപ്പെടുന്നേരമോർത്തേൻ
എന്നും കിനാക്കളിൽ നാമമൃതൂട്ടുന്ന
പൊന്നോമനയല്ലി ക്കൊച്ചു പൈതൽ ?

CMC Limited

(A Govt. of India Enterprise)

*Offers*

# eDAST

CMC COMPUTER EDUCATION

**Diploma in Advanced Software Technology**
With Internet & Web Technology

**Semester: 1. Certificate in Information Technology (CIT)**

- Introduction to IT, GUI Concepts, Win 9x,Office 2000,
- RDBMS Concepts and MS Access
- Internet and Web page design, Web Publishing using PWS and FrontPage
- Introduction to XML, Project

**Semester: 2. Certificate in UNIX, C, C++ (CUCC)**

- UNIX and shell programming
- Programming in C & Data structure
- OOPS concepts using C++ project
- Project, Personality Development

**Semester: 3. Certificate in Database Technology (CDT)**

- Visual Basic 6.0
- Java
- Oracle 8i
- Software Engineering Concepts, Seminar, Project

**Semester: 4. Certificate in Java Prog. & E-Com (CJEC)**

- Advanced Java, Applets, AWT, RML, JDBC, Servlet & CORBA
- Win NT, User management & Security, TCP/IP Configuration
- Web Application Development, Vb Script, Perl/CGI, ASP, E-Commerce
- Project on Java & Web application development

- With a Degree and eDAST, students can enter second year MCA in IGNOU
- Certification by Govt of India
- More Emphasis on real time Project Work
- Placement assistance and Bank loan Offer

**Authorised Training Centre:**

**Ankarath InfoTech (P) Ltd**
**Opp. Kuttankulangara Temple Road**
**Punkunam Thrissur – 680002**

Phone : (0487) 382630 ,386645
E-mail: ankarath@usa.net

Visit
www.cmcltd.com



കമനീയ വസ്ത്രങ്ങളുടെ കലവറ

# ഫാഷൻ ഫേബ്രിക്സ്

തൃശ്ശൂർ



Shirts
Trousers
Cotton Wears
Jeans
T-Shirts
Casaul wears

Churidhars
Middyskirt
Middy Top

Fancy Ladies Wear

And for all kinds of Children wear

*visit*

# JANATHA TEXTILES

(New A/C Show Room)
**TANA - IRINJALAKUDA**

ആശംസകളോടെ.................


# തവരങ്ങാട്ടിൽ ഹാർഡ്‌വെയേഴ്സ്

തൃശ്ശൂർ റോഡ്, ഠാണാ - ഇരിങ്ങാലക്കുട

ഫോൺ : 820910

പെയിന്റ്സ്, സാനിറ്ററി, ഹാർഡ്‌വെയർ, പി.വി.സി. പൈപ്പ്, പി.വി.സി. ഫിറ്റിംഗ്സ് എന്നിവയുടെ സമ്പൂർണ്ണ ശേഖരം

*For all kind of books*



# CURRENT BOOKS

ROUND WEST - THRISSUR

# മായാകൃഷ്ണൻ



**ആ** ബസ്സിന്നു പോകും എന്ന് പറഞ്ഞ് ധൃതിയിൽ മുറി പൂട്ടിയിറങ്ങുമ്പോൾ എതിരെ വന്ന ധന്യയും വിജയലക്ഷ്മി ടീച്ചറും ഒരു ഭയപ്പാടോടെ ഒതുങ്ങി നിന്നു. എന്താണിവരുടെ മുഖത്തെ പരിഭ്രമത്തിന്റെ കാരണമെന്നാലോചിയ്ക്കുമ്പോഴേക്കും പ്രയർ റൂമിന് മുമ്പിലെത്തി. ഒരൊറ്റ നിമിഷത്തേയ്ക്ക് കൃഷ്ണഭഗവാനെയൊന്ന് വിസ്മരിച്ച് ആ ഒഴിവിലേയ്ക്ക് യേശുദേവനെയൊന്ന് കയറ്റി. പെട്ടെന്നാണ് ക്ലോക്ക് ഒമ്പത് മണിയടിയ്ക്കാൻ തുടങ്ങിയത്. ഒരു ഞെട്ടലോടെയാണ് ഇറങ്ങിയോടിയത്. ഓടുമ്പോൾ എന്തിനാണ് ഇന്ദിരച്ചേച്ചി ഇങ്ങനെ വെപ്രാളപ്പെടുന്നത് എന്നൊക്കെ ആരോ ചോദിയ്ക്കുന്നത് കേട്ടു. മറുപടി പറയാനൊന്നും നിന്നില്ല.

ആ ബസ്സിൽ തന്നെ ഓഫീസിനു മുമ്പിലിറങ്ങുമ്പോൾ വിയർത്ത് കുളിച്ചിരുന്നു. വാച്ചിലേയ്ക്ക് നോക്കിയപ്പോൾ പതിവുപോലെ 15 മിനിറ്റ് നേരത്തെ. ഈ ഓഫീസ്സു തുറക്കുന്ന കണ്ണപ്പൻ ചേട്ടനൊന്നു നേരത്തെ വന്നുകൂടെ? എങ്കിൽ പുറത്തെ ഈ നില്പ് ഒഴിവാക്കാമായിരുന്നു. ബാഗിലിരുന്ന ഒരു ആഴ്ചപ്പതിപ്പെടുത്ത് തുടർച്ചയായി വീശിക്കൊണ്ടിരിക്കെ കണ്ണപ്പൻ ചേട്ടന്റെ സൈക്കിളെത്തി. പതിവുപോലെ 10 മിനിറ്റ് വൈകി. കണ്ണപ്പൻചേട്ടനെങ്കിലും 10 മണിയ്ക്ക് വന്നുകൂടെ ? ചോദിച്ചപ്പോൾ സ്വരം അറിയാതെ കനത്തു പോയി. വീട്ടുകാരിയ്ക്ക് ഇന്ന് എണീറ്റപ്പോൾ വല്ലാത്ത നടുവേദന. പിള്ളാർക്ക് സ്ക്കൂളിലും കോളേജിലുമൊക്കെ പോകണ്ടേ ? ഞാൻ തന്നെ അടുക്കളയിൽ കയറി. കൈത്തണ്ടയിൽ പുരണ്ടിരുന്ന കരിയുടെ പാട് അമർത്തി തുടച്ച്, വെളുക്കെ ചിരിച്ച് കണ്ണപ്പൻ ചേട്ടൻ ഡ്യൂട്ടിയിൽ പ്രവേശിച്ചു. കണ്ണപ്പൻ ചേട്ടന്റെ മറുപടി തന്റെ മനസ്സിലെവിടെയോ സ്പർശിച്ചില്ലേ ? അല്ല... എന്തിനീ മറുപടി എന്നെ സ്പർശിയ്ക്കുന്നു ? മറിച്ച് ചിന്തിച്ചുകൊണ്ട് കസേരയിൽ ചെന്നിരുന്നു.

അരമണിക്കൂർ കൂടി കഴിഞ്ഞപ്പോൾ ഓരോരുത്തരായി വന്ന് കൊണ്ടിരുന്നു. രജിസ്റ്ററിൽ ഒപ്പുവച്ച് വരുന്നവരെല്ലാം നേരം വൈകിയതിനോരോരോ കാരണങ്ങൾ ആരും തിരക്കാതെ തന്നെ നിരത്തികൊണ്ടിരുന്നു. ഒക്കെ പതിവുതന്നെ. എങ്കിലും ഇത്തരം ആത്മഗതങ്ങൾ കേൾക്കാൻ തനിയ്ക്കെപ്പോഴും കൗതുകം തോന്നുന്നതെന്തുകൊണ്ടാണ് ? ജോൺ സാറിന്റെ മോന് പല്ലുവേദന, അവറാൻ സാറിന്റെ ഭാര്യയ്ക്ക് തലവേദന, പങ്കജത്തിന്റെ മോളുടെ ഡാൻസ് റിഹേഴ്സൽ... ഏതോ ഒരു ടിവി പരസ്യത്തിലെ, അമ്മായി അച്ഛന്റേയും അമ്മയുടേയും ഭർത്താവിന്റേയും കുട്ടികളുടേയുമൊക്കെ കാര്യങ്ങൾ നോക്കി നോക്കി എല്ലുകൾ ക്ഷയിച്ച നായികയെപ്പോലെ അതേ ഡയലോഗ് ഉരുവിട്ട് സ്വസ്ഥാനത്തിരുന്നുകൊണ്ടു തന്നെ നോക്കിയപ്പോൾ വിലാസിനിയുടെ മനസ്സിലെന്തായിരുന്നു ? പരിഹാസമോ ? അതോ സഹതാപമോ ? അതാണോ ആ ചുണ്ടിന്റെ കോണിൽ തെളിയുന്നത് ?.... ആ കണ്ണുകളിൽ നിഴലിയ്ക്കുന്നത് ? മറുപടിയ്ക്കായി ആകാംക്ഷയോടെ പരതിയപ്പോൾ വിലാസിനിയുടെ ചോദ്യം. എന്താ ഇന്ദിര ഇങ്ങനെ തുറിച്ചു നോക്കുന്നത് ? മുമ്പെങ്ങും കാണാത്തതു പോലെ ? ഈയിടെയായി ഇന്ദിരയുടെ നില്പിലും നടപ്പിലും നോട്ടത്തിലുമൊക്കെ എന്തൊക്കെയോ മാറ്റം കാണുന്നുണ്ടല്ലോ ജോൺ സാറെ ? ആരും മറുപടി പറഞ്ഞില്ലെങ്കിലും തനിയ്ക്കെന്തൊക്കെയോ സംഭവിയ്ക്കുന്നതു പോലെ തോന്നി. ഇന്നലെ വൈകീട്ട് തനിയ്ക്കെന്തൊക്കെയോ സംഭവിയ്ക്കുന്നതു പോലെ തോന്നി. ഇന്നലെ വൈകീട്ട് ധന്യ ചോദിച്ചു - ഇന്ദിരച്ചേച്ചി ഈ സിങ്കിൾ റൂമിലിരുന്ന് ആരോടാണ് സംസാരിയ്ക്കുന്നതെന്ന്. സഹികെട്ടപ്പോൾ കള്ളകൃഷ്ണനോട് ഒരല്പം ഉറക്കെതന്നെ പറയേണ്ടിവന്നു എന്ന തന്റെ മറുപടി കേട്ടപ്പോൾ ചേച്ചിയ്ക്ക് നല്ല വട്ടാണെന്നു പറഞ്ഞ് ധന്യ ചിരിച്ചുകൊണ്ടോടിപ്പോയതും ഇപ്പോൾ വിലാസിനി പറഞ്ഞതും തമ്മിൽ എന്തെങ്കിലും ബന്ധം ? ഏയ് അത്രയ്ക്കൊന്നും ചിന്തിയ്ക്കേണ്ട കാര്യമില്ലെന്ന് സ്വയം ആശ്വസിച്ചു.

വൈകിയിട്ട് ഓഫീസിൽ നിന്നും ഇറങ്ങിയപ്പോൾ മനസ്സ് ശാന്തമായിരുന്നു. ഒരു ദിവസം കൂടി പിന്നിട്ടു. അതായത് താൻ കാലത്തിന്റെ ഒരു ചവിട്ട് പടി കൂടി കയറി. ഈ പടവുകളിലൊന്നും തന്നെ തന്റെ കണ്ണനെ കാണാതെ... മുകളിലേയ്ക്ക് നോക്കുമ്പോൾ കാണാവുന്ന ദൂരത്താണോ കണ്ണൻ ? കണ്ണാ .... ഈ രാധയുടെ മനസ്സ് അങ്ങ് കാണുന്നില്ലെ ? ദർശനം നല്കില്ലെ ഭഗവാനെ ?

തിരിച്ച് റൂമിലെത്തി യാന്ത്രികമായി വസ്ത്രം മാറി. മുടിയിൽ എണ്ണ പുരട്ടിക്കൊണ്ടിരിക്കെ എതിരെ വച്ച കണ്ണാടിയിലൂടെ തന്റെ രൂപം ശ്രദ്ധിച്ചു. കറുത്ത് പോയത് തന്റെ കുറ്റം കൊണ്ടാണോ ? പിന്നെ തന്റെ കണ്ണൻ കാർമുകിൽ വർണ്ണനല്ലെ. അപ്പോൾ രാധ ശ്യാമവർണ്ണയായാൽ നല്ല യോജിപ്പായിരിയ്ക്കും. അല്ലെങ്കിൽ തന്നെ കറുപ്പിന് ഏഴഴകല്ലെ. കണ്ണാ ഇനിയും വൈകല്ലെ. ഈ ഭക്തയുടെ മുമ്പിലേയ്ക്ക് അവതരിയ്ക്കാൻ ഇനിയൊട്ടും വൈകല്ലെ.... ശബ്ദം കൂടി പോകാതിരിയ്ക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. കാറ്റും വെളിച്ചവും കൊളളലാൻ വരാന്തയിൽ സ്റ്റുഡന്റ്സിന്റെ കസേരയിൽ പോയിരുന്നു. ഒഴിഞ്ഞ കസേരകൾക്കിടയിൽ രണ്ട് പെൺകുട്ടികൾ ഇരുന്ന് പഠിയ്ക്കുന്നുണ്ട്. ഇവരെ രണ്ടു ദിവസമേ ആയിട്ടുളളൂ കണ്ടു തുടങ്ങിയിട്ട്. പുതിയ കുട്ടികളാണ്. കാണുമ്പോഴൊക്കെ ഈ പുസ്തകം കാരലാണ്. കുട്ടികളെ നിങ്ങളൊന്നും പഠിയ്ക്കുന്നില്ല. ഇതൊന്നുമല്ല ജീവിതം. ഈ പുസ്തകങ്ങൾ വായിയ്ക്കുന്നതുകൊണ്ട് നിങ്ങളൊന്നും തന്നെ പഠിയ്ക്കുന്നില്ല. എന്ന് വിളിച്ച് പറയാൻ പലതവണ നാവ് പൊങ്ങിയതാണ്. പക്ഷെ സ്വയം നിയന്ത്രിച്ചു. ഇന്ദിരച്ചേച്ചി ഫോൺ എന്ന വിളിയ്ക്ക് പ്രത്യുത്തരമായി ഇതാ വരുന്നു എന്ന് പറഞ്ഞുകൊണ്ട് പടികളിറങ്ങുമ്പോൾ ചിന്തിച്ചു. ആരായിരിയ്ക്കും ?

വലിയാങ്ങളയാണ്. മൂത്ത മകളുടെ പ്രസവമെടുത്തിരിയ്ക്കുന്നു. ഇളയ മകനും മകളും വലിയ പ്രായ വ്യത്യാസമില്ലാത്തതുകൊണ്ട് രണ്ട് പേരുടേയും കോളേജ് ഫീസുകൾ....മകന്റെ എൻട്രൻസ് കോച്ചിങ്ങ് ഫീസ് ഭാര്യയുടെ നിരവധിയായ അസുഖങ്ങൾ .... പ്രാരാബ്ധങ്ങളുടെ പട്ടികകൾക്കൊടുവിൽ ഒരു അഭ്യർത്ഥന. ഞാനീ ആഴ്ച അവസാനത്തിൽ വരാം കുറച്ച് കാശ് സംഘടിപ്പിച്ച് തരണം. നോക്കട്ടെ എന്നു പറഞ്ഞ് റിസീവർ വയ്ക്കുമ്പോൾ മനസ്സ് പ്രക്ഷുബ്ധമായ ഒരു സമുദ്രമായിരുന്നു. രണ്ട് മാസം മുമ്പ് പോയി വന്നതിനുശേഷം ഒരു തവണ പോലും ഒന്ന് വിളിച്ചില്ല... ഈ സഹോദരി ജീവിച്ചിരിയ്ക്കുന്നുണ്ടോ ? കിടപ്പിലാണോ ? വേണ്ട.... ഇന്ന് വിളിച്ചപ്പോൾ ഒരു വാക്ക്... സുഖമാണോ ? ... ഇല്ല ആർക്കും തന്നെ വേണ്ട. തന്റെ പണം എല്ലാവർക്കും വേണം. ചേട്ടനായാലും ചേച്ചിയായാലും അനിയനായാലും, താനവർക്കെല്ലാം ഒരു ലോകബാങ്ക്. വല്ലപ്പോഴും ഒരവധിയ്ക്ക് ചെല്ലുമ്പോൾ പ്രാരാബ്ധം പറച്ചിലും ഇല്ലായ്മ വല്ലായ്മകളെ പെരുപ്പിച്ച് കാണിയ്ക്കലുമല്ലാതെ സ്നേഹത്തോടെയുള്ള സംസാരം.... ഒരു സാന്ത്വനം.... ഇതൊന്നും ഇവരിൽ നിന്നും പ്രതീക്ഷിച്ചിട്ട് കാര്യമില്ല. ഓരോരുത്തരും സ്വന്തമായി കൂടു കൂട്ടി പാർക്കുമ്പോൾ കൂട് തകർത്ത് മറ്റു കൂടുകളിൽ ചേക്കേറി പറന്ന് പറന്ന് പോകുന്ന ഈ പാവം പൈങ്കിളിയ്ക്കെന്ത് കാര്യം ? താനീ പറക്കുന്നതാർക്കുവേണ്ടി ?

കൃഷ്ണനാമവും ജപിച്ച് മൂടിപ്പുതച്ച് കിടന്നപ്പോൾ ഉറക്കത്തിന്റെ ഓരോ ഘട്ടത്തിലേയ്ക്കും ആഴ്ന്നു പോകുന്നതനുഭവിയ്ക്കാൻ സാധിച്ചു. വെളളത്തിന്റെ മുകളിൽ നിന്നും പതിയെ ഊളിയിട്ട് ഊളിയിട്ട് താഴേയ്ക്ക് പോകും പോലെ. അവിടെ തണുപ്പ്...... സുഖകരമായ തണുപ്പ്.... ഒരു പക്ഷി പറന്നു പറന്നു വരുന്നു. അതിന്റെ തൂവലുകൾക്ക് എന്ത് നിറമാണ് ? കറുപ്പോ ? അതോ ചാരമോ ? അതിന്റെ ചിറകുകൾ തളരുന്നു. വിശ്രമിയ്ക്കാ

നായി ഒരു വൃക്ഷത്തലപ്പുമില്ല. അതങ്ങ് ചക്രവാളത്തിനുമപ്പുറത്താണോ ?

ചിറകുകൾ കുഴയുന്നു... താഴെ വലിയൊരു ഗർത്തം. ഇവിടെ ആയുധമേന്തിയ അസുരന്മാർ... ഇപ്പോ. ഇപ്പോ, അത്...... കൃഷ്ണാ. എന്നൊരലർച്ചയോടെ എണീറ്റിരുന്നു. രണ്ടു മൂന്ന് നിമിഷങ്ങൾക്കൊടുവിൽ വാതിലിൽ മുട്ട് കേട്ടു. എന്താ ഇന്ദിര എന്ത് പറ്റി ? അസി. വാർഡൻ ആണ്. തൊട്ടടുത്ത റൂമിലാണ്. ഒരു സ്വപ്നം കണ്ടതാണ്. കുഴപ്പമില്ല എന്ന് പറഞ്ഞെങ്കിലും പിന്നെ കണ്ണടയ്ക്കുവാൻ സാധിച്ചില്ല.

കഴിഞ്ഞയാഴ്ച വാങ്ങിയ ഇളം വയലറ്റ് സാരിയുടുത്ത് നല്ലവണ്ണം പൗഡറിട്ട് പുറത്തിറങ്ങിയപ്പോൾ മുമ്പിൽ ധന്യ. സുന്ദരിയായിട്ടുണ്ടല്ലോ. ഇപ്പോ ചേച്ചിയെക്കണ്ടാൽ ഒരു 17–18. ഒട്ടും കൂടുതലില്ല. നിശ്ചയം. കളിയാക്കാതെ കൊച്ചെ എന്ന് പറഞ്ഞെങ്കിലും ഉളിലെന്തെന്നില്ലാത്ത സന്തോഷം. ഉടനെയത് പൊട്ടിച്ചിരിയായി അണപൊട്ടിയൊഴുകി. ഇത്രയ്ക്ക് ചിരിക്കാൻ മാത്രം താനൊന്നും പറഞ്ഞില്ലല്ലോ എന്നായി ധന്യ. തനിയ്ക്കെന്താ ചിരി നിറുത്തുവാൻ സാധിക്കാത്തത്. ചിരിയടക്കാൻ ശ്രമിയ്ക്കും തോറും കൂടികൂടി വരുന്നു. പെട്ടെന്നാണ് ഒമ്പതടിയ്ക്കുന്ന ശബ്ദം കേട്ടത്. ഉടനെ വെപ്രാളമായി. ആ ബസ്സു പോകുമെന്ന് പറഞ്ഞുകൊണ്ട് ഒറ്റ ഓട്ടം വച്ചുകൊടുത്തു പുറത്തേയ്ക്ക്.

ഒരു 11.30 യായപ്പോൾ കണ്ണപ്പൻ ചേട്ടൻ വന്ന് പറഞ്ഞു വിജയൻ സാർ ക്യാബിനിലേയ്ക്ക് വിളിയ്ക്കുന്നുവെന്ന്. വൈകിയേ ഓഫീസിലേയ്ക്കു വരാറുള്ളൂവെങ്കിലും നല്ല ആത്മാർത്ഥതയുള്ള മനുഷ്യനാണ്. ഇന്ദിര നാളെ മുതൽ രണ്ടു മൂന്ന് ദിവസം വൈകിയിട്ട് കുറച്ചു സമയം നില്ക്കുകയാണെങ്കിൽ കുറച്ച് ബാലൻസ് വർക്ക് തീർക്കാമായിരുന്നു. എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ ? ഇല്ല എന്നു പറഞ്ഞ് സ്വസ്ഥാനത്തേക്ക് നടക്കുമ്പോൾ മനസ്സിൽ ഒരേ ചിന്തയായിരുന്നു. എന്തുകൊണ്ട് സാർ തന്നോടു തന്നെ പറഞ്ഞു ? ഓഫീസിന് അടുത്തുതന്നെ വീടുള്ള മേരിചേച്ചിയോട് പറയാഞ്ഞതെന്തേ ? പിന്നെ താനൊറ്റത്തടിയാണ്. മേരിച്ചേച്ചിയ്ക്കും പ്രാരാബ്ധങ്ങളൊന്നുമില്ല. ഭർത്താവ് നേരത്തേ മരിച്ചു. പിന്നെ ഒരേയൊരു മകൾ ഭർത്താവിനോടൊത്ത് വിദേശത്ത്. വിലാസിനിയാണ് വിജയൻ സാർ വിളിച്ച കാര്യം തിരക്കിയത്. വിവരം പറഞ്ഞപ്പോൾ വിലാസിനി ഒരു കള്ളച്ചിരിയോടെ പറഞ്ഞു – സാറിനു പറ്റിയ സ്റ്റാഫിനെ തന്നെ സെലക്ട് ചെയ്തല്ലോ എന്ന്. പിന്നെ അതായി തന്റെ ചിന്ത. താനെങ്ങനെയാണ് സാറിനു പറ്റിയ സ്റ്റാഫാകുന്നത് ? ഒരു കാര്യത്തിൽ മാത്രമേ സാറും താനും തമ്മിൽ സാമ്യം കാണുന്നുള്ളൂ. സാറിന് ഭാര്യയില്ല – വിവാഹമോചനം കഴിഞ്ഞതാണ്. തനിയ്ക്ക് ഭർത്താവില്ല. ഭർത്താവിനെകുറിച്ചോർത്തപ്പോൾ ഒരു പഴയ ചിത്രം തെളിഞ്ഞു വന്നു. വിവാഹപ്രായമായ സുന്ദരിയല്ലാത്ത മകളെ അറിഞ്ഞുകൊണ്ടുതന്നെ ഹൃദ്രോഗിയായ സർക്കാരുദ്യോഗസ്ഥന് വിവാഹം ചെയ്തു കൊടുത്ത നിർദ്ധനരായ ദമ്പതികൾ, നിസ്സഹായയായ വധു അരികിൽ വരൻ. ആറു മാസം പോലും തികയും മുമ്പേ ശിഥിലമായ ദാമ്പത്യം. തുടർന്ന് ഭർത്താവിന്റെ ഡിപ്പാർട്ട്മെന്റിൽ ജോലിയ്ക്ക് കയറി സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കിയ ഭാര്യ.

ഹോസ്റ്റലിലേയ്ക്കുള്ള യാത്രയിൽ വിജയൻ സാറിനെക്കുറിച്ച്, നാളെ ധരിയ്ക്കേണ്ട സാരിയെകുറിച്ച് ചിന്തിച്ച് ചിന്തിച്ചിരുന്നു. അടുത്ത ദിവസം വളരെ സമയമെടുത്ത് ഒരുങ്ങിയാണ് പുറപ്പെട്ടത്. ഓഫീസ് സമയം കഴിഞ്ഞപ്പോൾ സാർ കുറെ ഫയലുകളുമായെത്തി. ചെയ്യേണ്ട ജോലിയെക്കുറിച്ച് പറഞ്ഞു തന്നിട്ട് അദ്ദേഹവും ജോലിയിൽ വ്യാപൃതനായി. ഇന്ദിരയുടെ കൈയക്ഷരം വളരെ മനോഹരമായിരിയ്ക്കുന്നു എന്ന അഭിനന്ദനം ഒരു ഉൾപ്പുളകത്തോടെയാണ് സ്വീകരിച്ചത്.

കൈയക്ഷരത്തേയോ അതോ ഇന്ദിരയെതന്നെയാണോ സാറുദ്ദേശിയ്ക്കുന്നത് എന്ന് ചിന്തിച്ച് ചിന്തിച്ച് കിടന്നുറങ്ങിയതറിഞ്ഞില്ല. വെളുപ്പിനെഴുന്നേറ്റ് കുളിച്ച് നന്നായൊരുങ്ങി ആഫീസിലെത്തി. ഓഫീസ് സമയം കഴിയാൻ താൻ വെമ്പൽ കൊള്ളുന്നതെന്തേ ? ആ സമീപത്തിരിയ്ക്കാൻ ഉള്ളം കൊതിയ്ക്കുന്നതെന്തേ ? മനസ്സിൽ തെളിയുന്നത് മറ്റൊന്നാണ്. ഒരോടക്കുഴലും. പീലിത്തിരുമുടിയും... ഇതാണോ തന്റെ കണ്ണൻ..... സാക്ഷാൽ കൃഷ്ണാവതാരം– ഈ ഇന്ദിരയാകുന്ന രാധയ്ക്കായുള്ള അവതാരം.


ഇന്ന് ആറ് മണിയായിട്ടും ഒരു ക്ഷീണവും തോന്നുന്നില്ല. കുറച്ച് കൈകഴപ്പ് ഉണ്ടെന്നല്ലാതെ. പക്ഷെ വിജയൻ സാർ എഴുന്നേറ്റു. മതി ഇന്ദിര. തനിയ്ക്ക് കൈ കഴയ്ക്കുന്നില്ലെ ? ഇനിയും വൈകിയാൽ താൻ ക്ഷീണിയ്ക്കും. ഇനി നാളെയാകാം. ഒരു പുതുമഴ പോലെയാണ് ആ വാക്കുകൾ തന്റെ മനസ്സിൽ പതിയ്ക്കുന്നത്. തന്റെ ക്ഷീണം മനസ്സിലാക്കാൻ – തന്നെ മനസ്സിലാക്കാനിതാ മുമ്പിലൊരാൾ. പിന്നെ ഇന്ദിര ഒരു പ്രത്യേക കാര്യം പറയാനുണ്ട്. സ്വകാര്യമാണ്. തല്ക്കാലം ഈ കാര്യം ഇവിടെയാരും അറിയണ്ട. അല്ലെങ്കിൽ വേണ്ട നാളെ പറയാം. നാളത്തോടെ എക്സ്ട്രാ വർക്ക് തീരുകയാണല്ലോ. ഒരു ദിവസം തനിക്കും സസ്പെൻസ്.

തന്റെ മനസ്സിൽ ഒരായിരം മയിലുകൾ പീലി വിരിച്ചാടുകയാണ്. ആനന്ദം.... പരമാനന്ദം. ഈ രണ്ടു മൂന്നു ദിവസങ്ങൾ എത്ര പെട്ടെന്നാണ് കടന്നു പോയത്. സുഖകരമായ ഒരു നിമിഷം പോലെ.... ഒരുന്മാദം പോലെ. ഈശ്വരാ താനിപ്പോൾ കൃഷ്ണനാമം കൂടി ജപിയ്ക്കാറില്ലല്ലോ ! സാക്ഷാൽ കൃഷ്ണഭഗവാൻ സമീപത്തുള്ളപ്പോൾ പിന്നെന്ത് പ്രാർത്ഥന ? മനസ്സ് മറുചോദ്യം ചോദിച്ചു. ദുഃഖത്തിന്റെ വിസ്തൃതമായ ഇരുണ്ട ആകാശത്തിനപ്പുറത്ത് സന്തോഷത്തിന്റെ – പ്രത്യാശയുടെ മഴവില്ലുകൾ തെളിയുന്നോ ?

വളരെ നേരത്തേയുണർന്നു. ഇന്ന് എത്ര തന്നെ ഒരുങ്ങിയിട്ടും മതിവരാത്തതെന്തേ ? മൂന്ന് സാരികൾ മാറി മാറിയുടുത്തു. ഇപ്പോഴാണ് ഒരു സംതൃപ്തി തോന്നുന്നത്. ഇന്ന് ഒമ്പതടിയ്ക്കുന്നത് കേട്ടില്ലല്ലോ എന്ന് ചിന്തിച്ച് ബസ്സ് സ്റ്റോപ്പിലെത്തിയപ്പോഴേക്കും ആ ബസ്സ് പോയിരുന്നു. ഇത്രയും വർഷത്തിനിടയ്ക്ക് ആദ്യമായാണല്ലോ ആ ബസ്സ് മിസ്സാകുന്നത്. പതിവ് നേരം കഴിഞ്ഞ് ഓഫീസിലെത്തിയപ്പോൾ കണ്ണപ്പൻ ചേട്ടന്റെ മുഖത്ത് അമ്പരപ്പ്. ചോദ്യത്തിനു മുമ്പു തന്നെ നല്ല സുഖം തോന്നുന്നില്ല എന്നു പറഞ്ഞ് ഉള്ളിലേയ്ക്കു നടന്നു.

ഓഫീസിലെ എല്ലാവരും പോയ് കഴിഞ്ഞു. വിജയൻ സാർ ഫയലുകളുമായി മുമ്പിലെത്തുമ്പോൾ ഇന്നെന്തു മറുപടി പറയും എന്ന ചിന്തയിലായിരുന്നു. ഒടുവിൽ എല്ലാം സാറിന്റെ ഇഷ്ടം എന്നുപറയാം എന്നുതന്നെ ഉറപ്പിച്ചു. ഫയലുകൾ തീർന്നപ്പോൾ സാർ ഒരു ചെറുചിരിയോടെ ചോദിച്ചു. ഇന്നലത്തെ സസ്പെൻസ് ഓർമ്മയില്ലെ ? ഇപ്പോൾ തന്റെ മനസ്സിലെന്താണ് ? സന്തോഷമോ ? ദുഃഖമോ ? ഉന്മാദമോ ? അറിയില്ല. തന്റെ ഹൃദയം എന്താണ് ഇങ്ങനെ മിടിയ്ക്കുന്നത് ? താനെന്തിനാണിങ്ങനെ വിയർക്കുന്നത് ? മുമ്പിൽ നിൽക്കുന്ന സാർ കേൾക്കുമോ ഈ മിടിപ്പിന്റെ ശബ്ദം. ഓർത്തപ്പോൾ നാണിച്ചു പോയി. പിന്നെ ഞാനീ ഏകാന്തവാസം ഉപേക്ഷിയ്ക്കാൻ തീരുമാനിച്ചു. ഒരാൾ ഉപേക്ഷിച്ചു എന്നു കരുതി മറ്റൊരാളെ സ്വീകരിയ്ക്കുന്നതിന് തടസ്സമൊന്നുമില്ലല്ലോ ? പിന്നെ പെൺകുട്ടി സ്കൂൾ ടീച്ചറാണ്. അമ്മയുടെ സെലക്ഷനാണ്..... പിന്നേയും എന്തൊക്കെയോ പറയുന്നുണ്ട് പക്ഷെ താനൊന്നും കേൾക്കുന്നില്ല. കാലിൻ ചുവട്ടിൽ നിന്നും മണ്ണ് അടർന്നു പോകുന്നുവോ ? അതോ ലോകം തകിടം മറയുന്നോ ? കണ്ണിൽ ഇരുട്ടു കയറുന്നോ അറിയില്ല... അറിയില്ല.... എന്നാലും... എന്നാലും.... എന്റെ കൃഷ്ണാ... എന്താ ഇന്ദിര, എന്തു പറ്റി ? എന്താ കൃഷ്ണനെ വിളിച്ചത് ? ഒന്നുമില്ല സാർ. തലയ്ക്കകത്ത്... അല്ല ഒരു സുഖവും തോന്നുന്നില്ല. ഞാൻ നടക്കട്ടെ.

അത് മായാകൃഷ്ണാവതാരമായിരുന്നു അല്ലെ കണ്ണാ... ? ഇനിയും എത്ര കാത്തിരിയ്ക്കണം ? ഏകയായി എത്ര പടവുകൾ താണ്ടണം ? കാത്തിരിപ്പ് ഈയുള്ളവൾക്കു പുതുമയല്ലല്ലോ ? എന്നും എവിടേയും താൻ കാത്തിരുന്നിട്ടല്ലേയുള്ളൂ – ബസ് സ്റ്റോപ്പിലായാലും ഓഫീസിലായാലും എവിടെയായാലും. എന്താ ചിന്തകളിങ്ങനെ കാടു കയറുന്നത്. അതാ ഒമ്പതടിയ്ക്കുന്നു. കൃഷ്ണാ ഇന്നാ ബസ്സു പോകും.



**നിഷ ജോർജ്ജ്**
രണ്ടാം വർഷ എം.എസ്.സി.
ഫിസിക്സ്

# നീ മാത്രം



ഉദയകിരണങ്ങൾ, ദിനങ്ങളെ
തൊട്ടുണർത്തുമ്പോൾ
ഞാനുണരുന്നു.



ആദ്യചിന്തകൾ നിന്നെക്കുറിച്ചു മാത്രം
നിശബ്ദമായി മിന്നുന്ന നക്ഷത്രദീപ്തിയിൽ-
നിഴൽ വീഴ്ത്തി നിൽക്കുന്ന വൃക്ഷങ്ങളിൽ ദൃഷ്ടി പതിച്ച്,
രാത്രിയുടെ പ്രശാന്തതക്കിടയിൽ ഹർഷോന്മദനായി
നിദ്രയെ സ്വാഗതം ചെയ്യുമ്പോൾ,
അവസാന ചിന്തയും
നിന്നെക്കുറിച്ചു മാത്രം !


**ജയരാജൻ കെ.ബി.**
ഒന്നാം വർഷ ബി.കോം.



# വ്യർത്ഥസ്വപ്നങ്ങൾ

ജീവിതവീഥിയിലേകയായ്
നിന്നപ്പോൾ, ഞാൻ തേടി-
അലഞ്ഞോരാ സാന്ത്വനം-
നിൻ മിഴികളിൽ കണ്ടുവല്ലോ....
നോവുകളിലൊരു മന്ദസ്മിതമായി
അറിയാതെ വന്നൊരുണർവ്വായി
മോഹിച്ചു ഞാനപ്പോൾ വ്യർത്ഥമായി
മോഹങ്ങൾ മാത്രം ബാക്കിയായി.....
കുതിപ്പിന്റെ കിതപ്പാറ്റി മിഴി പൂട്ടിയിരിക്കവെ
കത്തുന്നു കരളേതോ കരിയിലക്കാടു പോൽ
ചലപിലെ കലമ്പുന്ന കിളികളിൽ ചിലതെല്ലാം
കലപില കൂട്ടി പറന്നകലവേ
വിരഹത്തിൻ കണ്ണുനീർ സ്വപ്നത്തിൽ ചാലിച്ച്
തരളമാം ഓർമ്മയിൽ തളിരിട്ട മനവുമായ്
അകതാരിലൊരു പുതിയ സുര്യോദയം തേടി
പുകയുന്ന മനവുമായ് കാത്തിരിക്കുന്നു.....
ഇരുളിന്റെ ചുരുളുമായി വളരുന്ന ഹൃദയമേ-
ഇരുളിനെ പേടിച്ചൊളിക്കയാണോ ?
മധുചിത്രശലഭമായ് പാറേണ്ട ഹൃദയമേ-
കഴുമരം നീ കാത്തിരിക്കയാണോ ?
ഇരുൾ വീണ മിഴികളിൽ കൂടുകെട്ടി
കരിയാതെ ബാക്കിയാം സ്വപ്നങ്ങളും
ഒരു മഞ്ഞുതുള്ളി പോൽ വീണുടഞ്ഞാൽ.....?
എന്നുമെൻ കൂട്ടിന്നിരുട്ടു മാത്രം....




**മൃദുല പ്രേംകുമാർ**
ഒന്നാം വർഷ ജിയോളജി

# ഓർമ്മക്കുറിപ്പ്



കടന്നുപോകയാണ്...... ഞാൻ
പാവമീ സ്നേഹഗായകൻ
വിരഹാർദ്രമാണെങ്കിലുമെൻ മനം
നേരുന്നു നിനക്കായ് ഭാവുകങ്ങൾ
ഏറെ ആശിപ്പതെങ്കിലും ഞാനോർക്കുന്നു
അറിയാതെയാണെൻ.... വിരൽതുമ്പിൽ
ഈ താളം വന്നണഞ്ഞത്.

സമയം,
അചഞ്ചലമായ് നിലകൊളളുമീ
എട്ടുദിക്കുകൾക്കിടയിൽപോലും
അതിവേഗം പായുകയാണാ... പ്രപഞ്ചസത്യം.
ക്ഷുദ്രതാളത്തിൽ, ക്ഷണവേഗത്തിൽ
പായുന്നുതുണ്ടിവ,
കർമ്മങ്ങളൊട്ടേറെ ബാക്കിനില്പെങ്കിലും.

ഞാൻ,
വിസ്മൃതനായ് നിന്നുപോയ്
നിറങ്ങൾ ചാലിച്ചെഴുതിയ നിൻ
കവിതാ ശകലങ്ങൾ കേട്ട്,
ഏഴഴക്കും കൂടിയൊഴുകും നിൻ
മന്ദസ്മിതം കണ്ട്,
കർമ്മങ്ങൾ തൻ സ്മരണകളുണരുമ്പോഴും
അനന്തമാം സ്നേഹത്തിൻ നാദമാണെന്നെ
തഴുകി, മാറോടണച്ചത്.

നീ,
എന്നും എനിക്കൊരു കാവ്യമാണ്
ഏഴുനിറങ്ങളും ചാലിച്ചെഴുതിയ,
അവ്യക്തമാം സ്വരവീചികൾ
കോർത്തിണക്കിയ,
അജ്ഞാത കാവ്യം.
വ്യതിരിക്തമാം ആവർണ്ണങ്ങൾക്കിടയിൽ
നിന്നും
പൊഴിയുന്ന മുത്തുകളാണ് നിൻ വാക്കുകൾ
ആ വാങ്മയ മുത്തുകൾ തൻ പൊരുൾ......
ഇന്നുമെനിക്കജ്ഞാതം.

പ്രണയം,
എന്നകതാരിൽ നിന്നും
നിന്നിലേയ്ക്കൊഴുകിയ നാദഗംഗയാണ്,
രാഗമായ്, താളമായ് അതിലലിയുകയാണ്
ഞാൻ, ...... ഇന്നും...

ഓർമ്മകൾ,
ആനന്ദദായകമാം.... ആ ചിപ്പികൾ
തിരമാലകളാലെന്നപോലെ വന്നു പതിയുക
യാണ്
എൻ ഹൃദയത്തിൽ
സ്വരുക്കൂട്ടിവെയ്ക്കുന്ന ആ ചിപ്പികൾ
എന്നോടോതുന്നു മന്ദം....

കാലങ്ങൾ കടന്നു വന്ന
പുണ്യമാണീ..... ബന്ധം.

ഇന്നലെ,
എന്റെ കാലിടയിലെ കൊച്ചുമണൽതരികൾ
ഒരു തേങ്ങലോടെ ഒഴുകിയകലുന്നത്
ഞാനറിഞ്ഞിരുന്നു.
നീ എന്റേതാണെന്ന് ഞാനൊന്നുറക്കെ
വിളിച്ചിരുന്നെങ്കിൽ
അവയെന്നെ പിരിയുമായിരുന്നോ....
ചോദ്യങ്ങൾ മാത്രം അവശേഷിയ്ക്കുന്നു.

ഇന്ന്,
ഞാൻ ഏകനായ്,
ഏകാന്തപഥികനായ് തുടരുന്നു
എന്നകതാരിൽ തെളിയുന്നു
കണ്ണുനീരുതിർക്കും നിൻ മുഖം...
ഇല്ല.... ഞാൻ ഏകനാണ്......
ബന്ധങ്ങൾ തൻ ബന്ധനം
മറവിയുടെ മൂടുപടത്താൽ
തകർത്തെറിയുകയാണ് ഞാൻ സ്വയം
കടന്നുപോകയാണ്.... ഞാൻ
പാവമാം...... ഏകാന്തഗായകൻ.......



റെനീഷ് കെ.ആർ.

# പാതിരായ്ക്കുദിച്ചുയർന്ന സൂര്യൻ

ഒന്നു നോക്കിയുറങ്ങുമെൻ നാഥനെ
ഒന്നിറങ്ങിയെൻ കാലുകൾ മന്ദമായ്
ഒന്നടക്കീക്കുലുങ്ങി നിലത്തു ഞാൻ
ഒന്നുനോക്കയെൻ നാഥനെ വീണ്ടുമായ്

കാലമെല്ലാം രജതക്കസവുള്ള
ശ്യാമ പുടവയുടുത്തു നിൽക്കുന്നതും
മാനമെല്ലാം മിനുങ്ങുന്ന താരകൾ
മാഞ്ഞുപോകുന്നതും കണ്ടു നിന്നു ഞാൻ

ദേഷ്യമോടെയീ ലോകത്തെ നോക്കി ഞാൻ
ദ്വേഷമില്ലാതുറങ്ങുന്ന മാനുഷർ
കാതടക്കുന്ന ഗഗനചാരിതൻ നാദത്തെ
കാലനെന്ന പോൽ നോക്കുന്നു ഭീതിയാൽ

ചാരനോണോ? കൊടും ചോരനാണോ? കണ്ണിൽ
ചോരവറ്റിയോരന്ധകനാണോ?
ചാരെയുള്ളൊരു പെട്ടിയിൽ മെല്ലെ
ച്ചാരി നിന്നുകൊണ്ടൊന്നു ഞാൻ നോക്കി

കണ്ണെടുത്തോരു നിമിഷത്തിൽ താനേ
കണ്ഠമലറിക്കരഞ്ഞു വിളിച്ചു ഞാൻ,
കാലനെന്ന വിധിതൻ വിരൂപം
കൂരിരുട്ടിൽ മറഞ്ഞു നിൽക്കുന്നു !!!



കണ്ണെടുക്കാതെ നോക്കി ഞാനാകെ
കണ്ഠമിടറി തേങ്ങിക്കരഞ്ഞു.
ജനമുറങ്ങുന്നു നിർഭയം! ശാന്തം
ജലജ കോമളം നിദ്രതൻ ഹൃദയം

ഓടിയില്ല...... മനവും ചരണവും
ഒച്ചയിട്ടില്ല കണ്ഠവും രസനയും
ഒന്നു തേങ്ങി ഞാൻ മന്ദമായ് എന്നെ
ഒന്നു നോക്കി പ്രപഞ്ചത്തെയന്ത്യമായി

സൂര്യഗോളങ്ങളെല്ലാം സഹസ്രമായ്
സൗരയൂഥത്തിലൊന്നിച്ചുയർന്നപോൽ
ഭൂമിയിൽ സഹസ്രാപിക്കുന്ന മൃത്യു
ഭൂമി പൊളിയുന്നാരിടിയുടെ നാദമായ്

കൂരിരുട്ടിനെ ഭേദിച്ചനാദത്തെ
കാത്തുനിൽക്കാതെയോടി ഞാനാദ്യം
കണ്ടവീഥിയിൽ നിശബ്ദനായ്
കാഴ്ചയില്ലാത്ത ഭ്രാന്തനെപ്പോലെ

അഗ്നിസംഹാര നടനങ്ങളാടീ
യന്ധയാക്കീ പ്രപഞ്ചത്തെ നീളെ
മാഞ്ഞുപോകാതെ നിൽക്കുന്ന കണ്ണിൽ
മായയായ്ത്തീർന്ന കലിയുഗ ദർശനം !!!

**ഭാഗ്യനാഥ് വി.ജി.**
ഒന്നാം വർഷ പ്രീഡിഗ്രി

**Futurz™** is the most comprehensive Internet + eCommerce Program and that makes me the first choice for the 18 lakh eCommerce jobs in the world.

# Futurz™

So many exciting features have ever before come together in one program. The amazing, advanced Futurz with the most comprehensive eCommerce + Internet curriculum from NIIT Futurz. It's totally focused on helping you master eCommerce and the Internet.

And get the best of the 18 lakh eCommerce jobs worldwide.

Enrol for the Futurz program; the defacto industry standard. Don't settle for anything less.



## Master eCommerce + Internet

- ◆ Java ◆ Visual Basic 6.0
- ◆ Com /D com ◆ ASP ◆ XML ◆ LINUX 6.0 / NT
- ◆ CGI, JAVA and VB script
- ◆ eCommerce concepts and Practices
- ◆ SSL and SET

## UNIQUE LEARNING

- ✧ MCLA training methodology
- ✧ 100% computer time
- ✧ NIIT Net varsity
- ✧ 6 International certification

**NIIT**

BLAZE COURT, IRINJALAKUDA,
**Ph : 828228**

*If you're not studying at* **NIIT** *You're missing something.*

MAVELY ADVT.

# PG Centre

CENTRE - FOR POST - GRADUATE STUDIES
North Bus Stand, Thrissur, Phone : 335709/338983

**COMPUTER**
**+**
M.A., M.Sc., M.Com.,I.C.W.A.I.

**Regular, Sunday, Holiday Classes**

M.A. English
M.A. Malayalam
M.A. Economics
M.A. Sociology
M.A. History
M.Sc. Mathematics
M.Com.

**Professional Courses**

ICWAI - Intermediate

**Guidance & Coaching**

MBA
Tuition for Degree Courses
Tuition for Plus One & Plus Two

**Computer Classes**

PGDCA, DCA, DOA, Other Job Oriented Packages, Internet Reference

*"Get a Professional Training*
*From a Professional Software Team "*

- On Job Training in Real Software Development
- Latest Computers
- Different Platforms
- Variety Software Projects
- Professionals Leading The Classes
- Crash Courses for Gulf Job Seekers
- Morning and Evening Courses for Employees
- Internet and email Service

**16**
**YEARS OF EDUCATIONAL EXCELLENCE**

**ABC**
COMPUTERS
*for your life time*

Cathedral Junction, Chandhakunnu
IRINJALAKUDA - 680 121
Phone : 0488 - 826875, Fax : 0488 - 822196
E mail : abccompa@satyam.net.in

Phone : 820002, 820602,
Resi. : 823314

# ഫാരഡെ ഇലക്ട്രിക്കൽസ്

**കൊടുങ്ങല്ലൂർ റോഡ്, ഇരിങ്ങാലക്കുട – 680 121**

റഫ്രിജറേറ്റർ, എയർ കണ്ടീഷണർ, റിപ്പയറിങ്ങ്, മോട്ടോർ വൈൻഡിംഗ്, ഹൗസ് വയറിങ്ങ്, പൈപ്പ് ഫിറ്റിംഗ്സ്, മിക്സി, അയേൺ ബോക്സ് കൂടാതെ ടി.വി., വി.സി.ആർ. മുതലായ ഇലക്ട്രോണിക് ഉപകരണങ്ങളും റിപ്പയർ ചെയ്തു കൊടുക്കുന്നു.

# You Talk....
## The World Listens !

EFFECTIVE **ENGLISH COMMUNICATION**
CREATIVE **PERSONALITY DEVELOPMENT**
A Psycho - lingustic training with innovative concepts
Instructed by **EDISON FRANZ**

Explore the infinite power of your subconscious mind
Experience the excitement of becoming a successful personality.

# Anglo - Academy

**AN ADVANCED INSTITUTION FOR INTERNATIONAL COMMUNICATION**

Opposite Raymond Shop, IInd Floor, Regency Complex,
Kuruppam Road, Thrissur - 1, Ph : 442499 (O) Cell : 98460 47876

**REGULAR AND SUNDAY SESSIONS**




# എഴുത്ത്

ആയിരം കഴുകന്മാർ കാവലിരിക്കുന്ന

പ്രേതഭൂവിൽ നിന്നുള്ള ഒളിച്ചോട്ടമായിരുന്നു

എനിക്ക് അക്ഷരങ്ങൾ.

പക്ഷേ,

പ്രവാസികൾക്കുള്ള ഭക്ഷണത്തിൽ നിങ്ങൾ

മുഖംമൂടികളുടെ കയ്പു കലർത്തി.

ഭൂമി ഉരുണ്ടതായിരുന്നു.

ഞാൻ ആണ്ടുപോയ പാതാളത്തിന്റെ

അഗാധതകളിലാണ് നിങ്ങൾ തേടിയ വിജയത്തിന്റെ മുനമ്പ്.

ഞാൻ എഴുതുന്നു.

നമ്മൾ കണ്ടുമുട്ടാതിരിക്കില്ല.

കാരണം ഭാഷകളുടെ സിരകൾ

എനിക്ക് വഴിയും സത്യവും ജീവനുമാണ്.

സമയം നിശ്ചലമാകുന്ന നിമിഷത്തിൽ നമ്മൾ കണ്ടുമുട്ടി.

ഭൂമി ഉരുണ്ടതാണ്....

ഞാൻ എഴുതുകയാണ്.......

ഈ പുസ്തകങ്ങൾ കാമ്പസിന്റേതായിരുന്നു

കാമ്പസ് ഈ പുസ്തകങ്ങളുടേതും.

ഒരു കാലഘട്ടത്തിനുനേരെ അകക്കണ്ണു തുറന്ന ഇവയെ

യുവഹൃദയങ്ങൾ നെഞ്ചേറ്റി ലാളിച്ചു.

# നൂറ്റാണ്ടിലെ കേരള കാമ്പസുകളെ സ്വാധീനിച്ച അഞ്ചു പുസ്തകങ്ങൾ


തിരഞ്ഞെടുത്തത് : പ്രൊഫ. കെ. ശശിധരൻ,
ഇംഗ്ലീഷ് വിഭാഗം

## 1. എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ – മോഹൻദാസ് കരംചന്ദ് ഗാന്ധി

ഗിരിനിരകളോളം പഴക്കമുള്ള സത്യവും അഹിംസയുമല്ലാതെ പുതുതായി മറ്റൊന്നും എനിക്ക് ലോകത്തെ പഠിപ്പിക്കാനില്ല എന്നു പറയാൻ ഒരു അർദ്ധ നഗ്നനായ ഫക്കീർ പ്രകടിപ്പിച്ച ചങ്കുറപ്പും, സ്ഥൈര്യവും ഈ നൂറ്റാണ്ടിന്റെ മധ്യകാല കാമ്പസ്സുകളെ ശക്തിപ്പെടുത്തി. ദേശീയ പ്രസ്ഥാനത്തിലേക്ക് കൈയ്യും മെയ്യും മറന്ന് എടുത്തു ചാടാനുള്ള ആശയപരമായ ഐക്യവും, വൈകാരികമായ ഉറപ്പും കേരളകലാലയങ്ങൾക്ക് പ്രദാനം ചെയ്തത് ഈ പുസ്തകമായിരുന്നു. ഇതിനുള്ളിലുള്ള കണ്ണട പറഞ്ഞ കഥകളായിരുന്നു ലോകത്തെ പുതിയൊരു കണ്ണിലൂടെ വീക്ഷിക്കാൻ അവർക്ക് പ്രചോദനമായത്. കാലഘട്ടങ്ങളുമായി വൈകാരികമായി സംവദിച്ചു പോന്നിട്ടുള്ള മലയാളിയുവത്വത്തിന്റെ വളർച്ചയിലെ ആദ്യകാലഘട്ടമായിരുന്ന സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ എടുത്തുകാണിക്കാൻ പറ്റുന്ന ഏക പുസ്തകവും ഇതുതന്നെ.

*"My uniform experience has convinced me that there is no other God than Truth. And if every page of these chapters does not proclaim to the reader that the only means for the realization of Truth is Ahimsa, I shall deem all my labour in writing these chapters to have been in vain. And, even though my efforts in this behalf may prove fruitless, let the readers know that the vehicle, not the great principle, is at fault. After all, however sincere my strivings after Ahimsa may have been, they have still been imperfect and inadequate. The little fletting glimpses, therefore, that I have been able to have of Truth can hardly convey an idea of the indescribable luster of Truth, a million times more intense than that of the sun we daily see with our eyes. In fact what I have caught is only the faintest glimmer of that might effulgence. But this much I can say with assurance. But this much I can say with assurance, as a result of all my experiments, that a perfect vision of Truth can only follow a complete realizaiton of Ahimsa."*

*(From , The story of my experiments with Truth)*




## 2. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ
## – കാൾമാർക്സ്,ഫ്രെഡറിക് എംഗൽസ്

1848 ലാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എഴുതപ്പെട്ടത്. ചരിത്രത്തിന്റെ ഗതിവിഗതികളെ മാറ്റിമറിക്കുവാനായി ആഹ്വാനം ചെയ്ത ഈ പുസ്തകം മലയാളിയുവത്വത്തിന്റെ സിരാപടലങ്ങളിലൊരു ഉൾക്കിടിലമുണ്ടാക്കുവാൻ പോന്നതു തന്നെയായിരുന്നു. ഉള്ളവനും ഇല്ലാത്തവനുമെന്ന രണ്ടുവർഗ്ഗങ്ങളുടെ സംഘട്ടനത്തിലൂടെ, ഇല്ലാത്തവനുവേണ്ടി സാമ്രാജ്യം കെട്ടിപ്പടുക്കുവാനുള്ള ആഗ്രഹം കേരള കാമ്പസ്സുകളെ പുളകമണിയിച്ചു. സർവ്വരാജ്യത്തൊഴിലാളികളോട് സംഘടിപ്പിക്കുവാനുള്ള ആഹ്വാനം മലയാളയുവത്വത്തെ മാറ്റിമറിക്കുകയുണ്ടായി. ചങ്ങലകൾ മാത്രം നഷ്ടപ്പെടുവാനുള്ള തൊഴിലാളിവർഗ്ഗത്തിന്റെ സുസ്ഥിതി ലാക്കാക്കുവാൻ പ്രോത്സാഹിപ്പിച്ച മാനിഫെസ്റ്റോ, കേരള കാമ്പസ്സുകളുടെ അരുണ വസന്തത്തിന്റെ ദൃഷ്ടാന്തമായി നിലനിൽക്കുന്നു.

*ഫ്യൂഡൽ പ്രഭുവർഗ്ഗം മാത്രമല്ല ബൂർഷ്വാസി നിമിത്തം നാശമടഞ്ഞത്, ആ വർഗ്ഗത്തിന്റെ ജീവിതോപാധികൾ മാത്രമല്ല ആധുനികബൂർഷ്വാ സമൂഹത്തിന്റെ അന്തരീക്ഷത്തിൽ വാടിനശിച്ചത്. മദ്ധ്യകാലത്തെ സ്വതന്ത്രനഗരവാസികളും ചെറുകിട കൃഷിയുടമസ്ഥന്മാരുമാണ് ആധുനികബൂർഷ്വാസിയുടെ പൂർവ്വികർ. വ്യാവസായികമായും വ്യാപാരപരമായും കുറച്ചുമാത്രം വളർന്നിട്ടുള്ള രാജ്യങ്ങളിൽ, ഉയർന്നുവരുന്ന ബൂർഷ്വാസിയോടൊപ്പം ഈ രണ്ടു വർഗ്ഗങ്ങളും ഇന്നും ജീവിച്ചുപോരുന്നുണ്ട്.*

*ആധുനികനാഗരികത പൂർണ്ണമായി വളർന്നുകഴിഞ്ഞിട്ടുള്ള രാജ്യങ്ങളിൽ, പുതിയൊരു പെറ്റിബൂർഷ്വാവർഗ്ഗം രൂപംകൊണ്ടിട്ടുണ്ട്. തൊഴിലാളിവർഗ്ഗത്തിനും ബൂർഷ്വാസിക്കുമിടയ്ക്ക് ആടിക്കളിക്കുകയും ബൂർഷ്വാ സമൂഹത്തിന്റെ ഒരു അനുബന്ധമെന്നോണം സദാ സ്വയം പുതുക്കുകയും ചെയ്യുന്ന ഒരു വർഗ്ഗമാണിത്. എന്നാൽ മത്സരത്തിന്റെ പ്രവർത്തനംകൊണ്ട് ഈ വർഗ്ഗത്തിൽപ്പെട്ട വ്യക്തികൾ നിരന്തരം തൊഴിലാളിവർഗ്ഗത്തിന്റെ അണികളിലേക്ക് പിടിച്ചുതള്ളപ്പെടുന്നുണ്ട്. മാത്രമല്ല, ആധുനികവ്യവസായം വളർച്ച പ്രാപിക്കുന്നതോടുകൂടി ഇന്നത്തെ സമൂഹത്തിലെ ഒരു സ്വതന്ത്രവിഭാഗമെന്ന നിലയ്ക്ക് തങ്ങൾ തീരെ നശിച്ചുപോകുകയും, വ്യവസായത്തിലും കൃഷിയിലും വ്യാപാരത്തിലും മറ്റും ആവശ്യമായ മേസ്ത്രിമാരും കാര്യസ്ഥന്മാരും വില്പനക്കാരും തങ്ങളുടെ സ്ഥാനം കരസ്ഥമാക്കുകയും ചെയ്യുന്ന ആ സന്ദർഭം അടുത്തുവരുന്നത് അവർ കാണുകപോലും ചെയ്യുന്നുണ്ട്.*




## 3. രമണൻ : ചങ്ങമ്പുഴ കൃഷ്ണപിള്ള

മണിപ്രവാളമലയാളത്തിന്റെ മാദകഭംഗിയിൽ ലസിച്ചു നിന്നിരുന്ന മലയാള കവിതയെ ദുഃഖയാഥാർത്ഥ്യത്തിന്റെ പാറക്കൂട്ടങ്ങളിലേക്ക് വലിച്ചെറിഞ്ഞ ചങ്ങമ്പുഴ കാമ്പസ്സുകളിൽ ഉർവ്വര സാന്നിദ്ധ്യമായിരുന്നു. എങ്കിലും...... നമ്മൾ കാണും / സങ്കല്പലോകമല്ലീയുലകമെന്ന് ഒരു ധാർഷ്ട്യത്തോടെ വിളിച്ചുപറഞ്ഞ ഈ സാരസ്വത സന്ദേശത്തെ യുവതലമുറ നെഞ്ചോടുചേർത്തു പുണർന്നു. രമണൻ പോലെ സഹൃദയരെ ഇത്രമാത്രം സ്വാധീനിച്ച മറ്റൊരു കാവ്യപുസ്തകമുണ്ടോ എന്ന് സംശയമാണ്. 1936 ഒക്ടോബറിൽ പുറത്തിറങ്ങിയ ഈ പുസ്തകം ഒരു പൈഡ്പൈപ്പറുടെ മാന്ത്രികവിരുതോടെ യുവത്വത്തെ മുഴുവൻ തനിക്കുപുറകിൽ അനുധാവനം ചെയ്യിച്ചു.

*കാനനച്ഛായയിലാടുമേയ്ക്കാൻ*
*ഞാനും വരട്ടെയോ നിന്റെ കൂടെ?*
*ആ വനവീഥികളീ വസന്ത–*
*ശ്രീവിലാസത്തിൽത്തെളിഞ്ഞിരിക്കും ;*
*ഇപ്പോളവിടത്തെ മാമരങ്ങൾ*
*പുഷ്പങ്ങൾകൊണ്ടു നിറഞ്ഞിരിക്കും ;*
*അങ്ങിപ്പോളോമൽക്കുയിലിണകൾ*
*സംഗീതം പെയ്യുകയായിരിക്കും ;*
*പുഷ്പനികുഞ്ജങ്ങളാകമാനം*
*തല്പതലങ്ങൾ വിരിച്ചിരിക്കും ;*
*കൊച്ചുപൂഞ്ചോലകൾ വെൺനുരയാൽ–*
*പ്പൊട്ടിച്ചിരിക്കുകയായിരിക്കും–*
*ഇന്നാ വനത്തിലെക്കാഴ്ച കാണാ–*
*നെന്നെയുംകൂടൊന്നു കൊണ്ടുപോകൂ !*

## 4. ഖസാക്കിന്റെ ഇതിഹാസം – ഒ. വി. വിജയൻ

ആദ്യമായിട്ടായിരുന്നു ഇത്തരമൊരു അനുഭവം യുവതലമുറയ്ക്ക് ലഭിച്ചത്. അസ്തിത്വ ദുഃഖത്തിന്റെയും പ്രത്യയശാസ്ത്രമോഹഭംഗത്തിന്റെയും കഥ പറഞ്ഞ ഖസാക്കിന്റെ ഇതിഹാസം യുവവായനയിലെ ഇതിഹാസമായി മാറി. ഒരു പാലക്കാടൻ ഗ്രാമത്തിന്റെ പ്രകൃതിപരിസരങ്ങളിലൂടെ മനുഷ്യമനസ്സിന്റെ അസ്തിത്വകാമനകളെ ചോദ്യം ചെയ്ത ഖസാക്ക് ഒരത്ഭുതമായിരുന്നു. മരങ്ങളിൽ കാറ്റു പിടിക്കുന്നു എന്നൊക്കെയുള്ള പഴകിയ ആവർത്തനങ്ങൾ കൊണ്ടു പഴകിയ കാമ്പസുകളുടെ ബോധധാരയെ 'കരിമ്പനകളിൽ ദൈവസാന്ദ്രമായ കാറ്റുവീശി' യെന്ന പ്രയോഗം മത്തുപിടിപ്പിച്ചു. ബഹിരാകാശം കൈതപൊന്തകളിലേക്ക് ഇറങ്ങിവന്ന് ഖസാക്കിലെ മിന്നാമിനുങ്ങുകളാകുന്നതും ആ അനന്തരാശിയിൽ നിന്ന് ഏതോ സാന്ദ്രതയുടെ കിനിവുകൾ നിദ്രയിൽ ഇറ്റിറ്റുവീഴുന്നതും അനുഭവിച്ചറിയാൻ കേരള കാമ്പസുകൾക്കായി. ഖസാക്ക് ഒരു സാന്നിദ്ധ്യമായിരുന്നു ; ഖസാക്ക് ഒരു വികാരമായിരുന്നു !

*"മാഷ് ഏത് കോളേജിലാ പഠിച്ചത്?"*

*"താംബരത്ത്."*

*"കൃസ്ത്യൻ കോളേജിലോ?"*

*"അതെ –"*

*അവിടെ മുൾക്കാടുകളുണ്ടായിരുന്നു. കോളേജിന്റെ മേൽപ്പുര ചുവന്നതായിരുന്നു. മുൾക്കാടുകളിൽ മുയലും കൂരാനുമുണ്ടായിരുന്നു. നനുത്ത പുല്ലുകൾ കാശ്മീരങ്ങൾ വിടർത്തിയ തുറസ്സുകളുണ്ടായിരുന്നു. അവിടെ പത്മയും താനുമിരുന്ന് സന്ധ്യയുടെ നക്ഷത്രങ്ങളെണ്ണാറുണ്ടായിരുന്നു –*

*"ഓണേഴ്സ്, അല്ലേ?"*

*"അതെ."*

*"ഏന്തോണേഴ്സാ?"*

*"ഫിസിക്സ്...."*

*ലബോറട്ടറിയുടെ മണമോർമ്മവരുന്നു. നോസിലുകളിൽ നിന്നയഞ്ഞ ഗ്യാസിന്റെ മദഗന്ധം. യൂണിവേഴ്സിറ്റി ലൈബ്രറി. നീണ്ടു നീണ്ട വായനയുടെ ദിവസങ്ങൾ. ആസ്ട്രോ ഫിസിക്സ്. ഉപനിഷത്തുകൾ. പുറത്തെ സന്ധ്യ. കടലോരം–*

*"മാഷ്ക്ക് അച്ഛനമ്മേണ്ടോ?"*

*"അമ്മ മരിച്ചുപോയി. അച്ഛന്ണ്ട്."*

*"അച്ഛൻ ജോലീലാ?"*

*"എസ്റ്റേറ്റിൽ ഡോക്ടറായിരുന്നു. ഇപ്പോ പിരിഞ്ഞെട്ക്കാ, നല്ല സുഖമല്ലാണ്ടായിട്ട് കൊറച്ചായി.*

*"ഏട്ടാന്ജമ്മാര് ണ്ടോ?"*

*"തനിച്ചാന്ന് വേണച്ചാ പറയാ. ചിറ്റമ്മേല്ള്ള രണ്ടനിയത്തിമാര്ണ്ട് രണ്ടാളും പഠിക്യാ. അമേരിയ്ക്കേല്–"*






## 5. കുറത്തി – കടമ്മനിട്ട രാമകൃഷ്ണൻ

ആധുനിക മലയാള കവിതയിലേക്ക് വന്നത് കടമ്മനിട്ട കവിതകളുടെ ചുവടുപിടിച്ചായിരുന്നു. മലയാള കാവ്യപാരമ്പര്യത്തിന്റെ വ്യവസ്ഥാപിത ശീലങ്ങളെ ശകലിതമാക്കികൊണ്ട് അറുപതുകളിൽ കുറത്തി വന്നു. കുറത്തിയുടെ നടനതാളങ്ങൾക്ക് അക്കാലയളവിലെ കാമ്പസുകളുടെ സ്പന്ദനങ്ങൾ തുടികൊട്ടി. കീഴാളവർഗ്ഗത്തിന്റെ അനാഥശബ്ദങ്ങൾ ഹുങ്കാരവത്തോടെ ഭീമാകാരം പ്രാപിക്കുന്നത് കണ്ട് അധികാര ദുഷ്പ്രഭുത്വം നടുങ്ങിപ്പോയി. കലാപത്തിന് അനുഷ്ഠാനപരമായ ഒരു മണം നല്കിയ കുറത്തി കാമ്പസ്സുകളിൽ ഒരു നവഭാവുകത്വത്തിന് ഉയിരേകി. ദ്രാവിഡ പഴമയുടെ ഉറച്ചശീലുകളിൽ പടുത്തുയർത്തിയ ഈ ദൃഢകാവ്യം മലയാള കലാലയങ്ങളെ അടിമുടി ഉടച്ചുവാർക്കുവാൻ പോന്നതായിരുന്നു.

*ഭരണമായ് പണ്ടാരമായ് പല പുതിയ രീതികൾ*
*പുതിയ ഭാഷകൾ, പഴയ നീതികൾ, നീതി പാലകർ*
*കഴുമരങ്ങൾ ചാട്ടവാറുകൾ*
*കൽത്തുറുങ്കുകൾ കപടഭാഷ്ണ*
*ഭക്ഷണം കനിഞ്ഞുതന്നു ബഹുമതി*
*ഹരിജനങ്ങൾ ഞങ്ങളാഹാ; അവമതി–*
*യ്ക്കപലബ്ധിപോലെ ദരിദ്രദൈവങ്ങൾ!*
*അടിമ ഞങ്ങൾ, ഹരിയുമല്ല, ദൈവമല്ല,*
*മാടുമല്ല, ഇഴയുമെന്നാൽ പുഴുവുമല്ല,*
*കൊഴിയുമെന്നാൽ പൂവുമല്ല, അടിമ ഞങ്ങൾ.*
*നടുവു കൂനിക്കൂനിയെന്നാൽ നാലുകാലിൽ നടത്തമരുത്*
*രണ്ടു കാലിൽ നടന്നുപോയാൽ ചുട്ടുപൊള്ളിക്കും.*
*ഇടനെഞ്ചിലിവകൾ പേറാനിടംപോരാ*
*കുനിയാനുമിടം പോരാ പിടയാനായ്*
*തുടങ്ങുമ്പോൾ ചുട്ടുപൊള്ളിക്കും – അടിമ ഞങ്ങൾ*
*നിങ്ങളെന്റെ കറുത്ത മക്കളെ ചുട്ടുതിന്നുന്നോ ?*

# എനിക്കു തിരിച്ചു തരിക

എന്റെ മാംസവും
രക്തവും കൊണ്ട് വിരുന്നൊരുക്കുക.
എന്റെ കുരിശുമരണം കൊണ്ട്
നിങ്ങളുടെ തിരശ്ശീലകൾ കീറുക
എന്നിട്ടെനിക്കു തിരിച്ചു തരിക
എന്റെ ഉളിയും കൊട്ടുവടിയും
എന്റെ മാത്രം പീഢാനുഭവങ്ങൾ.

എനിക്കു തിരിച്ചു തരിക
കാലം കണ്ണുമറച്ച് വരച്ച
കരിചിത്രത്തിലെ ഭാവരഹസ്യങ്ങൾ
ഇടറുന്ന പാദങ്ങൾ കാക്കും ചെളിയും
ഇടനെഞ്ച് പൊട്ടി പാടുന്ന ഭൂതവും
എനിക്കു  തിരിച്ചു തരിക
കണ്ണിലിരുട്ട് തറച്ചുകയറ്റി
പിടയ്ക്കുന്ന നെഞ്ചിൽ
ശ്വാസം തിരുകി
കരളിലെ ചാലിലൊളിപ്പിച്ച
സമുദ്രമത്രയും
അതിന്റെ തിരകളത്രയും
തിരിച്ചു തരിക
എന്റെ മാത്രം നോവായ് തരിക



പിന്നെ കാത്തിരിക്കുക
വിയർപ്പ് വീണ്ടാകുന്ന
ഉത്ഥാനത്തിന്റെ തിരുന്നാളോളം
മറ്റൊരു ബോധം
വേറൊരു കാലം
ഞാൻ
പക്ഷേയിപ്പോഴും
എനിക്കു വേണ്ടിയുള്ള വിലാപങ്ങൾ
വായിൽ ചവർക്കുന്ന വിനാഗിരിപോലെ
ആത്മാവിനു വേണ്ടി
നിന്റെ സൗന്ദര്യത്തിന് നിറക്കൂട്ടുകൾ നാട്ടിയ നാനാ നിറത്തിലുള്ള പൂക്കളേയും നിന്റെ നെറുകയിൽ ചുംബിക്കാൻ മത്സരിച്ചാടുന്ന കാറ്റാടിമരങ്ങളെയും നോക്കി ഒരു കുസൃതിച്ചിരിയോടെ ഞാനിരുന്നു..... എന്റെ ചിരിയുടെ ഭാവം മെല്ലെ മാറുന്നതുപോലെ, മനസ്സിന്റെ ഏതോ ഒരു കോണിൽ വേർപാടിന്റെ വേദന, എല്ലാം നാളെകളിൽ ഓർമ്മകൾ മാത്രമാകാൻ പോകുന്നു..... സ്വന്തമെന്ന് കരുതിയവ എനിക്കന്യമാകാൻ പോകുന്നു. ഓർമ്മകൾ വേദനിക്കുന്നവയാണെങ്കിൽ പോലും അത് നിന്നെ കുറിച്ചുള്ള ഓർമ്മകളാണെങ്കിൽ അവയെ വീണ്ടും ഓർക്കാൻ ഞാൻ ശ്രമിക്കും. അവസാനയാമങ്ങളിൽ എന്നും നിന്നോടൊപ്പം പകലിലെന്നപോലെ ഇരവിലും ഞാൻ ഉണ്ടായിരുന്നപ്പോൾ സ്വയം മറന്ന ആ നാളുകളിൽ ഒരായിരം നക്ഷത്രങ്ങൾ നിന്നിൽ പ്രകാശം ചൊരിഞ്ഞ് നിൽക്കുന്നത് ഞാൻ കണ്ടിരുന്നു. സായാഹ്നത്തിലെ ചക്രവാളത്തിൽ നിന്ന് വാരിയെറിയുന്ന കുങ്കുമശോഭയിൽ നീ അങ്ങനെ ഒരു സൗന്ദര്യദേവതയായി മാറുന്നത് ഞാൻ നോക്കി നിന്നിരുന്നു. ഈ ഓർമ്മകളെയെല്ലാം നാളെകളിൽ നിറഞ്ഞ കണ്ണുകളോടെ അയവിറക്കുമ്പോൾ ഞാൻ വീണ്ടും എന്റെ കൗമാര ദിനങ്ങളിലേക്ക് തിരിച്ചു പോകുമായിരിക്കാം.

മനസ്സിൽ സങ്കർഷങ്ങൾ ഉണ്ടായിരുന്ന നാളുകളിലെല്ലാം നിന്നോട് ചേർന്നു നിൽക്കുന്ന, ചൈതന്യം തുളുമ്പുന്ന, ശാന്തതയുടെ പ്രകാശ ഗോപുരത്തിൽ കണ്ണുമടച്ച് ഞാൻ പ്രാർത്ഥിച്ചിരുന്നു. അതിന്റെയെല്ലാം ഫലമായി ഞങ്ങളുടെ സ്വപ്നങ്ങൾ പൂവണിഞ്ഞ ദിവസം നഷ്ടപ്പെട്ടത് തിരിച്ചുപിടിച്ച ആവേശത്തിൽ ഞാനും എന്റെ കൂട്ടുകാരും സന്തോഷത്താൽ മതിമറന്നാടിയതും പിന്നീട് അംഗീകാരത്തിന്റെ



മേലങ്കിയണിഞ്ഞതുമെല്ലാം നിന്റെ അങ്കണത്തിൽ വച്ചല്ലേ? ഞാൻ ഞാനായതും നിന്നിലൂടെയാണ്. ആ നിന്നെയും പിരിഞ്ഞു പോകുന്നതിന്റെ ദുഖം ഇന്ന് ആരോടാണ് ഞാൻ പറയുക? നാളുകളേറെയായി വള്ളിക്കാടുകളിൽ തുള്ളിച്ചാടി നടക്കാനാകാതെ ഇണയെയും കാത്തുനിൽക്കുന്ന പുള്ളിമാനിനോടോ ? അതോ ഇണയെ ലഭിച്ച സന്തോഷത്തിൽ എല്ലാം മറന്ന് പീലി വീടർത്തിയാടുന്ന സ്നേഹമയൂരങ്ങളോടോ ? എന്റെ സ്വപ്നങ്ങളിൽ, പ്രതീക്ഷകളിൽ, ദു:ഖങ്ങളിൽ എല്ലാം നീ മാത്രമായിരുന്നു. എനിക്ക് കാവ്യഭാവനയും ഒരു കൊച്ചു കലാഹൃദയവും നൽകിയ നീ എന്നും എനിക്ക് എന്റെ പ്രണയിനിയായിരിക്കുമെന്നും നീ അറിയുക.

ഇന്നലെകളിലെ എന്റെ ഏകാന്തമായ ജീവിത യാത്രയിൽ ഒരു മാത്ര നേരമെങ്കിലും ഞാൻ ഏകനായിരുന്നില്ല എന്ന് തോന്നിയിട്ടുണ്ടെങ്കിൽ അവ നിന്നോടൊപ്പമുള്ള നിമിഷങ്ങൾ മാത്രമായിരുന്നു.. എന്റെ ഖദറിട്ട സ്വപ്നങ്ങളും ഒപ്പം ചില നൊമ്പരങ്ങളും പങ്കുവച്ച നിന്നെയും പിരിഞ്ഞ് വീണ്ടും ഭീകരമായ യാഥാർത്ഥ്യങ്ങളിലേയ്ക്ക്, ഏകാന്തതയിലേക്ക്, തിരിച്ചുപോകുന്നു. ഒരു പിടി കണ്ണീർപ്പൂക്കളോടെ, ദുഖസാഗരത്തിൽ, ഒരു കൊതുമ്പു തോണിയിൽ ഞാൻ വീണ്ടും ഏകനായി...

എന്റെ പ്രിയദേവതേ, ഒരിക്കൽ കൂടി നിന്നോട് യാത്ര ചോദിക്കുന്നു. എന്നത്തെയും പോലെ നിന്റെ നാമത്തിന്റെ അവകാശിയായ ഈ വെണ്ണക്കൽ വിഗ്രഹത്തിന്റെ പാദങ്ങളിൽ തൊട്ട്...... ഈശ്വരവിരുദ്ധാശയങ്ങളോട് മാനസികപ്രതിബദ്ധതയുണ്ടായിരുന്നകാലത്തു പോലും ആ പാദങ്ങളെ സ്പർശിക്കാൻ ഞാൻ മറന്നിരുന്നില്ലെന്നുള്ളതും അപ്പോഴും കൈവിരലുകൾ തൊട്ടറിഞ്ഞ കുളിര് പിന്നീട് കരുത്തായി എന്റെ ഹൃദയ ത്തിൽ എത്തിച്ചേർന്നതും ഞാൻ ഓർത്തു പോകുന്നു...... എന്റെ കൗമാരത്തെയും യൗവ്വനത്തെയും തമ്മിലൊന്നാക്കിയ നിന്നോടൊപ്പമുള്ള ദിനങ്ങളിൽ നാമിരുവരും ശ്വസിച്ച വായുപോലും ഒന്നായിരുന്നില്ലേ.....? എന്റെ സ്വപ്നങ്ങളെ ഭരിച്ചിരുന്നത് നീയായിരുന്നു. എന്റെ ചിതറിയ ചിന്തകളെ ഒന്നാക്കിയതും പിന്നീടവയെ നയിച്ചതും നീ മാത്രമായിരുന്നു.


നിന്റെ അരികിലെ വഴിത്താരകളിലൂടെ നാളെകളിൽ സഞ്ചരിക്കുമ്പോൾ നിത്യയൗവ്വനം പൂണ്ടു നിൽക്കുന്ന പച്ച പുതച്ച നിന്റെ സൗന്ദര്യത്തെ ഒരു വട്ടമെങ്കിലും തിരിഞ്ഞു നോക്കാനാവാതെ എനിക്ക് പോകാനാകുമോ? എവിടെ നിന്ന് വന്നുവോ അവിടേക്ക് തിരിച്ചു പോകുക എന്നത് പ്രപഞ്ചയാഥാർത്ഥ്യമാണ്...... നാളെകളിലും നീ തന്നെ തുണയാകണമെന്ന പ്രാർത്ഥനയോടെ ഞാൻ നിന്നിൽ നിന്നും അകന്നു പോകുന്നു. പക്ഷെ, ഞാൻ എങ്ങനെയാണ് നിനക്കന്യനാകുക....... ? എന്റെ ഹൃദയത്തോട് പതിഞ്ഞാണ് നീ നിൽക്കുന്നതെങ്കിൽ ഒരു പക്ഷേ, തീക്ഷ്ണമായ വേദനയോടെയാണെങ്കിൽ പോലും നിന്നെയെനിക്ക് എന്നിൽ നിന്നും പറിച്ചകറ്റാമായിരുന്നു. ഇന്ന്, എന്റെ ഹൃദയത്തിൽ അലിഞ്ഞുചേർന്ന നിന്നെ എങ്ങനെയാണ് ഞാൻ എന്റേതല്ലാതാക്കുക...?

കാലഘട്ടത്തിന്റെ ഭ്രമണ പദത്തിൽ ജീവിക്കാൻ വേണ്ടി എന്റെ കൊച്ചു കൊച്ചു സ്വപ്നങ്ങളുമായി അലഞ്ഞു തിരിയുമ്പോഴും എന്നെ ഒന്നാശ്വസിപ്പിക്കുവാൻ നിനക്കെന്റെ അരികിൽ വരാനാകില്ലെന്നറിയാം. പക്ഷെ, ഞാൻ വരും, നിന്റെ അരികിലേക്ക് നിന്നെ ഒന്നു കാണുവാൻ മാത്രം.. ഇനിയും കൊന്നകൾ പൂക്കും ..... ഈ രാജകീയ അങ്കണത്തിൽ നക്ഷത്രങ്ങൾ ഇനിയും കണ്ണ് ചിമ്മും.... നിന്റെ പൂന്തോട്ടത്തിൽ പൂമ്പാറ്റകൾ വർണ്ണചിറകുകളോടെ പാറിപറക്കാൻ തുടങ്ങും. അതെല്ലാം കാണുവാനായി ഞാനിനിയും വരും..



**പ്രവീൺ എം. കുമാർ**
ചെയർമാൻ

## My Heart belongs to You



My heart used to belong to me
And I could never picture it differently
But when you came into my life
You turned my life around
You walked straight through into my heart
And filled up every single part
The most wonderful thing
That has happened to me
Without you beside me
My day's would not start
There'd be no air to breathe
And no beat to my heart
You are my reason for living
My present my past
Only you have the power
To make my dream's last
*You're my first thought on walking*
My last at day's end
You're my partner, my soulmate
My lover, My friend
Through life's constant changes
One thing will stay true
My darling forever
You will be in my Heart


**Don John**
2nd B.Com.


## സ്നേഹപർവ്വം

വന്നു ഞാനിവിടെയേകനായ് സഖീ
കണ്ടു ഞാൻ നിന്നെയെന്നോ സ്വയംപ്രഭേ
നിന്നു ഞാനന്നു നിർന്നിമേഷനായ്
അന്നറിഞ്ഞു ഞാൻ ഹൃത്തിൻ തുടിപ്പുമേ

നിന്റെ ചിരിയും ചിണുങ്ങലും ദേഷ്യവും
നിന്റെയഗാധമാം ജ്ഞാനവും ചിന്തയും
മാറ്റിയെന്നെ നിൻ ഹൃദയസേവിയായ്
അന്നു ലോകമെൻ പൂങ്കാവനങ്ങളായ്
മനുവിലമർന്നു നീ ഗീത തുഷാരമായ്
അകതാരിലാടി നീ സ്നേഹമയൂരമായ്
നിന്റെ തിരുനടയിൽ നിന്നു ഞാൻ ദാസനായ്
ഹൃത്തിൽ വിരിഞ്ഞെനിക്കാനന്ദഹർഷവും

പൂക്കൾ കൊഴിഞ്ഞിപോയ് കാലം കടന്നുപോയ്
ഇന്നു നീയെന്നെ വിട്ടുപിരിഞ്ഞുപോയ്
അന്ധകാരത്തിന്നാഴിയിലെന്നെ നീ
തള്ളിയിട്ടിട്ടു അമ്പേ കടന്നുപോയ്

ഞാനുമെത്തും ഭവതി തൻ ചാരത്തു
ഞാനുമെത്തും തക്ക നേരത്തു
നീ മാത്രമില്ലാത്തൊരീ ലോകമെന്തിനു
പൈതലിൻ ജലരേഖ പോലെയും നിഷ്ഫലം


**ദിനേശ് യു നായ**
ഒന്നാം വർഷ പ്രീഡിഗ്രി

# We do filtering even before extraction!




The secret of good coconut oil lies in the selection of the best Copra for processing. KPL is very particular in this regard, for we believe in the simple fact that the only quality products can win over the consumers.

The taste, smell, and purity of the oil should not be lost by using inferior copra. This is one of the formidable decisions taken by KPL to ensure superior quality.

KPL Shudhi - The100% pure coconut oil. The best for tasty cooking; Whether deep fried or normal, vegetarian or non-vegetarian.

KPL has its own unique methods in the process of extractions. That is why its smell also is unique; and because of the oil is passing through a series of micro filtering, it gets the ultimate purity and golden hue that represents another aspect of its originality.

**KPL Shudhi**
**Coconut Oil**

A quality product from KPL Oil Mills Limited, Irinjalakuda. Pin - 680 121


CHANDRIKA
AYURVEDIC SOAP
CHANDRIKA 59 YEARS OF TRUST
CHANDRIKA AYURVEDIC SOAP
Diya Abraham, Miss Beautiful Skin 1997. Miss International 1st Runner up 1997.
കഴിഞ്ഞ
59 കൊല്ലങ്ങളായി
പ്രകൃതിദത്തമായ
സൗന്ദര്യത്തിന്റെ
യഥാർത്ഥ രഹസ്യം
CHANDRIKA
CHANDRIKA



# നർമ്മദ

ഇവർ സമരം ചെയ്യുന്നത്

വിലക്കപ്പെട്ടുപോയ വായുവിനുവേണ്ടിയാണ്.

ഇവർ പോരാടുന്നത്

ജീവിക്കാനുള്ള അവകാശത്തിനാണ്

ഇവർ കണ്ണീരുപൊഴിക്കുന്നത്

സ്വന്തം അമ്മയുടെ മടിത്തട്ടിൽക്കിടന്ന്

മരിക്കാനുള്ള സൗഭാഗ്യത്തിനാണ്

ഇവർ നമ്മളാണ്

നമ്മൾ ഇവരാണ്

ആമൂ അക്കാ ഏക് സേ

(നാമെല്ലാം ഒന്നാണ്)

(ചരിത്ര പ്രസക്തമായ നർമ്മദാ സമരത്തിൽ ക്രൈസ്റ്റ് കോളേജിൽ നിന്നും ജിജേഷ് ഇ.ജി., ജിനോയ് ജോസ്, ജോജോ വർഗ്ഗീസ് എന്നിവർ പങ്കെടുക്കുകയുണ്ടായി. ഭൂമി നഷ്ടപ്പെട്ടുപോകുന്ന ആദിവാസി സമൂഹത്തെ അടുത്തറിയുവാനും പരിസ്ഥിതിക്കുനേരെ ഉയർന്നുവരുന്ന ഭീഷണികളെ തിരിച്ചറിയുവാനും വേണ്ടി അവർ നടത്തിയ ഐതിഹാസിക യാത്രയെക്കുറിച്ച് ...........)



# നർമ്മദാ ഡയറി....

"എന്റെ അഹിംസ ഉറപ്പുള്ള പദാർത്ഥം കൊണ്ടു സൃഷ്ടിച്ചതാണ്. ശാസ്ത്രജ്ഞന്മാർക്കു പരിചയമുള്ള ഏറ്റവും കട്ടികൂടിയ ലോഹത്തേക്കാളും കട്ടികൂടിയതാണ്."

– മഹാത്മാഗാന്ധി

25 – 9– 1999

" അഹിംസയെന്നത് ഒരു കർമ്മപരിപാടിയെന്നതിലുപരി ഒരു ശീലവും, ജീവിതരീതിയുമാക്കിയിട്ടുള്ള ജനങ്ങളുമുള്ളിടത്തേ അഹിംസയിലധിഷ്ഠിതമായ സമരം ശക്തിപ്പെടുകയുള്ളൂ. എന്റെ പ്രിയപ്പെട്ടവർ ചെയ്യുന്നതും അതു തന്നെയാണ് " ധോംഖടിയിലെ ആളൊഴിഞ്ഞ സത്യാഗ്രഹപന്തലിരുന്ന് മേധാപട്കർ ഞങ്ങളോടു പറഞ്ഞു. ആകാശത്ത് മേഘങ്ങൾ തമ്പടിച്ചിരുന്നു. നർമ്മദാനദിക്കരയിലെ പുല്ലുകൾ ജലതരംഗങ്ങളുടെ ആന്ദോളത്തിനൊപ്പം തലയാട്ടുന്നുണ്ടായിരുന്നു. 1999 സെപ്തംബർ മാസത്തിന്റെ അന്ത്യനാളുകളിൽ അവരുടെ ശബ്ദം പരിക്ഷീണമായിരുന്നെങ്കിലും പറഞ്ഞിരുന്ന ആശയങ്ങൾക്ക് മൂർച്ചയേറിയിരുന്നു. തനിക്കൊപ്പം ഈ ലോകം മുഴുവനുമുണ്ടെന്ന തീക്ഷ്ണമായ വിശ്വാസമായിരുന്നു അവരെ നയിച്ചിരുന്നത്. ഞങ്ങൾ കേരളത്തിൽ തിരികെയെത്തിയാലുടൻ കാമ്പസ്സുകളിലുടനീളം ഒരു ബോധവൽക്കരണ കാമ്പയിൻ നടത്താൻ ഉദ്ദേശിക്കുന്നതായി അവരെ അറിയിച്ചു. തികഞ്ഞ സന്തോഷത്തോടെ അവരത് ഏറ്റുവാങ്ങി. സമരപരമ്പരകളുടെ രൂപഭാവങ്ങൾ അല്പം കൂടി തീഷ്ണമാക്കണമെന്ന നിർദ്ദേശം വച്ച അജയനോട് അവർ പറഞ്ഞു. ' മക്കളേ, ഞങ്ങളിവിടെ രണ്ടു ദശാബ്ദക്കാലത്തിലുമധികമായി സമരം ചെയ്യുകയാണ്. അഹിംസയിലുറച്ചാണ് സമര പരിപാടികൾ. ഞങ്ങൾക്ക് ഇതിനുമുൻപ് കിട്ടിയ തിരിച്ചടികളുടെ തീക്ഷ്ണതയെക്കുറിച്ച് ഇവിടെ പലർക്കും ഇന്ന് ഓർക്കാൻ കൂടി ഭയമാണ്. എത്ര മർദ്ദനങ്ങൾ, ജയിൽ വാസങ്ങൾ, എന്നിട്ടും ഈ അധികാരിവർഗ്ഗം ഈ പാവപ്പെട്ടവർക്കുവേണ്ടി ചെറുവിരലനക്കിയോ ? ' ഇതിനുമുൻപ് നടത്തിവന്ന സമരരീതികളെക്കുറിച്ച് ഞങ്ങളോട് ബറോഡായിൽ വച്ച് നർമ്മദ ബചാവോ ആന്ദോളൻ പ്രവർത്തകയായ നന്ദിനി ബഹൻ പറഞ്ഞിരുന്നത് ഞങ്ങളോർത്തു.

*"നിങ്ങളുടെ സംസ്കാരത്തേയും, ജീവിതശീലങ്ങളെയും തച്ചുതകർക്കാൻ ഒരു സുപ്രഭാതത്തിൽ ആർ തന്നെ വന്നാലും നിങ്ങളെന്തു ചെയ്യും. പ്രതിഷേധിക്കില്ലേ, ഇവിടെ സ്ഥിതി അതിലും ഭീകരമാണ്. സമൂഹം, സംസ്കാരം, ഭക്ഷണം, പാർപ്പിടം, എന്തിന്, ഈ അധഃസ്ഥിതരുടെ ദൈവങ്ങളെപ്പോലും അവർ പിടിച്ചുകൊണ്ടുപോയി. നാല്പതു വർഷത്തോളമായി കുടിയേറാനിടമില്ലാതെ നട്ടം തിരിയുന്ന പട്ടിണി പാവങ്ങളുണ്ട് ഇന്ന് ധോംഖടിയിലും, കേവടിയാറിലും, ജൽസിന്ധിയിലും. 1960 കളിൽ ആദ്യമായി ഒരു സർവ്വേ നടത്തിയിരുന്നു സർക്കാർ, തുടർന്ന് യാതൊരു അറിയിപ്പും കൂടാതെ, പാവ പ്പെട്ട ഈ ആദിവാസികളോട് ഇടം കാലിയ ക്കാൻ ആവശ്യപ്പെടുകയാണുണ്ടായത്. 197 80, 81 ലും ഒട്ടേറെപ്പേരെ ഒഴിപ്പിക്കുകയുണ്ടായി*

സമരവുമായി മുമ്പോട്ട് പോകാൻ ത യാണ് മേധയും സഹപ്രവർത്തകരും തീരു നിച്ചിരിക്കുന്നത്. അതിലേക്കായിട്ടുള്ള പരി ടികൾ ചിട്ടപ്പെടുത്താനായി ഏവരുമൊത്തു രുവാൻ അവരാവശ്യപ്പെടുകയുണ്ടായി.

■ ■ ■

" ഞങ്ങളുടെ ഓർമ്മകൾ തുടങ്ങുന്ന അമ്മയിൽ (നർമ്മദ)നിന്നാണ്. എന്തായാലു ഞങ്ങളുടെ ഓർമ്മകൾ ഒടുങ്ങുന്നതും അവി ത്തന്നെയാവട്ടെ " കംജിഭായ് ധനാഭായ് തട് എന്ന ആദിവാസിഗ്രാമീണൻ ഞങ്ങളോട് പ ഞ്ഞു. കേവടിയാർ കോളനിയിൽ നിന്നും ഏ ദേശം മുപ്പതു കിലോമീറ്ററുകളോളം മാറി വ ത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഒരു പഴ സാങ്ച്ചറിക്കുള്ളിലായിരുന്നു ഞങ്ങൾ. രാ യുടെ നിശബ്ദതയിൽ മലയുടെ ശ്യാമഘന കളിൽ നിന്നും ഉയർന്നു വന്നിരുന്ന ഉടു പാട്ടിനും, തപ്പുകൊട്ടലുകൾക്കും മീതെ ധ ഭായുടെ ശബ്ദം വിറപൂണ്ടു നിന്നു. 1965 – ൽ കേവടിയാർ പ്രദേശത്ത് നർമ്മദാ ഡാ പ്രോജക്ടിനായുള്ള ഉദ്യോഗസ്ഥരെ അധിവ പ്പിക്കുന്നതിന്റെ ഭാഗമായി ഭൂമി പിടിച്ചെടു

പ്പെട്ട നിസ്സഹായരിലൊരാളാണ് താനെന്ന് അയാൾ പറഞ്ഞു. ഒരു ഒൻപതംഗ സംഘമായിട്ടാണ് ധനാബായും കൂട്ടരും ഞങ്ങളെത്തേടി വന്നത്. അവർക്കൊപ്പം നർമ്മദാ ബചാവോ ആന്ദോളന്റെ സഹായിയായ ദീമാഭായും ഉണ്ടായിരുന്നു. "യാതൊരു വിധത്തിലുള്ള രേഖകളും ഞങ്ങളെ അവർ കാണിച്ചില്ല. രേഖകൾ എന്നാലെന്താണെന്നു വരെ അന്ന് ഞങ്ങൾക്കറിയില്ലായിരുന്നുവെന്നതാണ് വാസ്തവം. കനാൽ നിർമ്മിക്കാൻ വേണ്ടി ഞങ്ങൾ ഭൂമി വിട്ടുകൊടുത്തില്ലെങ്കിൽ വികസന വിരുദ്ധതയുടെ പേരിൽ ഞങ്ങൾക്കെതിരെ നടപടിയുണ്ടാകുമെന്ന് അവർ ഭീഷണിപ്പെടുത്തി. ഞങ്ങൾ ഉപേക്ഷിച്ചിട്ടു പോകുന്ന മണ്ണിനു പകരം ഞങ്ങൾക്കവർ കൃഷിസ്ഥലങ്ങളും, വെള്ളവും, വൈദ്യുതിയും വാഗ്ദാനം ചെയ്തിരുന്നു." ധനാഭായ്ക്കൊപ്പം വന്നിരുന്ന ഭഗ്‌വാൻ ഭായ് പറഞ്ഞു. സമൂഹത്തിന്റെ താഴെത്തട്ടിൽ (?) ജീവിക്കുന്ന ഈ പാവങ്ങളോട് ജനാധിപത്യത്തിന്റെ കാവൽക്കാർ കാണിച്ച ' മനുഷ്യത്വ ' (!)ത്തിന്റെ കഥകൾ ഇടറിയിടറി അവർ ഞങ്ങൾക്ക് വിവരിച്ചു തരികയായിരുന്നു.

" ഞങ്ങൾ ഭൂമി ഒഴിഞ്ഞുകൊടുത്തു. എന്നിട്ട് ഞങ്ങൾക്കു കിട്ടിയതോ ? പുല്ലുപോലും മുളക്കാത്ത തരിശുനിലം. തൊഴുത്തുകൾ പോലുള്ള ഭവനങ്ങൾ. ചുറ്റുപാടു പോട്ടെ, മൈലുകൾക്കപ്പുറത്തുപോലും വെള്ളമില്ല എന്നതായിരുന്നു അവസ്ഥ."


" നിങ്ങൾ പ്രതിഷേധിച്ചില്ലേ " ചോദ്യം ഗായത്രി സിങ്ങിന്റേതായിരുന്നു. (ഡൽഹിയിലെ ലേഡി ശ്രീറാം കോളേജിൽ ഫിലോസഫിയിൽ ബിരുദപഠനം നടത്തുന്ന ഗായത്രി ഞങ്ങളുടെ ടീമിലെ ഒരംഗമായിരുന്നു.) പ്രതിഷേധമോ, സഹോദരീ, നല്ല കാര്യം. ഞങ്ങൾക്ക് ഞങ്ങളുടെ പരിചയക്കാരെ ഒന്നടുത്തു കാണുവാൻ പോലും കഴിഞ്ഞിരുന്നില്ല. അത്ര ആസൂത്രിതമായാണ് അവർ ഞങ്ങളെ വിഭജിച്ചിരുന്നത്. ഒരു വീട്ടിലെ അംഗങ്ങൾ പല പല ലിസ്റ്റുകളിൽ ഉൾപ്പെട്ടിരുന്നു. പല പല സ്ഥലങ്ങളിലേക്ക് അവർ നീക്കി മാറ്റപ്പെട്ടു. വിധവയായ സ്ത്രീ ഒരിടത്താണെങ്കിൽ നൂറിലധികം കിലോമീറ്റർ അപ്പുറത്ത് മക്കൾ. പിതാവും മാതാവും രണ്ടു സ്ഥലങ്ങളിൽ. ഒരു കുടുംബത്തിലെ അംഗങ്ങൾ ഒന്നിലധികം ഇടങ്ങളിലായി ചിതറിക്കപ്പെട്ടു. ഞങ്ങൾ പരിഭ്രാന്തരായി എന്നതായിരുന്നു വാസ്തവം. പക്ഷെ പ്രതിഷേധങ്ങൾ തുടർന്നു. എന്നാൽ വർഷങ്ങൾക്കുശേഷം ദീദി (മേധാ പട്കർ) വന്നശേഷമാണ് അതിനൊരു സംഘടിതരൂപം കൈവന്നത്. 'അയാൾ പറഞ്ഞുനിർത്തി. രാവ് നിശബ്ദമായിരുന്നു.

**ധൂലെ ജയിൽ പരിസരം**

അപ്പോൾ മുഷ്ടികൾക്ക് ചുണ്ടുകൾ മുളച്ചു. ഒരായിരം ബചാവോ വിളികളോടെ മുഷ്ടികൾ വായുവിലുയർന്നു. ഒരാഴ്ചയിലധികക്കാലമായി ധൂലൈ സെൻട്രൽ ജയിലിൽ അടച്ചിട്ടിരുന്ന മേധാപട്കർ അടക്കം മുന്നൂറിലധികം പേർ ജയിലിനു പുറത്തേക്കു വരുകയായിരുന്നു അപ്പോൾ. നർമ്മദാ ബചാവോ ആന്ദോളന്റെ [illegible] വിജയമായിരുന്നു അത്. ദീർഘനാളു
[illegible]


സത്യാഗ്രഹ പന്തലിനുള്ളിൽ


മേധാ പട്കർക്കും ദയാബഹനുമൊപ്പം



പ്പെട്ട നിസ്സഹായരിലൊരാളാണ് താനെന്ന് അയാൾ പറഞ്ഞു. ഒരു ഒൻപതംഗ സംഘമായിട്ടാണ് ധനാബായും കൂട്ടരും ഞങ്ങളെത്തേടി വന്നത്. അവർക്കൊപ്പം നർമ്മദാ ബചാവോ ആന്ദോളന്റെ സഹായിയായ ദീമാഭായും ഉണ്ടായിരുന്നു. "യാതൊരു വിധത്തിലുള്ള രേഖകളും ഞങ്ങളെ അവർ കാണിച്ചില്ല. രേഖകൾ എന്നാലെന്താണെന്നു വരെ അന്ന് ഞങ്ങൾക്കറിയില്ലായിരുന്നുവെന്നതാണ് വാസ്തവം. കനാൽ നിർമ്മിക്കാൻ വേണ്ടി ഞങ്ങൾ ഭൂമി വിട്ടുകൊടുത്തില്ലെങ്കിൽ വികസന വിരുദ്ധതയുടെ പേരിൽ ഞങ്ങൾക്കെതിരെ നടപടിയുണ്ടാകുമെന്ന് അവർ ഭീഷണിപ്പെടുത്തി. ഞങ്ങൾ ഉപേക്ഷിച്ചിട്ടു പോകുന്ന മണ്ണിനു പകരം ഞങ്ങൾക്കവർ കൃഷിസ്ഥലങ്ങളും, വെള്ളവും, വൈദ്യുതിയും വാഗ്ദാനം ചെയ്തിരുന്നു." ധനാഭായ്ക്കൊപ്പം വന്നിരുന്ന ഭഗ്‌വാൻ ഭായ് പറഞ്ഞു. സമൂഹത്തിന്റെ താഴെത്തട്ടിൽ (?) ജീവിക്കുന്ന ഈ പാവങ്ങളോട് ജനാധിപത്യത്തിന്റെ കാവൽക്കാർ കാണിച്ച ' മനുഷ്യത്വ ' (!)ത്തിന്റെ കഥകൾ ഇടറിയിടറി അവർ ഞങ്ങൾക്ക് വിവരിച്ചു തരികയായിരുന്നു.

" ഞങ്ങൾ ഭൂമി ഒഴിഞ്ഞുകൊടുത്തു. എന്നിട്ട് ഞങ്ങൾക്കു കിട്ടിയതോ ? പുല്ലു പോലും മുളക്കാത്ത തരിശുനിലം. തൊഴുത്തുകൾ പോലുള്ള ഭവനങ്ങൾ. ചുറ്റുപാടു പോട്ടെ, മൈലുകൾക്കപ്പുറത്തുപോലും വെള്ളമില്ല എന്നതായിരുന്നു അവസ്ഥ."

" നിങ്ങൾ പ്രതിഷേധിച്ചില്ലേ " ചോദ്യം ഗായത്രി സിങ്ങിന്റേതായിരുന്നു. (ഡൽഹിയിലെ ലേഡി ശ്രീറാം കോളേജിൽ ഫിലോസഫിയിൽ ബിരുദപഠനം നടത്തുന്ന ഗായത്രി ഞങ്ങളുടെ ടീമിലെ ഒരംഗമായിരുന്നു.) പ്രതിഷേധമോ, സഹോദരീ, നല്ല കാര്യം. ഞങ്ങൾക്ക് ഞങ്ങളുടെ പരിചയക്കാരെ ഒന്നടുത്തു കാണുവാൻ പോലും കഴിഞ്ഞിരുന്നില്ല. അത്ര ആസൂത്രിതമായാണ് അവർ ഞങ്ങളെ വിഭജിച്ചിരുന്നത്. ഒരു വീട്ടിലെ അംഗങ്ങൾ പല പല ലിസ്റ്റുകളിൽ ഉൾപ്പെട്ടിരുന്നു. പല പല സ്ഥലങ്ങളിലേക്ക് അവർ നീക്കി മാറ്റപ്പെട്ടു. വിധവയായ സ്ത്രീ ഒരിടത്താണെങ്കിൽ നൂറിലധികം കിലോമീറ്റർ അപ്പുറത്ത് മക്കൾ. പിതാവും മാതാവും രണ്ടു സ്ഥലങ്ങളിൽ. ഒരു കുടുംബത്തിലെ അംഗങ്ങൾ ഒന്നിലധികം ഇടങ്ങളിലായി ചിതറിക്കപ്പെട്ടു. ഞങ്ങൾ പരിഭ്രാന്തരായി എന്നതായിരുന്നു വാസ്തവം. പക്ഷെ പ്രതിഷേധങ്ങൾ തുടർന്നു. എന്നാൽ വർഷങ്ങൾക്കുശേഷം ദീദി (മേധാ പട്കർ) വന്നശേഷമാണ് അതിനൊരു സംഘടിതരൂപം കൈവന്നത്. 'അയാൾ പറഞ്ഞുനിർത്തി. രാവ് നിശബ്ദമായിരുന്നു.

**ധൂലെ ജയിൽ പരിസരം**

അപ്പോൾ മുഷ്ടികൾക്ക് ചുണ്ടുകൾ മുളച്ചു. ഒരായിരം ബചാവോ വിളികളോടെ മുഷ്ടികൾ വായുവിലുയർന്നു. ഒരാഴ്ചയിലധികക്കാലമായി ധൂലൈ സെൻട്രൽ ജയിലിൽ അടച്ചിട്ടിരുന്ന മേധാപട്കർ അടക്കം മുന്നൂറിലധികം പേർ ജയിലിനു പുറത്തേക്കു വരുകയായിരുന്നു അപ്പോൾ. നർമ്മദാ ബചാവോ ആന്ദോളന്റെ മറ്റൊരു വിജയമായിരുന്നു അത്. ദീർഘനാളുകളായി തങ്ങളെ വേർപിരിഞ്ഞിരുന്ന പ്രിയപ്പെ



സത്യാഗ്രഹ പന്തലിനുള്ളിൽ



മേധാ പട്കർക്കും ദയാബഹനുമൊപ്പം



മേധ ആന്ദോളൻ പ്രവർത്തകർക്കുമൊപ്പം

ട്ടവരെ ഒരുമിച്ച് കണ്ടപ്പോൾ ഏവർക്കും ആഹ്ലാദം നുരഞ്ഞുപൊങ്ങി. വാദ്യോപകരണങ്ങൾ തുടിതാളമുയർത്തി. അധികാരിവർഗ്ഗത്തിന്റെ ചതിയൻ നീതിക്കെതിരെ അടിച്ചമർത്തപ്പെട്ടവന്റെ രോഷം പതഞ്ഞു പൊങ്ങുകയായിരുന്നു അവിടെ. പൂർണ്ണമായും അക്രമരഹിതമായ രീതിയിൽ സമരം ചെയ്ത് പോന്നിരുന്ന മേധയേയും സംഘത്തേയും വെറും ധാർഷ്ട്യത്തിന്റെ പേരിൽ മാത്രമായിരുന്നു പോലീസ് പിടിച്ചുകൊണ്ട് പോയത്. ഞങ്ങൾ നൃത്തം ചെയ്തുകൊണ്ട് ധൂലൈ തെരുവുകളെ ശബ്ദമുഖരിതമാക്കി. ഡൽഹിയിൽ സ്ഥിരവാസമുറപ്പിച്ചിരിക്കുന്ന ബീഹാറുകാരിയായ മോനാദാസും, ആസ്ത്രേലിയൻ വംശജയായ നിക്കിയും, ആയിരക്കണക്കിന് ആദിവാസികളും, അടക്കം ജനസമുദ്രം ആഹ്ലാദാരവം മുഴക്കി. ഏതാണ്ട് അഞ്ചുകിലോമീറ്ററിലധികം ദൂരം പ്രകടനമായി നീങ്ങി. അന്നുരാത്രിയോടെയാണ് ഞങ്ങൾ ധോംഖടിയിലേക്ക് തിരിച്ചത്. സത്യാഗ്രഹസ്ഥലം സ്ഥിതിചെയ്യുന്നത് ഗുജറാത്തിലെ ധോംഖടിയിലാണ്.

**ദയാബഹൻ (മേഴ്സി)**

ധുലെ സത്യാഗ്രഹപ്പന്തലിൽ വച്ച് ഏറെപ്പേർ, മേധാ പട്കറെ ജയിൽ വിമോചിതയാക്കണമെന്നു പറഞ്ഞ് നിരാഹാരവ്രതമെടുത്തിരിക്കുകയായിരുന്നു. ഞങ്ങളുടെ സംഘാംഗമായിരുന്ന അജയനടക്കം ഏറെപ്പേർ. സത്യാഗ്രഹപ്പന്തലിന്റെ ഒരു കോണിലായി, വിളറി, വാടിയിരിക്കുന്ന മെലിഞ്ഞ ഒരു സ്ത്രീയെ ഞങ്ങൾ ശ്രദ്ധിക്കാനിടയായത് അവരുടെ തലക്കുമുകളിൽ തൂങ്ങിക്കിടന്നിരുന്ന ഒരു ബോർഡു നോക്കിയതിനാലായിരുന്നു. ആ ബോർഡിൽ ഇപ്രകാരം എഴുതിയിരുന്നു. ദയാ ബഹൻ ഇന്ന് പതിനാലാം നിരാഹാരദിനം. അതൊരു അതിശയമായിരുന്നു. ഒരു ദിവസത്തെ ഉപവാസത്തിനുപോലും മുൻകൂട്ടി തയ്യാറെടുത്ത് ചിട്ടപാലിച്ച് പങ്കെടുക്കുന്ന ജനസേവകരുടെ നാട്ടിൽ നിന്നും വരുന്നതിനാലാകണം ഞങ്ങൾക്ക് കൗതുകമുണ്ടായത്. കൂടുതൽ അന്വേഷണം അതിശയത്തിന് വഴിമാറി. പതിനാലു ദിനരാത്രങ്ങളായി അവർ പച്ചവെള്ളംപോലും കുടിച്ചിട്ടില്ല. ഒരു ചൈതന്യംപോലെ അവരവിടെ നിലകൊണ്ടിരുന്നു. ആകാംക്ഷ അടക്കാനാവാതെ പരിചയപ്പെടുകയാണുണ്ടായത്. ഹിന്ദിയിൽ ചോദിച്ച ചോദ്യത്തിന് ഒന്നാംതരം മലയാളത്തിലായിരുന്നു മറുപടി. ദയാബഹൻ മലയാളിയാണ്. മേഴ്സി (ദയ) എന്നുപേർ. പാലാ സ്വദേശം. ബിരുദപഠനത്തിനുശേഷം മദ്ധ്യപ്രദേശിൽ ആദിവാസികളോടൊത്ത് ദയാബഹൻ എന്നപേർ സ്വീകരിച്ച് സേവനം നയിച്ചു വരികയായിരുന്നു. അതിനിടക്കാണ്, തീക്ഷ്ണമായി മുന്നേറുന്ന നർമ്മദാ സമരത്തെക്കുറിച്ചറിഞ്ഞ് തന്റെ സാന്നിദ്ധ്യം ഇവിടെ ആവശ്യമാണെന്ന് മനസ്സിലാക്കിയ ബഹൻ ആന്ദോളനോടൊപ്പം ചേർന്നു. ചരിത്രത്തിലെ തന്നെ തീക്ഷ്ണസമരമായി മാറുന്ന ഇതിൽ ഏറെ വിലപ്പെട്ട പങ്കാണ് ദയാബഹനുള്ളത്. ആദിവാസഭാഷയടക്കം അഞ്ചുഭാഷകൾ നിസ്സാരമായ അവർ കൈകാര്യം ചെയ്തിരുന്നു. മലയാളികളായിരുന്നതിനാലോ, എന്തോ, ഞങ്ങളോട് പ്രത്യേക ആഭിമുഖ്യം തുടർന്നുള്ള ദിവസങ്ങളിൽ അവർ


നർമ്മദാ നദീതടം


ധുലെ ജയിലിൽ നിന്ന് പുറത്തേക്ക്


മേധയെ മോചിപ്പിച്ചതിലുള്ള ആഹ്ലാദം

പ്രകടിപ്പിക്കുകയുണ്ടായി. നർമ്മദാ സമരത്തിന്റെ ഗതിവിഗതികളെക്കുറിച്ചും, സമരചരിത്രത്തെക്കുറിച്ചും കുറെകൂടി തെളിവാർന്ന വിവരങ്ങൾ അവരിൽ നിന്നും ലഭ്യമാകയുണ്ടായി. ധൂലൈ ജയിൽവാസം കഴിഞ്ഞ് ധോംഖടിയിലെത്തിച്ചേർന്നിരുന്ന മേധാപട്കർ, സുപ്രധാന തീരുമാനങ്ങളിൽ എല്ലാറ്റിനും ദയാബഹന്റെ തീരുമാനങ്ങൾക്ക് പ്രാമുഖ്യം കൽപ്പിക്കുന്നുണ്ടായിരുന്നു...

പിന്നീട് ഞങ്ങൾ കേരളത്തിൽ തിരിച്ചെത്തിയതിനുശേഷം ദയാബഹന്റെ ഒരു കത്ത് ലഭിക്കുകയുണ്ടായി. അവർ കേരളത്തിലേക്ക് വരുന്നുവെന്നും വയനാട്ടിൽ വച്ച് കാണാമെന്നുമാണ് അറിയിച്ചിരുന്നത്. പക്ഷേ നിർഭാഗ്യവശാൽ കാണാനൊത്തില്ല.

**വിധ്യാപർവ്വതനിരകളിൽ**

അതാ ആ കാണുന്ന മൂന്ന് മലകൾ കൂടി കയറിയിറങ്ങിയാൽ നമ്മൾ സ്ഥലത്തെത്തി. നിംഗാവിലെ കമ്പിളി വസ്ത്ര വിൽപ്പനക്കാരനും, ആന്ദോളൻ പ്രവർത്തകനുമായ മുകേഷ് ഞങ്ങളോട് പറഞ്ഞു. ധട്ഗാവ് എന്ന മലയോര ഗ്രാമത്തിൽനിന്നും നടന്നു തുടങ്ങിയതായിരുന്നു ഞങ്ങൾ. ആകെ പത്തോ, ഇരുപതോ പേര് വരും. പൂനെവാസിയും മലയാളിയുമായ സജ്ജീവൻ, നർമ്മദാ ബചാവോ ആന്ദോളൻ പ്രവർത്തകരായ ജയന്തിലാൽ, ക്ലിപ്ടൻ, തുടങ്ങിയവർ.

സ്ഥൂലഗാത്രനായ അജയൻ മല കയറാൻ ക്ലേശിക്കുന്നുണ്ടായിരുന്നു. എന്നാൽ ഞങ്ങൾക്കൊപ്പം വന്നിരുന്ന സജ്ജീവൻ നർമ്മദാ ഡാമിന്റെ പേരിൽ ഭൂമി നഷ്ടപ്പെട്ടവരുടെ സംഭവകഥകൾ പറയാൻ തുടങ്ങിയത് ക്ഷീണമില്ലാതാക്കി...................

■ ■ ■

നർമ്മദയോളം പഴക്കമുള്ള അനുഭവങ്ങൾ നെഞ്ചേറ്റിയാണ് ഞങ്ങൾ നദീതടവാസികളോട് യാത്രപറഞ്ഞത്. തീവണ്ടിയുടെ ചടുലതാളങ്ങളിൽ പരസ്പരം നോക്കിയിരിക്കുമ്പോൾ ഞങ്ങൾ ചിന്തിച്ചത് അണക്കെട്ടുകൾ ഉയർത്തുന്ന ഭീഷണികളെക്കുറിച്ചായിരുന്നു. ബർഗ്ഗിഡാമും, മഹേശ്വർ ഡാമും, സർദ്ദാർ സരോവറും അടക്കമുള്ള കൂറ്റൻ ഡാമുകൾ പണിത്, അതിലൂടെ വികസനം കൊണ്ടുവരുന്ന ജനാധിപത്യ മിടുക്കിനെക്കുറിച്ച് ഓർത്തപ്പോൾ ചിരി വന്നു. ചിരി കണ്ണീരാകാൻ ചിരിയോളം സമയം മാത്രം. സർദ്ദാർ സരോവറിന്റെ ഉയരം വർദ്ധിപ്പിക്കാൻ സുപ്രീം കോടതി അനുമതി നൽകിയ സാഹചര്യത്തിൽ ഇനിയും നിലവിളികളുയരും. നർമ്മദാതീരത്ത് അശാന്തിയുടെ വെള്ളപ്പൊക്കങ്ങൾ തുടർച്ചയായും.

മുങ്ങിപ്പോകുന്ന സംസ്കാരങ്ങളെത്ര ? ജനപദങ്ങളെത്ര ? ഇതിനു പകരമായി നാം ആ പാവങ്ങളോട് ആവർത്തിച്ചാവർത്തിച്ചു പറയുന്ന പദമാണ് വികസനം എന്നത്. ആരുടെ വികസനം ? വൻകിട മുതലാളിമാരുടെ വികസനം, ബഹുരാഷ്ട്രകമ്പനികളുടെ വികസനം, പാവപ്പെട്ടവന്റെ ഔദാര്യത്തിൽ കൊടിവച്ച കാറിൽപ്പായുന്ന കുറേ ശവംതീനികളുടെ വികസനം. ഉള്ളവൻ കൂടുതൽ ഉള്ളവനാകുന്നു. ഇല്ലാത്തവൻ ഗതികെട്ട നിസ്വനും. ഇന്ത്യാമഹാരാജ്യത്ത് ഒരമ്പലത്തിന്റെ കഴുക്കോൽ ഊരിവീണാൽ ചോര തിളക്കുന്ന മിടുക്കന്മാരോട് ഒരു ചോദ്യം. നർമ്മദാനദീതടത്തിൽ മുങ്ങിപ്പോകുന്ന പൗരാണികകാലം മുതല്ക്കെയുള്ള മന്ദിറുകൾക്ക് ഒരു വിലയുമില്ലേ ? ഇവിടെയാണ് അമ്പലം പൊളിക്കലിന്റെയും പള്ളിതകർക്കലിന്റെയും രാഷ്ട്രീയം കടന്നു വരുന്നത്.

■ ■ ■

മഹാഭാരതത്തിലും, മറ്റു പുരാണങ്ങളിലും നർമ്മദാ നദിയെക്കുറിച്ച് ഏറെ പരാമർശങ്ങളുണ്ട്. സൂര്യപുത്രിയായ തപതി ഭർത്താവായ സംവരണന്റെ ചിതയിൽ സതി അനുഷ്ഠിച്ചതിൽ തൃപ്തനായ സൂര്യഭഗവാൻ അവളെ ഒരു പുണ്യനദിയായിത്തീരാൻ അനുഗ്രഹിച്ചുവെന്നും, അവൾ വിന്ധ്യാപർവ്വതത്തിൽ നിന്നുത്ഭവിച്ച് പടിഞ്ഞാറോട്ടൊഴുകി സമുദ്രത്തിൽപ്പതിക്കുന്ന ഒരു പുണ്യനദിയായി, നർമ്മദാനദിയായി എന്നതാണ് കഥ. ഗംഗക്ക് നിബിഡസ്ഥലങ്ങളിലും, സരസ്വതിക്ക് കുരുക്ഷേത്രത്തിലും പരിശുദ്ധി കൂടും. എന്നാൽ നർമ്മദയെ കാണുന്ന മാത്രയിൽ നാം മാനസീകമായും, ശാരീരികമായും പരിശുദ്ധരായിത്തീരുന്നു എന്ന് നാരദൻ മഹാഭാരതത്തിൽ യുധിഷ്ഠിരനോട് പറയുന്നുണ്ട്. അറുപതുകോടി അറുപതിനായിരം തീർത്ഥങ്ങൾ സ്ഥിതി ചെയ്യുന്ന അമരകണ്ടകം (അമർഖണ്ഡ്)ൽ നിന്നാണ് നർമ്മദ ഉത്ഭവിക്കുന്നത്.

നർമ്മദാ സരിതാം ശ്രേഷ്ഠം, സർവ്വ പാപ പ്രണാഗാനി

താരയേൽ സർവ്വഭൂതാനി സ്ഥവരാണ ചരാണി ച

പര്യാ; രേവാസോമോരുവ മേല കന്യക.

(മേഖലപർവ്വതത്തിനു തെക്കുകൂടി ഒഴുകി പടിഞ്ഞാറേ സമുദ്രത്തിൽ വീഴുന്നതാണ് നർമ്മദാ നദി. ഇതിലെ ജലം സർവ്വരോഗങ്ങൾക്കും നന്ന്.)

❖ ❖ ❖

നിങ്ങൾ കമ്മ്യൂണിസ്റ്റോ, കോൺഗ്രസ്സുകാരനോ, മതമൗലികവാദിയോ, മനുഷ്യത്വവാദിയോ, ഫെമിനിസ്റ്റോ ആരോ ആവട്ടെ ഒന്നു നർമ്മദയിലേക്കു ചെവിയോർക്കുക. രക്തം ഉറഞ്ഞുപോകുന്ന നിലവിളികൾ ആത്മാവുകൊണ്ട് തൊട്ടറിയാം. അത് നിന്റെ സഹോദരന്റേതാണ്.......

Text and pictures by : Jinoy Jose & Jojo Varghese




മേധാ പട്കറും അരുന്ധതിറോയിയും

# സമരഭൂമിയിലേയ്ക്ക്

* "Be There" (അവിടെ ആയിരിക്കുക) എന്ന അക്ഷരക്കൂട്ടത്തിൽ നിന്നുയർന്ന ഉൾവിളിയാണെന്നെ ഒരർത്ഥത്തിൽ നർമ്മദയിലേക്കെത്തിച്ചത്. വലിയ വലിയ ജനനന്മകൾ മനസ്സിലാക്കിക്കഴിഞ്ഞപ്പോൾ വികസനത്തിനുവേണ്ടി നാം നൽകുന്ന അല്ലെങ്കിൽ നമ്മിൽനിന്നും പിടിച്ചുവാങ്ങപ്പെടുന്ന വൻ വിലകളെക്കുറിച്ച് അറിഞ്ഞപ്പോൾ എന്നിൽ ഉരുത്തിരിഞ്ഞതാണ് ആ ആശയം. നർമ്മദാ സമരസമിതിയോട് പക്ഷം ചേരണം എന്ന്. ഭാഗികമായെങ്കിലും അതു പൂർത്തിയാക്കാൻ എനിക്കായി.

മഹാരാഷ്ട്ര, ഗുജറാത്ത്, മദ്ധ്യപ്രദേശ് എന്നീ മൂന്നു സംസ്ഥാനങ്ങളുടെ വിന്ധ്യ, സത്പുര പർവ്വത നിരകൾക്കിടയിലൂടെ ആയിരക്കണക്കിന് കിലോമീറ്റർ നീളത്തിൽ പടിഞ്ഞാറോട്ടൊഴുകി അറബിക്കടലിൽ ചെന്നുചേരുന്ന നർമ്മദാ നദി. ഇവിടെ ലോകബാങ്ക് സഹായത്തോടെ അണകെട്ടുന്നു എന്നാണ് കേട്ടത്. മുവ്വായിരത്തിലധികം ഡാമുകൾ അതിലെ പ്രധാന പ്രൊജക്ടായ സർദ്ദാർ സരോവറിനെതിരെ ആദിവാസികളുടെ ബഹുജന പ്രക്ഷോഭം നടക്കുന്നുവെന്നും കേട്ടപ്പോൾ ആദ്യം തോന്നിയത് അമ്പരപ്പായിരുന്നു. ഗുജറാത്തിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളവും ജലസേചന സൗകര്യവും നൽകുമെന്ന് പറയപ്പെടുന്ന ഈ പദ്ധതിയെ എന്തിനെതിർക്കണം.... ?


ജിജേഷ്, ബാബാ ആംതേക്കൊപ്പം

വെളിപാടുകൾ എപ്പോഴും വൈകിയാണെത്തുക. നർമ്മദക്കു വേണ്ടി നർമ്മദാ ബചാവോ ആന്തോളൻ പ്രവർത്തകർ നടത്തുന്ന സമരത്തിൽ പങ്കാളിയാകുവാൻ എനിക്കു തോന്നിയതിനു പിന്നിൽ സുനിശ്ചിതമായ കാരണങ്ങൾ ഉണ്ടായിരുന്നു. വികസനത്തിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെടുന്ന ആദിവാസികളുടെ വേദനയും നൊമ്പരങ്ങളും മനസ്സിലാക്കികഴിഞ്ഞപ്പോൾ, വികസനം എന്ന് നാം പേരിട്ടു വിളിക്കുന്ന വിനാശത്തിന് അവർ നൽകുന്ന വലിയ വലിയ വില...ളെക്കുറിച്ച് അറിഞ്ഞപ്പോൾ എന്റെ മനസ്സിൽ ഉറഞ്ഞുകൂടിയ വികാരം വിവരിക്കവയ്യ. വികസനം എന്നപേരിൽ പാവപ്പെട്ട അശരണരായ ആദിവാസികളിൽ നിന്ന് ഭരണകൂടവും മദ്ധ്യസ്ഥന്മാരും കച്ചവടക്കാരും വൻ വ്യവസായികളും പിടിച്ചുവാങ്ങുന്നത് കേവലം ഒരു തുണ്ട് ഭൂമി മാത്രമല്ല. അവരുടെ പാരമ്പര്യം സംസ്കാരം സാമൂഹ്യനീതികൾ സങ്കൽപ്പങ്ങൾ സ്വപ്നങ്ങൾ എന്തിന് ദൈവങ്ങളെക്കൂടിയുമാണ്. കാലങ്ങളായി തങ്ങൾ പാർക്കുന്ന ഭൂമീ ദേവിയുടെ ഉർവരത വിട്ട് റെഡിമെയ്ഡ് കേന്ദ്രങ്ങളിലേക്ക് നീങ്ങണമെന്ന സുഗ്രീവാജ്ഞക്കുമുന്നിൽ പകച്ചുപോയ ആ പാവങ്ങളോട് പക്ഷം ചേരാനായിരുന്നു എന്റെ യാത്ര. ആ യാത്രയും കാഴ്ചകളും എനിക്കു സമ്മാനിച്ച തിരിച്ചറിവുകളെപ്പറ്റി പറയാം.



മേധാ പട്കർ കഴുത്തൊപ്പം വെള്ളത്തിൽ സത്യാഗ്രഹ പന്തലിൽ

ആമോ അക്കാ ഏക് സേ (നമ്മളെല്ലാം ഒന്നാണ്). ഓരോ മലയിടുക്കുകളിൽ നിന്നും ആ വാക്കിന്റെ പ്രതിധ്വനി വന്നുകൊണ്ടിരുന്നു. കൊച്ചുകുട്ടികൾ കുടിലുകളിൽ നിന്നിറങ്ങിവന്ന് ഞങ്ങളെ അഭിവാദ്യം ചെയ്തു. അവരുടെ ആവേശം ഉൾക്കൊണ്ട് കയറിയിറങ്ങിയ കുന്നുകളും മലകളും വകവയ്ക്കാതെ യാത്ര തുടരുകയായിരുന്നു. മുങ്ങാൻ പോകുന്നതും മുങ്ങിക്കൊണ്ടിരിക്കുന്നതുമായ സംസ്കാരങ്ങളെ തിരിച്ചറിയാനുള്ള യാത്ര. ഒരു ജനതയുടെ ഒത്തൊരുമയെ അറിയാനുള്ള യാത്ര. ഒരു യഥാർത്ഥ സത്യാഗ്രഹം എന്താണെന്നറിയാനുള്ള ആഗ്രഹങ്ങളുടെ യാത്ര. എല്ലാത്തിനുമുപരി പുണ്യങ്ങളുടെ പുണ്യനദിയായ നർമ്മദയെയും അവൾക്കായ് സ്വന്തം ജീവിതം ഉഴിഞ്ഞുവച്ച മേധ ദീദിയെയും കാണുവാനുള്ള യാത്ര.....

രാവിലത്തെ മീറ്റിങ്ങിൽ വച്ചായിരുന്നു മേധാ പട്ക്കർ എന്ന ദീദിയെ ഞങ്ങൾ ആദ്യമായി കാണുന്നത്. ആ സമയം പറഞ്ഞറിയിക്കാനാകാത്ത ഒരു സന്തോഷമായിരുന്നു. ഇവരില്ലായിരുന്നെങ്കിൽ ആദിവാസികൾ എന്ന അവിടുത്തെ സമൂഹം എന്നേ തുടച്ചു നീക്കപ്പെട്ടേനെ........ നര ബാധിച്ചു തുടങ്ങിയിരുന്നെങ്കിലും മുഖത്തെ നിഷ്കളങ്കമായ തേജസ്സും വാക്കുകളിലെ ദാർഢ്യവും ആരേയും ആകർഷിക്കുന്നതായിരുന്നു. രാവിലെ ഞങ്ങളോടൊപ്പം പാട്ടുപാടുന്ന ദീദി.. മുദ്രാവാക്യങ്ങൾ ഏറ്റവും ആവേശത്തിലും ഉച്ചത്തിലും വിളിക്കുന്ന ദീദി.... ശ്രമദാനങ്ങളിൽ ഞങ്ങളോടൊപ്പം വെള്ളം നിറയ്ക്കുന്ന ദീദി..... മീറ്റിങ്ങുകളിൽ സുപ്രധാന തീരുമാനങ്ങളും സന്ദേശങ്ങളും തരുന്ന ദീദി....... ദീദിയുടെ സാന്നിദ്ധ്യം എല്ലാ രംഗത്തും ഞങ്ങൾ ദർശിച്ചു. അവരുടെ പ്രാർത്ഥനാഗാനങ്ങൾ മനസ്സിനെ ശാന്തിയിലേക്കു നയിച്ചു. അവരുടെ മുദ്രാവാക്യങ്ങൾ ഞങ്ങളിൽ സമരവീര്യം ഉണർത്തി. അവർ പറഞ്ഞ ഓരോ വാക്കുകളും സത്യത്തിന്റെ ഗാംഭീര്യം ഉൾക്കൊണ്ടതായിരുന്നു. അന്നത്തെ ഞങ്ങളുടെ യോഗതീരുമാനങ്ങൾ സുപ്രധാനങ്ങളായിരുന്നു. കോർട്ടിനെ ധിക്കരിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടില്ലെന്നും ഞങ്ങൾ ഇവിടെ നടക്കുന്ന അനീതിക്കെതിരെയാണു പോരാടുന്നതെന്നും അതിനാൽ അരുന്ധതിക്കും, മേധക്കും ഉള്ള Contempt of Court ഞങ്ങൾ കൂടി വിധേയരാണെന്നും മാത്രമല്ല ഗുജറാത്ത്, മധ്യപ്രദേശ്, മഹാരാഷ്ട്ര മുഖ്യമന്ത്രിമാർക്ക് ഡാം പണി നിറുത്തി വയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പോസ്റ്റുകാർഡുകൾ അയയ്ക്കാനും തീരുമാനമെടുത്തു. അതിനുശേഷം ദീദി ഇപ്പോഴത്തെ അവസ്ഥ വിശദീകരിച്ചു. 1985 ൽ അവർ ഇവിടെ എത്തിയതാണ്. ഇവിടുത്തെ പരിതാപകരമായ സ്ഥിതികൾക്കെതിരെ അന്നുമുതൽ എതിർപ്പു തുടങ്ങി. 73 വില്ലേജുകളിലെ Land settlement ഇപ്പോഴും നടന്നിട്ടില്ലെന്നും അവർ ഓർമ്മിപ്പിച്ചു. അതിൽ ഓരോരുത്തർക്കും കുറഞ്ഞത് 2 ഏക്കർ സ്ഥലം വീതമെങ്കിലും കിട്ടേണ്ടതുണ്ട്. കൃഷിയിടങ്ങൾ പലതും കിട്ടിയിട്ടില്ല. പലർക്കും ഉള്ളതു നഷ്ടപ്പെടുകയും ചെയ്തു. 550 തോളം ഇത്തരത്തിൽപെട്ട കേസുകൾ pending ൽ ഉണ്ടെന്നും ഇതു കൂടാതെ 230 തോളം കേസുകൾ ആദ്യത്തെ കുടിയൊഴിപ്പിക്കൽ ഇനത്തിൽ ബാക്കിയുണ്ടെന്നും അവർ വിശദീകരിച്ചു. ജൂലൈ നാലിനു ശേഷമാണ് വെള്ളം പൊങ്ങാൻ തുടങ്ങിയതെന്നും മുൻപു മീറ്റിങ്ങുകളും പൊതുയോഗങ്ങളും നടന്നിരുന്ന സ്ഥലങ്ങൾ പലതും ഇപ്പോൾ വെള്ളത്തിനടിയിലാണെന്നും അവർ വിശദീകരിച്ചു. 90 മീറ്ററോളം ഡാം പൊങ്ങുകയാണെങ്കിൽ ആദിവാസി പ്രദേശങ്ങളും കഴിഞ്ഞ് തിമാഡ് എന്ന സമ്പന്നമായ ഗ്രാമങ്ങളിലേക്കുപോലും വെള്ളം കയറാൻ സാധ്യതയുള്ളതായി അവർ വിശദീകരിച്ചു. 2000 കോടി രൂപ ആസ്തിയുള്ള ഗ്രാമങ്ങൾ പോലും ഇതിൽ ഉൾപ്പെടും എന്നു കേട്ടപ്പോൾ ഗവണ്മെന്റ് ഡാമിനായി ഇറക്കുന്ന കോടികളും ഇരുകരകളിലായി നഷ്ടപ്പെടുന്ന കോടികളും തമ്മിലുള്ള അന്തരം കുറേശ്ശെ മനസ്സിലായി. ഭൂമി നല്കി അവരെ തമ്മിൽ തല്ലിക്കുന്ന പ്രക്രിയയും ഗവണ്മെന്റ് ആവിഷ്കരിച്ചു കഴിഞ്ഞു. ഇവർ ഒരിക്കലും രണ്ടുഗ്രാമങ്ങളുമായി ഒരുമിച്ച് കൃഷി ചെയ്യാറില്ല. ഇതുമൂലം ഇതിനിടയിൽ പല അനിഷ്ട സംഭവങ്ങളും രണ്ടു കൊലപാതകങ്ങളും നടന്നു.

അവിടെയുള്ളവരുമായി പിന്നീട് പരിചയപ്പെട്ടു. ഫിറോസ് ഭായി എന്ന ഡോക്യുമെന്ററി ഫിലിം മേക്കർ 95 മുതൽ നർമ്മദയെക്കുറിച്ച് ഒരു ഡോക്യുമെന്ററി പിടിക്കാൻ തുടങ്ങിയതായിരുന്നു. ഓരോ വർഷവും സ്ഥിതിഗതികൾ വഷളാവുകയല്ലാതെ ശാന്തമാകുന്നില്ല. അതിനാൽ ഒരു നല്ല അവസാനത്തിലേക്കെത്തിക്കാൻ കഴിയാതെ ഡോക്യുമെന്ററി ഇപ്പോഴും അപൂർണ്ണം. ഗുജറാത്തിൽ നിന്നും വന്ന ഭായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 1961 ൽ ഹെലിപ്പാഡ് നിർമ്മിക്കാൻ ഭൂമി നഷ്ടപ്പെട്ടവരുടെ സ്ഥിതിഗതികൾ ഇതിലും പരിതാപകരമാണ്. വെള്ളക്കെട്ടു നിറഞ്ഞ കൃഷി ചെയ്യാൻ സാധിക്കാത്ത സ്ഥലങ്ങളിലാണ് പുനരധിവാസം നടന്നിരിക്കുന്നത്.


പിന്നീടു ഞങ്ങൾ ദീദിയോടൊപ്പം നിംഗാവ് എന്ന പ്രവിശ്യയിലെ ഗ്രാമങ്ങൾ സന്ദർശിക്കാൻ പോയി. ഞങ്ങൾ എന്തൊക്കെ പ്രതിസന്ധികൾ നേരിട്ടാലും വെള്ളം പൊങ്ങി മരിക്കേണ്ടി വന്നാലും വീടും കൃഷിയിടവും വിട്ടു പോവുകയില്ലെന്നു ഏവരും പ്രതിജ്ഞ ചെയ്തു. എൻ.ബി.എ. പതാക ഓരോ വീടുകളിലും ഉയർത്തുകയും ചെയ്തു. ഓരോ കുടുംബത്തിനും ഞങ്ങൾ ഒറ്റപ്പെട്ടവരാണെന്ന ബോധം നിശ്ശേഷം മാറിയിരുന്നു. എൻ.ബി.എ. യുടെ സംഘടനാശക്തി അവിടെ പ്രകടമായിരുന്നു. അവിടെ നിന്ന് ഞങ്ങൾ ജലാസിന്ധി എന്ന ഗ്രാമത്തിലേക്കു ബോട്ടു കയറി. അവിടെയായിരുന്നു അരുന്ധതി റോയിയുടെ നേതൃത്വത്തിലുള്ള റാലി ഫോർ ഒവാലിസ് റാലിയുടെ സ്വീകരണം. ആറരയോടെ അരുന്ധതിയും കൂട്ടരും അവിടെയെത്തി........

❖ ❖ ❖

തുടർന്നങ്ങോട്ട് ചരിത്രപ്രസിദ്ധമായ സമരപരമ്പരകളായിരുന്നു. എത്രയെത്രയാളുകൾ........ എത്രയെത്ര അനുഭവങ്ങൾ...... റാലി കഴിഞ്ഞ് തിരിച്ചുപോയവരുടെ മനസ്സിൽ നർമ്മദയുടെ വേദനകളും നൊമ്പരങ്ങളും നിറഞ്ഞു നിന്നിരുന്നു. അവരുടെ ഹൃദയങ്ങളിൽ അടിച്ചമർത്തപ്പെടുന്നവനോട് സംഘം ചേരാനുള്ള ആഗ്രഹവും ഉടലെടുത്ത് കഴിഞ്ഞിരുന്നു. അതിനുവേണ്ടി പടപൊരുതാനുള്ള ചങ്കൂറ്റവും......

ഞങ്ങളിലും .....•

* (അരുന്ധതി റോയിയുടെ വലിയ വലിയ ജനനന്മകൾ എന്ന ലേഖനത്തിലെ അവസാന വാചകം.)



ജിജേഷ് ഇ.ജി.

# മലയാലം കുരച്ച് കുരച്ച് അരിയാം

ഞാനൊരു മലയാളി
എങ്കിലും ഞാനൊരു കൊലയാളി
ഞാനൊരു ബിരുദധാരി
എങ്കിലും ഞാനൊരു ധിക്കാരി

അമ്മയാം മാതൃഭാഷ തൻ
നെഞ്ചിൽ നിന്നൂരും കത്തി
നെറുകയിൽ പ്രദർശിപ്പിക്കും
അനുകരണീയ സായിപ്പു ഞാൻ

അയെന്നാദ്യക്ഷരം നാവിൽ
കുറിച്ചു തന്ന അമ്മ
ആ, യമ്മയെ തള്ളിപ്പറയും
ധൂർത്തപുത്രൻ ഞാൻ

ആലപ്പുഴനാടിനെ ആലപ്പി
യെന്നു വിളിച്ചോരാ സായിപ്പിൻ
ചെരുപ്പു തുടച്ചു ഞാനും
സായിപ്പിൻ ഭാഷ ഭാഗമാക്കി


അമ്മയെ മമ്മിയെന്നു
വിളിച്ചാദരിക്കും സായിപ്പിനെ
ഞാനും പിന്തുടർന്നെങ്കിലുമത്
അമ്മയെ ധിക്കരിച്ചോരാദുര്യോധന തുല്യം

അന്ത്യത്തിലെന്റെ നയനങ്ങൾ
പ്രകാശം ദർശിച്ച നേരം
ഹരിശ്രീ കുറിച്ചോരാ ദിനം
മനസ്സിൻ മടിത്തട്ടിൽ തെളിഞ്ഞുവന്നു

വൈകിപ്പോയി, വൈകിപ്പോയി
മലയാളം മനസ്സിൽ നിന്നകന്നുപോ
യെന്ന കാര്യമെന്നെ അക്ഷരമാലാ
പുസ്തകമെടുപ്പിച്ചു വായിപ്പിച്ചു

എഴുത്തച്ഛനാശാൻ ഉള്ളൂരിൽ
വള്ളത്തോളും പൂന്താനവുമെല്ലാം
വാനോളുയർത്തിയോരോ മലയാള കവിതേ
നിനക്കായിരം പ്രണാമങ്ങൾ

ഗുപ്തൻനായരും അഴിക്കോടും
കോവിലനും മുണ്ടശ്ശേരിയുമെല്ലാം
സമൃദ്ധിയിലാലാക്കിയ മലയാള സാഹിത്യമേ
നിനക്കുമായിരം പൂച്ചെണ്ടുകൾ



റിജു റാഫേൽ
രണ്ടാം വർഷ പ്രീഡിഗ്രി




നിങ്ങളുടെ ചാരിത്ര്യത്തെ
ഞങ്ങൾ വെടിയുണ്ടകൾ കൊണ്ട് ഭോഗിക്കുമ്പോൾ
നിങ്ങളുടെ നിഷ്ക്കളങ്കതയെ
അവകാശവാദത്തിന്റെ സെറമോണിയർ പരേഡുകൾ കൊണ്ട്
ഞങ്ങൾ കളങ്കപ്പെടുത്തുമ്പോൾ
നിങ്ങളുടെ സുകൃതസായന്തനങ്ങളിൽ
ഞങ്ങൾ ആർത്തനാദങ്ങളുടെ ചുവപ്പുരാശി
കലർത്തിയപ്പോൾ
വിഡ്ഢികളായത് നിങ്ങളാണ്.
ടെസ്റ്റുകേസുകളാക്കപ്പെട്ട കാശ്മീരികൾ
ഇന്ത്യയും പാക്കിസ്ഥാനും – ഞങ്ങൾ
രാഷ്ട്രങ്ങളാണ്.... ലോകരാഷ്ട്രങ്ങൾ
അമളി പറ്റിയത് നിങ്ങൾക്കാണ്.
ക്ഷമിക്കുക ! നന്മകൾ.... നേരുന്നു.

ആദരാഞ്ജലികൾ

# വളപ്പൊട്ടിന്റെ മന്ദഹാസം പോലെ.......



നീതുവിനിതെന്തു പറ്റി, കൂട്ടുകാരൊന്നിച്ച് ഒഴിവു പിര്യേഡുകളിലൊന്നിൽ കാന്റീനിലേക്കു നടക്കവേ ആരോ ചോദിച്ചു. നീ ആകെ മൂഡൗട്ടാണല്ലോ. നീതുവിന്റെ മനസ്സ് എവിടെയോ അലയുകയായിരുന്നു. അന്നാദ്യമായി കാന്റീനിലെ റൗണ്ട് ടേബിളിനു ചുറ്റുമിരുന്ന് കട്‌ലറ്റും, ചായയും കഴിക്കുമ്പോൾ അവൾക്കെന്തോ ഒരരുചി തോന്നി. ചൂടാക്കിയെടുത്ത കട്‌ലറ്റിന്റെ സ്വാദും, പാട കെട്ടിയ ചായയും. ഇതിനായിരുന്നുവോ അമ്മ തന്നയക്കാറുള്ള പൊതിച്ചോറ് ഇടക്കിടെ മനപൂർവ്വം മറന്നു പോകാറുള്ളതെന്ന് അവൾ അത്ഭുതത്തോടെയോർത്തു.

ചുറ്റിനും നിന്നുയരുന്ന ചറപറാ സംഭാഷണങ്ങളും പൊട്ടിച്ചിരികളും അവളെ വല്ലാതെ മടുപ്പിച്ചു. എല്ലാവരും പണിപ്പെട്ട് ഉണ്ടാക്കിയെടുത്ത ഒരു സീനായി അതവൾക്കു തോന്നി. എന്തെങ്കിലുമൊരു നോട്ടിന്റെയോ, ഒരു എക്സാമിന്റെയോ സൂചന മതി. സ്വിച്ചോഫ് ചെയ്തതു പോലെ ഈ ചിരിയും, സന്തോഷവും, ബഹളങ്ങളുമെല്ലാം ഓടിയകലും. ആളിക്കത്തുന്ന ഗൗരവം എല്ലാ മുഖങ്ങളിലും നിറയും. ചോദിക്കുന്നതൊന്നും കേൾക്കില്ലെന്നും, കേൾക്കുന്നതിനൊന്നും മറുപടി കിട്ടിയില്ലെന്നും വരും. നീതുവിനാകെക്കൂടെ ഒരു പരിഹാസം തോന്നി. വ്യർത്ഥമായ പുഞ്ചിരികൾ, പരസ്പരം കൈമാറുന്ന അർത്ഥശൂന്യമായ ഔപചാരികമായ കുശലങ്ങൾ, ഒരുമിച്ചിടപഴകുന്നതുകൊണ്ട് സ്നേഹിക്കാതെ വയ്യല്ലോ എന്ന മട്ടിലുള്ള സൗഹൃദങ്ങൾ. എല്ലാത്തിനേയും നിയന്ത്രിച്ചുകൊണ്ട് എല്ലാവരുടേയും ഉള്ളിലെ സ്വാർത്ഥ താല്പര്യങ്ങൾ. താനും ഏതാണ്ട് ഈ ചങ്ങലയുടെ ഒരു കണ്ണിയാണല്ലോ എന്നവളോർത്തു.

ഒന്നു ശ്രദ്ധിക്കാൻ കഴിയാതെ അസ്വസ്ഥമായ മനസ്സുമായി ക്ലാസുകളിലിരിക്കവേ എല്ലാറ്റിനും വഴി തെളിച്ചത് ഗൗരിയായിരുന്നുവെന്ന് നീതുവോർത്തു. നിർദ്ധാരണങ്ങൾക്കും, സമവാക്യങ്ങൾക്കുമിടയിലൂടെ ഒഴിവു സമയങ്ങൾ നിർവികാരമായി കടന്നു പൊയ്ക്കൊണ്ടേയിരിക്കേ എപ്പോഴോ ആണ് ഗൗരി ഒരു കുളിൽക്കാറ്റു പോലെ മനസിലേക്ക് ഒഴുകിയെത്തിയത്. അവളുടെ അച്ഛനും, അമ്മയും തമിഴരായിരുന്നുവെങ്കിലും കേരളത്തിലെ ഏതോ ഒരു വഴിയോര സന്തതിയായിരുന്നു – അവൾ. ജനിച്ചതും, വളർന്നതും, വലുതായതുമെല്ലാം ഏതൊക്കെയോ പുറമ്പോക്കുകളിൽ, തെരുവോരങ്ങളിൽ. എങ്കിലും നിഷ്കളങ്കമായ ആ തമിഴ് ഭംഗി അവളെ വിട്ടൊഴിഞ്ഞിരുന്നില്ല. കറുത്ത മനോഹരമായ മുഖത്ത് എല്ലായ്പ്പോഴും തെളിഞ്ഞു നില്ക്കുന്ന നിലാവു പോലുള്ള പുഞ്ചിരിയോടും, നിറഞ്ഞ പ്രസരിപ്പോടും കൂടെ അവളവിടെയെങ്ങും ഓടി നടന്നു. കൈകളിൽ നിറയെ വളകളണിഞ്ഞ് ആംഗ്യങ്ങളുമായുള്ള സംസാരവും, കിലുകിലെയുള്ള ചിരിയുമായ് അവളാ പരിസരങ്ങളൊക്കെയും ജീവനുള്ളതാക്കി.

നീതുവിനോനടുക്കാൻ അവൾക്കാദ്യം ഭയമായിരുന്നു. കർട്ടൻ നീക്കിവെച്ച ജനൽക്കമ്പികൾക്കിടയിലൂടെ ഇടക്കിടെ ഉറ്റുനോക്കി നിന്ന് തിരിഞ്ഞു നോക്കുമ്പോൾ ഓടിയകന്ന് ഒടുവിലെന്നോ *അവർ തമ്മിൽ സൗഹൃദത്തിലാ*യി. വൈകുന്നേരങ്ങളിൽ എന്നും ക്ഷീണം അകറ്റാൻ കിടക്കവേ അവൾ വന്നു ജനലിനരുകിൽ നില്ക്കും. അനിയന്റെ കുസൃതികളും, അമ്മായുടെ അസുഖങ്ങളും, അച്ഛന്റെ ദേഷ്യവുമൊക്കെ അവൾ വർണ്ണിച്ചു നില്ക്കും. അച്ഛനു ഞങ്ങളെ ആരെയും ഇഷ്ടമല്ല എന്നു



പറയുമ്പോൾ അവളുടെ സ്വരം വല്ലാതെ ഇടറും.


ഇടക്കെന്നോ ഒരിക്കൽ അവൾ ചോദിച്ചു. ചേച്ചിയെന്താ പഠിക്കുന്നത്. ഫിസിക്സ് പെട്ടൊന്നരഭിമാനത്തോടെ പറഞ്ഞുപോയി. ഫിസിക്സോ എന്താണത്. ഗൗരി പെട്ടെന്നു തിരിച്ചു ചോദിച്ചു. ഒരു നിമിഷം മനസിലൂടെ ഇലക്ട്രോഡൈനമിക്സും, തെർമോ ഡൈനമിക്സുമെല്ലാം ഘോഷയാത്രയായി കടന്നുപോയി. അത്, അത് .. ഒരു നിമിഷം വീണ്ടും ഞാൻ തപ്പിത്തടഞ്ഞു. നോക്കൂ കുട്ടി അതു കറന്റിനേയും, ബലങ്ങളേയും കുറിച്ചു പഠിക്കുന്നതാണ്. ചേച്ചിക്ക് പൂക്കളേക്കാളും, പൂമ്പാറ്റകളേക്കാളും ഇഷ്ടമാണോ കറന്റിനെ ? ചേച്ചിക്ക് പൂക്കളേയും, ചെടികളേയും പറ്റി പഠിച്ചുകൂടേ, മഴയേയും മഞ്ഞിനേയും പറ്റി. നമ്മുടെ നാടിനെ പറ്റി. മനസിന്റെ ആഴങ്ങളിൽ നിശ്ചലമായി നിറുത്തിയിരുന്നതിലെന്തിലോ ഒരു കുഞ്ഞുകല്ലു വന്നു വീണതു പോലെ തോന്നി നീതുവിന്. എന്തൊക്കെയോ ഓർമകൾ ഓളങ്ങളെപോൽ ഒഴുകി.....

ചേച്ചിയെന്താ കൈകളിൽ കുപ്പിവളകളൊന്നുമണിയാത്തത്. കൊലുസുകളണിയാത്തത്. ഗൗരി വീണ്ടും ചോദിച്ചു. നീതു പെട്ടെന്നെന്തോ ആ പഴയ നീതുവിനെ ഓർത്തുപോയി. ചിത്ര പുസ്തകങ്ങളെപ്പോലെ പൂക്കളേയും, മഞ്ചാടിക്കുരുക്കളേയും, കിളിത്തൂവലുകളേയും സ്നേഹിച്ചിരുന്ന നീതുവിനെ. വഴിയരുകിൽ പടർന്ന വള്ളികളിൽ പൂത്തു കിടന്ന കൊച്ചു നക്ഷത്രപൂക്കളേയും, വേലിയിലേക്കിരച്ചു കയറി പൂത്തു പന്തലിച്ച കോളാമ്പിപ്പൂക്കളേയും തിരിച്ചറിയുവാൻ കഴിയുന്ന നീതുവിനെ. എണ്ണ കോതിയൊതുക്കിയ മുടിയിലെന്നും മുല്ലമാല ചൂടി വളകൾ കിലുക്കി, കൊലുസണിഞ്ഞ് പ്രസാദം തൊട്ട് എന്നും അമ്പലത്തിൽ നിന്നും തിരിച്ചുവരാറുള്ള നീതുവിനെ അവളോർത്തു.

എന്താണ് എവിടെയാണ് കളഞ്ഞുപോയതെന്നവൾ ഓർത്തു. എന്നാണ് തനിക്കു പൂക്കളെ തിരിച്ചറിയാൻ കഴിയാതെയായത്. കിളിത്തൂവലുകൾ കണ്ടാൽ കൗതുകത്തോടെയെടുത്തു നോക്കാനും, വളപ്പൊട്ടുകളെടുത്തു സൂക്ഷിച്ചു വെക്കാനും താൻ മറന്നു പോയതെന്നാണ്. പുസ്തകത്താളുകൾകൾക്കുള്ളിൽ പെറ്റുപെരുകിയിരുന്ന മയിൽപ്പീലികൾ കളഞ്ഞുപോയതെവിടെയാണ്. സ്വപ്നങ്ങളിൽ കിളികളും, പൂക്കളും വിരുന്നു വരാതായതെന്നു മുതലായിരുന്നു. ജനൽക്കമ്പികൾക്കിടയിലൂടെ കാണുന്ന നരച്ച ആകാശവും, വിളർത്ത ബൊഗൈൻ മരച്ചില്ലകളുമായി തന്റെ ലോകം ഒതുങ്ങിയതെന്തേ ?

പഴയയാ നീതു ഗൗരിയായി മുന്നിൽ നില്ക്കുന്നതുപോലെ അവൾക്കു തോന്നി. കുഞ്ഞു കുഞ്ഞു കാര്യങ്ങളിൽ സന്തോഷിച്ച് പൊട്ടിച്ചിരിച്ച്, പൊട്ടിച്ചിരിപ്പിച്ച്... കിളിക്കൊഞ്ചൽ പോലെയുള്ള അവളുടെ നിറുത്താത്ത സംസാരവും, പൊട്ടിച്ചിരിയുമെല്ലാം നഷ്ടപ്പെട്ടതെന്തെല്ലാമോ തിരിച്ചു നല്ക്കുന്നതു പോലെ നീതുവിനു തോന്നി. ഇടക്കിടെ അവളാ സ്വപ്നമെടുത്തോമനിക്കും അമ്മാ തങ്കക്കൊലുസ് വാങ്ങിത്തരാമെന്നു പറഞ്ഞിട്ടുള്ളതും – അച്ഛനറിയാതെ എങ്ങിനെ വാങ്ങിക്കും എന്നതായിരുന്നു അവളുടെ ആശങ്ക. പുഴയുടെ കളകളാരവങ്ങൾ പോലെ, വയലേലകളിൽ വീശുന്ന കാറ്റിന്റെ സംഗീതം പോലെ അവളുടെ സാമീപ്യം മനസിന് താളമേകി, നാദമേകി, ഉണർവേകി. നീതുവിന്റെ മനസ്സിലെപ്പോഴും എന്തിനെന്നില്ലാത്ത ഒരു സന്തോഷം നിറഞ്ഞു നിന്നു.

ഒരു നാൾ ഒത്തിരി നേരമായിട്ടും ഗൗരിയെത്തിയില്ലല്ലോ എന്നോർത്തു നില്ക്കേ അമ്മ പറഞ്ഞു. നോക്കൂ കുട്ടി ഗൗരി പോയി അവളുടെ അമ്മക്ക് പെട്ടെന്നെന്തോ വയ്യായ്ക വന്ന് മരിച്ചു പോയീന്ന്. അച്ഛനും കൂടി വന്നാണവളെ കൊണ്ടുപോയത്. ഇനി വരുമോ എന്തോ! നിന്നോടു യാത്ര പറയാനേല്പിച്ചിട്ടുണ്ട്. പെട്ടെന്ന് ഉള്ളിലെന്തോ നീറിപ്പിടയുന്ന പോലൊരു വേദന തോന്നി. താളവും മേളവും നിലച്ച് മനസ് വീണ്ടും നിർവികാരമായി. നിർദ്ധാരണങ്ങൾക്കും സമവാക്യങ്ങൾക്കുമിടയിലെ വെറും ഒരു ശാസ്ത്രവിദ്യാർത്ഥിനിയായി മാറിയതു പോലെ. അമ്മാ എനിക്കൊരു തങ്കക്കൊലുസ് വേണം. പെട്ടെന്ന് ഞാൻ പറഞ്ഞു പോയികുറച്ചു കുപ്പിവളകളും. ഗൗരിയുടെ ഓർമകൾക്കു കൂട്ടായിരിക്കട്ടെ മനസിൽ ഞാൻ കൂട്ടിച്ചേർത്തു.



**ലിജോ**
ഒന്നാം വർഷ പ്രീഡിഗ്രി



# തനിയാവർത്തനം

ഉദയസൂര്യന്റെ പ്രകാശം മുറ്റം നിറയെ പരന്നൊഴുകുന്നു. ഇളം വെയിലിൽ മുറ്റത്ത് തത്തിക്കളിക്കുന്ന അണ്ണാറക്കണ്ണൻമാരും, അടയ്ക്കാപ്പക്ഷികളും. ഏതൊരു മനുഷ്യനും മനസ്സിനു കുളിർമ്മയേകുന്ന കാഴ്ച. എന്നിട്ടും എന്റെ മനസ്സിനെന്തേ വല്ലാത്തൊരു നൊമ്പരം ? കുറച്ചുനാളുകളായി ഈ വലിയവീട്ടിൽ ഒറ്റയ്ക്കെന്ന പോലെ ഒരു തോന്നൽ, മകളും, ഭർത്താവും ഉണ്ടായിട്ടു കൂടി. അതോ പ്രായം കൂടുന്തോറും എല്ലാവർക്കുമുണ്ടാകുന്ന മിഥ്യാബോധമോ ? അറിയില്ല. അദ്ദേഹത്തിന് എന്നെത്തേയും പോലെ ഇപ്പോഴും എന്നോടു സ്നേഹമുണ്ട്. അധികം സ്നേഹമൊന്നും പുറമെ പ്രദർശിപ്പിക്കാത്തതല്ലേ പ്രകൃതവും. എന്നും തിരക്കല്ലേ. എപ്പോഴും ടൂറും, കോൺഫറൻസും കഴിഞ്ഞുള്ള സമയമുണ്ടോ ? അതുകൊണ്ടുതന്നെ നീലിമയുടെ ഇപ്പോഴത്തെ പെരുമാറ്റം അദ്ദേഹം അറിഞ്ഞു കാണില്ല എന്നു കരുതി. അവളെന്തിനാണ് എന്നോട് വഴക്കിന് വരുന്നത് ? എന്തു പറഞ്ഞാലും ദേഷ്യം തന്നെ. ആദ്യമൊക്കെ കോളേജിൽ പോയാൽ കൂട്ടുകാരെപ്പറ്റിയും, ക്ലാസ്സിലെ കാര്യങ്ങളെപറ്റിയും പറയാനേ അവൾക്ക് സമയമുണ്ടായിരുന്നുള്ളൂ.

ഇന്നത്തെ അവസ്ഥ അതാണോ ? ക്ലാസ്സ് കഴിഞ്ഞുവന്നാൽ ഒന്നുകിൽ ബെഡ്ഡിൽ കയറി കിടക്കും, അല്ലെങ്കിൽ കമ്പ്യൂട്ടറിന്റെ മുൻപിലായിരിക്കും. ചിലപ്പോൾ വൈകി വരും. ചോദിക്കുമ്പോഴുള്ള ഉത്തരമോ?

വാട്ട് ഈസ് ദിസ് മമ്മി,..... അയാം നോട്ട് എ ചൈൽഡ്.

അതുമല്ലെങ്കിൽ,

ഐ ഹാഡ് സ്പെഷ്യൽ ക്ലാസ്സ്.

രാത്രി അവളുടെ മുറിയിലേക്ക് ചെന്നാല്ലോ, അതിനുമുണ്ട് എന്നോടു ദേഷ്യം. വല്ല വാരികയുമാകും വായിക്കുന്നത്. ക്ലാസ്സിലെ കാര്യങ്ങൾ അന്വേഷിച്ചാൽ ഉത്തരം വളരെ തുച്ഛം. എന്നത്തേയും പോലെ പതിവു പല്ലവി തുടരും.

മോളേ, നീ നന്നായി പഠിക്കണം കേട്ടോ.....

മമ്മിക്കും, ഡാഡിക്കും നീ മാത്രമല്ലെയുള്ളൂ.

അയ്യോ, ഈ മമ്മിയെക്കൊണ്ട് തോറ്റല്ലോ.... അയാം സ്റ്റഡിയിങ്ങ് വെൽ മമ്മി. പിന്നെ ഇപ്പോഴൊക്കെയല്ലേ ലൈഫ് എൻജോയ് ചെയ്യാൻ പറ്റുക ?

അവളുടെ ചോദ്യത്തിനു മുന്നിൽ കീഴടങ്ങുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. കൂട്ടുകാരുമൊന്നിച്ച് ക്ലാസ്സ് കട്ടുചെയ്ത് സിനിമയ്ക്കു പോയതറിഞ്ഞപ്പോഴാണ് എന്റെ നിയന്ത്രണം വിട്ടത്. അതിനു തന്ന മറുപടിയാണ് എന്നെ ഞെട്ടിച്ചത്.

മമ്മി...... യു ആർ സില്ലി.... ഒരു സിനിമയ്ക്ക് പോയെന്ന് വച്ച് ആകാശമൊന്നും ഇടിഞ്ഞു വീഴില്ലല്ലോ ? കോളേജായാൽ ഇതൊക്കെ പതിവാണ്. എല്ലാവരും പോകുമ്പോൾ ഞാൻ പറയണം എന്റെ മമ്മി വഴക്കു പറയുമെന്ന് അല്ലേ ? ഓ ഗോഡ്, ഇതെന്താ ജയിലോ..... ഈ മമ്മിക്കൊന്നും അറിയില്ല. മമ്മി ഗ്രാജേറ്റല്ലേ ? എന്നിട്ടും ഇങ്ങനെ.........

മമ്മിക്കൊന്നും അറിയില്ലാത്രേ..... പിന്നെ, മമ്മി ഇരുന്ന ഇരുപ്പിൽ വളർന്നതല്ലേ ? ...... മോളേ, മമ്മിക്കെല്ലാം അറിയാം....... മോളുടെ മിഥ്യയാണ് ഇതെല്ലാം....... മമ്മിയും നിന്റെ പ്രായം കഴിഞ്ഞു വന്നതാണ്, അങ്ങനെയൊക്കെ വിളിച്ചു പറയണമെന്ന് തോന്നിയതാണ്. പക്ഷേ, ഇര തൊണ്ടയിൽ കുടുങ്ങിയ പൊലെ ഒന്നും പുറത്തേക്ക് വന്നില്ല.

നീലിമയുടെ പെരുമാറ്റത്തെക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മറുപടിയാണ് ചൊടിപ്പിച്ചത്.

എന്താ മാലിനീ ഇത് ? കൊച്ചുകുട്ടികളെപ്പോലെ..... നീലു ചെറിയ കുട്ടിയൊന്നുമല്ല. നീ ടെൻഷനടിച്ച് വല്ല അസുഖവും വരുത്തൂന്നാ തോന്നണെ.......

എന്റെ മുഖഭാവം കണ്ടിട്ടാവണം പിന്നെയും പറഞ്ഞു.

നമ്മുടെ നീലുവിന് ഒരു കുഴപ്പവുമില്ല. പിന്നെ.... അവളുടെ പ്രായമതല്ലേ ? നീ തല്ലാനും, കൊല്ലാനുമൊന്നും പോകണ്ട. കാലം പണ്ടത്തെപ്പോലെയല്ല, പറഞ്ഞേക്കാം. അദ്ദേഹം, നീലിമയോട് ചോദിക്കുമെന്ന് വിചാരിച്ചില്ല. എന്തോ ഒരു സില്ലി മാറ്റർ സംസാരിക്കുന്ന ലാഘവത്തോടെയാണ് അദ്ദേഹം ചോദിച്ചത്.

എന്താ നീലു, മമ്മിക്ക് മോളെക്കുറിച്ച് കംപ്ലെയിന്റ്സ് കുറെയുണ്ടല്ലോ..... ഉം ?.... മോള് പഠിക്കണില്ല, ക്ലാസ്സിൽ നിന്ന് വേഗം വരുന്നില്ല എന്നൊക്കെ.......

ഓ, നത്തിങ്ങ് ഡാഡി. ഷീ ഈസ് വെരി ആൻഷ്യസ് എബൗട്ട് മീ. ഐ നോ... മമ്മി എന്റെ ബുക്ക്സെല്ലാം പരിശോധിച്ചിട്ടുണ്ട്. മമ്മിക്ക് ഭയങ്കര ഡൗട്ട്. ചിരിയോടെയായിരുന്നു അവളുടെ ഉത്തരവും.

അതുപിന്നെ മോളേ..... ചൂടുവെള്ള



ത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും പക ക്കും. അപ്പോൾ അദ്ദേഹമെന്താണ് പറഞ്ഞു വരുന്നത്. ഞാൻ..... ഞാനും നീലുവിനെപ്പോ ലെ...... ഞാൻ എന്തു മറച്ചുവെയ്ക്കുവാൻ ആഗ്രഹിച്ചുവോ, അത് അദ്ദേഹം മനസ്സിലാക്കി യിരിക്കുന്നു. എവിടെ നിന്നോ ഒരമ്മയുടെ ദുഃഖത്തിന്റെ തേങ്ങൽ കേൾക്കുന്നില്ലേ ? .......

ഉണ്ട്. അകലെ.... അകലെ, പതിനെട്ട് വർഷങ്ങൾക്കുമുമ്പ് കേട്ട അതേ രോദനം...... ഇന്നത് എന്റെ ഹൃദയത്തിൽ നിന്ന്...... എവിടെ നിന്നോ ഒരു തന്റേടിപ്പെണ്ണിന്റെ പൊട്ടിത്തെറി ക്കുന്ന വാക്കുകൾ കേൾക്കുന്നില്ലേ....

അമ്മക്കെന്തറിയാം കോളേജൊക്കെയാ യാൽ ഇങ്ങനെയൊക്കെയാ..... ഞാൻ ചെറിയ കുട്ടിയൊന്നുമല്ല.... എന്നെ നോക്കാൻ എനിക്ക റിയാം.....

എന്റെ വാക്കുകൾക്കു മുമ്പിൽ പതറി നില്ക്കുന്ന അമ്മ.

ചേട്ടന് ഡെയ്സിയെ പരിചയപ്പെടുത്തി ക്കൊടുത്തത് ഞാനാണ്. ഡെയ്സി ഇന്ന് എന്റെ ചേട്ടത്തിയമ്മയല്ലേ..... അച്ഛന്റേയും, അമ്മയുടെയും ഏകമകനെ,.... എന്റെ ചേട്ടനെ... നഷ്ടപ്പെടുത്തിയത് ഞാനല്ലേ.... വയ്യ.... ഒന്നും ഓർക്കാൻ വയ്യ..... നിർബന്ധപൂർവ്വം അച്ഛൻ എന്റെ വിവാഹം നടത്തിയിരുന്നില്ലെങ്കിൽ ഇന്ന് ഈ മാലിനി ഹരിദാസ് എവിടെ ഉണ്ടാകുമായി രുന്നോ..... മകൻ നഷ്ടപ്പെട്ട് വേദനയിൽക്കൂടി ഇനിയുള്ള മകൾ കൂടി നഷ്ടപ്പെടുമോ എന്നു ള്ള പേടിയായിരുന്നില്ലേ അച്ഛനും അമ്മക്കും.... ഇന്നത് എന്റെ പേടിയാണ്.... പേടി സ്വാഭാവികം മാത്രം.

സ്ത്രീവിമോചനത്തെക്കുറിച്ച് ധീര ധീരം പ്രസംഗിച്ചു നടന്ന മാലിനി.... ഇന്ന് സ്വയം ചിറകൊതുക്കി ഇവിടെ.....എത്ര വേണമെങ്കിലും പഠിപ്പിക്കാമെന്ന് അദ്ദേഹം പറഞ്ഞതല്ലേ.... അദ്ദേ ഹത്തിന്റെ ചിറകുകൾക്കു കീഴിൽ എനി ക്കെന്നും സന്തോഷവും, സ്വാതന്ത്ര്യവുമുണ്ടാ യിരുന്നു. ശരിയാണ്, നീലിമയും എല്ലാം മന സ്സിലാക്കും ഒരു കാലത്ത്.... എല്ലാം കാലം തീരു മാനിക്കും..... ഈ അമ്മയുടെ വേദനയറിയാൻ അവൾക്കും ഒരു ദിവസം വരും.......

## N.S.S.



K.J. Varghese | P.C. Varghese | Sr. Sherly | Nisha | Saji | Rajeev | Sumesh | Sujithra



Prameela | Sanaji | Albin | Vijeesh | Dhanya | Divya | Movish | Najeeb



Poornima | Nixon Varghese | Prasad | Radhika | Ratheesh | Shibin | Thara | Bindu K.R.

## N.C.C.



Dr. Major E.T. John



Antony Andrews SUO | Loyd



Shibu | Siju



Jayan | Shyamlal

## Retiring Staff



K.V. Raphel | R. Jayaram | N. Radhakrishnan | Prof. Ittop | A.P. Jose



A.K. Nichlavose | A.L. Johny | K.D. George | A.V. Lonay | P.C. Poulose

## C.S.A.




Advisor Fr. Antony Kuttikatt | President Manoj | Secretary Tony. M.A. | Treasurer Nithin



ഇന്റർസോൺ
ജേതാക്കളായ
ക്രൈസ്റ്റ് കോളേജ്
ഫുട്ബോൾ ടീം

# MAGAZINE COMMITTEE

## STAFF EDITORS



**VARGHESE V.A.**



**C.V. FRANCIS**



**TONY M.A.**
II B.Sc. Che.



(Sub Editor)
**PHIJO JOSEPH**
I B.A. English



**SINTO JACOB**
IInd B.Sc. Chem.



**HANELY JOSE**
II B.Com



**SREEDEVI P.**
Ist Fun. English



**JOMY GEORGE**
II B.A. Econ.



**SHAHANA**
Ist B.sc. Chem.



**ABY MOHAN**
Ist P.D.C.



**SUBIN VARGHESE**
II B.Com.



**VINOD**
IB.A. Eng.



**GOPAKUMAR K.U.**
II B.Sc. Maths

**We offer**

**What You Need**

**To Become a true computer professional**

| | |
|---|---|
| Unix | Visual Basic |
| C, C++ | Oracle + Developer 2K |
| Java | Web Designing |
| 3ds max | Photoshop 5.5 |

**CERTIFIED COURSES : -**

**MCSD** (MIcrosoft Certified Solution Developer)

**MCSE** (Microsoft Certified System Engineer)

**SUN JAVA** (Sun Certified Java)

*CONTACT : -*

# Megasoft India

**Computer Education**

Ambalath Building, Thriprayar,
Phone : 391034

Kuruppam Road, Thrissur
Phone : 420338

## നന്ദി..........

ജാനകി ടീച്ചർ
ശശിധരൻ സാർ
ഫേവർ ഫ്രാൻസീസ്
അരുൺ. പി
സെന്റ് മേരീസിലെ സ്റ്റാൻലി
ഇംഗ്ലീഷിലെ ഫിജോ, വിനോദ്,
അഖിൻ, അമ്പിളി, ജിജേഷ്
പ്രവീൺ
ബികോമിലെ നവീൻ
കെമിസ്ട്രിയിലെ സിന്റോ, ടോണി
കാമ്പസ് സർക്കിൾ, സന്തോഷേട്ടൻ
ലൈബ്രറിയിലെ വിൻസെന്റ് മാഷ്,
ഡെന്നീസ്, ജോയ്
മാൻമേറ്റിലെ സെബാസ്റ്റ്യൻ
അജി മേനാച്ചേരി
ഡിറ്റൂസ്
ഇൻസാറ്റിലെ ഉണ്ണിച്ചേട്ടൻ,
ജീമോൾ, എവിൻ, സ്മിത
ചൈത്രത്തിലെ ബേബി
എൽസൺസിലെ സാജൻ ചേട്ടൻ,
തോമസ് തത്തംപിള്ളി, മറ്റു ജീവനക്കാർ

## Editor's Dilemma

Publishing a magazine
Is no picnic
If we print jokes
People say we are silly
If we don't they say
We are too serious
If we take articles
From other magazines
We are too lazy to write ourselves
If we don't, we are
Too fond of our materials
If we don't print contributions
We fail to appreciate true genius
If we do print them
The page is filled with rubbish
Now most likely someone will say
We took this from another magazine
And we did.

# കഥാന്ത്യം...............

ഒരു ഈസോപ്പുകഥയുണ്ട് :

പണ്ട് പണ്ട് പട്ടങ്ങൾ സംഗീതം
പുറപ്പെടുവിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു.
മനോഹരങ്ങളായ ഗാനങ്ങൾ പാടി അവ ജീവിച്ചുപോന്നിരുന്നു.
അങ്ങനെയിരിക്കെ ഒരിക്കൽ അവർ
കുറെ കുതിരകളുടെ ചിനക്കൽ കേൾക്കാനിടയായി.
"ഹാ ഇതെങ്ങനെ സാധിക്കുന്നു." പട്ടങ്ങൾ ആശ്ചര്യപ്പെട്ടു.
അവർ സംഗീതം നിറുത്തിവെച്ച്
ചിനയ്ക്കലിനെ അനുകരിക്കാൻ തുടങ്ങി.
ഒടുവിൽ, സംഗീതം മറന്നുപോയ പട്ടങ്ങൾക്ക്
ചിനയ്ക്കലിലേക്കെത്താനും സാധിച്ചില്ലെന്ന് കഥാന്ത്യം.

അതിനുശേഷം കാലത്തിന്റെ
ഘടികാരസൂചികൾ ഏറെ നീങ്ങി.
ഇന്നും സംഗീതം പൊഴിക്കുന്ന പട്ടങ്ങൾ
വൃത്തികെട്ട കുതിരച്ചിനയ്ക്കലിനെ അനുകരിക്കുന്നു.
പാട്ടു മറക്കുന്നു.
മറന്ന പാട്ടിനെച്ചൊല്ലി മോങ്ങുന്നു.
മരിച്ച വാക്കിനെച്ചൊല്ലി മിഴി തിരുമ്പുന്നു
മോങ്ങുക, മുതലക്കണ്ണീരൊഴുക്കുക.

ജയ് ഹിന്ദ്

മാഗസിൻ പ്രവർത്തകർ